KOTTAYAM PUBLIC LIBRARY

Call No. MA2 Acc. No. 8488

Author: പരമേശ്വരൻ നമ്പൂതിരി.

Title: [illegible]

No:- 8488

# ശുകസന്ദേശം

(Malayalam)

Sukasandesam

Sandesakavya

Translated by

**MATAM PARAMESWARAN NAMBOOTHIRI**

Commentary by

PULIYANNUR S. RAMA IYER

First Published January 1963

Printed at

INDIA PRESS, KOTTAYAM

Price Rs. 2.25

Rights Reserved

Published by K. S. Suriya Bhattathiripad

Distributors:

NATIONAL BOOKSTALL

**Kottayam Kerala State India**

# ശുകസന്ദേശം

വിവർത്തനം

**മഠം പരമേശ്വരൻ നമ്പൂതിരി**

വ്യാഖ്യാനം

**പുലിയന്നൂർ എസ്. രാമയ്യർ**

SPCS LTD. NATIONAL BOOK STALL * BR. KOTTAYAM *

വിതരണം

**നാഷനൽ ബുക്ക്സ്റ്റാൾ**

**കോട്ടയം**

വില ക. 2.25

MA2
PAR-S

8488

D33/62-63 1—1000

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
No. 4488

# രണ്ടു വാക്ക്

ഇന്നു് പദ്യം വേണോ ഗദ്യം പോരെ എന്നുവരെ ആയിട്ടുണ്ടു് സാഹിത്യത്തെ സംബന്ധിച്ചിടത്തോളം സാധാരണ വായനക്കാരന്റെ അഭിപ്രായഗതി. പണ്ടത്തെ കവിതക്കമ്പം ഇക്കാലത്തു മിക്കവാറും ഗദ്യത്തിൻെറ പക്ഷത്തേക്കു് തിരിഞ്ഞിരിക്കുകയാണല്ലോ.

എങ്കിലും ആസ്വാദ്യതയും ആവർജ്ജകത്വവും ആഹ്ലാദകത്വവും പ്രസാദാദി ഗുണങ്ങളുമുള്ള ഉത്തമകാവ്യങ്ങൾക്കു് സ്ഥാനഭ്രംശം വന്നിട്ടില്ല എന്നുള്ളതിനു മതിയായ തെളിവുകളുണ്ടു്.

സുമാർ മൂന്നു പന്തീരാണ്ടുമുമ്പു് ഞങ്ങളുടെ അഭിവന്ദ്യ ഗുരുനാഥൻ, ശ്രീ മഠം പരമേശ്വരൻ നമ്പൂതിരി ഏതാണ്ടൊരു ഗുരുകുലസമ്പ്രദായത്തിൽ, ഞങ്ങളെ വിദ്യ അഭ്യസിപ്പിച്ചിരുന്നു. ആശാരിപ്പണിമുതൽ ആകാശനിരീക്ഷണത്തോളം വളന്ന അദ്ദേഹത്തിൻെറ ശാസ്ത്രീയപരീക്ഷണങ്ങൾ അന്നു തന്നെ ഞങ്ങളുടെ സവിശേഷശ്രദ്ധയെ ആകഷിച്ചിട്ടുണ്ടു്.

ആ സംസ്കൃതചിത്തൻ ശിഷ്യന്മാരുടെ നടുവിലിരുന്നു് കണ്ണുമടച്ചു് കസേരയുമാട്ടിക്കൊണ്ടു് അഷ്ടാദ്ധ്യായിയുമലങ്കാര സൂത്രവും, കാദംബരിയും, ശാകുന്തളവുമെല്ലാം ഒരു മാങ്ങാപ്പൂളു തിന്നുന്ന ലാഘവത്തോടെ ആസ്വദിച്ചു വിവരിച്ചു് ഞങ്ങളെ പഠിപ്പിക്കുമ്പോൾ ആ വാസനാവൈഭവമോ പാണ്ഡിത്യപാരമ്യമോ വേണ്ടതുപോലെ അറിയുവാൻ ഞങ്ങൾക്കു് പ്രാപ്തിയുണ്ടായിരുന്നില്ല.

ഒരിരിപ്പിനു് മിക്ക സംസ്കൃതകാവ്യങ്ങളുടെയും ഏതാനും ഭാഗം ഭാഷപ്പെടുത്താനും, അടുത്ത നിമിഷത്തിൽ മാജിക്കിലേക്കോ മാത്തമാററിക്സിലേക്കോ എൻജിനീയറിങ്ങിലേക്കോ കടന്നു പ്രവത്തിക്കുവാനും അദ്ദേഹത്തിനു വിഷമമില്ല. എന്നാൽ ഈവക പ്രവർത്തനങ്ങളിൽ പ്രസിദ്ധിയാജ്ജിച്ചിട്ടുമില്ല. അല്ലെങ്കിൽ ആ അഭിജ്ഞാനശാകുന്തളവും, ഭാഷാ

മേഘസന്ദേശവും ദേശനാമങ്ങളുടെ ആഗമശാസ്ത്രവും ആംഗല മലയാളഭാഷകളുടെ വംശപ്പൊരുത്തവുമൊക്കെ എത്ര പണ്ടേ വെളിച്ചം കാണുമായിരുന്നു.

ഇങ്ങനെ അശ്രാന്തപരിശ്രമിയായ അദ്ദേഹത്തിൽ നിന്നും കാൽ ശതാബ്ദത്തിനുമുമ്പ് മറെറാരു കൃതികൂടി രൂപമെടുക്കുകയുണ്ടായി—കാളിദാസൻ്റെ മേഘസന്ദേശത്തോളംതന്നെ നിസ്തുല്യം ഗുണോൽക്കർഷമുള്ള ലക്ഷ്മീദാസൻെറ ആ ശുകസന്ദേശത്തിൻെറ പരിഭാഷ.

ഈ കൃതി ആദ്യമായി അച്ചടിപ്പിച്ച് സഹൃദയസമക്ഷം അവതരിപ്പിക്കുവാനുള്ള ഞങ്ങളുടെ ചിരകാലസമൃദ്ധമായ ശിഷ്യാഭിലാഷം അങ്ങനെ ഇപ്പോൾ ഫലിക്കുകയാണ്.

വിലയേറിയ അഭിപ്രായംകൊണ്ടും വിശാലമായ ഒരവതാരികകൊണ്ടും ഈ കൃതിക്കു വിശ്വതോമുഖമായ വിജയത്തെ വിളംബരംചെയ്തനുഗ്രഹിച്ച മഹാകവി വടക്കുംകൂർ രാജരാജവർമ്മരാജാ അവർകളോടും, ഇതിൻെറ സത്വരമായ പ്രസിദ്ധീകരണത്തിൽ ഗുരുഭക്തിയിൽ മതിമറന്ന് ശ്രമിക്കുകയും സരളവും സർവ്വംകഷവുമായ ഒരു വ്യാഖ്യാനം എഴുതിത്തരികയുംചെയ്ത എൻെറ സതീർത്ഥ്യൻ ശ്രീ പുലിയന്നൂർ എസ്. രാമയ്യർ അവർകളോടും, ആത്മാർത്ഥമായ നന്ദി അറിയിച്ചുകൊള്ളുന്നു.

ഈ കൃതിയുടെ പ്രസാധനത്തിന് വാത്സല്യപുരസ്സരം നിയോഗിച്ചനുഗ്രഹിച്ച ഗുരുകാരുണ്യത്തിൻെറ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ഈ ഗ്രന്ഥം സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പ്രസാധകൻ

10-12-1962 കെ. എസ്. സൂര്യഭട്ടതിരിപ്പാട്

## മഠം ശ്രീ പരമേശ്വരൻ നമ്പൂതിരി
## അവർകൾക്ക്

മകരന്ദത്തെ വെല്ലുന്ന ശുകസന്ദേശഭാഷ ഞാൻ
സകലം നോക്കിയാനന്ദമകമേ പൂണ്ടു നിർഭരം.

ഭാസനും ദിവ്യനാം കാളിദാസനും തുല്യനാം കവി
ദാസൻ ലക്ഷ്മീയുതൻ ഹർഷോല്ലാസമാർക്കുള്ളിലേകിടാ.

ആ മഹാൻ തൻ കൃതിക്കേവം കോമളം ഭാഷ തീർക്കുവാൻ
ധീമൻ! താങ്കൾക്കു വായ്ച്ചുള്ള സാമർത്ഥ്യം വാഴ്ത്തിടുന്നു ഞാൻ.

കുറവും കുററവും നോക്കിപ്പറവാൻ കാത്തിരിപ്പവർ
സുരമ്യമാമീക്കാവ്യത്തിൽ കുറകാണാതെ ചുററിടും.

ഒന്നാന്തരം ഭാഷ, സർവമെന്നാണെൻെറ മതം ദൃഢം
മന്നാടിയാരുമിതിനാൽ പ്പുന്നാസായ്പ്പോമസംശയം

പദത്തിൻ ഭംഗിയും, മാധ്വീമദം മാററുന്ന പാകവും
അദഭ്രമാളുമിബ്ഭാഷ സദസ്യർക്കുത്സവം നവം.

ഹസിക്കുന്നോർ ഹസിക്കട്ടെ രസിക്കട്ടെ രസിപ്പവർ
പ്രസിദ്ധി കിട്ടിയിക്കാവ്യം ലസിക്കും പാരിലെന്നുമേ.

ഒഴുക്കുണ്ടു് പദൗഘത്തിന്നഴകും ഭാവപുഷ്ടിയും
പിഴയില്ല,ൎത്ഥദോഷാദിയഴുക്കും തിട്ടമെങ്ങുമേ.

ഇതിൽപരം, കാവ്യഗുണതതിയെന്തുണ്ടു കിട്ടുവാൻ
മതിമാനു ശിരഃകമ്പമതിരററിതു നല്കിടും.

മെച്ചംചേരും ഗുണൗഘത്തിന്നുച്ചശൃംഗത്തിലിക്കൃതി
സ്വച്ഛം ശോഭിച്ചിടും, വേഗമച്ചടിപ്പിക്ക നിർഭയം.

''മഠ''ത്തിൻ കീർത്തിയെപ്പാരിൽപ്പടർത്തി വലുതാക്കുവാൻ
പട്ടത്വമിക്കൃതിക്കുണ്ടു് കടത്തിപ്പറകല്ല ഞാൻ.

വൈക്കം
24-6-1961

വടക്കുംകൂർ രാജരാജവർമ്മരാജാ
(ഒപ്പ്)

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# അവതാരിക

ബ്രഹ്മശ്രീ മഠം പരമേശ്വരൻ നമ്പൂതിരിയുടെ നാമം കേരളീയക്ക് സുപരിചിതമായ ഒന്നാണെന്നു പറയാവുന്നതല്ല. എന്നാൽ അദ്ദേഹം നിരന്തരമായി സാഹിത്യത്തിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കവിവയ്യനാണെന്ന് നമ്പൂതിരിയുമായി അടുത്തു പരിചയം ലഭിച്ചിരിക്കുന്നവക്ക് അറിവുള്ളതാകുന്നു. അനേകം ഗ്രന്ഥങ്ങൾ പരമേശ്വരൻ നമ്പൂതിരി നിമ്മിച്ചിട്ടുണ്ട്. അവ അപ്രകാശിതങ്ങളായിക്കിടക്കുന്നതേയുള്ളു. "ആത്മനൃപ്രത്യയം ചേതഃ" എന്നതായിരിക്കാം അതിന്നു കാരണം. പ്രസിദ്ധകവിയായ മഠം ശ്രീധരൻ നമ്പൂതിരി സാഹിത്യരംഗത്തുനിന്നും പിന്മാറി വൈദ്യമാഗ്ഗപ്രവത്തനൈകനിരതനായിബ്ഭവിച്ചതോടുകൂടി കവിമണ്ഡലത്തിലുണ്ടായ വലിയ വിടവ് ഇല്ലാതാക്കുന്നതിനു് അദ്ദേഹത്തിന്റെ അനുജൻ പരമേശ്വരൻ നമ്പൂതിരി പ്രഥമാവകാശിയാണ്. ഈ വസ്തുത അറിഞ്ഞു് അദ്ദേഹം പ്രവത്തിച്ചുകാണുന്നതു് സന്തോഷകരമാണ്, അങ്ങനെ ചെയ്യുന്ന കവിതാപരിശ്രമത്തിന്റെ ഒരു സത്തമഫലമാണ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന "ശുകസന്ദേശഭാഷ." ശുകസന്ദേശം സംസ്കൃതകാവ്യത്തിനു് മുമ്പു് രണ്ടു ഭാഷാന്തരങ്ങൾ നിമ്മിക്കപ്പെട്ടിട്ടുണ്ട്. എന്റെ അറിവിൽ മൂന്നാമത്തേതാണ് ഈ വിവത്തനം. മുൻ തജ്ജമകളുടെ സഹോദരസ്ഥാനം അലങ്കരിക്കുന്നതിനു് ഈ പുതിയ വിവത്തനം യോഗ്യമായ ഒന്നാണെന്നു പറയുന്നതായാൽ അതിന്റെ മേന്മ എളുപ്പം ഗ്രഹിക്കുവാൻ കഴിയും.

വിശ്വകവിസാവ്വഭൌമനായ കാളിദാസൻ മേഘസന്ദേശം എഴുതി ഒരു നൂതനകവിതാസരണി വെട്ടിത്തുറന്നു കൊടുത്തു് കവിലോകത്തെ അനുഗ്രഹിച്ചതിന്നുശേഷം കണക്കില്ലാതെ കാവ്യങ്ങൾ ആ പ്രസ്ഥാനത്തെ ആശ്രയിച്ചു് നിമ്മിക്കപ്പെട്ടിട്ടുണ്ട്. ഭാരതത്തിലെ എല്ലാ ദേശങ്ങളിലും കവികൾ പ്രബന്ധങ്ങൾ രചിച്ചു് ആ മാഗ്ഗത്തെ ആദരിച്ചിട്ടുണ്ടെന്നു്

വ്യക്തമാകുന്നു. അവരുടെ ഇടയിൽ മുൻപന്തിയിൽ സ്ഥാനം നേടിയിട്ടുള്ളവരാണു് കേരളീയകവികളും. ഇത്രയധികം സന്ദേശകാവ്യങ്ങൾ മറ്റേതെങ്കിലുമൊരുനാട്ടിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. അവയ്ക്കു കേരളത്തിൽ അങ്ങനെ ഒരു വളർച്ചയാണു് കൈവന്നിരിക്കുന്നതു്.

പൂർവ്വകാലംമുതല്ക്കുതന്നെ സന്ദേശകാവ്യങ്ങൾ സംസ്കൃതത്തെ അനുകരിച്ചു് ഭാഷയിലും ഉണ്ടാകുവാൻ തുടങ്ങി. ആദ്യമായി "രസികരഞ്ജിനി"ദ്വാരാ പ്രകാശിതമായ "ഉണ്ണുനീലിസന്ദേശം" അക്കാലത്തു് സഹൃദയസമുദായത്തെ വിസ്മയപരതന്ത്രമാക്കിച്ചെയ്ത ഒരു കാവ്യരത്നമാകുന്നു. മുഴുവൻ കണ്ടുകിട്ടാത്തതും സുമനോഹരവുമായ ഒരു കൃതിയാണു് "കോകസന്ദേശം." മുൻകാലത്തു് വേറെയും പല സന്ദേശകാവ്യങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് ലീലാതിലകത്തെ അടിസ്ഥാനമാക്കി ഊഹിക്കാം. അതിലെ "നീരാടമ്മേ! നിവസനമിദം ചാർത്തു" ഇത്യാദി പദ്യരത്നങ്ങൾ സന്ദേശകാവ്യഖനികളിൽ ഉൾപ്പെടുന്നവയാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗവേഷണസരണിക്കു് വികാസം വർദ്ധിക്കുന്നതോടുകൂടി അവയും കണ്ടുകിട്ടി പ്രകാശിപ്പിക്കപ്പെട്ടുമെന്നു സമാധാനിക്കാം. കേരളത്തിൽ സംസ്കൃതത്തിലും ഭാഷയിലും സന്ദേശകാവ്യശാഖയ്ക്കു് പരിപുഷ്ടി ലഭിച്ചിട്ടുണ്ടെന്നുമാത്രമേ പ്രകൃതത്തിൽ പറയേണ്ടതുള്ളു. ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന "ശുകസന്ദേശം" ഭാഷ പ്രസ്തുത കാവ്യശാഖയുടെ വിശിഷ്ടതയെ വർദ്ധിപ്പിക്കുന്ന ഒരു ഗ്രന്ഥമാണെന്നു് അഭിപ്രായപ്പെടുന്നതിനു് എനിക്കു സന്തോഷമുണ്ടു്. ഞാൻ അതിനെ അഭിനന്ദിച്ചുകൊള്ളുന്നു.

മേഘം സന്ദേശകാവ്യസാമ്രാജ്യത്തിലെ സമ്രാട്ടാണെങ്കിൽ അതിനടുത്തു് യുവരാജസ്ഥാനത്തു് അഭിഷിക്തമായിരിക്കുന്ന കൃതിയാണു് "ശുകസന്ദേശം." കാവ്യഗുണപൗഷ്കല്യംകൊണ്ടു് മേഘസന്ദേശത്തിന്റെ സമീപത്തു് പ്രശോഭിച്ചുനില്ക്കുന്നതിനു വേണ്ട കഴിവു് "ശുകസന്ദേശ"ത്തിനു മാത്രമേയുള്ളു എന്ന വസ്തുത മലയാളികൾക്കു് അഭിമാനജനകമാണു്. കേരളത്തിൽ പിൽക്കാലത്തു് പല കൃതികളും "ശുകസന്ദേശ"ത്തെ അനുകരിച്ചു് രചിക്കപ്പെട്ടിട്ടുണ്ടു്. അതു് സഹൃദയലോ

കത്തെ എത്രമാത്രം വശീകരിച്ചിട്ടുണ്ടെന്നതിന്ന് ഈ സംഗതി തെളിവാണ്.

ശുകസന്ദേശത്തിന്ന് പഴയകാലത്തുതന്നെ വിപുലമായ പ്രചാരവും ഉയൎന്നതരം സഹൃദയബഹുമതിയും ലഭിച്ചിട്ടുണ്ട്. മാനവേദപ്രമുഖന്മാരായ പണ്ഡിതവരേണ്യന്മാർ നിൎമ്മിച്ചിരിക്കുന്ന വ്യാഖ്യാനങ്ങൾ "ശുക"ത്തിന്റെ അന്തൎമ്മുഖമായ മാഹാത്മ്യത്തെ വെളിപ്പെടുത്തി അതിന്റെ പ്രചാരത്തേയും ലോകാദരത്തേയും വൎദ്ധിപ്പിക്കുന്നതിന്ന സഹായിച്ചിരിക്കുന്നവയാണ്. പഴയ ഗ്രന്ഥപ്പുരകളിൽ ഈ കാവ്യവും വ്യാഖ്യാനങ്ങളും സുലഭങ്ങളാണ്. ഈ സംഗതി, അവയുടെ പ്രചാരം എത്രത്തോളം വിപുലമായിരുന്നു എന്നു തെളിയിക്കുന്നു. കേരളത്തിലെ യാതൊരു (സംസ്കൃത) സന്ദേശത്തിന്നും ശുകസന്ദേശത്തിനെന്നതുപോലെ അനേകം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടില്ല. അവ ശുദ്ധപാഠങ്ങൾ കാണിച്ചുതരുന്നതിന്നും ശുകത്തിന്റെ ആഴമേറിയ ആശയം വിശദമാക്കുന്നതിന്നും സമൎത്ഥങ്ങളാണ്.

വിവൎത്തനം, വ്യാഖ്യാനം, നിരൂപണം എന്നീ മാൎഗ്ഗങ്ങളെ ആശ്രയിച്ച് പ്രവൎത്തിക്കുന്നതിന്ന സമീപിക്കുന്നവരെ ആശയത്തിന്റെ പിടികൊടുക്കാതെ വിഷമിപ്പിക്കുന്ന കാവ്യമാണ് "ശുകസന്ദേശം." അതിനോടു് അടുക്കുമ്പോൾ, ഏതു വിദ്വാന്റേയും പാണ്ഡിത്യഗൎവ്വം സമൂലം തകൎന്നു പോകുന്നു. അബദ്ധപാഠങ്ങൾ അവരുടെ വഴി തെററിക്കുന്നു എന്നതും തീർച്ചയാണ്. മുമ്പുണ്ടായിരിക്കുന്ന വ്യാഖ്യാനങ്ങളുടേയും, വിവൎത്തനങ്ങളുടേയും ചില ഭാഗങ്ങൾ ഈ അഭിപ്രായത്തിന്ന ലക്ഷ്യങ്ങളാകുന്നു. എങ്കിലും അവ വിജയം വരിച്ചിട്ടുണ്ടെന്നുള്ളതു മറക്കാവുന്നതല്ല. അവയിൽ പ്രവൎത്തിച്ച പണ്ഡിതന്മാർ അഭിനന്ദനീയന്മാരാകുന്നു.

"ശുകസന്ദേശ"ത്തിന്റെ രണ്ടു വിവൎത്തനങ്ങളെപ്പററി മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ? അനേകം ഗ്രന്ഥങ്ങൾ തൎജ്ജമ ചെയ്തു് കൈകുഴ തഴമ്പു പിടിച്ച രണ്ടു കവികേസരികളാണ് അവയുടെ കൎത്താക്കന്മാർ. അവ വൃത്താനുവൃത്തങ്ങളായി ചെയ്തിരിക്കുന്ന വിവൎത്തനങ്ങളല്ലാ. അവയിൽ സ്രഗ്ദ്ധരാവൃത്ത

മാണ് കൈക്കൊണ്ടിരിക്കുന്നതു്. ആ രണ്ടിലും മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാന്റെ തർജ്ജമ പ്രഥമസ്ഥാനമവകാശപ്പെടുന്നു. അതിനു് തദനുസരണം പ്രചാരവും കിട്ടിയിട്ടുണ്ടു്. മറെറ തർജ്ജമയുടെ കർത്താവു് കവിസാർവ്വഭൗമൻ കൊച്ചുണ്ണിത്തമ്പുരാൻ എന്നാണു് എന്റെ അറിവു്. അതു് മുഴവൻ പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടില്ല. ആദിഭാഗത്തിലെക്കുറെ പദ്യങ്ങൾ മാത്രമെ "രസികരഞ്ജിനി"യിൽ ചേർത്തു പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടുള്ളു. എങ്കിലും വിവർത്തനം പൂർത്തിയായിരിക്കുവാനിടയുണ്ടു്. അതിൽനിന്നു് ചില പദ്യങ്ങൾ ഞാൻ എന്റെ ശുകസന്ദേശവ്യാഖ്യാനത്തിൽ ഉദ്ധരിച്ചു കാണിച്ചിട്ടുണ്ടു്.

ശ്രീ. മഠം പരമേശ്വരൻ നമ്പൂതിരിയുടെതർജ്ജമ വൃത്താനുവൃത്തമാണു്. ദ്വിതീയാക്ഷരപ്രാസം സ്വീകരിക്കണമെന്നുള്ള നിർബ്ബന്ധം കവി സ്വീകരിച്ചിട്ടുണ്ടു്. ഇപ്രകാരം ക്ലേശകരമായ മാർഗ്ഗത്തിൽക്കൂടിയാണു് അദ്ദേഹം സഞ്ചരിച്ചതെങ്കിലും ആ പരിശ്രമത്തിൽ വിജയം വരിക്കാൻ സാധിച്ചു, എന്നതു് അദ്ദേഹത്തിനു ചാരിതാർത്ഥ്യജനകമാണു്. മൂലത്തിലെ സരസഗംഭീരങ്ങളായ ആശയങ്ങളെ അക്ലിഷ്ടമായി ഭാഷയിൽ പകർത്തിവച്ചിട്ടുണ്ടു്. മൂലത്തിന്റെ ശബ്ദാലങ്കാരമഹിമാവു് ഒന്നുവേറേയാണു്. അതും സാധിച്ചിടത്തോളം ഭാഷയിൽ നിവേശിപ്പിച്ചിട്ടുണ്ടു്. ചില സന്ദർഭങ്ങളിൽ വിവർത്തകൻ മൂലത്തിന്റെ ശബ്ദഭംഗി ഭാഷയിൽ വരുത്തുന്നതിന്നു് അന്യാദൃശമായ പാടവമാണു് കാണിച്ചിരിക്കുന്നതു്.

"ആറും രണ്ടുമെണ്ടൊരു പുരിയുമൊട്ടങ്ങിവക്വാധ്വജത്തിൽ
പാറും ലീലാനടനഗുരുവാം നൽക്കൊടിക്കൂറയാലെ
ഊറും വ്യംഗ്യാൽ സുകവികൃതിയിൽ സദ്രസജ്ഞർക്കപോൽ വ-
മ്പേറും നൂനം പ്രമദമയി നിൻ ഹൃത്തിലെന്നോർത്തിട്ടുന്നേൻ."

(പൂർവ്വാർദ്ധം 57-ാം പദ്യം.)

"ഏററിബ്ബാണാഹതി,യരുളവോൻ ദാനവാനർത്ഥമാരാൽ—
പ്പോററിക്കൊണ്ടാശ്ശിഖിയെ, ബുധർതൻ പോററിയാം
പോററി സേവ്യൻ

മാററിത്തക്കാർ മറയർച്ചമയാൻ പോന്നതച്ഛര്ശക്തി–
യൊന്നാൽ
മാററിത്തീക്കില്ലരിയകൃതികൾക്കത്ഥവത്താം പദങ്ങൾ.''
(പൂവ്വാർദ്ധം 64–ാം പദ്യം.)

''അന്നല്ലോളത്തുകിലരമണൽകെട്ടിലൂന്നു കൊഞ്ചു–
ന്നന്നക്കാഞ്ചി, ശഫരമിഴി, പാഴ്പായലാം ചായലെല്ലാം
പിന്നെപ്പൊക്കിൽച്ചുഴിയൊട്ടരസം വായ്ച്ചു മന്ദിച്ച നല്ലാർ
സന്നൻ നിൻ മുമ്പണകിൽ വിട്ടുമോ വല്ലതും ചൊല്ലിടാതേ.''
(പൂവ്വാർദ്ധം 67–ാം പദ്യം.)

എന്നിങ്ങനെ അനേകം പദ്യങ്ങളെ ഇവിടെ മറത്തിന്റെ വിവത്തനസാമത്ഥ്യത്തിനു് ഉദാഹരണമായി സ്മരിക്കാം. ഭാവത്തിന്റെയും അലങ്കാരത്തിന്റെയും പ്രൗഢികൊണ്ടു് പരിഭാഷകന്മാരെ അധികം വിഷമിപ്പിക്കുന്നവയാണു് അവയുടെ മൂലശ്ലോകങ്ങൾ. എങ്കിലും മറത്തിനു് വിവത്തനത്തിൽ പരാജയം വന്നിട്ടില്ല. 64–ാം ശ്ലോകത്തിൽ മൂലത്തിലെ 'സുമനസാം' ഭാഷയിൽ ''ബുധർ'' ആയതിൽ ഔചിത്യഹാനിയില്ല. ''ദാനവാനത്ഥ''ത്തെയും ശ്ലാഘിക്കണം. അലങ്കാരകല്പനകൊണ്ടു് അത്യന്തം സുന്ദരമാണു്, 67–ാംപദ്യം. അതിന്റെ വിവത്തനം ഇതിലധികം ഭംഗിയാക്കുക സുകരമല്ല. 68, 69 എന്നീ പദ്യങ്ങളുടെ തജ്ജമകളേയും വിശേഷേണ പ്രശംസിക്കേണ്ടതാണു്.

അക്ലിഷ്ടവും സുമധുരവുമായ ഒരു കാവ്യശൈലി പരമേശ്വരൻ നമ്പൂതിരിക്കു് വശഗതയാണു്. അതിന്റെ സൗരഭ്യം വിവത്തനത്തിലെ പദ്യങ്ങളിൽ പൊതുവേ പരിലസിക്കുന്നുണ്ടു്. മൂലത്തിലെ രസാലങ്കാരാദികളെ കേട്ടുകൂടാതെ നിവേശിപ്പിക്കുന്നതിലും പ്രാസം പ്രയോഗിച്ചു് ശബ്ദഭംഗി വദ്ധിപ്പിക്കുന്നതിലും കവിക്കു് ശ്ലാഘനീയമായ പാടവം കാണിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു് സഹൃദയന്മാർ സശിരഃകമ്പം സമ്മതിക്കും.

ശുകസന്ദേശത്തെക്കുറിച്ചു് പ്രതിപാദിക്കേണ്ടതായി അനേകം കയ്യങ്ങളുണ്ടു്. എന്റെ ''കേരളീയസംസ്കൃതസാഹിത്യചരിത്ര''ത്തിലും ശുകസന്ദേശവ്യാഖ്യാനത്തിലും അവയെ

പ്പററിയെല്ലാം സവിസ്തരം പറഞ്ഞിട്ടുള്ളതാകുന്നു. അതു കൊണ്ടു് ആവകകാര്യങ്ങളെ ഇവിടെ ആവർത്തിക്കുന്നില്ല.

ഭാഷയിൽ വിവർത്തിതങ്ങളായ സന്ദേശകാവ്യങ്ങൾ അനേകം എണ്ണമുണ്ടു്. അവയുടെ കൂട്ടത്തിൽ മററിന്റെ ഈ ശുകസന്ദേശത്തിനു് സഹൃദയശ്ലാഘ്യമായ ഒരു സ്ഥാനം ലഭിക്കുമെന്നതു് തീർച്ചയാണു്. കാവ്യകലാകുശലന്മാരായ സുജനങ്ങൾ ഈ കൃതിക്കു് ആഹ്ലാദാദരഭരിതന്മാരായി സ്വാഗതമരുളുമെന്നു് സധൈര്യം അഭിപ്രായപ്പെടാം.

വൈക്കം
22—5—1137
6—1—1962

എന്നു്,
വടക്കുംകൂർ രാജരാജവർമ്മ രാജാ

# ശുകസന്ദേശം

## ഒന്നാം ഭാഗം

ലക്ഷ്മ്യാ രംഗേ ശരദി ശശിനസ്തുംഗശൃംഗേ കയോശ്ചിൽ
പ്രേമ്ണാ യൂനോസ്സഹ വിഹരതോഃ പേശലാഭിഃ കലാഭിഃ
“ദ്വാരാസേധഃ ക്വനു ഹതവിധേ”ർദ്ദൂരനീതഃ സ തസ്യാഃ
ശ്രാന്തസ്സ്വപ്നേ ശുകമിതി ഗിരാ ശ്രാവ്യയാ സന്ദിദേശ.

*തർജ്ജമ*

ശ്രീലം തിങ്കൾക്കുളിരൊളി ശര-
ത്തിങ്കലാ ബ്ബൃങ്കളാവിൻ
മേലങ്ങേതോ തരുണമിഥുനം
മേളമായ് ക്കേളിചെയ്യെ
“കാലക്കേടെങ്ങൊഴിയു?”മവളേ
വിട്ടവൻ പോയ് ക്കിനാവാ-
ന്നാലസ്യത്താൽ കിളിയൊടഴകാ-
യോതിനാൻ ദൂതിവണ്ണം. 1

*വ്യാഖ്യാനം*

ലക്ഷ്മീദാസപ്രകൃതിസുഭഗം
മുഖ്യസന്ദേശകാവ്യം
ലക്ഷ്മീരംഗപ്രകടനടന-
പ്രക്രമശ്രീവിലാസം
ലക്ഷ്മീദാസപ്രഭുകുലരതോ,
മൽഗുരുപ്രേഷ്ഠഭാഷാ-
ലക്ഷ്മീരംഗേ പ്രകടയതി ത-
ദ്ദീപ്തി പശ്ചാപ്തി ഭംഗ്യാ. 1

പ്രണമ്യ ഗുരുപാദാബ്ജം
പ്രസീദ പരമേശ്വര!
പ്രഭാകന്ദളസദ്വാക്യ-
പ്രദാനായാർത്ഥയാമ്യഹം. 2

ഭാവല്ലു ശുകസന്ദേശോ
ഭാവനാഭാസുരാത്മകഃ
ഭാസതേ, ടീകയാ മന്ദോ
ഭാവയേ കുർവ്വനുഗ്രഹം. 3

ഗുരുപാദങ്ങൾ വന്ദിച്ചു
ഗുരുവിൻ കൃപകൊണ്ടു ഞാൻ
ഗുരുവാം ശുകകാവ്യത്തിൻ
ഗുരുത്വം തെളിയിച്ചിടാം. 4

ശ്രീശുകസന്ദേശത്തിൻെറ കർത്താവ് ലക്ഷ്മീദാസനാകുന്നു. കവി കരിങ്ങംപെള്ളി സ്വരൂപം എന്ന പ്രസിദ്ധമായ ആഢ്യബ്രാഹ്മണകുടുംബത്തിലാണു ജനിച്ചതു്. ആ ഇല്ലം സ്വതേ പരമ്പരയാ വിദ്വച്ഛിരോമണികളുടെ ആകരസ്ഥാനമായിരുന്നു. ദ്വേധാ ലക്ഷ്മീദാസനാമധേയം മഹാകവിക്കു സിദ്ധിച്ചിട്ടുണ്ടു്. സാക്ഷാൽ ലക്ഷ്മീഭഗവതി സദാ നൃത്തമാടുന്ന സമ്പന്മയമായ ഗൃഹത്തിലെ അംഗം ലക്ഷ്മീദാസനാകുന്നതാണല്ലോ? രംഗലക്ഷ്മി എന്നു പ്രസിദ്ധിയോടുകൂടി നൃത്തവിദഗ്ദ്ധയും സൗന്ദര്യസങ്കേതവുമായ ഒരു നങ്ങ്യാർ ആയിരുന്നു മഹാകവിയുടെ ദയിത. അദ്ദേഹം കുടുംബത്തിൽ ഇളമുറക്കാരനായിരുന്നിരിക്കണമെന്നു ഞാനൂഹിക്കുന്നു. തൃക്കണാമതിലകത്തു് അത്യുന്നതമായ ഒരു മാളികയുടെ മട്ടുപ്പാവിൽ ശരൽക്കാലചന്ദ്രികയേററു് തരുണരായ ദമ്പതികൾ രതിക്രീഡ കഴിഞ്ഞുറങ്ങുമ്പോൾ ഭർത്താവു് ഒരു സ്വപ്നം കണ്ടു. അദ്ദേഹം കിനാവിൽ ഭാര്യയെപ്പിരിഞ്ഞു് രാമേശ്വരത്തെത്തി വിരഹാവസ്ഥ അനുഭവിക്കുന്നു എന്നും തത്സമയം സമീപത്തു കണ്ട ഒരു കിളിയോടു സന്ദേശം അരുളി ഭാര്യയുടെ അടുക്കലയച്ചുവെന്നും ആണു് പ്രതിപാദനം. സ്വപ്നത്തിൽപ്പോലും വിരഹം ദുസ്സഹമെന്നു ധ്വനി. ലൗകികസുഖം സ്വപ്നസമാനമാണെന്നും അതിൽ ഭ്രമിച്ചാലപകടമാണെന്നുംകൂടെ സങ്കല്പം.

ഈ നിലയിലുള്ള സന്ദേശങ്ങളുടെ മാർഗ്ഗദർശി കാളിദാസരാകുന്നു. അതിനാധാരം ഹനൂമൽസന്ദേശമായിരിക്കണം. ശുകസന്ദേശത്തിലെ നായകനും കവിയും ലക്ഷ്മീദാസൻതന്നെ. സംശയമില്ല. കാവ്യം അക്കാലത്തെ കേരളത്തിൻെറ സ്ഥിതിഗതികളേയും മററും പരിചയപ്പെടുത്തുന്നു. കേരളത്തിനു പുറമേയുള്ള വർണ്ണനകൾ അധികമില്ല. രാജധാനികളും ക്ഷേത്രങ്ങളും വിട്ടുകളയുന്നില്ല. അവയെ മുൻനിർത്തിയാകുന്നു കേരളത്തെ ചിത്രീകരിക്കുന്നതു്. കാവ്യത്തിൻെറ പ്രയോജനം ശരിക്കു

വന്നിട്ടുണ്ട്. ഒരു ലഘുകാവ്യത്തിന്റെ മുഖവുര ഇനിയും നീട്ടുവാൻ സാദ്ധ്യമല്ലല്ലോ?

ശ്രീ എന്നു് മംഗളമായ ശബ്ദംകൊണ്ടു വിവൎത്തനം ആരംഭിക്കുന്നു. ശ്രീലം തിങ്കൾക്കുളിരൊളി ശരത്തിങ്കൽ അബ്ജങ്കളാവിൻ അഞ്ചു് മേൽ ഏതോ തരുണമിഥുനം മേളമായ് കേളിചെയ്തു എന്നന്വയം. ശ്രീലം= ശ്രീയുതം. ശ്രീ=ശോഭ, ഐശ്വര്യമെന്നും. തിങ്കൾക്കുളിരൊളി ശരത്തു്= തിങ്കളിന്റെ കുളിരൊളിയോടുകൂടിയ ശരത്തു്. തിങ്കൾ=ചന്ദ്രൻ. കുളിരൊളി=നിലാവു്. ശരത്തു്=ശരൽക്കാലം. കന്നിമാസമെന്നിവിടെ അൎത്ഥം. ബ്ജങ്കളാവു്=മേട. സൗധമെന്നു മൂലം. സുധ അണിഞ്ഞതു് സൗധം. സുധ=കുമ്മായം. അതുപോലെ വെങ്കളി അണിഞ്ഞതു് വെങ്കളാവു്. കുമ്മായം പൂശിയ മേട എന്നൎത്ഥം. അഞ്ചു മേൽ=അഞ്ചു മുകളിൽ, മട്ടുപ്പാവിലെന്നൎത്ഥം. ഏതോ തരുണമിഥുനം=കേവലം രണ്ടു ചെറുപ്പക്കാരായ സ്ത്രീപുരുഷന്മാർ. സന്ദേശങ്ങളിൽ നായകന്റെ പേരു വെളിപ്പെടുത്താറില്ല. "കശ്ചിൽ യക്ഷഃ" എന്നു മാത്രമേ മേഘസന്ദേശത്തിലും പറഞ്ഞുകാണുന്നുള്ളു. നായകൻ ആരെന്നു സ്പഷ്ടമായിപ്പറഞ്ഞാൽ അയാളുടെ ഉററവൎക്കല്ലാതെ പൊതുവേ ആസ്വാദകന്മാൎക്കു് കഥാവസ്തുവിൽ അഭിരുചി ഉണ്ടാകുവാൻ തരമില്ലെന്നുള്ളതായിരിക്കാം സങ്കല്പം. യൗവനത്തിലെ വിരഹത്തിനു മാററു കൂട്ടും. അക്കാലത്തെ രതിലീലകൾക്കും പ്രേമത്തിനും അവാച്യമായ ഒരു സ്ഥിതിയുണ്ടു്. ഉന്മാദകത്വമുണ്ടെന്നു സാരം. മേളമായുള്ള കേളി=കൈമെയ് മറന്നുള്ള പൂൎണ്ണരതിക്രീഡയെന്നൎത്ഥം. കാലക്കേടെങ്ങൊഴിയും?=കാലക്കേടു് എവിടെയെങ്കിലും ഒഴിഞ്ഞുപോകുമോ. ദുൎവ്വിധി കടക്കാത്തിടമില്ലെന്നു സാരം. അത്യന്തഭാഗ്യസൗഭാഗ്യങ്ങളുണ്ടാകുമ്പോൾ അതിനു് ഒരു വിഘ്നം ചേൎക്കുന്നതു വിധിയുടെ സ്വഭാവമാണു്. കിനാവു്=സ്വപ്നം. ആലസ്യം=ക്ഷീണം. വിരഹവ്യഥകൊണ്ടുള്ള തളൎച്ച. കിളിയെക്കാണുന്നതു ശുഭസൂചകമാണു്. കിളി, പറഞ്ഞുകൊടുക്കുന്നതു് അതുപോലെതന്നെ പറയുമല്ലോ. വ്യത്യാസം വരുത്തുകയില്ല. ദൂതു് അങ്ങനെതന്നെയാണു വേണ്ടതും. ഔചിത്യവേദിയായ കവിക്കു് കിളിയെത്തന്നെ കിട്ടുകയും ചെയ്തു. ദൂതു്= ആൾ മുഖാന്തരം വൎത്തമാനം പറഞ്ഞയയ്ക്കൽ. എഴുതിയയയ്ക്കുകയല്ല. നായികയ്ക്കു് 'രംഗലക്ഷ്മീ' എന്നു് ഒരു ബിരുദനാമമുണ്ടായിരുന്നു എന്നും ആ പേരിന്റെ ഒരു സൂചനകൂടി മൂലത്തിലെ "ലക്ഷ്മ്യാ രംഗേ" എന്ന പ്രാരംഭത്തിലുണ്ടെന്നും പണ്ഡിതലോകം പരമ്പരയാ പറഞ്ഞുവരുന്നുണ്ടു്. എന്നാൽ അഭിപ്രായം പഴയ വ്യാഖ്യാനങ്ങളിലൊന്നും വെളിപ്പെട്ടുത്തിക്കാണുന്നില്ല. അതുകൊണ്ടായിരിക്കാം വിവൎത്തകൻ ആക്കാൎയ്യം പരാമൎശിച്ചുകാണാത്തതു്. അതനുസരിച്ചു് "തസ്യാ രംഗേ ലക്ഷ്മ്യാഃ ദൂരനീതഃ സ" എന്നുകൂടി പഞ്ചമിവിഭക്തിയിലും അന്വയിക്കത്തക്കവിധത്തിലാണു് മൂലത്തിലെ പ്രയോഗം. "ആ രംഗലക്ഷ്മിയിൽനിന്നു് ദൂരെ നയിക്കപ്പെട്ടവൻ" എന്നു് അൎത്ഥവും കിട്ടും. അതു സഹൃദയന്മാർ തീരുമാനിക്കട്ടെ.

ഇവിടെ അംഗിയായ രസം വിപ്രലംഭശൃംഗാരം. അതിനു ചേൎന്ന വിധം മന്ദാക്രാന്തയിൽത്തന്നെ വിവൎത്തനം ചെയ്തിരിക്കുന്നു. സാൎവ്വത്രികമായ ദ്വിതീയാക്ഷരപ്രാസം സ്വീകരിച്ചിരിക്കുകയാണു്. അനുപ്രാസത്തിനു കണക്കില്ല. മനോഹരമായ മലയാളപദങ്ങൾ തിരഞ്ഞെടുത്തു് ശയ്യാമാധുരി വൎദ്ധിപ്പിച്ചിരിക്കുന്നു. 'ബങ്കളാവു്" 'പാൎക്കു്" മുതലായ പദങ്ങൾ കാലസ്ഥിതിയെക്കാണിക്കുന്നു. കേരളകാളിദാസൻതന്നെ മയൂരസന്ദേശത്തിൽ ഒരു ശതാബ്ദത്തിനുമുമ്പു് 'പാളയം' 'ജയിൽ' 'ആശുപത്രി' മുതലായ പദങ്ങൾ സ്വീകരിച്ചിട്ടുണ്ടു്.

ഈ പദ്യം മററുചില സഹൃദയന്മാരുടെ അഭിപ്രായമനുസരിച്ചു് കവി 'രംഗലക്ഷ്മി'യുടെ സൂചന കൂടിയുൾപ്പെടുത്തി തിരുത്തി എഴുതുകയുണ്ടായി. ആ പാഠഭേദംകൂടി ഇവിടെ കുറിക്കുന്നതു് കൗതുകാവഹമായിരിക്കും.

"രംഗശ്രീയാൎന്നണിമതി ശര-
ത്തിങ്കളിൽ ബങ്കളാവിൻ
ശൃംഗത്തേതോ തരുണമിഥുനം
മേളമായ് ക്കേളിചെയ്കെ
ഭംഗം ചേൎത്തു "മരഹതവിധി-
ക്കെട്ടു"തിൽ പേക്കിനാവാൽ
തുംഗവ്യഗ്രൻ കിളിയൊടഴകാ-
യോതിനാൻ ദൂതിവൎണ്ണ്യം."

ഭ്രാതർദ്ദൂരേ ഭ്രമസി കിമിതസ്സ്താവദാസ്സ്താം വിശങ്കം
നമ്രസ്തുഭ്യം നനു ഫലഭരൈരസ്ത്വിഷ്ഠതേ ബീജപൂരഃ
അസ്യ വ്യക്തൈസ്തരുണഹരിതേഷ്വഞ്ചിതശ്ചഞ്ചുപക്ഷ-
ച്ഛായോൽഗാരൈരധികരുചിരൈരേഷ പൃഷ്ഠച്ഛദേഷു.

ദൂരത്തെന്താണൊഴിവതനുജൻ
ദൂഷ്യമില്ലിങ്ങുപോരൂ
ചാരത്തങ്ങേക്കിത കനികളാൽ
ചാഞ്ഞെഴും മാതളത്തെ
പാരം പച്ചപ്പവിഴരുചിസ-
മ്പൂർത്തിയാൽ പേർത്തിണങ്ങി-
ച്ചേരട്ടേ നിൻ ചിറകിലയൊട്ടം
ചുണ്ടു പൂച്ചെണ്ടിനോട്ടം. 2

ഭ്രാതഃ എന്ന മൂലത്തിന് അനുജൻ എന്ന വിവൎത്തനം നന്നായി. ഇഷ്ടംപോലെ പറഞ്ഞയക്കാമല്ലൊ. ദൂരെപ്പോകേണ്ട = ഒഴിഞ്ഞുമാറേണ്ട. അടുത്തുവരൂ. യാതൊരു ദൂഷ്യവുമില്ല. അപകടം ഒന്നും ഉണ്ടാകുകയില്ലെന്നു താല്പൎയ്യം. സുഖമായിരിക്കാം. അടുത്തുതന്നെ കനികളാൽ ചാഞ്ഞ മാതളത്തൈ ഉണ്ട്. അതിഥിസൽക്കാരം ഭംഗമമായി. അതു കേരളത്തിൽ പ്രസിദ്ധമാണല്ലോ. നമ്പൂരിമാൎക്കു വിശേഷിച്ചും. പച്ചരത്നം പോലെയുള്ള ഇലകൾ നിൻെറ ചിറകിനോട്ടം പവിഴനിറത്തിലുള്ള പൂച്ചെണ്ടു ചുണ്ടിനോട്ടം ഇണങ്ങിച്ചേരട്ടെ. അഭേദം കല്പിച്ചിരിക്കുകയാണ്. മററാരും അറിയേണ്ട എന്നു താല്പൎയ്യം. പരസ്പരം വൎദ്ധിച്ച ശോഭയ്ക്കു നിദാനമാകുമെന്നും വിചാരിക്കാം. അല്ലെങ്കിൽ കുറെക്കൂടെ ബഹുമാനമായി നീ ചെടിക്ക് അലങ്കാരമായിരിക്കും എന്നും സങ്കല്പിക്കാം. ഒരാൾ വന്നാൽ അയാളെ സുഖമായിരുത്തി ആഹാരം നല്കിയതിനു ശേഷം വേണം സംസാരിക്കുവാൻ എന്ന മൎയ്യാദയും വെളിപ്പെടുത്തി. നിന്നെപ്പോലെ പരോപകാരിയാണു മാതളത്തൈ എന്നു ധ്വനി. അനുഗുണം അലങ്കാരം. അന്യൻെറ സന്നിധിയിൽനിന്നു തനിക്കു മുമ്പു സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾക്കു് ഉൽക്കർഷം ലഭിക്കുന്നതു് അനുഗുണം.

സൗജന്യാബ്ധേ! ഭവതു ഭവതേ സ്വാഗതം വേഗതോ ഗാ-
മാഗാഃ സമ്പ്രത്യമരതരുണീനന്ദനാന്നന്ദനാന്നു
ഉത്സംഗാദ്വാ കരപരിലസദ്വല്ലകീകോണവേല്ല-
ന്നീലക്ഷൗമാംബരപടലികാമുദ്രിതാദദ്രിജായാഃ

പാരിൽപ്പെട്ടെന്നണയു, കരുണാ-
സാഗര! സ്വാഗതം തേ
നേരിട്ടിന്നിപ്പൊഴു,തമരിമാർ
പാർക്കുമാപ്പാർക്കിൽ നിന്നോ?
ഗൗരിത്തൃക്കൈ വിരലിലരുളും
വല്ലകീ വില്ലുരുമ്മും
സാരിക്ഷൗമാംബരമരതക-
ശ്രീമടിത്തട്ടിൽനിന്നോ? 3

ആഗതനെ സ്വാഗതം ചെയ്യേണ്ടതു് ലോകമര്യ്യാദയാണു്. കരുണാസാഗര = കരുണക്കടൽ. വാരിക്കോരിക്കൊടുത്താലും കരുണ കുറയുകയില്ലെന്നു താല്പര്യം. അങ്ങനെ ഉള്ള ഒരാളുടെ ആവശ്യമാണുള്ളതു്. നീ പറവയാണു്. ഭൂമിയിൽ എന്റെ അടുക്കൽ പെട്ടെന്നു വരണമെന്നു പ്രാർത്ഥന. എവിടെനിന്നു വരുന്നു? എന്നു ചോദ്യം. നീ ദിവ്യനായതുകൊണ്ടു ദിവ്യസ്ഥലത്തുമാത്രം ഇരിക്കുമെന്നർത്ഥം. സ്വാഗതം = ശോഭനമായ വരവു്. അമരിമാർ = ദേവസ്ത്രീകൾ. അവർ പാർക്കുന്ന പാർക്ക് = ദേവോദ്യാനം. നന്ദനവനം. പാർക്ക് കാലാനുസരണമായ പദം. ഗൗരി = ശ്രീപാർവ്വതി. വല്ലകീവില്ലു് = വീണക്കോൽ. സാരിക്ഷൗമാംബരം = സാരിയാകുന്ന പട്ടുവസ്ത്രം. മന്ത്രകോടി എന്നും. ക്ഷുമ ഒരു ചെടി. അതിൽനിന്നെടുക്കുന്നതു ക്ഷൗമം. ആ പട്ടിനു മരതകപ്പച്ചയുടെ നിറമാണു്. ദേവിയുടെ വീണവായന കേട്ടു രസിച്ചു മടിത്തട്ടിൽ ഇരിക്കുന്ന ഒരു കിളിയുണ്ടു്. രണ്ടിൽ ഏതു സ്ഥാനത്തുനിന്നു വരുന്നവനായാലും ദിവ്യൻ തന്നെ. എന്നെ സഹായിക്കുന്നതിനുതന്നെയാണു് നിന്റെ ആഗമനമെന്നു സങ്കല്പം.

No. 8486
THE ... PUBLIC LIBRARY KOTTAYAM.

കച്ചിൽ പ്രാണാസ്തവനയനയോശ്ശ്ലോചരാഃ ശാരികേയം
സാന്ദ്രൈരന്തസ്ഥിതയതി ധൃതിം തത്തദീഷ്യാഗമേഷു
കേളീവാപ്യാം, ഫലവതി വനേ, കാളമിനേ ച ദേശേ
ഛായേവാധ്വശ്രമശമകരീ ഛന്ദതസ്ത്വാനുയാതി.

അല്ലാ! കാണാൻ കഴിയുമുയിരീ–
ത്തത്ത നിൻ ചിത്തഭൂവിൽ
സല്ലാപത്താ,ലിടയുമിടയിൽ
സംയമം ചെയ്തു മുററും
നെല്ലാളും കോൾ, നിറകനി വനം
നമ്മനീരാഴി തൊട്ടു–
ള്ളെല്ലാടത്തും നിഴൽ പടി വഴി–
ക്ലേശമാററാൻ വരില്ലേ? 4

കാണാൻ കഴിയുമുയിർ = മൂർത്തിമത്തായ ഉയിർ. ഭാര്യ എന്നർത്ഥം. തമ്മിൽ ഭിന്നമല്ലല്ലോ? സല്ലാപത്താൽ = അനുനയവാക്കുകൾകൊണ്ടു്. ഇടയുമിടയിൽ = കോപമുണ്ടാവുന്ന അവസരത്തിൽ. ചിത്തഭൂവിൽ = മനസ്സിൽ. മുററും സംയമം ചെയ്തു = അവശ്യമായ സമാധാനം ഉണ്ടാക്കിയുംകൊണ്ടു്. അല്ലെങ്കിൽ നിൻ സല്ലാപത്താൽ അവൾക്കു് പ്രണയകലഹം ഉണ്ടാവുമ്പോൾ വേണ്ട നിയന്ത്രണം വരുത്തിയുംകൊണ്ടു് എന്നുംകൂടി മാനവേദവ്യാഖ്യാനത്തിൽ എടുത്തുപറയുന്നുണ്ടു്. പരസ്പരപ്രേമം വർദ്ധിപ്പിച്ചുകൊണ്ടെന്നർത്ഥം. നെല്ലാളുംകോൾ = നെല്ലു പഴുത്തുകിടക്കുന്ന നിലം. നിറകനിവനം = ഇടതിങ്ങിയ പഴങ്ങളുള്ള കാടു്. നമ്മനീരാഴി = കേളീവാപി. സമാധാനപ്പെട്ടു് നിന്റെ നിഴൽ എന്നപോലെ അവളും വരുമെന്നു സങ്കല്പം. വഴിക്ലേശം = വഴിയിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടു്, സഹധർമ്മിണി കൂടെയുണ്ടെങ്കിൽ ഏതു ദുഃഖവും തീരും എന്നു വ്യംഗ്യം. ആ നീ വിരഹവേദന അനുഭവിക്കുന്ന എനിക്കു സഹായം ചെയ്യണമെന്നു ഭാവം. ഉത്തമപത്നിയുടെ സ്വഭാവംകൂടെ വെളിപ്പെടുത്തിയിരിക്കുന്നു. ഉപമാലങ്കാരം പറയാം.

ദിഷ്ട്യാ ദൃഷ്ട്യോസ്സരസി സരണീം ദിവ്യദേശാധിവാസിൻ!
കർണ്ണൗ പൂർണ്ണൗ കളരുതസുധാഃസ്രാതസേമൗ ചിരേണ
കിഞ്ച ന്യഞ്ചൽ സ്വജനവിരഹക്ലാന്തി മേ സ്വാന്തമേതൽ
ബ്രധ്നസ്യേവോച്ഛ്വസിതി ബിസിനീജാലമാലോകനേ തേ.

നിന്നെക്കാണായ് നിയതി നിനവാൽ
നാകചാരിൻ! നിറഞ്ഞാ–
നിന്നെൻ കാതും മൃദുമൊഴി മട്ട–
ത്തൂവലാൽ കേവലം തേ
പിന്നെ പ്രാണേശ്വരി പിരിയെ മാ–
ല്യുള്ളൊരെന്നുള്ളമർക്കൻ
തന്നെക്കാണും കമലവനിപോൽ
ഫുല്ലമായുല്ലസിപ്പൂ. 5

നിയതി = വിധി. നാകചാരി = ആകാശത്തിൽ സഞ്ചരിക്കുന്നവൻ. ദേവഭാവം ധ്വനി. ദിവ്യത്വവും. മൃദുമൊഴി മട്ടത്തൂവൽ = മൃദുമൊഴിയാകുന്ന തേൻപൊഴിക്കൽ. പ്രാണപ്രിയയെപ്പിരിഞ്ഞു് ഉള്ളിൽ ദുഃഖം നിറഞ്ഞിരുന്നു. അതു പോയി എന്നു മാത്രമല്ല. നിന്റെ വരവിൽ സൂര്യൻ ഉദിക്കുമ്പോൾ താമരമൊട്ടുകൾ എല്ലാം സന്തോഷിച്ചു വികസിക്കുന്നതു പോലെ എന്റെ ഹൃദയവും ആനന്ദംകൊണ്ടു പ്രസന്നമായി എന്നു താല്പര്യം. ഫുല്ലം = വികസിച്ചതു്, കമലവനി = താമരക്കൂട്ടം. കാഴ്ചയാൽ കണ്ണുകൾക്കും മൊഴിയാൽ ചെവികൾക്കും ആനന്ദം ഉണ്ടായി. ഹൃദയം സന്തോഷത്താൽ കരകവിഞ്ഞു. കിളിയുടെ ശബ്ദം പ്രിയയുടെ കുളിർമൊഴിയാണെന്നു തോന്നി എന്നു ഭാവം. മുമ്പുതന്നെ ദിവ്യനാണെന്നു പറഞ്ഞിട്ടുണ്ടല്ലോ? ഉപമാലങ്കാരം.

ആസ്ഥാ ലോകേ വിപുലമനസാമന്യസാമാന്യമഭ്യേ-
ത്യർത്ഥാനർത്ഥോപഗമവിഗമേഷ്വർത്ഥിതാ ചാതുരാണാം
ന്യക്ഷേണൈഷാ നിജഗുരുതയാ നേക്ഷതേ തദ്വിശേഷം
സാന്ദ്രാ തസ്മിന്നപി ച സഹജം ദ്വന്ദ്വമേതദ്ദ്വയോഷു.

ഈട്ടേറെയോർതന്നലിവുമെളിയോർ
വാച്ചുവോരാശയും പ-
റ്റീടും തമ്മിൽ ക്കൂട്ടതിയൊഴിവാ-
യർത്ഥമാളുന്നതിങ്കൽ
ഊട്ടം പാവും കലരുമതതിൽ
പാർത്തിടാ തീർത്തു മെച്ചം
കൂട്ടം കോളാൽക്കലരുമിരുകൂ-
ട്ടത്തിലും രണ്ടുമെന്നും. 6

ഈട്ടേറെയോർ=ഉൾക്കനം ഉള്ളവർ. വിശാലഹൃദയന്മാർ. യോഗ്യന്മാർ. അലിവ്=ദയവ്. എളിയവർ=നിസ്സാരന്മാർ. ഇന്നത്തെ നിലയിൽ പാവങ്ങൾ. ആശ=ആഗ്രഹം. മൂലം അനുസരിച്ചു പറയുകയാണെങ്കിൽ യാചന എന്നു വേണം. ആശയുടെ പ്രകടനമാണല്ലോ യാചന. അർത്ഥമാളുന്നതിങ്കൽ=കാര്യം സാധിക്കുന്നതിൽ. അതു് അതിൽ=അതിലൊന്നു മറെറാന്നിൽ. അന്യസാമാന്യം=പരസ്പരം. തമ്മിൽ. ഊട്ടം പാവും കലരും=കോർത്തുപിണഞ്ഞു ചേരും. തീർത്തു മെച്ചം പാർത്തിടാ=യോഗ്യത ഒട്ടും നോക്കുകയില്ല. തന്റെ യാചനയോ ദാനശീലമോ മറ്റെയാൾക്കു് യോജ്യമാണോ എന്നു് ഇരു കൂട്ടരും നോക്കുകപതിവില്ലെന്നു സാരം. അതു് അവരുടെ സ്വഭാവമാണു്. കൂട്ടംകോളാൽ=രണ്ടിന്റേയും വർദ്ധനവുനിമിത്തം. പതിയുമിരുകൂട്ടത്തിലും രണ്ടും എന്നും=എന്റെ യാചനയും ഭവാന്റെ ദാനശീലവും സ്വഭാവേന ഒത്തുചേരുന്നു. ഉത്തമന്മാർ നിശ്ചയമായും യാചന നിറവേററിക്കൊടുക്കും. അങ്ങനെ അവ തമ്മിൽച്ചേർന്നു് സംഗതി ശുഭമായി നിറവേറുമെന്നു താല്പര്യം. ശുകം ദിവ്യനാകയാൽ വലിയവൻ. വിരഹാവസ്ഥയിൽ ഇരിക്കുന്ന നായകൻ തദവസ്ഥയിൽ എളിയവൻ. നായകന്റെ അർത്ഥന ശുകത്തിന്റെ കരുണയാൽ സാധിക്കുമെന്നു നിശ്ചയം. മൂലം അല്പം ക്ലിഷ്ടമാണു്. അതുകൂടി തീർത്തു വിവർത്തകൻ സരളമാക്കിയിരിക്കുന്നു.

അന്യത്രാഹം പ്രിയസഹചരീ താവദന്യത്ര ജാതൗ
ജാതാ ചാഗ്രേ മനസിജശരാഃ ശാരദീയാ വിഭൂതിഃ
മന്ദോ വായുർമ്മധുരമുദകം മഞ്ജുരാവാ മരാളാഃ
സജ്ജാമോദാസ്സരസിജവനീ സാന്ദ്രഭാശ്ചന്ദ്രമാശ്ച.

ഇന്നങ്ങിങ്ങായ് പ്രിയതമയുമീ
ഞാനു,മാശ്ശാരദശ്രീ
മുന്നം ചിന്നീ മുഴുമതി, മണം
തുന്നതണ്ടാത്തടാകം
തെന്നൽ കാററും, തെളിമധുരനീർ
പിഞ്ചൊലിക്കൊഞ്ചലാന്നോ-
രന്നപ്പൈതങ്ങളുമലർശര-
ക്കോപ്പുതൻ വായ്പുമെല്ലാം. 7

മുൻപദ്യത്തിൽ സൂചിതമായ വിരഹാഗ്നിയെ ഊതിക്കത്തിക്കുകയാണ് ഇതിലും അടുത്ത പദ്യത്തിലും ചെയ്തിരിക്കുന്നത്. ഈ ഞാനും പ്രിയയാകുന്ന തുണയും ഇന്ന് അങ്ങിങ്ങായി. ഞാൻ ഇവിടെ, അവൾ അങ്ങേ അററത്തു വളരെ ദൂരെ എന്നർത്ഥം. തനിച്ച്. കൂടിച്ചേരുവാനും സംഗതികൾ അറിയിക്കുവാനും കഴിയാതെ. ശരൽക്കാലശോഭ എന്റെ മുമ്പിൽച്ചിന്തിവിതറി എന്നു താൽപര്യം. അവിടെയും അങ്ങനെതന്നെയായിരിക്കണം. മുഴുമതി = പൂർണ്ണചന്ദ്രൻ. താമര വികസിച്ചു മണം വർദ്ധിച്ച താമരപ്പൊയ്ക. തെന്നൽ കാററ് = മന്ദവായു. തെളിമധുരനീർ = തെളിഞ്ഞതും രുചികരവുമായ വെള്ളം. പിഞ്ചൊലിക്കൊഞ്ചലാന്ന അന്നപ്പൈതങ്ങൾ. മലർബാണന്റെ കോപ്പുകളെല്ലാം വദ്ധിച്ചു. പഞ്ചേന്ദ്രിയങ്ങൾക്ക് അമൃതധാരയെന്നു വ്യംഗ്യം. കണ്ണിന്നു മുഴുമതി, ചെവിക്കു പിഞ്ചൊലിക്കൊഞ്ചൽ. മൂക്കിന്നു മണംതുന്ന തണ്ടാത്തടാകം. ത്വക്കിന്നു തെന്നൽ കാററ്. നാക്കിന്നു തെളിമധുരനീർ. മൂലത്തിലെ മനസിജൻ മതിയായില്ല. വിവർത്തനത്തിൽ അലർശരനാക്കിയതു് അധികം നന്നായി. നല്ല മലയാളപദങ്ങളുടേയും ശയ്യയുടേയും സങ്കേതമെന്നുതന്നെ പറയണം.

പ്രാഗുദ്വേലപ്രണയചപലൗ നേത്രയോർവൗ നിവൃത്തൗ
വിശ്ലേഷാർത്തൗ ചിരമിവ മിഥഃ സംഗതൗ സന്നിവൃത്തൗ
ഭാഗ്യഭ്രംശാന്നപരമനയോരാവയോരന്തരാളേ
ന ദ്വിത്രാണി ദ്വിജവര! സരിത്സാനുമൽപത്തനാനി.

പണ്ടാളും വേഴ്ചയിലിതിലൊരാൾ
കണ്മറഞ്ഞാൽ വിയോഗം
കൊണ്ടാട്ടം, ചേർന്നടനതൊഴിയും
കഷ്ടകാലാതിരേകാൽ
രണ്ടാൾ ഞങ്ങൾക്കിടയിലിതുനാൾ
രണ്ടുമൂന്നല്ല കാണ്മാ–
നുണ്ടാവോളം മലപുഴപുരീ–
വർഗ്ഗമെൻ സ്വർഗ്ഗചാരിൻ! 8

പണ്ടു് ഞങ്ങൾ ഒരുമിച്ചിരുന്നകാലത്തു് ചിലപ്പോൾ ഒരാളുടെ കണ്ണിൽനിന്നു് മറേറയാൾ മറഞ്ഞുപോകുന്നുവരും. അപ്പോൾ വിരഹവേദന വളരെ വർദ്ധിക്കും. ഉടനെ ചേർച്ചയും ഉണ്ടാവും. ആ സമയത്തെ ആനന്ദം വളരെയാണതാനും. അല്പനേരത്തെ വിരഹംകൂടെ താങ്ങുവാൻ കഴിയാത്തതായിരുന്നുവെന്നു ധ്വനി. കഷ്ടകാലാതിരേകം=കഷ്ടകാലത്തിന്റെ കൂടുതൽ. അതുകൊണ്ടു് ഇന്നു പിരിഞ്ഞിരിക്കുന്നു. ഒരു സ്ഥലത്തു കണ്ണിനു മറയുകയല്ല. എത്രയോ അകലെയിരിക്കുന്നു എന്നു സമർത്ഥനം. ഒന്നിക്കുവാൻ ഒരു നിവൃത്തിയുമില്ല. കാരണം ദൂരം വളരെ വളരെ. അതിനിടയിൽ മല, പുഴ, പട്ടണം ഇവ രണ്ടോ മൂന്നോ അല്ല. അനവധിയനവധി എന്നു സാരം. ന ദ്വിത്രാണി എന്ന സംസ്കൃതത്തിൻെറ വിവർത്തനം. ഈ സ്ഥിതിയിലിരിക്കുന്നതിനാൽ അടുത്തെങ്ങും സമാഗമമുണ്ടാകുകയില്ലെന്നു താല്പര്യം. നീയോ സ്വർഗ്ഗചാരിയാണു്. എപ്പോൾ വേണമെങ്കിലും അവിടെ—എൻെറ പ്രിയയുടെ അടുക്കലെത്തി സന്ദേശം ധരിപ്പിക്കാമെന്നു് ആശയം. സഹായിക്കണമെന്നർത്ഥനകൂടെക്കാണുന്നു. ഞങ്ങൾ കൂട്ടിമുട്ടണമെങ്കിൽ ഈ കഷ്ടകാലം കഴിയണം. അതിനുള്ള കാലം നിശ്ചയമില്ല. എന്നു ധ്വനി. കൊണ്ടു് ആട്ടം എന്നുകൂടി. വിയോഗംകൊണ്ടു് മനസ്സുഴലും എന്നു താൽപര്യം.

അധ്വക്ലേശാനപരിഗണയന്നാത്മനാഭ്യേത്യ ബാലാം
സത്വന്യൂനാം വിപുലഹൃദയ! സ ത്വമാശ്വാസയേഥാഃ
നോചേന്നീചോ വിധി,രഭിനവോ വിപ്രയോ,ഗോതിവാമഃ
കാമശ്ചായം കഥയതു ഭവാൻ കാമവസ്ഥാം ന കുര്യ്യുഃ

ചെല്ലുകേതും വഴിയഴലു നീ
ചെറുവുമോരാതെ നേരി-
ട്ടല്ലൽ പെട്ടോൾക്കഖിലമറിവോ-
നല്പമാശ്വാസമേകു
ചൊല്ലല്ലെന്നാൽ വിധിയധമനാ-
ണാദ്യമാം വിപ്രയോഗം
വില്ലങ്കിപ്പോനലർശരനിതിൻ
ഭാവിയെന്താവുമാവോ? 9

നീ വഴിയഴൽ ഏതും ചെറവും ഓരാതെ അങ്ങു ചെല്ലു് എന്ന ന്വയം. പലവിധത്തിലും വഴിക്കു ദുഃഖം വന്നുചേരാം. അതു് അല്പം പോലും ചിന്തിക്കരുതെന്നു ഭാവം. വിപുലഹൃദയ! എന്നൊരു സംബു ദ്ധി മൂലത്തിലുണ്ടു്. അതിനാണ് അഖിലമറിവോൻ എന്ന വിശേഷണം ചേർത്തിരിക്കുന്നതു്. അറിവാണല്ലൊ മനസ്സിന്റെ വിപുലത. കുന്തി തപസ്സിനു പോയപ്പോൾ ധർമ്മപുത്രരോടു് നിന്റെ മനസ്സ് വലുതാകട്ടെ എന്നാണ് ഉപദേശിച്ചതു്. അവർ ലോകരക്ഷയേ ചെയ്യുകയുള്ളു എന്നു സാരം. അവിടെ ചെന്നു് അവൾക്കു് അല്പം ആശ്വാസം നൽകിയാലും. സന്ദേശംകൊണ്ടു് കുറെ ആശ്വാസം വരുമെന്നു വിവക്ഷ. അല്ലെങ്കിൽ എന്താണെന്നാണെങ്കിൽപ്പറയാം. വിധിയോ അധമൻ = ദുഷ്ടൻ. വേർ പാടു് ആദ്യത്തേതു്. തഴക്കമില്ലെന്നാശയം. എതിരാളിയോ കാമദേ വൻ. വിരഹികളിൽ കരുണയില്ലാത്തവൻ. ആ മൂന്നുംകൂടെ എന്തൊ ക്കെച്ചെയ്യുമെന്നു നിശ്ചയമില്ല. മരണംവരെ ഉണ്ടാകാമെന്നു ധ്വനി. വി രഹികളുടെ അവസ്ഥ വ്യക്തമാക്കി. നീയേ ശരണമുള്ളു എന്നുകൂടി. കാ രണം രണ്ടുജീവനേയും നിനക്കു രക്ഷിക്കാമെന്നഭിപ്രായം.

പ്രജ്ഞാതജ്ഞാം പ്രചുരകരുണാക്ഷേപണീഭാജി കൃത്വാ
തീർത്വാ വർത്മന്യുദധിമചിരാത്തീവ്രചിന്താകുലായാഃ
അസ്മദ്വാർത്താഘലനസമുദയാനംബുജാക്ഷ്യാ ഹരേശ്ച്വ-
ദാത്ത്രാണാൽ ഗുരുസുകൃതമപ്യാതരന്തേ ന ഹന്തേ.

ഉൾക്കാമ്പെന്നോരുരുവിലുരുവാ-
മന്പുവൻനയ്‌മ്പിയന്നും
നിൽക്കാതേ പോയ്‌ വഴി കടൽ കട-
ന്നാർത്തരക്ഷാർത്ഥമായ്‌ നീ
മൽക്കാര്യപ്പൊൽച്ചുമട്ടുകൾ മനം
മാഴ്‌കുവോൾക്കങ്ങു നല്കിൽ
തൽക്കാലം നൽസുകൃത,മയി തേ
താവിടാം കേവിനത്തിൽ. 10

സന്ദേശമെത്തിക്കുന്നതിനുള്ള പ്രതിഫലം എന്തെന്നു പറയുന്നു. യോഗ്യന്മാർ അഗതികൾക്കുവേണ്ടി ഒരു സഹായം ചെയ്താൽ പ്രതിഫലം പററുകയില്ലെന്നു നിശ്ചയം. ഇവിടെ കൊടുക്കുകയുമില്ല. ആശിക്കാതെ വന്നണയുകയാണ്. കൈക്കൊള്ളുകയില്ലെന്നു പറയാൻ നിവൃത്തിയില്ലാത്ത വിധത്തിലും. ഉൾക്കാമ്പ് = മനസ്സ്, ബുദ്ധിയെന്നും. പടവ്= കപ്പൽ. അൻപ്=ദയ. നൻപ്=അമരം പിടിക്കുവാനുള്ള പങ്കായം. വഴികടൽ = വഴിയാകുന്ന കടൽ. ആർത്തരക്ഷ=ദീനരക്ഷ! മൽക്കാര്യം= എന്റെ കാര്യം. പൊൽച്ചുമട്=പൊൻചുമട്. (കേരളപാണിനീയമനുസരിച്ചുള്ള സന്ധി.) മാഴ്കുക = ദുഃഖിക്കുക. സുകൃതം=പുണ്യം. താവുക = സമ്പാദിക്കുക, ലഭിക്കുക. കേവ്=കടത്തുകൂലി. കടലുപോലെ ദീർഘമായ വഴി. അതിനു കപ്പലുതന്നെ വേണം. പൊൽച്ചുമട്=സന്ദേശത്തിന്റെ ഗൗരവം. ആർത്തനു നിധി കിട്ടിയപോലെയാകും എന്റെ ഭാര്യയ്ക്കു ഈ സന്ദേശം. ഫലം ഒന്നാന്തരം. വിവർത്തനം കെങ്കേമം. അലങ്കാരം മെച്ചം. വഴിയാകുന്ന കടൽ. മനസ്സ് അല്ലെങ്കിൽ ബുദ്ധിയാകുന്ന കപ്പൽ. കരുണയാകുന്ന നയ്മ്പ്. സന്ദേശമാകുന്ന പൊൽച്ചുമട്. ഈ മട്ടിൽ സാവയവരൂപകം. ആർത്തരക്ഷ ഫലം. ഉന്നതന്മാർ എപ്പോഴും ആഗ്രഹിക്കുന്നതു്. കൂലി സുകൃതം. ഇതിൽക്കൂടുതൽ എന്താണ് കാമ്യമായിട്ടുള്ളതു്? അതോ ആഗ്രഹിക്കാതെ തനിയേ വന്നുചേരുന്നതും. കൊടുങ്ങല്ലൂരെ അക്കാലത്തെ വാണിജ്യം സ്ഫുടികസ്ഫുടമായി ചിത്രീകരിച്ചിരിക്കുന്നു. നല്ല മലയാളപദങ്ങളുടെ ഘടന.

അഗ്രേ സ്ഥിത്വാ വിലപനമൃതേ കാമിനാം കേവ യാച്ഞാ
ബന്ധൂനാം തൽപ്രിയഹിതവിധേഃ ബ്രൂഹി കോഽന്യോന്യവാദഃ
ജാതോദന്യാ നഹി ജലമുചശ്ചാതകാ പ്രാർത്ഥയന്തേ
തൂഷ്ണീമേഷാമഭിമതമമീ തൂർണ്ണമാപൂരയന്തി.

ആരാൽക്കാമീനിര മുറയിട്ടും
നേർച്ച മററെ,ന്തവക്കു-
ള്ളോരാവശ്യം പ്രിയജനമറി-
ഞ്ഞേകുമല്ലെന്തുചൊല്ലൂ
നീരാശിച്ചാൽ മുകിലിനൊടിര-
ക്കില്ല പോയ്ച്ചാതകച്ചാ-
ത്താരാഞ്ഞപ്പോൾ ഹിതമവരവ-
ർക്കേകിടും മൂകരായ്ത്താൻ. 11

ഉദാരന്മാരുടെ പ്രകൃതം കാണിക്കുന്നു. കാമീനിര = കാമുകസമൂഹം. ആരാൽ = അടുത്തു്. മുറയിടുക = കരയുക. നേർച്ച = ഇരക്കൽ, പ്രാർത്ഥന. പ്രിയജനം = ബന്ധുക്കൾ. ഏകുക = കൊടുക്കുക. നീരു് = വെള്ളം. മുകിൽ = മേഘം. ചാതകം = വേഴാമ്പൽ. ഇതിൻെറ കണ്ഠത്തിൽ ഒരു ദ്വാരമുണ്ടെന്നും അതുകൊണ്ടു വെള്ളം കുടിക്കുമ്പോൾ ചോൎന്നുപോകുമെന്നും അതിനുവേണ്ടി ചുണ്ടു തുറന്നു മുകളിലേക്കു നോക്കിനിൽക്കുമെന്നും കവിസങ്കേതം. ചാതകച്ചാത്തു്=ചാതകസമൂഹം. ഹിതം=ഇഷ്ടം. കാമികൾ ബന്ധുക്കളുടെ സമീപം ചെന്നു് കരയുകയേ ഉള്ളൂ. ആവശ്യം അറിയിക്കുകയില്ല. സുഹൃജ്ജനങ്ങൾ അറിഞ്ഞു സാധിച്ചുകൊടുക്കണം. സാധിച്ചുതരണമെന്നു പറഞ്ഞതുകൊണ്ടു ഫലമില്ല. പറയാതെതന്നെ നടക്കണമെന്നു ഭാവം. വേഴാമ്പൽ മേഘത്തോടിരക്കാറില്ല. അവയുടെ ആവശ്യം അറിഞ്ഞു മുകിൽ സാധിച്ചുകൊടുക്കും. അതോ മിണ്ടാതെ തന്നെ. അലങ്കാരം പ്രതിവസ്തൂപമ. പ്രിയജനം അറിഞ്ഞേകും എന്നും മുകിൽ അവൎക്കേകും എന്നും ഉപമാനോപമേയങ്ങളിൽ സാധാരണധൎമ്മം. സന്ദേശകാവ്യങ്ങളിൽ പരസ്പരച്ഛായ കാണുന്നതു പ്രസ്ഥാനരീതിയെന്നു സമാധാനപ്പെടേണ്ടതാണു്.

ആശാപാശഃ കില ചലദൃശാമാശ്രയഃ പ്രോഷിതാനാം
മന്യേ സോപി ത്രുടതി മഹതാ ഹന്ത! കാലാന്തരേണ
അസ്മൽ പ്രത്യാഗമനപിശുനൈരാശു വാചാം നിഗുംഭൈ-
രേനം ഗാഢീകുരു ഗുരുഗുണൈരേണശാബേക്ഷണായാഃ.

മൂലാലംബം കണവനകലും
മങ്കമാക്കാശയെന്നോ-
രാലാസത്രേ പഴകുകിലതും
കെട്ടുപോമൊട്ടുദൂരം
മേലാലീ ഞാൻ തിരികെവരുമെ-
ന്നോതിയാ നല്ലസൂത്ര-
ത്താലാത്താങ്ങിന്നധികമൊരുറ-
പ്പേകിട്ടു വൈകിടാതെ. 12

കാലവിളംബം യാത്രയ്ക്കു വരുത്തരുതെന്നുപദേശം. മൂലാലംബം = പ്രധാനമായ ആശ്രയം. കണവൻ = ഭർത്താവ്. ആലാസ് = കയറു്. ആശയാകുന്ന വടം. ആശാപാശമെന്നു താൽപര്യം. കണവനകലും മങ്കമാക്കു് മൂലാലംബം ആശയാകുന്ന ഒരാലാസത്രെ. ഒട്ടുകാലം പഴകിയാൽ അതും കെട്ടുപോകും എന്നന്വയം. വിരഹദുഃഖം അനുഭവിക്കുന്ന മങ്കമാരുടെ ആശയാകുന്ന ആ മുഴുത്ത കയറും ഭർത്താവിനെപ്പററി യാതൊരറിവും ഇല്ലാതെ വരുമ്പോൾ ദ്രവിച്ചു നാശമായിപ്പോകുമെന്നു ഭാവം. സൂത്രം = കയറു്. നമ്മുടെ സൂത്രമെന്നും ധരിക്കാം. ശുകം ചെയ്യേണ്ടതെന്തെന്നുപദേശിക്കുന്നു. അവിടെച്ചെന്നു് ഈ ഞാൻ വളരെത്താമസിയാതെ വന്നുചേരുമെന്നുള്ള സന്ദേശം അരുളണം. ആ ചെറിയ നൂലുകളാൽ ആശയാകുന്ന ആ കയറിനു മുപ്പിരിയോ കൂടുതൽ പിരിയോ കൊടുത്തു് ഒട്ടും താമസം വരുത്താതെ അതിനു നല്ല ഉറപ്പു് (ബലം) നൽകണമെന്നു താല്പര്യം. ഒരിക്കലും പൊട്ടുവാൻ ഇടവരുത്തരുതെന്നാശയം. ആശയെന്നോരാലാസ്. രൂപകാലങ്കാരം. വിരഹകാലത്തിങ്കൽ ഇടയ്ക്കിടയ്ക്കു് അറിവു കൊടുത്തുകൊണ്ടിരിക്കണമെന്നും അല്ലെങ്കിൽ പ്രേമം നശിക്കുമെന്നുമുള്ള വാസ്തവമാണു കാണിക്കുന്നതു്. ഈ പദ്യം അഭിജ്ഞാനശാകുന്തളചർച്ചയിൽ ഉദ്ധരിച്ചിട്ടുണ്ടു്. ഔചിത്യം.

പക്ഷൗ സ്യാതാം മമ പഥയതഃ പാദചാരേണ ഭൂമൗ
പക്ഷദ്വയ്യാ വിയതി പതതഃ പക്ഷിണീ കേവലം തേ
സ്ഥാനാദസ്മാത്തദിഹ സുഹൃദസ്ഥൈര്യമിച്ഛന്നസൂനാം
വേഗേന ത്വം വിജിതമരുതാ വേശ്മ യായാഃ പ്രിയായാഃ.

മന്നിൽ കാൽകൊണ്ടതുവഴിയിവൻ
മണ്ടിയാൽ മാസമൊന്നാ-
മൊന്നിൽ ശിഷ്ടം മതിയതിനു നാ-
ളോക്കണം നീ പറന്നാൽ
തന്നിഷ്ടൻതന്നുയിരു കരുതി-
ത്തന്നെ നീ ചെന്നു കാററും
പിന്നിട്ടോടി പ്രണയിനിയെഴും
വീട്ടു പററീട്ടുവേഗം. 13

തനിക്കുതന്നെ പോകരുതോ? എന്നെ എന്തിനയയ്ക്കുന്നു? എന്നാണെങ്കിൽ പറയുന്നു. മണ്ടുക=ഓടുക (നടക്കുക) ഒന്നിൽ ശിഷ്ടം=ഒന്നിലധികം. രണ്ടു വേണ്ടെന്നു ഭാവം. ഒന്നര എന്നർത്ഥം. പക്ഷിണി എന്നു മൂലം. അതു രണ്ടു പകലും ഒരു രാത്രിയുമാണ്. പുതിയ കണക്കനുസരിച്ചും 1·5 വരെ ഒന്നിൽ ശിഷ്ടമാണല്ലോ. 1·5 കഴിഞ്ഞാൽ രണ്ടായിപ്പോയി. ഇഷ്ടൻ=ചങ്ങാതി, തോഴൻ. ഉയിർ=ജീവൻ. കാററും പിന്നിട്ട്=കാററിനേയും പിന്നിട്ട്. വേഗം പോകുന്നതു കാററാണല്ലോ. അതിനേയും ജയിച്ചെന്നു താല്പര്യം. ഉൽക്കണ്ഠ പ്രത്യക്ഷപ്പെടുത്തുന്നു. പ്രണയിനി=പ്രേമഭാജനം (ഭാര്യ). ഞാൻ വേഗം പോയാലും അവിടെ എത്തുവാൻ ഒരു മാസം വേണം. അതിനു മുമ്പ് അപകടമുണ്ടാകുമെന്നു ധ്വനി. നീ കാററിനേക്കൂടെ ജയിക്കുന്ന വിധത്തിൽ പറന്നാൽ വേഗമെത്താമെന്നു വിവക്ഷ. ഫലം ജീവരക്ഷണമാണ്. അതു തോഴൻെറ കർത്തവ്യവുമാകുന്നു.

പ്രാപ്തവ്യം തേ പ്രകൃതിസുഭഗം പ്രേയസഃ ശൈലപുത്ര്യാഃ
ക്രീഡാഗാരം 'ഗുണപുര'മിതി ഖ്യാതമാശാമുഖേഷു
ചിത്രം രംഗേ വിനിഹിതപദാശ്ചിത്തരംഗേഷു യൂനാം
നൃത്യന്ത്യാവിർല്ലളിതമബലാ യത്ര സന്ധ്യോത്സവേഷു.

ചില്ലാസ്യശ്രീ 'ഗുണമതിലകം'
ചിത്തജാരാതിഗേഹം
ചൊല്ലാന്നീടും പുരമതിലകം-
പൂകണം നീ കണക്കിൽ
നല്ലാരന്തിക്കതിശയമര-
ങ്ങത്തണഞ്ഞാൽ സലീലം
നില്ലാതങ്ങാത്തരുണ ഹൃദയ-
ത്തട്ടിലാം നട്ടമെല്ലാം. 14

ചെന്നുചേരേണ്ട ദിക്കു് ഏതെന്നു പറയുന്നു. തൃക്കണാമതിലകം തന്നെ! ചില്ലാസ്യശ്രീ=ചിത്തിൻെറ ലാസ്യത്തിൻെറ ശോഭയുടെ ഗുണം. പരബ്രഹ്മം നൃത്തംചെയ്യുന്ന ഭംഗിയുടെ പുഷ്ടിമ. ചില്ലാസ്യശ്രീ ഗുണമുള്ള മതിലകമെന്നും. ചില്ലാസ്യശ്രീയുള്ള ഗുണമതിലകമെന്നു മാകാം. മതിലകം എന്നുമാത്രം പറഞ്ഞാലും തൃക്കണാമതിലകം എന്ന ൎത്ഥമാകും. പണ്ടു മതിലകത്തിനു മൂന്നു നാഴിക വിസ്തീൎണ്ണമുണ്ടായിരുന്നു പോലും. ഇത്രമാത്രം മഹിമയേറിയതും വിസ്തൃതവുമായ ക്ഷേത്രം കേരളത്തിൽ ഉണ്ടായിരുന്നില്ല, പെരുമാൾവാഴ്ചയുടെ അവസാനംവരെ. അവിടെ പല ദേവന്മാരെയും പ്രതിഷ്ഠിച്ചിട്ടുണ്ടു്. ചിത്തജൻ=കാമൻ. അരാതി=ശത്രു. ശ്രീപരമേശ്വരനെന്നൎത്ഥം. ചിത്തജാരാതിഗേഹം= ശ്രീപരമേശ്വരക്ഷേത്രം. പൂകുക=പ്രവേശിക്കുക. കണക്കിൽ=സമയത്തിൽ. നല്ലാർ=സ്ത്രീകൾ. അന്തി=സന്ധ്യ. അതിശയം=വിസ്മയം. അരങ്ങു്=രംഗം. സലീലം=ലളിതമെന്ന നൃത്തംതന്നെ. നട്ടം=നൃത്തം. മലയാളത്തിൽ നൃത്തത്തിൻെറ തൽഭവം. "തിരുനട്ടത്തിലെട്ടുക്കും പാദേ" ഉണ്ണിയച്ചീചരിതം. സന്ധ്യാകാലത്തു ക്ഷേത്രത്തിൽ അരങ്ങത്തു സ്ത്രീകൾ നൃത്തം ചെയ്യുന്നതു കാണാമെങ്കിലും വാസ്തവത്തിൽ ആ നൃത്തം തരുണരുടെ മനസ്സിലാണെന്നു കവി പറയുന്നു. യുവാക്കളെ വശീകരിക്കുന്ന ശൃംഗാരരസത്തോടുകൂടിയ നൃത്തവിശേഷമെന്നു സാരം. നൃത്തം ഒരിടത്തു് ഫലം മറെറാരിടത്തു്. അസംഗതി അലങ്കാരം.

സമ്യക്ശ്രോതും സകൃദഭിഹിതം സർവ്വദൈവാവധാതും
വീതാലംബേ പഥി വിചരിതും വ്യക്തമാഭാഷിതും ച
ആധിം യൂനോരധരയിതുമപ്യാർത്തയോർവ്വിപ്രയോഗേ
താമ്രാഗോത്രാഭരണ! നിപുണസ്താമ്രതുണ്ഡസ്ത്വമേവ.

നന്നായൊന്നോതുകിലതു ചെവി-
ക്കൊള്ളുവാ,നെന്നുമോർക്കാൻ
പിന്നാകാശംവഴി നുഴയുവാൻ
നല്ലപോൽ ചൊല്ലുവാനും
ചെന്നാററാനും, പിരിയുമിണത-
ന്നാടൽ, താമ്രാതനൂജ-
ക്കൊന്നാമൻ നീയരുണവദനൻ
തക്കവൻ തർക്കമെന്യേ. 15

സ്വീകരിച്ച ദൂതന്റെ യോഗ്യത വെളിപ്പെടുത്തുന്നു. ഇങ്ങനെ ഒരു ദൂതനെ ഒരു കവിക്കും കിട്ടിയിട്ടില്ല. ഓതുക=പറയുക. ചെവിക്കൊള്ളുക=കേൾക്കുക. എന്നും ഓർക്കുക=മറക്കാതെയിരിക്കുക. നുഴയുക=കടന്നുപോകുക. ചൊല്ലുക=പറയുക. നല്ലപോലെ=സ്ഫുടമായും മധുരമായും എന്നർത്ഥം. ആടൽ=ദുഃഖം. ആററുക=ഇല്ലാതെയാക്കുക. താമ്രാ= പക്ഷികളുടെ ആദിമാതാവ്. താമ്രയുടെ പുത്രി ശുകി. അതിൽനിന്നു സന്താനപരമ്പര. ഒന്നാമൻ=ശ്രേഷ്ഠൻ. രത്നമെന്നർത്ഥം. "താമ്രാഗോത്രാഭരണ" എന്നതിന്റെ തർജ്ജമ. അരുണവദനൻ=ചുണ്ടുചുവന്നവൻ. ഒരു ദൂതനു വേണ്ട ഗുണങ്ങളെല്ലാം തികഞ്ഞു. പറഞ്ഞാൽ കേൾക്കും. അതെന്നും ധരിച്ചുകൊണ്ടിരിക്കും. ആകാശത്തിൽ തടസ്ഥം ഉണ്ടെങ്കിൽ അതിനിടയിൽക്കൂടെ നുഴഞ്ഞുപോകും. അവിടെച്ചെന്നു മധുരസ്വരത്തിൽ പറയും. സന്ദേശം ഒട്ടും തെററിക്കുകയില്ല. കണ്ടാൽ കൗതുകം തോന്നുന്ന പക്ഷിയാണ്. പിന്നെയും പിന്നെയും കാണുന്നതിലലംഭാവം ഉണ്ടാകയില്ല. പിരിഞ്ഞ ഇണയുടെ ദുഃഖം തീർത്തില്ലാതെയാക്കും. ഇതിൽക്കൂടുതൽ ഒന്നും ദൂതനു വേണ്ടല്ലോ.

അപ്രധ്മാതം ധ്വനതി മധുരം കംബുയൂഥം പയോധൗ
രന്ധ്രം വ്യോമ്നഃ പിദധതി രവൈരുന്മിഭേര്യോ ഗഭീരൈഃ
അംഭോജിന്യാമവിരളവലന്മാരുതോൽഭ്രാമ്യമാണാഃ
ശബ്ദായന്തെ സരസിജരജഃകാഹളാശ്ചാളിഗർഭാഃ.

ചൂളം വയ്പൂ തനിയെ മധുരം
ശംഖമെല്ലാം നഭസ്സിൻ
മാളം മുററെക്കടലിലുളവാ-
മോളഭേരീമുഴക്കം
നാളപ്പൂമ്പൊയ്കയിലളികളുൾ-
ക്കൊള്ളുമംഭോജധൂളീ-
കാളം മൂളുന്നിതു നിലവിട്ടും
കാററിലാടിക്കളിക്കെ. 16

ശകുനം നല്ലതെന്നരുളുന്നു. പോകുന്ന കാര്യം ഭംഗിയായി നിറവേറുമെന്നർത്ഥം. ചൂളം=മനോഹരമായ ശബ്ദം. കടലിലുള്ള ശംഖു തനിയെ ശബ്ദിക്കുകയാണ്. നഭസ്സ്=ആകാശം. (ശബ്ദഗുണമാകാശം.) താഴെ നിന്നു നോക്കുമ്പോൾ ആകാശം മാളംപോലെ തോന്നും. അങ്ങനെയാകുമ്പോൾ മുഴക്കവുമുണ്ടാവും: ഓളഭേരി=ഓളമാകുന്ന പെരുമ്പറ. നാളപ്പൂമ്പൊയ്ക=താമരപ്പൊയ്ക. നാളത്തെ കാളം (കാഹളം) ആക്കിയിരിക്കുന്നു. അളികൾ=വണ്ടുകൾ. അംഭോജധൂളീകാളം=അംഭോജധൂളികളാകുന്ന കാഹളം. ചിറകിട്ടടിക്കുമ്പോൾ പൊടി കാററിൽപ്പരന്നു് സുഗന്ധമുണ്ടാക്കുമെന്നു യോജന. കാററിൽ ആയവ (കാളം) ആടിക്കളിക്കുമ്പോൾ മൂളുന്നുവെന്നു വിവക്ഷ. പദ്യം ശബ്ദാലങ്കാരമസൃണം. അലങ്കാരം രൂപകം.

പാകോൽപിംഗാ കളമകലികാ പത്മരാഗാഭിതാമ്രൈ-
സ്തുണ്ഡൈശ്ചാരുകപണിതസുഭഗാഭ്യന്തരൈരുദ്വഹന്തഃ
ക്ഷേത്രാൽ ക്ഷേത്രം ധ്രുവമവരതസ്ത്വാം ശുകാസ്തത്രതത്ര
ദ്വിത്രാഃ പത്രിപ്രവര! പരകീയാവധി പ്രാപയേയുഃ.

മെത്തിത്തിങ്ങും മട്ടമൊഴിയെഴം
തൊണ്ടിനേർച്ചുണ്ടിറുക്കി-
ക്കൊത്തിക്കൊണ്ടാക്കഴമവിളനെൽ-
പ്പൊൽക്കതിച്ചാത്തുമേന്തി
എത്തിച്ചീട്ടം കിളികൾ കുറവായ്
രണ്ടുമൂന്നെങ്കിലും കൂ-
ട്ടൊത്തിട്ടെങ്ങും മറുവയൽവരേ-
യ്ക്കുഴമായ്ത്തോഴ! നിന്നെ. 17

തനെ പോകേണ്ട. കൂട്ടുകാരുണ്ടായിരിക്കും. തനിയെ വഴിനടക്കരുതെന്നു പ്രമാണമുണ്ട്. മെത്തിത്തിങ്ങുക=അധികമായിത്തിങ്ങുക. തൊണ്ടിനേർച്ചുണ്ട്=തൊണ്ടിപ്പഴം പോലെ ചുവന്ന ചുണ്ട്. കഴമ=കളമ എന്നതിന്റെ മലയാളം. ഒരുതരം നെല്ല്. പൊൽക്കതിർ=പൊന്നിൻ നിറമുള്ള കതിർ. കേരളപാണിനീയപ്രകാരമുള്ള സന്ധി. ചാത്ത്= കൂട്ടം. ഒന്നിൽ കൂടുതലെന്നർത്ഥം. അലങ്കാരമെന്നും. മറുവയൽ=അടുത്ത പാടം. മറെറാരുകൂട്ടം കിളികൾ സഞ്ചരിക്കുന്ന വയൽ വരെ. ഊഴം= മുറ. രണ്ടുമൂന്നു കിളികളെങ്കിലും ഒരു വയലിൽനിന്നു് അടുത്ത വയൽവരെ വരുമെന്നു ഭാവം. അവിടെനിന്നു് വേറെ രണ്ടോ മൂന്നോ. ഇങ്ങനെ മതിലകത്തോളം കൂട്ടുകാരുണ്ടായിരിക്കുമെന്നു യോജന. പറവകൾക്കൊന്നാമൻ അതായതു കിളിമണി എന്നു 15-ാം പദ്യത്തിൽ കാണുന്നതുകൊണ്ടു് കൂട്ടുകാർ തനിയേ വിടുകയില്ലെന്നു താല്പര്യം. കിളികൾ ഓരോ വയലിൽനിന്നും പറക്കുന്ന ചിത്രം ഭംഗിയായിട്ടുണ്ടു്. കൂട്ടുകാരെന്ന ഭാവനയും. ഒററ സംസ്കൃതപദംപോലുമില്ലാതെയുള്ള തജ്ജമ. മലയാളപദപ്രയോഗവും അതുകൊണ്ടുള്ള അനുപ്രാസങ്ങളും സഹൃദയന്മാരെ കോരിത്തരിപ്പിക്കും. ഈ കാവ്യത്തിൽ അവ എവിടെയും സുലഭമായതുകൊണ്ടു് ആവർത്തിച്ചു പറയേണ്ടതില്ല. വാസ്തവോക്തി അലങ്കാരം.

No. 8488
THE KOTTAYAM PUBLIC LIBRARY KOTTAYAM

ആരഭ്യാസ്മാദവസതിമവധീകൃത്യ മദവല്ലഭായാ-
സ്താവദവാപീവിപിനസുഭഗാ യേ ച യാവന്ത ഏവ
താംസ്താൻ ഭാഗാൻ നിശമയ ഭുവഃ സാധുമാർഗ്ഗോപലബ്ധ്യൈ
വിശ്രാന്ത്യൈ വാ വിയതി വിഗതാലംബനേ യാസ്യതസ്തേ.

ഇന്നി പ്രാണേശ്വരിയുടെ മഠ-
ത്തോളമിന്നാട്ടിൽനിന്നും
മന്നിൽ കാവും കുളവുമുളവാം
ദിക്കു ഞാൻ മിക്കവാറും
മുന്നിൽ ചൊല്ലാമറിക നിലവി-
ട്ടുള്ളതാം പൊള്ളമാനം
തന്നിൽപ്പെട്ടാൽ വഴിതിരിവിനും
താവളം താവിടാനും. 18

ദൂതു പോകേണ്ട മാർഗ്ഗം ഉപദേശിക്കുന്നു. തീർച്ചയായും വഴിയറിയണമല്ലൊ. പ്രാണേശ്വരി=പ്രാണപ്രിയ. ലൗകികമായി ജീവന്റെ ഈശ്വരിതന്നെ. മിക്ക ആളുകളും അവരുടെ നിർദ്ദേശമനുസരിക്കും. നല്ല പ്രയോഗം. ലക്ഷ്മീദാസൻെറ കാര്യത്തിൽ പ്രത്യേകിച്ചും ശരി. മഠം=ഗൃഹം. നമ്പ്യാന്മാരുടെ ഗൃഹത്തിന്ന് മഠമെന്നാണ് പറയുന്നതു്. കാവ്=വനം. പൊള്ള മാനം=പൊള്ളയായ ആകാശം. സുന്ദര മലയാളം. വഴിയറിവ്=വഴിയുടെ അറിവ്. താവളം=താമസിക്കുവാനുള്ള സ്ഥലം. വഴിയിൽ പ്രത്യേകിച്ചും. താവുക=സ്വീകരിക്കുക എന്നർത്ഥം. സന്ദേശകാവ്യത്തിൻെറ സകലരീതിയും ഇവിടെ സ്വീകരിച്ചിരിക്കുന്നു. അവശനില. തോഴനെ കണ്ടുകിട്ടൽ. അയാളുടെ യോഗ്യത. ശുഭശകുനം. പോകുന്ന വഴിയുടെ വർണ്ണന. ഇങ്ങനെയാണല്ലൊ അതിൻെറ രീതി. ഇവിടെനിന്നു ദയിതയുടെ വാസസ്ഥലംവരെയുള്ള വഴി പറഞ്ഞുകൊടുക്കാമെന്നു പറയുകയാണ്. പക്ഷി പറന്നെത്തുമെങ്കിലും മാർഗ്ഗനിർദ്ദേശം ആവശ്യം. ആകാശത്തിനു നിലയില്ല. അതു പൊള്ളയാണ്. സമുദ്രംപോലെയുള്ള വിസ്താരവും അഗാധതയും വ്യംഗ്യം. സമുദ്രയാത്രയിൽ നിത്യപരിചയമുള്ള കപ്പിത്താന്മാർക്കുകൂടി വിളക്കുമരങ്ങളും വടക്കുനോക്കിയന്ത്രവും ആവശ്യമാണ്. മലയാളപദഘടന ആസ്വാദ്യം.

സ്ഥായം സ്ഥായം തരുഷു ധരണീസ്ഥായിനോ വഞ്ചയിത്വാ
ഗ്രാഹം ഗ്രാഹം നയനഹൃദയഗ്രാഹിണീ സസ്യപംക്തിഃ
പായം പായം പരിലഘുപയഃ പത്മിനീനാമജസ്രം
ഗായം ഗായം പുനരപി ഭവാൻ ഗാഹിതാ വ്യോമയേന.

പാൎത്തും പാൎത്തും പല തരുവിലും
പാരിലുള്ളോർ പിടിക്കാ-
തോൎത്തും പേൎത്തും കരൾ മിഴി കവ-
ൎന്നഞ്ചിടും പഞ്ചയാൎന്നും
നേൎത്തും നേർത്തുനളിനികുളിർനീ-
രുണ്ടമുണ്ടങ്ങു ഗാനം
വാൎത്തും വാൎത്തും വഴി തുടരണം
വിണ്ടലം പൂണ്ടലം നീ. 19

സ്വന്തം രക്ഷയിൽ എപ്പോഴും ശ്രദ്ധിക്കണമെന്നു പറയുകയാണ്. അതു സ്വരക്ഷകൂടിയാണല്ലോ. പല തരുവിലും പാർത്തും പാർത്തും എന്നന്വയം. തരു = വൃക്ഷം. പാൎക്കുക = വിശ്രമിക്കുക. നോക്കുക എന്നും. സ്ഥായം സ്ഥായം എന്നു മൂലം. വിവൎത്തനത്തിൽ വിശ്രമിച്ചുകൊണ്ടും സൂക്ഷിച്ചുകൊണ്ടും എന്നു രണ്ടു പ്രകാരവും അൎത്ഥം കിട്ടും. സൂക്ഷിച്ചു വിശ്രമിക്കണമെന്നു സാരം. വഴിയിൽ പക്ഷിപിടുത്തക്കാരായ ദുഷ്ടന്മാർ കാണും. അവരുടെ കയ്യിൽ അകപ്പെടാതെ സൂക്ഷിക്കണം. ധരണീസ്ഥായിനോ വഞ്ചയിത്വാ = പാരിലുള്ളോർ പിടിക്കാതോൎത്തും. എന്നതു് മധ്യമണിന്യായേന രണ്ടു ഭാഗത്തേക്കും അന്വയിക്കണം. പേൎത്തും=വീണ്ടും. കരൾ = മനസ്സു്. മിഴി = കണ്ണു്. അഞ്ചിടും പഞ്ച=മനോഹരമായ വിള. സസ്യപങ്ക്തി എന്നു മൂലം. അവ കണ്ണുകളേയും കരളിനേയും ഒരേ സമയം കവരുന്നതാണു്. നേൎത്തും = നേരിട്ടും (നേക്കാക്കിയും) നേർത്തുനളിനികുളിർനീരു്=ലോലമായി നിൎമ്മലമായ നളിനി(താമരപ്പൊയ്ക)കളിലെ കുളിൎത്ത വെള്ളം. അങ്ങനെയുള്ള വെള്ളമാണു് കുടിക്കുവാൻ യോഗ്യമെന്നു അഷ്ടാങ്ഗഹൃദയത്തിൽ പറഞ്ഞിട്ടുണ്ടു്. പാനം രോഗനിദാനമാകരുതു് എന്നു സാരം. ഉണ്ടു് = ഭക്ഷിച്ചു് (കുടിച്ചു്). അവിടെ പക്ഷികളുടേയും കാവൽക്കാരികളുടേയും ഗാനം ആസ്വദിച്ചു് എന്നും എടുക്കാം. നീയും ഗാനം വാൎത്തും വാൎത്തും=വീണ്ടും വീണ്ടും പൊഴിച്ചുകൊണ്ടു്. വിണ്ടലം=ആകാശം. വിൺ+തലം=വിണ്ടലം. കേരളപാണിനീയ സന്ധി. അലം വിണ്ടലം പൂണ്ടു്=മതിയാകുന്നിടത്തോളം ആകാശത്തിൽ പൊങ്ങി. സ്വയരക്ഷ. മൂലത്തിന്റെ ശബ്ദാലംകാരസ്വാരസ്യം വളരെ വളരെപ്പോഷിപ്പിച്ചിരിക്കുന്നതു കാണേണ്ടതാണു്.

പൂതസ്തീർത്ഥാഹൃതജലകണൈഃ പൂതമംഭോധിവാതൈഃ
പുഷ്യൽസപ്തച്ഛദനരജസാ ഭസ്മനോദ്ധൂളിതാംഗഃ
ജ്യോത്സ്നാഗൗരം വപുഷി, കപിശം മൂർദ്ധ്നി, കാളം ച കണ്ഠേ
ജ്യോതിർല്ലിംഗം പ്രണമ ജഗതാം മൂലമിഷ്ടാർത്ഥസിദ്ധ്യൈ.

ശ്രീലം തീർത്ഥം തടവിന കടൽ-
ക്കാററുമങ്ങേററു പുണ്യം
പാലപ്പൂവിൻ വിളറിയ പൊടി-
ബ്ഭസ്മവും പൂശി മെയ്യിൽ
കോലം തിങ്കൾദ്യുതി, തല തനി-
ദ്ധൂസരം, നീലകണ്ഠം
മൂലം മൂപ്പാരിനു, നിനവെഴാൻ
നീ തൊഴാദ്ദിവ്യലിംഗം. 20

യാത്രാരംഭത്തിൽ ഭഗവൽപ്രസാദത്തിനു പ്രാർത്ഥന വേണ്ടതാണെന്നുപദേശിക്കുന്നു. എന്തിന്റെ തുടക്കത്തിലും അതു വേണമല്ലോ. ഇടക്കിടക്കും. അവസാനംവരേയും. അതിനാണു് ക്ഷേത്രദർശനവും മററും വർണ്ണിക്കുന്നതു്. ശ്രീലം=ശ്രീകരം. തീർത്ഥം=ഇവിടെ രാമേശ്വരത്തെ കോടിതീർത്ഥം എന്നുകൂടെ ധരിക്കണം. കടൽക്കാററു്=തീർത്ഥകണങ്ങളോടുകൂടിയ കടൽക്കാററു്. കുളിയാണു സൂചിപ്പിക്കുന്നതു്. കുളിച്ചാൽ തന്നെ ക്ഷീണം പകുതിയിലധികം മാറും. പുണ്യം=പാവനം. പാലപ്പൂവു്=പാലയുടെ പൂവു്. വിളറിയ=വെളുത്ത. പൊടിബ്ഭസ്മം=കുഴച്ചു ഭസ്മം തേയ്ക്കരുതെന്നുപദേശം. കടൽക്കാറ്റിന്റെ തണുപ്പുകൂടിയായാൽ വിറയ്ക്കും. ഉണങ്ങുകയുമില്ല. അതരുതെന്നു സാരം. കോലം=മൂർത്തി (ശരീരം.) തിങ്കൾദ്യുതി=ചന്ദ്രന്റെ ശോഭയുള്ളതു്. വെളുത്തതു്. തല തനിദ്ധൂസരം=ചെമ്പിച്ച ജടയോടുകൂടിയ തല. കാളകണ്ഠം=നീലനിറമായ കഴുത്തോടുകൂടിയതു്. മൂപ്പാരിനും മൂലം=മൂന്നു ലോകത്തിനും കാരണം. നാരായവേരു്. ദിവ്യലിംഗം=ദിവ്യമായ ശിവലിംഗം: പ്രകാശിക്കുന്നതെന്നും. ശ്രേഷ്ഠമെന്നും. നിനവെഴാൻ=ഇഷ്ടസിദ്ധിക്കുവേണ്ടി. ഇഷ്ടസിദ്ധ്യൈ എന്നു മൂലം. കുളിച്ചു് ഭസ്മം പൂശി ശിവനെത്തൊഴണമെന്നു ഭാവം. നാട്ടാചാരം. ശ്രീരാമൻ രാവണവധത്തിനു പോകുമ്പോൾ പ്രതിഷ്ഠിച്ചതാണു രാമേശ്വരത്തെ ശിവലിംഗം. അതിന്റെ മാഹാത്മ്യമത്രയുണ്ടു്. രാവണവധത്തിനു ഹേതുവായി സീതയേയും ലഭിച്ചു. അവിടെ തൊഴുതുപോയാൽ നിന്റെയും എന്റെയും ഇഷ്ടസിദ്ധിഫലം. അവിടെ ച്ചെന്നു സന്ദേശം അറിയിച്ചാൽ അവൾ ജീവിക്കും. കുറച്ചുദിവസം കഴിഞ്ഞു ഞാൻ ചെല്ലുമ്പോൾ എനിക്കവളെ ലഭിക്കും. ഇതെല്ലാം വ്യഞ്ജിപ്പിച്ചിരിക്കുന്നു. ഭഗവാനെ ദർശിക്കുന്ന ഭക്തനും തദ്രൂപത്തിലിരിക്കണമെന്നു ധ്വനി.

ലബ്ധ്വാ ശംഭോരനുമതിമിതോ/ഭ്യുൽപതന്തം ഭവന്തം
ലക്ഷ്മീവന്തോ നവകമലിനീം മാനസാദാപതന്തഃ
ശുഭ്രാംഭോദേ നഭസി ശുഭയാ നന്ദയിഷ്യന്തി ദൃഷ്ട്യാ
ശുക്ലൈഃ പക്ഷൈർവ്വിഹസിതഹസൻമല്ലികാ മല്ലികാക്ഷാഃ.

താവിത്തേവർത്തിരുവുളമുയർ–
ന്നെത്തിയാൽ മാനസം വി–
ട്ടാവിശ്ശോഭം പുതുജലമലർ–
പ്പൊയ്ക തേടുന്ന കൂട്ടർ
ദ്യോവിൽ തൂവെൺമുകിലിലരയ–
ന്നങ്ങളങ്ങേക്കു മുല്ല–
പ്പൂവിന്നൊക്കും ചിറകൊടു ശുഭം
ദൃഷ്ടിസന്തുഷ്ടി നൽകും. 21

ഭഗവാൻെറ അനുഗ്രഹം നേടിപ്പുറപ്പെട്ടാലുടനേ ശുഭശകുനമാണെന്നു കാണിക്കുന്നു. ഈശ്വരാനുഗ്രഹം ശുഭനിദാനം. തേവർത്തിരുവുളം താവി എന്നന്വയം. ദേവശബ്ദത്തിൻെറ തത്ഭവം തേവർ. തേവരെത്തൊഴുക എന്നു നാട്ടുഭാഷ. തിരുവുളം = അനുഗ്രഹം. താവി = സ്വീകരിച്ച്. ശംഭോരനുമതി എന്നു മൂലം. പൂർവ്വപദ്യത്തെ അനുഗമിക്കുന്നതായതുകൊണ്ടു് തേവർ എന്നു മതിയാകും. മാനസം = മാനസസരസ്സ്. ശരൽക്കാലത്തു് അരയന്നങ്ങൾ മാനസസരസ്സിൽനിന്നു് വരും. ഇവിടെ രാമേശ്വരത്തു് താമരപ്പൊയ്കകൾ അനവധിയുണ്ടു്. അതുകൊണ്ടാണു് കൂട്ടംകൂടി വരുന്നതു്. ആവിശ്ശോഭം = വർദ്ധിച്ച ശോഭയോടുകൂടി. ആവിർഭവിച്ച ശോഭയോടുകൂടി എന്നും. പുതുജലമലർപ്പൊയ്ക = പുതിയ താമരപ്പൊയ്ക. ദ്യോവു് = ആകാശം. തൂവെൺമുകിൽ = പരിശുദ്ധമായ വെള്ളമേഘം. ശരൽക്കാലത്തു് മേഘത്തിനു വെള്ളനിറമായിരിക്കും. മഴക്കാറൊട്ടും ഇല്ലെന്നു സാരം. മുല്ലപ്പൂവിന്നൊക്കും ചിറകു് = മുല്ലപ്പൂപോലെ വെളുത്ത ചിറകു്. ശുഭമായി ദൃഷ്ടി സന്തുഷ്ടി നൽകും. സന്തുഷ്ടി = സന്തോഷം. ശരൽക്കാലം, വെളുത്ത മേഘം, വെളുത്ത ചിറകുള്ള ഹംസങ്ങളുടെ വരവു്. എല്ലാം ശുഭസൂചകം. പുറപ്പെടുമ്പോഴേ മനസ്സു മടിക്കരുതെന്നു ഭാവം. ഇതെല്ലാം ദേവനെത്തൊഴുതതുകൊണ്ടുള്ള അനുഗ്രഹമെന്നു ധ്വനി. യഥാർത്ഥമായ തൻെറ മനസ്സു മാററിവച്ചു് ആത്തൻെറ മനസ്സു് കൈക്കൊണ്ടു് എന്നുകൂടിപ്പറയാമെന്നു തോന്നുന്നു. അങ്ങനെ ആയാൽ ഗമനത്തിനു ശക്തി കൂടും. മനസ്സു് ഉയരും. വിസ്തൃതമാകും. ഉന്നതലക്ഷണം.

PUBLIC
KOTTAYAM

അക്ഷ്ണോരംഭോനിധിമനു പുരഃ പൂരയാശ്ചര്യവാഞ്ഛാം
ശയ്യാഗാരം ജഠരകുഹരവ്യസ്തവിശ്വസ്യ വിഷ്ണോഃ
അസ്യ ബ്രൂമഃ കിയദനവധേരുന്നതീ യാവതീ തേ
വിദ്വൽബുദ്ധേരിവ വിപുലതാം ജ്ഞാസ്യസേ താവതീം ത്വം.

പാരാകെത്തന്നരവയർ വരാ-
താണ്ടുറങ്ങും പുരാൻതൻ
വാരാളും വീടയി! മതിവരെ-
പ്പേർത്തു നീ പാർത്തുകൊള്ളു
തീരാവാർപ്പാൽ പറവതെളുത-
ല്ലെത്ര നീ പൊങ്ങുമത്ര-
യ്ക്കാരാൽക്കാണാമതിനുടെ പര-
പ്പുന്നതൻതന്നകംപോൽ. 22

സമുദ്രവർണ്ണനം: പാരാകെ=ലോകം മുഴുവൻ. ത്രിഭുവനം. അഥവാ ചതുർദ്ദശലോകം. അരവയർ=പകുതി വയർ. പുരാൻ=മഹാവിഷ്ണു. വാരാളും=ശോഭയുള്ള. വെള്ളം നിറഞ്ഞ എന്നും. വാർ=ജലം. വീട്=ഗൃഹം. മഹാവിഷ്ണുവിൻെറ ശയ്യാഗാരമാണ് കടൽ. മതിവരെ=തൃപ്തിയാവോളം. കടൽ കണ്ടാൽ മതിവരികയില്ലല്ലോ. വീണ്ടും വീണ്ടും നോക്കിയാലും ആനന്ദം ഏറിയേറി വരുമെന്നു താല്പര്യം. പേർത്ത്=പിന്നെയും പിന്നെയും. തീരാവാർപ്പ്=ഒടുങ്ങാത്ത വിസ്താരം. പറവതെളുതല്ല=അവാച്യമെന്നർത്ഥം. നീ എത്ര പൊങ്ങുമോ അത്രമാത്രം അതിനു പരപ്പു കാണാം. നീ ഉന്നതനാണല്ലോ. ഗുണംകൊണ്ട് ഇന്നിയും ഉയരാം. ഉന്നതൻെറ മനസ്സിന്റെ വിസ്താരം അറിയണമെങ്കിൽ അറിയേണ്ടവനും അത്ര ഉന്നതനാകണമെന്നു സാരം. ആരാൽ കാണാം=അകലെയകലെ കാണാം. "ആരാൽ ദൂരസമീപയോഃ" എന്നമരം. ആശ്ചര്യകരം എന്നു യോജന. പൂർവ്വാർദ്ധം അധികാലങ്കാരം. ഉത്തരാർദ്ധം ഉപമ.

യൽ ഗാംഭീര്യം സരിദധിപതൗ യച്ച പത്യൗ രഘൂണാം
പശ്യൈതാവൽ പ്രഥമമനയോർമ്മാനമന്യസ്യ നേതി
യാ ലോകസ്യ പ്രഥയതി തലസ്പൃശിനീ സേതുരേഖാ–
മേനാമേനോനിചയശമനീം ഭ്രാതരാമന്ത്രയേഥാഃ.

ഉണ്ടാഴിക്കും രഘുവരനുമു–
ണ്ടേറെ വമ്പത്തമെന്നാൽ
രണ്ടാമത്തേതിനു ശരിവരി–
ല്ലൊട്ടമാദ്യത്തതെന്നായ്
മിണ്ടാതോതും ജനതയൊടടി–
ക്കെത്തുമാസ്സേതു തോഴൻ
കൊണ്ടാലും പോയ് വിടയതിനൊട്ടം
കുററമങ്ങററുപോകും. 23

ശ്രീരാമസേതു വൎണ്ണിക്കുന്നു: ആഴി=സമുദ്രം. രഘുവരൻ=ശ്രീരാമൻ. രഘുകുലത്തിൽ ജനിച്ചവരിൽ ശ്രേഷ്ഠൻ. വമ്പ്=വലിപ്പം. ഗാംഭീൎയ്യം എന്നതിൻെറ വിവൎത്തനം. സമുദ്രപക്ഷത്തിൽ ആഴം. രണ്ടിടത്തും അധൃഷ്യതാ ഫലം. എന്നാൽ ഒന്നാമത്തേതിൻെറ വമ്പത്തം രണ്ടാമത്തേതിനു (ശ്രീരാമനു്) ശരിവരികയില്ല. സമുദ്രത്തിൻെറ ആഴം കണ്ടുകഴിഞ്ഞു. കാരണം അവിടംമുതലാണല്ലോ അടിസ്ഥാനമിട്ടു ചിറകെട്ടിയതു്. സേതു=ചിറ. ഇവിടെ ശ്രീരാമസേതു എന്നു താല്പൎയ്യം. അക്കാൎയ്യം മിണ്ടാതെതന്നെ സേതു പറയുന്നും ഉണ്ടു്. തോഴൻ പോയി അതിനോട്ടം വിടകൊണ്ടാലും എന്നന്വയം. അതു്=സേതു. കുററം=പാപം. ഏനോനിചയം എന്നു മൂലം. പാവക്കൂട്ടം എന്നു ഭാവം. കുററത്തിനു് ദുഷ്ടതമെന്നു നടപ്പുള്ള അൎത്ഥം. വിട=യാത്രാനുമതി. പോയിവരാമെന്നു പറയണമെന്നു സാരം. ശ്രീരാമസേതു ദർശിച്ചാൽ സകല പാപങ്ങളും തീരുമെന്നു രാമായണത്തിലും ഭാരതത്തിലും ഭാഗവതത്തിലും പറയുന്നു. ഇവിടെ കുട്ടുകാരൻ പാപിയല്ല. എങ്കിലും അറിഞ്ഞുമറിയാതെയും ഉണ്ടെങ്കിൽ അവകൂടിയും തീരുമെന്നു ഭാവന. സാധാരണക്കാൎക്കുപദേശം. വ്യതിരേകമലങ്കാരം.

താളീജാലൈരസ്തടവനസദാമാതപത്രായമാണൈഃ
സ്നിഗ്ദ്ധച്ഛായൈശ്ശിരിതപഥേനാഥ കച്ഛേന ഗച്ഛേഃ
സീതാജാനേന്നിജതലജുഷോദ്യാപി നിഷ്കമ്പശബ്ദേ-
ഷാജ്ഞാവര്‍ണ്ണാവലിരലിഖിതാ ഭാതി യേഷാം ദളേഷു.

THE KOTTAYAM PU
KOTTAY

കൂലംപററിക്കുളിര്‍നിലമണ-
ഞ്ഞകുറുംകാട്ടിലൂടെ
താലം തിങ്ങും തണല്‍വഴി തിരി-
ച്ചിട്ട, സീതാമണാളന്‍
ചോലസ്സുള്ളങ്ങരുളി,യെഴുതാ-
തന്നു കല്പിച്ച തീട്ടി-
ക്കാലത്തും നിശ്ചലമവയില്യ-
ള്ളോലമേലാലസിപ്പൂ. 24

തീരവര്‍ണ്ണന. കൂലം=തീരം. സമുദ്രതീരം. കുളിര്‍നിലം=തണുപ്പുള്ള ഭൂമി. കച്ഛം എന്നു മൂലം. കുറുംകാട്ട്=കുററിക്കാട്ട്. താലം=കരിമ്പന. തിങ്ങുക=കൂട്ടംകൂടുക. സീതാമണാളന്‍=ശ്രീരാമന്‍. തീട്ട്=നീട്ട്. രാജകല്പന. രാജാക്കന്മാര്‍ നീട്ടുകൊടുക്കാറുണ്ടായിരുന്നു. അതുതന്നെ തീട്ട്. എഴുതാതെ=രേഖാമൂലമല്ലാതെ എന്നു സാരം. ശ്രീരാമന്‍ വാനരന്മാരുമായി സമുദ്രം കടക്കാനുള്ള മാര്‍ഗ്ഗം ആലോചിച്ചുകൊണ്ടിരുന്നപ്പോള്‍ പനയോല കാററിലിളകി ശബ്ദമുണ്ടാക്കി എന്നും തിരുവടിയുടെ ഹുംകാരം കൊണ്ട് അതു നിലച്ചുപോയി എന്നും കാണുന്നു. ഇന്നും രാമേശ്വരം ദ്വീപിലെക്കരിമ്പനയിലെ ഉണക്കുപട്ടകള്‍ കടല്‍ക്കാററില്‍പ്പോലും അനങ്ങാതെയും നിശ്ശബ്ദമായുമിരിക്കുന്നു. അതിന്റെ കാരണം ഇങ്ങനെയാണെന്നു് ഐതിഹ്യം. സ്വാമി തന്റെ കല്പന എഴുതാതെതന്നെ ഓലയില്‍ മായാതെ പതിപ്പിച്ചിരിക്കുന്നു എന്നു ഫലിതം. പ്രധാനം തീരവര്‍ണ്ണന എന്നു ധരിച്ചാല്‍ മതി. നിശ്ചലം=ഇളകാത്തതു്, ആലസിക്കുക=വിളങ്ങുക. സംസ്കൃതപദങ്ങള്‍ വളരെക്കുറവുള്ള നല്ല മലയാളം. വിരോധാഭാസം.

അഗ്രേ താമ്രാ സരിദവിരളൈഃ കൂലയോരുല്ലസന്തീ
പകപശ്രേണ്യാ സതതമരുണാപാണ്ഡുഭിശ്ച്യുതഷണ്ഡൈഃ
മുക്താജാലൈരിവ ശുചിതരൈർവ്വാരിഭിഃ പൂർയ്യമാണാ
ഭൂമേർഹാരസ്രഗിവ കനകാബദ്ധപര്യന്തഭാഗാ.

മുന്നിൽ താമ്രാനദി കരകളിൽ
ചെമ്പനും പാണ്ടിയും ചേ-
ന്നൊന്നിച്ചാളും കനികൾ നിറയും
മാവുതൻ കാവു തിങ്ങി
തന്നിൽ ത്തുമുത്തൊളി തെളുതെളെ-
ത്തുന്ന തണ്ണീരിയന്നും
മന്നിൻ പൊന്നിൻകസവരികെഴും
മുത്തിഴസ്സൊത്തു കാണാം. 25

താമ്രപർണ്ണിയാറിനെ വർണ്ണിക്കുന്നു. നദി=ആറു്. ചെമ്പൻ=ചുവന്നതു്. ചെന്തരക്കാരൻ മാങ്ങാ എന്നു പറയുന്നതു് ഈ ഇനമാണു്. പാണ്ടി=വെളുത്തതു്. പാണ്ഡു എന്നു മൂലം. കനികൾ = പഴങ്ങൾ. കാവു്=വനം (കാടു്). മാവിൻതോട്ടമെന്നർത്ഥം. ത്തുമുത്തു്=അഴുക്കില്ലാത്ത മുത്തു്. നിർമ്മലം. ഒളി = ശോഭ. ത്തുന്ന=നിറഞ്ഞ. മുത്തിഴ=മുത്തുമാല. നദിയിലൂടെ തെളിഞ്ഞ വെള്ളം ഒലിക്കുന്നു. രണ്ടു കരസ്സും മാവുകളിൽ ധാരാളം മാങ്ങാ പഴുത്തുനിൽക്കുന്നു. ആ ചിത്രം നല്ലപോലെ ദർശിക്കണം. ചുവന്നും ഏകദേശം വെളുത്തും ഉള്ള മാമ്പഴം ധാരാളം ഇടതിങ്ങി ആകെക്കൂടി ക്കറകളഞ്ഞ പൊന്നിൻെറ നിറം കാണാം. അതു് മുത്തുമാലയുടെ രണ്ടരികിലും പൊൽകസവു ചേർത്തുപിടിപ്പിച്ചിരിക്കുന്ന ഭൂമിദേവിയുടെ മുത്തുമാലയാണോ എന്നു തോന്നുമെന്നുൽപ്രേക്ഷ. കവി കല്പിതച്ഛായ സ്പഷ്ടമായിക്കാണുന്നതുകൊണ്ടു് ഉൽപ്രേക്ഷതന്നെ. ആകാശത്തിൽ വളരെ ഉയർന്നുനിന്നു നോക്കിയാൽ ഇതു വളരെ വിശേഷമായിക്കാണാം. ഒന്നാന്തരം കവികല്പന. വിവർത്തകൻെറ അതിമധുരമായ മലയാളപദ്യത്തിൻെറ ആസ്വാദ്യത വളരെ മെച്ചവും. നദി എന്നൊരു സംസ്കൃതപദം മാത്രമേ ഈ തർജ്ജമയിൽ ഉള്ളൂ.

ചക്ഷുർല്ലീലാം ചടുലശഫരൈരുൎമ്മിഭിർഭ്രൂവിലാസാൻ
ഫേനൈർഹാസശ്രിയമപി മുഖേ വ്യഞ്ജയന്തീ സ്രവന്തീ
ആത്മാസംഗേ ജനയതി രുചിം ഭൎത്തുരന്യാസ്വദൃശ്യൈഃ
സ്വേദച്ഛേദൈരുദയിഭിരസൗ സ്വച്ഛമുക്താച്ഛലേന.

മീനക്രീഡാ മിഴികളികളും
തെല്ലലച്ചില്ലിവാച്ചും
ഫേനശ്രീ പുഞ്ചിരിയുമൊഴുകും
തൻമുഖത്താന്നു മന്ദം
താനങ്ങെത്താൻ പ്രിയനു കൊതി
ചേൎക്കുന്നു മററാൎക്കുമൊക്കാ-
തീനല്ലാർതൻ ശ്രമജലകണം
വാൎത്തു ത്തുമുത്തുമട്ടിൽ. 26

താമ്രപൎണ്ണിയിലെ മുത്തുകളുടെ ഉല്പത്തിവൎണ്ണന. മീനക്രീഡാ മിഴികളികൾ=മത്സ്യങ്ങളുടെ ചാഞ്ചാട്ടമാകുന്ന മിഴികളുടെ കളികൾ. കണ്ണേറെന്നൎത്ഥം. തെല്ലു്=കുറച്ചു്. അലച്ചില്ലിവാച്ചു്=അലകളാകുന്ന ചില്ലിവാച്ചു്. അലകൾ=തിരമാലകൾ. ചില്ലി=പുരികം. വാച്ചു്=വർദ്ധനവു്. വർദ്ധിച്ച ചില്ലിവില്ലാട്ടം എന്നു സാരം. തെല്ലു് എന്നു പറഞ്ഞതുകൊണ്ടു് വൎദ്ധിച്ച തിരമാലയല്ലെന്നു ധരിക്കണം. മൂലത്തിലില്ലാത്ത ഭംഗിയായ പ്രയോഗം. ഫേനം=പത (നുര). നുരയുടെ ശോഭയാകുന്ന പുഞ്ചിരി. തൻമുഖത്തു്=തന്റെ മുഖത്തു്. ആററിന്റെ പക്ഷത്തു് പതനസ്ഥലം. മന്ദം ഒഴുകും ഈ നല്ലാർ=പതുക്കെ ഒഴുകും ഈ നല്ല ആറു്. നദി എന്നൎത്ഥം. ഒഴുക്കു്=ഗമനം. നല്ലാർ=സ്ത്രീ. തൻ ശ്രമജലകണം ത്തുമുത്തുമട്ടിൽ വാൎത്തു് എന്നന്വയം. ശ്രമജലകണം=രതിക്രീഡയിലുണ്ടാകുന്ന സ്വേദകണം എന്നൎത്ഥം. കൊതി=അത്യന്തതാൽപൎയ്യം. ഒക്കാത്തമട്ടിൽ=സാധിക്കാത്തവിധം. സമുദ്രത്തിനു നദികളാകുന്ന ഭാൎയ്യമാർ ധാരാളമുണ്ടു്. അവൎക്കാൎക്കും ഒക്കാത്തമട്ടിൽ. മററു നദികളിൽ മുത്തു വിളയുന്നില്ലെന്നു സാരം. അതിനാൽ ഇവളോടുള്ള സംഗമത്തിനു കൊതി പെരുകുമെന്നൎത്ഥം. പരസ്പരപ്രേമം വ്യംഗ്യം. മറെറാക്കെ കാൎയ്യമാത്രപ്രസക്തം. താമ്രപൎണ്ണീസമുദ്രസംഗമത്തിൽ നല്ല മുത്തുകൾ ഉണ്ടാകുന്നു എന്നു സാരം. താമ്രപൎണ്ണിക്കു് ഈ ഗുണവിശേഷം വ്യതിരേകം: മുത്തിനു സന്തോഷമെന്നും പറയാം. സ്വച്ഛമുക്താച്ഛലേന എന്നൊരു കൈതവാപഹ്നുതി മൂലത്തിലുണ്ടു്. വിവൎത്തനം വളരെ വളരെ നന്നായി.

വീരോ യഃ സ്വേപ്യതനുത പദേ വൃഷ്ടിഹീനേ കിലാജ്ഞാം
മോഘാം മേഘോദരഭിദുരയാ ബാണവൃഷ്ട്യാ മഘോനഃ
തദ്വംശ്യാനാം വസതിമധരീഭൂതവസ്വൗകസാരാം
പൃഷ്ട്യാ ദൃഷ്ട്യാ പ്രവിശ മണലൂരാഭിധാം രാജധാനീം.

വീരൻ നാട്ടിൻ മഴവറുതി,യാ-
രമ്പുതിത്തുംബുദത്തിൻ
നീരം ചോർത്തി,ക്കുറവതുളിപോ-
ലിന്ദ്രനക്കുട്ടരിന്നും
സൈ്വരം വാഴന്നിട,മളകയും
സ്വത്തുകൊണ്ടോത്തുനിൽക്കാ
ശ്രീ രഞ്ജിക്കും നഗരി മണലൂർ
കണ്ടു കൈക്കൊണ്ടുപോകൂ. 27

പാണ്ഡ്യരാജധാനി: വീരൻ=ആ നാമത്തിലുണ്ടായിരുന്ന ഒരു പാണ്ഡ്യരാജാവ്. വീരപാണ്ഡ്യൻ എന്ന് യഥാർത്ഥ നാമധേയം. "കടലാടി" പോലെയല്ലെന്നു സാരം. മഴവറുതി=മഴക്ഷാമം. കുറവതുളി=നാശം ചേർത്തു. മഴവറുതിക്കു കുറവതുളിയെന്നു സാരം. പാണ്ടിയിൽ മിക്കവാറും മഴ കുറവാണ്. വീരന്റെ കാലത്തു വലിയ വേനൽ ഉണ്ടായി. അന്നു ശരമാരി പൊഴിച്ച് മേഘംചോർത്തി വെള്ളം കൊണ്ടുവന്നുവെന്നൈതിഹ്യം. ഇന്ദ്രനു കുറവതുളിയെന്നും. തോല്പിച്ചു എന്നർത്ഥം. അദ്ദേഹത്തിന്റെ വംശക്കാരാണ് ഇന്നും (കവിയുടെ കാലത്ത്) ഭരിക്കുന്നതെന്നും പറയുന്നു. സൈ്വരം=ഇഷ്ടംപോലെ. സ്വാതന്ത്ര്യമായെന്നു സാരം. അളക=കുബേരരാജധാനി. വസ്വൗകസാര എന്നു മൂലം. ശ്രീ രഞ്ജിക്കും= ലക്ഷ്മീഭഗവതി രഞ്ജിപ്പോട്ടുകൂടി അവിടെത്തന്നെയിരിക്കുകയാണ്. മണലൂർ=പാണ്ഡ്യരാജധാനി. അളകയെ ജയിക്കുമെന്നു താല്പര്യം. ആ പട്ടണം കണ്ടുകൊണ്ടുപോയാൽ മതി. അവിടെ ഇറങ്ങിയാൽ ഐശ്വര്യംകണ്ടു താമസിച്ചുപോകുമെന്നു ധ്വനി. അപ്പോൾ കാര്യവിഘ്നം ഫലം. ദൃഷ്ട്യാ പ്രവിശ എന്നു മൂലം. പുരാവൃത്തകഥനംകൊണ്ടും ശ്രീസമൃദ്ധികൊണ്ടും ഉദാത്താലംകാരം. അളകയും സ്വത്തുകൊണ്ട് ഒത്തുനിൽക്കുകയില്ല എന്നു പറഞ്ഞിരിക്കുന്നതിനാൽ അത്യന്താതിശയോക്തികൂടെ കാണുന്നു. അങ്ങനെ സങ്കരം. പാണ്ഡ്യരാജപുത്രിയായ ചിത്രാംഗദയിൽ അർജ്ജുനനുണ്ടായ പുത്രനാണു ബഭ്രുവാഹനൻ. അദ്ദേഹം പാണ്ഡ്യരാജാവായിത്തന്നെ വാണു. ദൗഹിത്രനിലയിൽ സ്വത്തവകാശിയായതു മാത്രമല്ല. അങ്ങനെയായിരുന്നു വിവാഹനിശ്ചയം. അദ്ദേഹത്തേയും അർജ്ജുനനേയും പററി കഥകൾ വേറെയുണ്ട്. ഇവിടെ പ്രസക്തമല്ല. ഒരു മരുമക്കത്തായംകൂടെ ധ്വനിക്കുന്നു.

തത്ര ദ്വൈതേ ലഘ്വുരപി സഖേ! വൎജ്ജനീയഃ കദദ്ധ്വാ
രുദ്ധോപാന്തഃ ഛലിതനിഹതപ്രാണിവൃന്ദൈഃ പുളിന്ദൈഃ
വക്രഃ സ്വേച്ഛാവശഗമന! തേ ഹ്രസ്വവാമോസ്തു പന്ഥാഃ
പശ്യ ത്യാജ്യഃ ഖലു പടുധിയാ പാക്ഷികോപ്യന്തരായഃ.

രണ്ടായ്ക്കാണും വഴിയിലെളുതാ-
പൽക്കരം കൈവിടേണം
കണ്ടാൽ കൊല്ലാൻ ചതിയിൽ മുതിരും
കാടരുണ്ടാ സ്ഥലത്തിൽ
കൊണ്ടാലും നീ വളയുമിടതാം
പാതതാൻ കാമചാരിൻ!
രണ്ടായാലും കെടുതി കരുതി-
ക്കണ്ടൊഴിപ്പോൻ മിടുക്കൻ. 28

മാൎഗ്ഗസ്വഭാവം. മണലൂർ കഴിഞ്ഞാൽ മാൎഗ്ഗം രണ്ടായിക്കാണാം. ഒന്നെളുപ്പമുള്ളതു്. മററതു് അല്പം വളഞ്ഞതു്. എളുതു് = എളുപ്പമുള്ളതു്. ആപൽക്കരം = ആപത്തുണ്ടാക്കുന്നതു്. കൈവിടുക = സ്വീകരിക്കാതെ ഇരിക്കുക. കാടർ = കാട്ടുജാതിക്കാർ. മലവേടർ. വിദ്യാവിവേകഹീനർ. കണ്ടാൽ ചതിയിൽ കൊല്ലാൻ മുതിരും എന്നന്വയം. മുതിരും=ഒരുങ്ങും. വളയുമിടതാം പാതതാൻ കൊണ്ടാലും എന്നന്വയം. കുറച്ചു വളഞ്ഞതായാലും ഇടത്തെ വഴിയിൽക്കൂടെ പോകുക. പ്രദക്ഷിണമായി എന്നും അൎത്ഥം. ഇഷ്ടംപോലെ സഞ്ചരിക്കുന്നവൻ കാമചാരി. സ്വേച്ഛാവശഗമന എന്നതിന്റെ വിവൎത്തനം. കെടുതി = നാശം. മിടുക്കൻ=സമൎത്ഥൻ. പടുധിയഃ = സമൎത്ഥമായ ബുദ്ധിയുള്ളവർ. ആ പദമാണു മൂലം. മിടുക്കൻ എന്നതിനും സമൎത്ഥൻ എന്നുതന്നെയാണു് മലയാളത്തിലൎത്ഥം. ബുദ്ധിമാന്മാരേ മിടുക്കന്മാരാകയുള്ളു. വിവൎത്തനം നല്ല മലയാളമായി. എപ്പോഴും പ്രദക്ഷിണമായി ഗമിക്കണമെന്നു ധ്വനി. ഇടത്തുടരുതു് എന്നാണു പറയുന്നതു്. ഇടത്തേ വഴിക്കല്ല ഇടത്തുടെന്നു പറയുന്നതു്. തൊഴുതു നിൽക്കുന്ന ആളിൻെറ ഇടത്തുവശത്തുകൂടെ ഉള്ള മാൎഗ്ഗമാണു് പ്രദക്ഷിണവഴി. അലങ്കാരം അൎത്ഥാന്തരന്യാസം. സാമാന്യം വിശേഷംകൊണ്ടോ, വിശേഷം സാമാന്യംകൊണ്ടോ സമൎത്ഥിക്കുന്നതു് അൎത്ഥാന്തരന്യാസം.

മുക്താപ്രായൈർമ്മുഹുരുപചിതശ്രീഭിരാകൽപജാലൈ-
ർമ്മാല്യൈസ്താമ്രോല്ലസമധികൈശ്ചാരുഗോശീഷ്മിശ്രൈഃ
ചർച്ചാപാതൈരപി ജനപദസ്ത്രീഭിരാകൃഷ്ടദൃഷ്ടേ-
രത്യേഷ്യന്തി ക്ഷണമനുപഥം പശ്യതസ്തേഽഥ പാണ്ഡ്യാഃ

തീർത്തും മുത്താൎന്നണികൾ, അഴകാം
മാല്യവും മിക്കവാറും
കോർത്തും ചെന്താമര, കളഭമായ്
ചന്ദനക്കൂട്ടിതെല്ലാം
ചാർത്തും നാടൻതരുണികളെ നിൻ
കൺ കവൎന്നീടുവോരെ-
പ്പാർത്തുംകൊണ്ടാവഴിയിലുടനേ
താണ്ടിടാം പാണ്ടിരാജ്യം. 29

പാണ്ഡ്യരാജ്യം കടന്നുപോകുവാൻ ഉപദേശിക്കുന്നു. തീർത്തും മുത്താൎന്നണികൾ = മുഴുവൻ മുത്തുകൊണ്ടുതന്നെയുള്ള ആഭരണങ്ങൾ. കാതിലും കൈയിലും കാലിലുമൊക്കെയെന്നൎത്ഥം. അഴകാം മാല്യം = ഭംഗിയുള്ള മാല. അതു മിക്കവാറും ചെന്താമരപ്പൂ കോർത്തതും. ചന്ദനക്കൂട്ട് = ചന്ദനച്ചാറ്. കളഭം = കുറിക്കൂട്ട്. ചന്ദനമെന്നുള്ളതു ഗോശീർഷത്തിൻെറ വിവൎത്തനമാണ്. "ഗോശീർഷം ഹരിചന്ദനം" എന്നു വൈജയന്തി. ചാൎത്തുക = അണിയുക. നാടൻതരുണികൾ = നാട്ടിലുള്ള യൗവനയുക്തകൾ. നഗരത്തിലെപ്പകിട്ടില്ലാത്തവർ. പ്രകൃത്യാ സൗന്ദൎയ്യവതികൾ എന്നു താല്പൎയ്യം. കൺകവൎന്നീടുവോർ = കണ്ണുകളെ ആകൎഷിക്കുന്നവർ. "ആകൃഷ്ടദൃഷ്ടേഃ" എന്നു മൂലം. നല്ല മലയാളം. നോക്കിക്കൊണ്ടു വേഗം പോയേക്കണമെന്നാണു പറയുന്നതു്. നോക്കിനിന്നു താമസിക്കരുതെന്നു താല്പൎയ്യം. നാടൻതരുണികൾ അവിടെ ധാരാളമുള്ളതല്ലേ അണിയുകയുള്ളു. മുത്തും ചെന്താമരയും ചന്ദനവും അവിടെ അധികമുണ്ട് എന്നു ധ്വനി. നോക്കിനിന്നാശ വൎദ്ധിപ്പിച്ച് അപകടമുണ്ടാക്കരുത് എന്നു പറഞ്ഞതുകൊണ്ട് അവരെക്കണ്ടാൽ പുരുഷന്മാർ മിരണ്ടുപോകുമെന്നു ധരിക്കണം.

ശൃംഗോൽഗ്രസ്താംബരമതിപൃഥും ശൈലമാരുഹ്യ സഹ്യം
പശ്ചാൽ പാദാവധി നിപതതാ വിഭ്രതം നിർഝരേണ
ശുഭ്രാം ഹാരശ്രിയമഥ ശുക! പ്രീതിമാഭ്യാസികീം ത്വം
നൂനം വക്ഷ്യസ്യുരസിജഭരോത്സേധമുർവ്വീതരുണ്യാഃ.

ആരാലാന്നംബരമുരുമുടി-
ത്തുമ്പിനാൽ, കുത്തിവീഴും
നീരാം ഹാരാവലിയടിവരെ
സ്വച്ഛമായ് മേലണിഞ്ഞും
പാരാന്നീട്ടും പൃഥുകുചഭരം
സഹ്യശൈലം കരേറി-
ദ്ധാരാളം നീ പഴകിയ സുഖം
വായ്ച്ചിട്ടും തീർച്ചയായും. 30

സഹ്യപർവ്വതവർണ്ണന. ആരാൽ = അടുത്തു്. അംബരം = ആകാശം. വസ്ത്രമെന്നും. ഉരു = വർദ്ധിച്ച. മുടിത്തുമ്പു് = മുടിയുടെ അഗ്രം. ഇവിടെ സഹ്യപർവ്വതത്തെ ഭൂമിയുടെ കുചമാക്കിക്കല്പിച്ചിരിക്കുന്നു. പർവ്വതമുടിയിൽ അംബരമുള്ളതുപോലെ സ്തനത്തിൻെറ ചൂചുകവും ചേലത്തുമ്പു കൊണ്ടു മറച്ചിരിക്കുന്നു എന്നു ശ്ലേഷ. അടിവരെ സ്വച്ഛമായ് കുത്തിവീഴും നീരാം ഹാരാവലി മെയ്യിലാന്നും എന്നന്വയം. അടി = ചുവടു്. സ്വച്ഛം = തെളിഞ്ഞതു്. നീരാം ഹാരാവലി = വെള്ളമാകുന്ന മുത്തുമാലകൾ. നല്ല ഭാവന. നിർഝരമെന്നു ഭാവം. പാരു് = ഭൂമി. ആന്നീട്ടും കുചഭരം. അതാകുന്ന സഹ്യപർവ്വതം. ശുകമെ! നീ പർവ്വതത്തിൻെറ (ഭൂമിയുടെ സ്തനത്തിൻെറ) മുകളിൽ കയറുമ്പോൾ നല്ലപോലെ പഴകിപ്പരിചയിച്ച സുഖം കൈക്കൊള്ളുമെന്നു സാരം. ഇവിടെ നായിക ഭൂമി. നായകൻ ശുകം. സഹ്യൻ സ്തനം. ആകാശം മുലക്കച്ച. രതിസുഖം വ്യംഗ്യം. ശ്ലേഷാനുഗൃഹീതമായ ഉൽപ്രേക്ഷാലങ്കാരം. നിശ്ചയം വാചകം.

ചുംബൻ ബിംബാധരമത ഇതശ്ചാലയൻ ഭ്രംഗദൃഷ്ടീ-
രാതന്വാനസ്തനഭുവി നഖോല്ലേഖനം ഡാഡിമേഷു
പക്ഷോൽക്ഷേപൈഃ പരിവിഗളയൻ പുഷ്പരേണൂത്തരീയം
ഭ്രാതഃ! സൈ്വരം ശ്രിയമനുഭവേസ്തസ്യ വപ്രസ്ഥലീഷു.

ലോലംബക്കണ്മുന ചിതറിയി-
ട്ടുണ്ടുടൻ തൊണ്ടിവായ്ത്തേൻ
ചേലഞ്ചും മാതളമുലകളിൽ-
ത്തൻ നഖപ്പാടണച്ചും
മേലങ്കിപ്പൂംപൊടി ചിറകടി-
ച്ചാകവേ മാററിയും തൽ-
ക്കാലം പൂണ്ടീടനുജ! മലവാ-
രസ്ഥലീ ശ്രീവിലാസം. 31

മുൻപദ്യത്തിൽ സൂചിതമായ സംഭോഗത്തെ ഇതിൽ വിവരിക്കുകയാണ്. ലോലംബക്കണ്മുന = ലോലംബമാകുന്ന കൺമുന. ലോലംബം പോലെയുള്ള കൺമുന. ലോലംബം = വണ്ട്. തൊണ്ടിവായ്ത്തേൻ = തൊണ്ടിപ്പഴംപോലെയുള്ള ചുണ്ടിൻെറ രസമെന്നും. തൊണ്ടിയാകുന്ന വായ്ത്തേൻ. മാതളമുല = മാതളമാകുന്ന മുല. മാതളംപോലെയുള്ള മുല എന്നും. നഖപ്പാട്ട് = നഖത്തിൻെറ പാട്ട്. നഖക്ഷതം. മേലങ്കിപ്പൂംപൊടി = മേലങ്കിയാകുന്ന പൂംപൊടി. മേലങ്കിപോലെയുള്ള പൂംപൊടി. മലവാരസ്ഥലീ ശ്രീവിലാസം = മലവാരസ്ഥലത്തെ സ്ത്രീലിംഗമാക്കി എന്നു ധരിക്കണം. മലവാരസ്ഥലിയുടെ ശ്രീവിലാസം. കാന്തി എന്നൎത്ഥം. രതിക്രീഡാസ്വഭാവം സ്പഷ്ടമാക്കി. അലങ്കാരം സാവയവരൂപകം. ധ്വനിയെപ്പററിച്ചിന്തിക്കുക. ആദ്യത്തെത്താവളംതന്നെ സുഖമെങ്കിൽ അവസാനംവരെ സുഖമെന്നു കണ്ടുകൊള്ളണം. ഇവിടെയും മൂലത്തിലെ ഭ്രാതശ്ശബ്ദത്തിനു് അനുജ! എന്ന വിവൎത്തനത്തിനു് ഔചിത്യോൽക്കഷമുണ്ട്. തൽക്കാലപദവും ഉചിതമായിട്ടുണ്ട്. സൈ്വരം വിട്ടുകളഞ്ഞു.

ശൈലേ തന്ദ്വിൻ ശബരസുദൃശാം ദാമ ഗുഞ്ജാഫലാനാം
ഹാരീകുർവ്വന്നുരസി ഹരിണീയൂഥരോമന്ഥഫേനൈഃ
കന്ദൎച്ചോൽദോൽഘട്ടനജനിതക്ലാന്തിദൃഷ്ടാപദാനഃ
പശ്ചാൽപ്പോയം ഭവതി പവനോ ഹൎത്തുമദ്ധ്വശ്രമം തേ.

മാറിൽക്കാടത്തരുണികളിട്ടും
കുന്നിമാലയ്ക്കുതെല്ലാം
മാറി,പ്പെണ്മാനയറിയ നുര-
ച്ചാൎത്തിനാൽച്ചാൎത്തി ഹാരം
കൂറിൽക്കാച്ചിൽക്കട പിഴുതെഴും
മാല്യ മാററാൻ മിട്ടക്കാ-
ററാറിക്കും നിൻ വഴിയഴലിളം-
തെന്നലാക്കുന്നിലിന്നും. 32

തത്സമയം ക്ഷീണംമാററുവാൻ ഇളംകാററു വരുമെന്നു പറയുന്നു. മാറ് = മാറിടം. കാടത്തരുണികൾ = കാടന്മാരുടെ തരുണികൾ. കാട്ടാളസ്ത്രീകൾ. ശബരസുദൃശാം എന്നു മൂലം. ശബരസുന്ദരികൾ എന്നു സാരം. അകൃത്രിമജീവിതം നയിക്കുന്ന ആ സുന്ദരികൾ കണ്ണിന്നാനന്ദം നല്കുമെന്നു ധ്വനി. കുന്നിക്കുരു കോൎത്ത മാല അവരണിഞ്ഞിരിക്കും. അതവിടെ ധാരാളമുണ്ടെന്നു താല്പൎയ്യം. പെണ്മാൻ = പേടമാൻ. കാട്ടിലെ സ്ത്രീകൾക്ക് അസൂയയില്ലെന്നു താല്പൎയ്യം. കാച്ചിൽക്കട = കാച്ചിലിന്റെ കട. കിഴങ്ങെന്നു സാരം. പെണ്മാനിനു ഭയമില്ല. കാടത്തരുണികളുടെ അടുക്കൽക്കിടന്ന് അയവിറക്കുന്നു. തികട്ടിച്ചവയ്ക്കുന്നു. അവയുടെ വായിൽനിന്ന് നുര (പത) വരുന്നു. ആ പത കാററു കൊണ്ടുവന്ന് കുന്നിക്കുരുമാലയിൽ ഏല്പിക്കുമ്പോൾ അതു മുത്തുമാലപോലെയായിത്തീരുന്നു. ഹാരം = മുത്തുമാല. കൂറ് = സ്നേഹം. പിഴുക = പറിക്കുക. മാല്യ് = ദുഃഖം. ക്ലേശമെന്നും. ആറിക്കും = ആററും. തീൎത്തില്ലാതെയാക്കും. വഴിയഴൽ=വഴിനടന്നക്ഷീണം. മുൻപദ്യത്തിലെ രതിക്രീഡ കഴിയുമ്പോൾ ഉണ്ടാവുന്ന പരവശത എന്നും. ഇളംതെന്നൽ = മന്ദവായു. കുളിൎക്കാറെറന്നും. വൃക്ഷങ്ങളിലും മററും തട്ടിയും നുരവഹിച്ചും വരുന്ന കാറെറന്നു താൽപൎയ്യം. ഇന്നും അവിടെ ആ കാററടിക്കുമെന്നും ഇതെല്ലാം കാണാമെന്നുമൎത്ഥം. ഭവതി എന്ന മൂലത്തിലെ വൎത്തമാനക്രിയയുടെ ഭാഷ ഇന്നും എന്നതിൽ സ്പഷ്ടം. കുന്നിമാല മുത്തുമാലയാക്കുന്നതുകൊണ്ടു തൽഗുണമലംകാരം. കാടത്തരുണികളുടെ ദാരിദ്ര്യം ദൈവം മാററുന്നുവെന്നു വ്യംഗ്യം. ഹാരമൊഴിച്ചു മററു പദമെല്ലാം മലയാളം. സുകുമാരമായ ഭാഷ.

തത്രോദസ്യ സ്തബകമുഖതഃ സ്വേദബിന്ദൂൻ മരന്ദാൻ
ഗാനാസക്താഃ സ്വയമനുഗമയ്യാഭിരാമാളിരാമാഃ
അശ്രാന്തേന ശ്വസനഗുരുണാ മോദിനാ ചോദിതാനാം
ലാസ്യക്രീഡാമനുഭവ ലതാലാസികാബാലികാനാം.

ഈടാളും മഞ്ജരിമുഖലസൽ-
ത്തേൻ വിയപ്പൊപ്പി മാററി-
പ്പാടാൻ പേടഭ്രമരനിരയേ-
പ്പുയ്യുവേ പാട്ടിലാക്കി
വാടാതേകണ്ടനിലഗുരുവാ-
മോദിയായ്ച്ചൊല്ലിയാടി-
ച്ചാടാൻ പോരും കൊടിനടികൾതൻ
നൃത്തമങ്ങെത്തിനോക്കൂ. 33

കാട്ടിൽ ഒരു നൃത്തരംഗം സംവിധാനം ചെയ്യുന്നു. കാററു് ആശാൻ. കൊടി നടികൾ. അതായതു് ലതകൾ ആട്ടക്കാരികൾ. വണ്ടിൻകൂട്ടം പാട്ടുകാർ. ഇങ്ങനെയാണു് തയാറാക്കിയിരിക്കുന്നതു്. ഈടാളും = ഉറപ്പുള്ള. മഞ്ജരിമുഖം = മഞ്ജരിയാകുന്ന മുഖം. ലസൽത്തേൻ വിയർപ്പു് = പ്രകാശിക്കുന്ന തേനാകുന്ന വിയർപ്പു്. നടികളുടെ മുഖത്തു് വിയർപ്പു് പൊടിയും, അതു് ഒപ്പിയില്ലാതാക്കുന്നതു് ഇന്നും സർവ്വസാധാരണമാണു്. ഇന്നെല്ലാവക്കും കൈലേസുകാണും. പേടഭ്രമരനിര=പെൺ വണ്ടിൻകൂട്ടം. സ്ത്രീകളുടെ സംഗീതം ശ്രവണമധുരമായിരിക്കും. സ്വരമാധുര്യം വ്യംഗ്യം. പാട്ടിലാക്കുക = സ്വാധീനമാക്കുക. കർത്താവു് അനിലഗുരു. വാട്ടമില്ലാത്ത കാററാകുന്ന ആശാൻ. ആമോദി = സന്തോഷത്തോടുകൂടിയവൻ, സുഗന്ധി എന്നും. "ആമോദീ മുഖവാസനാ" എന്നമരം. ചൊല്ലിയാടിക്കുക= അഭ്യസിപ്പിക്കുക. ആടാൻപോരും = നൃത്തംചെയ്യുവാൻ കഴിവുള്ളവർ. ചൊന്നിട്ടു് ആടിച്ചാടുക എന്നുകൂടി ധരിക്കണം. നൃത്തം എത്തിനോക്കിയാൽ മതി. നിൽക്കരുതെന്നു വ്യംഗ്യം. ചാക്യാർ നങ്ങ്യാർബാലികമാരെ കൂത്തഭ്യസിപ്പിക്കുന്ന രീതി ധ്വനി. കവിയുടെ ദയിതരംഗലക്ഷ്മി നങ്ങ്യാരാണല്ലൊ. വഴിയിൽ കിളിക്കു് സന്തോഷാധിക്യം ഉണ്ടാക്കുന്ന പ്രതീതി. സാവയവരൂപകം അലങ്കാരം. നല്ല മലയാളപദങ്ങൾ. ഒന്നാന്തരം ചിത്രീകരണം.

ബ്രഹ്മക്ഷത്രം ജനപദമഥ സ്ഫീതമദ്ധ്യക്ഷയേഥാഃ
ദർപ്പാദർശം ദൃഢതരമൃഷേർജാമദഗ്ന്യസ്യ ബാഹ്വോഃ
യം മേദിന്യാം രുചിരമരിചോത്താളതാംബൂലവല്ലീ-
വേല്ലൽകേരക്രമുകനികരാൽ കേരളാൻഗൃണന്തി.

മന്നാളുന്നോർ മറയവരൊട്ടും
ജാമദഗ്ന്യന്റെ കയ്യൂ-
ക്കിന്നാദർശം, പൊരുൾപെരുകിടും
പാർത്തലം പാർത്തുകൊള്ളൂ
അന്നാടല്ലോ കുരുമുളകിനും
വെററിലയ്ക്കും തഴയ്ക്കാൻ
നന്നായ്ത്തെങ്ങും കമുകുമിയലും
പാരലം കേരളാഖ്യം. 34

കേരളത്തിലേക്കു കടക്കുകയാണ്. മന്നാളുന്നോർ=രാജ്യം ഭരിക്കുന്നവർ. മറ=വേദം. മറയവർ=വേദജ്ഞന്മാർ. ബ്രാഹ്മണരിൽ ബ്രഹ്മതേജസ്സും ക്ഷാത്രതേജസ്സും ഉണ്ടെന്നു സാരം. ജാമദഗ്ന്യൻ=ജമദഗ്നിയുടെ പുത്രൻ. പരശുരാമൻ. ബ്രഹ്മക്ഷത്രതേജസ്സുകളുള്ള ബ്രാഹ്മണർതന്നെ വേണം ആ തേജസ്സുള്ള പരശുരാമൻ സൃഷ്ടിച്ച രാജ്യം ഭരിക്കുവാനെന്നു ധ്വനി. കൈയൂക്കിന്നാദർശം=കൈക്കരുത്തു കാണുവാനുള്ള കണ്ണാടി. അതു തന്നെ കേരളം. പൊരുൾ=അർത്ഥം. ധനമെന്നു താൽപര്യം. പണക്കൊഴുപ്പ്. പാർത്തലം=ഭൂഭാഗം. പാർത്തുകൊള്ളൂ=കണ്ടുകൊള്ളൂ. തഴയ്ക്കുക=വർദ്ധിക്കുക. കമുകുമിയലും=കമുകുമുള്ള. പാര്=ഭൂമി. അലം=മതിയായ. കേരളാഖ്യം=കേരളമെന്നു പേരുള്ള. കേരളം പരശുരാമന്റെ കൈക്കരുത്തു കാണാനുള്ള കണ്ണാടിയാണെന്നു പറഞ്ഞിരിക്കുന്നു. ധനസമൃദ്ധി. തെങ്ങ്, കമുക്, വെററിലക്കൊടി ഇവ ധാരാളം. പരസ്പരാശ്രയം ധ്വനി. അവിടെത്താമസിക്കുന്നവർ ജാതിവ്യത്യാസമോ മതഭ്രാന്തോ മുഴുത്തവരായിരിക്കരുതെന്നു വ്യംഗ്യം. പൂർവ്വാർദ്ധത്തിൽ കവികല്പിതവും ഉത്തരാർദ്ധത്തിൽ സ്വഭാവസിദ്ധവും ആയ സ്വഭാവോക്തി അലങ്കാരം.

ആതന്വാനാമനതിസവിധേ വാസമാര്യ്യാം കുമാര്യ്യാം
ഗച്ഛന്നേവ പ്രണമ ശിരസാ ത്യക്തകാലാതിപാതഃ
അന്യൽ കാര്യം നിജപടുതയാ പൂർവ്വകാര്യാവിരോധേ-
നാന്വിച്ഛേദ്യോ ലഘുഗുരുധിയം തം പ്രശംസന്തി സന്തഃ.

നേരം വൈകാതൊരുവിധമട്ട-
ത്തങ്ങു കന്യാകുമാരീ-
തീരത്താളും മലമകളെയും
കൂപ്പു പോകുന്നപോക്കിൽ
ആരംഭത്തിന്നഴിമതിവരാ-
തന്യകാര്യം നടത്തും
ധീരൻതന്നെപ്പടുധിഷണനായ്
പണ്ഡിതന്മാർ പുകഴ്ത്തും. 35

കന്യാകുമാരിയിൽ തൊഴണം. കന്യാകുമാരി സ്ഥലനാമമാകുന്നു. കന്യകയായ കുമാരി (പാർവ്വതി) അരുളുന്നിടം എന്ന് അവയവാർത്ഥം. പോകുന്നവഴിക്കൊരുവിധം അട്ടത്താണ്. അനതിസവിധേ എന്നു മൂലം. മലമകൾ = ഹിമവൽപുത്രി. പ്രസിദ്ധപാദം. പോകുന്നപോക്കിൽ അവിടെ നിൽക്കാതെ എന്നു ഭാവം. നിന്നാൽ താമസം വരുമെന്നു ധ്വനി. ആരംഭം = തുടങ്ങിവച്ച കാര്യം. അഴിമതി = തകരാറ്. അന്യകാര്യം = മററുകാര്യം. ധീരൻ = ധൈര്യവാൻ (ബുദ്ധിമാൻ), മനസ്സിരുത്തി പ്രവർത്തിക്കുന്നവൻ. പടുധിഷണൻ = ബുദ്ധിസാമർത്ഥ്യമുള്ളവൻ. ധിഷണ = ബുദ്ധി. പണ്ഡിതന്മാർ = വിദ്വാന്മാർ (ആത്മജ്ഞാനികൾ എന്നും). ഒരു കാര്യത്തിനു പോകുമ്പോൾ അതിനു കോട്ടംതട്ടാതെ മററു കാര്യം സാധിക്കുന്നവൻ പടുധിഷണനാകുന്നു. സീതയെക്കാണുവാൻ പോയ ഹനുമാൻ രാവണനെക്കണ്ടു സംസാരിച്ചതും ഉപദേശിച്ചതും ലങ്ക ചുട്ടുപൊട്ടിച്ചതും മററും സ്മരിക്കുമല്ലോ. പൂജ്യപൂജാവ്യതിക്രമം വരികയില്ലെന്നും ധ്വനി. കന്യാകുമാരി അന്നും ഇന്നും പ്രസിദ്ധമാണല്ലോ. നല്ല തീർത്ഥവും ക്ഷേത്രവും. ഭാരതത്തിലും ഭാഗവതത്തിലും കീർത്തിച്ചിട്ടുണ്ട്.

കൃത്വാ ചിത്തേ കിമപി യതയോ യുഞ്ജതേ യന്നികുഞ്ജേ
ഗുഞ്ജൽഭൃംഗേ സഹ യുവതിഭിർഗ്ഗുഹ്യകാ വാ രമന്തേ
വക്രം ഭൂയഃ ശിഖരിണമമും വക്രവർത്മാ ഭജേസ്ത്വം
യാദൃക് സേവ്യോ ഭവതി ഹി ഭവേൽ സേവകസ്താദൃഗേവ.

കൈവല്യം നേർന്നൃഷികൾ,ളിമയോർ
മങ്കമാരൊത്തുമെങ്ങാ-
ണ്ടാ വണ്ടാക്കും കൊടികൾ പടരും
കാവണഞ്ഞാവസിപ്പൂ.
ആ വക്രൻകുന്നിനെ വഴി വള-
ഞ്ഞെത്തി വന്ദിക്കണം നീ
ദേവന്നുണ്ടാം വടിവു തടവും
കേവലം സേവകന്നും. 36

വക്രഗിരിവൎണ്ണന. ഈ മലയാണു മരുത്വാൻമല എന്നു പറയുന്നതു്. മരുന്നുവാഴും മല എന്നു് അവയവാൎത്ഥം. ദിവ്യൗഷധികൾക്കു് പ്രസിദ്ധം. അവിടെയും പുണ്യക്ഷേത്രങ്ങളുണ്ടു്. പൂജ്യപൂജാവ്യതിക്രമം ദോഷമെന്നു ഭാവം. കൈവല്യം=മോക്ഷം. വിവൎത്തനത്തിൽ തെളിച്ചുപറഞ്ഞു. ''യതയഃ കിമപി ചിത്തേ കൃത്വാ'' എന്നു മൂലം. ഋഷികൾ കൈവല്യം നേൎന്നുകൊണ്ടാണു് തപസ്സുചെയ്യുന്നതെന്നു സാരം. ഇമയോർ=ദേവന്മാർ. മങ്കമാർ=സ്ത്രീകൾ. ദയിതകളെന്നു വിവക്ഷ. ഗുഹ്യകാ എന്നു മൂലം. ഗുഹ്യകന്മാർ ദേവന്മാരിൽ ഒരു വൎഗ്ഗക്കാരാണു്. വണ്ടാക്കും=വണ്ടു മുരളുന്ന. കൊടികൾ=വള്ളികൾ. പടരും കാവു്=പടൎന്നുകിടക്കുന്ന കാവു്. വള്ളിക്കുടിൽ. നികുഞ്ജമെന്നു മൂലം. വക്രൻകുന്നു്=മരുത്വാമല. അഷ്ടാവക്രമുനി തപസ്സുചെയ്തിടം എന്നു ശബ്ദാൎത്ഥം. വളഞ്ഞവൻ എന്നു ഫലിതാൎത്ഥം. വടിവു്=ആകൃതി. തടവുക=ഉണ്ടായിത്തീരുക. സേവകൻ=ഭക്തൻ. സേവിക്കുന്നവൻ. ദേവവക്രയുണ്ടെങ്കിൽ സേവകനും വക്രതയുണ്ടാവും. അതു ദേവനു സ്വീകാൎയ്യമാകും. അനുഗ്രഹവും സിദ്ധിക്കും. വക്രനെ വക്രവൎത്മാവിലൂടെ എന്നു മൂലത്തിനൎത്ഥം. ഒരു സരസമായ പ്രയോഗം. നമ്പൂരിഫലിതം എന്നു പറയാം. ''യഥാ ദേവസ്തഥാ ഭക്തഃ'' എന്നുണ്ടല്ലോ. സുഗന്ധാദികളാൽ പരിലസിതമായ സ്ഥലത്തു് ഉള്ള തപസ്സു് മനഃസംയമത്തെ വെളിപ്പെടുത്തുന്നു.

ശുദ്ധിസ്ഥാനം കില ഭഗവതസ്തച്ഛുചീന്ദ്രം മഹേന്ദ്ര-
സ്യാലക്ഷ്യേഥാഃ പ്രഥിതമവനൗ മന്ദിരം ചന്ദ്രമൗലേഃ
യസ്മിന്നദ്യാപി ച സദസതോഃ കർമ്മണോഃ സൂക്ഷ്മയോര-
പ്യാലക്ഷ്യന്തേ ഭുവി തനുഭൃതാമാത്മഹസ്തേ ഫലാനി.

പാരാകെപ്പേർപെരുകുമൊരിടം
പാകവൈരിക്കു പാപം
തീരാൻ തീർത്ഥാകര,മണയുകാ
സ്ഥാണുകേന്ദ്രം ശുചീന്ദ്രം
നേരായ്ക്കാണാമവിടെയണുവും
പുണ്യപാപങ്ങൾ ചെയ്താ-
ലാരായാലും ശരിയവനുതൻ
കയ്യിലിന്നും ഫലങ്ങൾ. 37

ശുചീന്ദ്രവർണ്ണന. ശുചിയായ ഇന്ദ്രനോടുകൂടിയതു ശുചീന്ദ്രം. ഇന്ദ്രനു ശുദ്ധിവരുത്തിയ സ്ഥലം. പേർപെരുകും = കീർത്തി വർദ്ധിക്കും. പാകവൈരി = പാകൻ എന്ന അസുരനെക്കൊന്നവൻ, ഇന്ദ്രൻ. തീർത്ഥാകരം = തീർത്ഥങ്ങളുടെ ഇരിപ്പിടം. തീർത്ഥം = പരിശുദ്ധജലം.—തീർത്ഥത്തിനു കടവു് എന്നു ശബ്ദാർത്ഥം. സ്നാനഘട്ടം എന്നവഴിവന്നു പുണ്യസ്ഥലം എന്നു രൂഢിയിൽ പരിണമിച്ചു. അണയുക = ചെന്നുചേരുക എന്നു് ഇവിടുത്തെ അർത്ഥം. ആലക്ഷ്യേഥാഃ (കണ്ടാലും) എന്നു മൂലം. ക്ഷേത്രദർശനമെന്നാണല്ലോ പറയുക. എങ്കിലും ആസേവേഥാഃ എന്നൊരു പാഠമുണ്ടു്, അതായിരിക്കണം ശരി. ആലക്ഷ്യന്തേ എന്നു നാലാംപാദത്തിൽ കാണുന്നുണ്ടു്. ലക്ഷ്മീദാസൻ ആവർത്തിക്കുവാനിടയില്ല, രണ്ടും കണ്ടു വിവർത്തനം. സ്ഥാണുകേന്ദ്രം=സ്ഥാണുമൂർത്തി(ശിവൻ)യുടെ ആസ്ഥാനം. ശുചീന്ദ്രത്തു് ദേവൻ സ്ഥാണുമാലയപ്പെരുമാളാണു്. മൂലത്തിൽ വിട്ടുപോയ ആ കാര്യം വിവർത്തനത്തിൽ സ്പഷ്ടമാക്കിയിരിക്കുന്നു. അണു= അല്പം. വളരെ വളരെ ചെറുതു്. പുണ്യപാപങ്ങൾ = പുണ്യവും പാപവും. പുണ്യപാപങ്ങൾ ചെയ്താൽ അതിൻെറ ഫലം ഇന്നും കൈയിൽ കാണാം എന്നു താൽപര്യം. ശുചീന്ദ്രത്തെ പ്രസിദ്ധമായ കൈമുക്കാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്. ദുഷ്ഷേരു വന്നാൽ വൈദികവിധിയനുസരിച്ചു് ഇവിടെവച്ചു തിളച്ച നെയ്യിൽ കൈമുക്കിക്കാറുണ്ടായിരുന്നു എന്നും, പൊള്ളിയില്ലെങ്കിൽ അപരാധിയല്ലെന്നും പൊള്ളിയാൽ അപരാധിയെന്നും നിർണ്ണയിക്കാറുണ്ടെന്നും പ്രസിദ്ധി. ഇന്നും എന്നു പറഞ്ഞതുകൊണ്ടു് ശുകസന്ദേശകാലത്തു നടപ്പുണ്ടായിരുന്നു എന്നു തെളിയുന്നു. “ആത്മഹസ്തേ ഫലാനി” എന്ന മൂലത്തിനു കയ്യിലിന്നും ഫലങ്ങൾ എന്ന വിവർത്തനം വളരെ വളരെ നന്നായിട്ടുണ്ടെന്നു പറയാൻ കഴിയുകയില്ല.

അഗ്രേ കശ്ചിൽ ഭൃതഹൃതഭുജാമഗ്രഹാരോ ദ്വിജാനാം
രത്നൗഘേലഷ്വപ്യകൃപണാധിയാം രാജവിശ്രാണിതേഷ്യ
ചിത്രം! ചിത്രം! ചിരപരിചയാൽ ബാലകാൻ യത്ര സാംഗം
വേലാം വേലാമനു ഗൃഹശുകാഃ വേദമധ്യാപയന്തേ.

ചാരത്തായുണ്ടരചരരുളും
ഹീരവും സാരമാക്കാ-
ത്തോരാച്ചോമാതിരികൾ മറയോ-
രാളവോരഗ്രഹാരം
പാരം ശീലിച്ചവർ കിളികളാ-
ണത്ഭുതം! ശിഷ്യരേയ-
ന്നേരത്തോതിപ്പതു നിയതവും
വേദശാസ്ത്രങ്ങളെല്ലാം. 38

ഒരഗ്രഹാരം വർണ്ണിക്കുന്നു. മിക്കവാറും വടിവീശ്വരമായിരിക്കാനിടയുണ്ട്. ശുചീന്ദ്രം കഴിഞ്ഞു നാഗർകോവിൽ പത്മനാഭപുരം ഈ ഗ്രാമങ്ങളുമുണ്ട്. അവയും ശുചീന്ദ്രത്തിന് ഏകദേശം അടുത്തുതന്നെ. ചാരത്ത് = സമീപത്ത്. അരചർ = രാജാക്കന്മാർ. അരുളുക = കൊടുക്കുക. ദാനം ചെയ്യുക എന്നർത്ഥം. ഹീരം = രത്നവിശേഷം. സാരമാക്കാത്തവർ = ഗണിക്കാത്തവർ. രാജാക്കന്മാർ നല്കുന്ന രത്നദാനംപോലും സ്വീകരിക്കാത്തവർ. പണക്കൊതികൂടാതെ കർമ്മാനുഷ്ഠാനങ്ങളിൽ വ്യാപൃതരെന്നു സാരം. ചോമാതിരികൾ = സോമയാജികൾ എന്നതിന്റെ തത്ഭവം. അവിടെ അടുത്തകാലംവരെയും ദീക്ഷിതന്മാർ ഉണ്ടായിരുന്നു. തമിഴ് ബ്രാഹ്മണരാണ്. അഗ്രഹാരം = ബ്രാഹ്മണസങ്കേതം. പൂർവ്വാർദ്ധത്തിൽ ബ്രാഹ്മണരുടെ യോഗ്യത കാണിച്ചു. പാരം = വളരെ. ശീലിച്ചവർ = പഠിച്ചവർ. ഇഷ്ടംപോലെ പ്രയോഗിക്കുവാൻ വശമാക്കിയവർ. നിയതം = എന്നും, ഏതു കാലത്തും. "വേലാം വേലാമനു" എന്നു മൂലം. വേദശാസ്ത്രങ്ങളെല്ലാം. നാലു വേദവും ആറുശാസ്ത്രവും എന്നു ധരിക്കണം. സാംഗം വേദം എന്നു മൂലം. അഭ്യസിക്കാതെ കേട്ടു പഠിച്ച കിളികൾ അഭ്യസിപ്പിക്കുന്നു എന്നു ധ്വനി. മിടുക്കന്മാരും നിന്നെപ്പോലെ പരോപകാരികളുമായ കിളികൾ അവിടെയുണ്ടെന്നു സാരം. അവയുടെ അധ്യാപനത്തിലാണ് അത്ഭുതപ്പെടുന്നത്. അക്കാലത്തു മലയാളബ്രാഹ്മണവൈദികർ അവിടെ ധാരാളമുണ്ടായിരുന്നു എന്നും വരാം. അക്കാര്യം ഗവേഷകന്മാർ തീരുമാനിക്കട്ടെ.

മന്യേ തത്ര ഗ്രഹപതിമിതഃ പ്രസ്ഥിതഃ പ്രാപയിഷ്യ-
സ്യസ്തം ചക്ഷുഃ സദപി ച ന സദ്യം വിനാ ദേഹഭാജാം
തദവിശ്രാന്ത്യൈ ത്വമപി വിഹിതാന്യോന്യഹൃത്യണ്ഡജേഷു
സ്വം സ്വം സ്ഥാനംപ്രതി ഗഗനതോ ഗത്വരേഷു ത്വരേഥാഃ.

നീ വിട്ടാലിങ്ങിനനുമുടനൊ-
ട്ടസ്തമിച്ചീട്ടമെന്നാൽ
ജീവിക്കെല്ലാം മിഴിയവനെ വി-
ട്ടുള്ളതില്ലാത്ത മട്ടാം
കൂവിത്തമ്മിൽപ്പറവകളതാ-
താശ്രയം പൂകിടാനായ്
ഭാവിക്കെപ്പാഞ്ഞിട്ട നലമിള-
പ്പെത്തുവാനൊത്തു നീയും. 39

സൂര്യാസ്തമനം. രാത്രിയിൽ സഞ്ചാരം വജ്ജിക്കണമെന്നുപദേശം. നല്ല സ്ഥലം നോക്കി വിശ്രമിക്കണം. നീയിങ്ങു വിട്ടാൽ ഇനനും ഒട്ടസ്ത മിച്ചീട്ടം എന്നന്വയം. ഇതഃ പ്രസ്ഥിതഃ എന്നു മൂലം. ആ അഗ്രഹാരം വിട്ടാൽ, അല്ലെങ്കിൽ ഈ രാമേശ്വരം വിട്ട് അവിടെച്ചെല്ലുമ്പോൾ എന്നുമാവാം. ജീവിക്കെല്ലാം മിഴി അവനെ വിട്ട് ഉള്ളതു് ഇല്ലാത്തമട്ടാം എന്നന്വയം. ഇനൻ=സൂര്യൻ. അവനെ=സൂര്യനെ എന്നിവിടെ അത്ഥം. സൂര്യൻ അസ്തമിച്ചാൽ ജീവികൾക്കെല്ലാം മിഴിയുണ്ടെങ്കിലും ഇല്ലാത്ത പോലെയെന്നു സാരം. ഫലമില്ലല്ലോ എന്നു ധ്വനി. പറവ തമ്മിൽ കൂവി അതാതാശ്രയം പൂകിടാനായ് ഭാവിക്കെ എന്നന്വയം. പറവകൾ=പക്ഷികൾ. ആശ്രയം=വാസസ്ഥലം. നലമിളപ്പെത്തുവാൻ നീയും ഒത്തു പാഞ്ഞീട്ട് എന്നന്വയം. ഇളപ്പ്=താവളം. അവയുടെകൂടെ നീയും പറന്നുപൊയ്ക്കൊള്ളണം എന്നു വ്യംഗ്യം. നിനക്കുള്ള താവളം അതുവഴി കണ്ടുപിടിക്കാമെന്നു വ്യംഗ്യം. കൂട്ടുകൂടി ഉറങ്ങിയാൽ കാര്യവിഘാതമുണ്ടാകുമെന്നു സങ്കല്പം. സ്വഭാവോക്തി അലങ്കാരം പറയാം.

ആനന്ദിഷ്യത്യനഘ! നിതരാമന്തരാത്മാ യതസ്തേ
സ്യാനന്തൂരം പുരവരമിതോ നാതിദൂരേ മുരാരേഃ
പൗരന്ദര്യാ വിജയതി പുരഃ സംപദം യത്ര ദേവഃ
സ്വൈരന്ദാരൈസ്സഹ വിഹരതേ ഭാർഗ്ഗവീകാശ്യപീഭ്യാം.

ഇമ്പം നല്കും കരളിനമലാ-
ത്മൻ! ഭവാനേററമിപ്പോൾ
മുമ്പക്കത്താം മുരരിപുവെഴും
പൂരനന്താഭിധാനം
സമ്പത്തോത്താലമരപുരിയെ-
ത്താഴ്ത്തുവോരജ്ഞജന്നും
മുമ്പൻ സ്വൈരം മലർമകൾമഹീ-
പതിമാരൊത്തുവാഴ്‌വു. 40

തിരുവനന്തപുരം. ഇമ്പം = ആനന്ദം, ഇഷ്ടം. നല്കുക = എകുക. കരൾ = മനസ്സ്. അമലാത്മൻ = നിർമ്മലമായ ആത്മാവോടുകൂടിയവൻ. ആത്മാവിൻെറ പാപം ദുരാത്മത. അതില്ലാത്തവനെന്നു സാരം. "അനഘ" എന്നു മൂലം. മുമ്പക്കത്തു് = മുന്നിലട്ടത്തു്. ഇതോ നാതിദൂരെ എന്നു മൂലം. മുരരിപു = ശ്രീപത്മനാഭൻ. പൂരു് = പട്ടണം. അനന്താഭിധാനം = അനന്തം എന്നു പേരുള്ളതു്. അനന്തപുരത്തിനു പൂജ്യവാചിയായ "തിരു" ചേൎത്തു് തിരുവനന്തപുരമാക്കി. താഴ്ത്തുക = അടിപ്പെടുത്തുക (ജയിക്കുക). അജൻ = ബ്രഹ്മാവു്. ബ്രഹ്മാവിനു മുമ്പനാണല്ലോ മഹാവിഷ്ണു. വിവൎത്തകസ്വാതന്ത്ര്യമാണു് ഇതു്. ഔചിത്യവുമധികം കാണുന്നു. സ്വൈരം = ഇഷ്ടംപോലെ. മലർമകൾമഹീപതിമാർ = മലർമകളും (ലക്ഷ്മി) മഹിയും (ഭൂമി) ആകുന്ന പതിമാർ (ഭാൎയ്യ). ഒത്തു് = ചേൎന്നു് വാഴുന്നു എന്നു സാരം. അങ്ങനെയാണു് തിരുവനന്തപുരത്തെ അനന്തശയനപ്രതിഷ്ഠ. അന്നു രാജധാനി തിരുവനന്തപുരത്തല്ലായിരുന്നു. അതിശയോക്തി അലങ്കാരം പറയാം.

ക്ഷീരാംഭോധേരപി ധൃതികരം ധാമ തൽ കൈടഭാരേ-
രാശ്ചര്യാംഭോനിധിമധിനിശം വിശ്രമായ ശ്രയേഥാഃ
പൂൎണ്ണം തീൎത്ഥൈർഭുവനമഹിതൈർഭൂഷിതം ഭൂതിസാരൈഃ
പുണ്യം ക്ഷേത്രം പുരമുരുസുഖം യോഗിനാം ഭോഗിനാം ച.

പാലാഴിശ്രീ പരനമിതുപോൽ
പത്ഥ്യമല്ല,ങ്ങുതന്നെ
നീ ലാക്കാക്കീടിരവിലിളവി-
ന്നത്ഭുതാംഭോധിയിങ്കൽ
ശ്രീലാസ്യത്താൽ ശ്രുതിപെരുകിട്ടും
ശുദ്ധതീൎത്ഥങ്ങളാലും
മേലാം ക്ഷേത്രം മുഴസുഖപുരം
മുക്തനും സക്തനും താൻ. 41

ശ്രീപത്മനാഭക്ഷേത്രം. പാലാഴിശ്രീ=പാലാഴിയുടെ ഐശ്വൎയ്യം. ശോഭ. പാലാഴിയിൽനിന്നുദിതയായ ലക്ഷ്മി എന്നുമാകാം. പരൻ=പരംപുരുഷൻ, മഹാവിഷ്ണു. ഇതുപോൽ പത്ഥ്യമല്ല=തിരുവനന്തപുരംപോലെ പത്ഥ്യമല്ല എന്നു സാരം. പരംപുരുഷനു പാലാഴിയേക്കാൾ ഈ പട്ടണത്തോടു കൂടുതൽ താല്പൎയ്യമെന്നൎത്ഥം. ലാക്കു് = ലക്ഷ്യം, ഉന്നം. ഇരവു് = രാത്രി. ഇളവു്=വിശ്രമം. അത്ഭുതാംഭോധി=അതിശയസമുദ്രം ആണു് ആ പുരി. ശ്രീലാസ്യം = ശ്രീയുടെ (ലക്ഷ്മിയുടെ) ലാസ്യം, നൃത്തം. ഐശ്വൎയ്യം നടമാടുന്നതു്. ലക്ഷ്മീദേവിയുടെ നൃത്തമെന്നും. ശ്രുതിപെരുകിട്ടും=കീൎത്തി വൎദ്ധിച്ചു. ശുദ്ധതീർത്ഥങ്ങൾ=പത്മതീൎത്ഥം, ശംഖതീൎത്ഥം മുതലായവ. മേലാംക്ഷേത്രം=അത്യന്തം മേലേക്കിടയിലുള്ള ക്ഷേത്രം. മുഴസുഖപുരം=മുഴുത്ത സുഖത്തെ ഉണ്ടാക്കുന്ന പട്ടണം. മുക്തൻ = വിരക്തൻ. സക്തൻ=രക്തൻ, പ്രാപഞ്ചികൻ. യോഗിക്കും ഭോഗിക്കും മുഴസുഖപുരം എന്നു സാരം. ഐശ്വൎയ്യംകൊണ്ടു സക്തനും തീൎത്ഥങ്ങളേക്കൊണ്ടു വിരക്തനും മുഴസുഖപുരം എന്നു ധരിക്കണം. പ്രക്രമഭംഗം മൂലത്തിലും ഉണ്ടു്. പരികരാലങ്കാരം.

തസ്മിൻ സായന്തനബലിമഹേ സംഗതാനാം ജനാനാം
മദ്ധ്യേ ബദ്ധാഞ്ജലി ജയഗിരാ ബദ്ധകോലാഹലാനാം
തസ്യ ഛത്രീകുരു മുരജിതോ മൂർദ്ധ്നി ഭക്ത്യാ പതത്രേ
കുർവ്വന്നാത്മക്ഷമമുപകൃതൗ പ്രീതയേ ഹി പ്രഭൂണാം.

എന്നാൽ സന്ധ്യാബലിയിലവിടെ-
ത്തേവരെസ്സേവചെയ്യാൻ
വന്നാർത്തീട്ടം ജയജയരവം
കൂട്ടമാക്കൂട്ടരൊപ്പം
ചെന്നാദ്ദേവന്നുപരി വിരിയും
പത്രമാ ഛത്രമാക്കു
തന്നാലാവും തുണ തെളിവിനായ്-
ത്തീർന്നിട്ടും തമ്പുരാനും. 42

ദേവസേവ ചെയ്യണമെന്നുപദേശിക്കുന്നു. ശിവേലിവർണ്ണനം. സന്ധ്യാബലി = അത്താഴശിവേലി. ശിവേലി മലയാളം. തേവരെസ്സേവ ചെയ്യാൻ വന്നു് ആർത്തീട്ടം ജയജയരവം കൂട്ടുന്ന ആ കൂട്ടരൊപ്പം ചെന്നു് എന്നന്വയം. രവം = ശബ്ദം. ഉപരി = മുകളിൽ. ദേവനെ എഴുന്നള്ളിക്കുമ്പോൾ ദേവന്റെ മുകളിലായി എന്നു സാരം. പത്രം = ചിറകു്. ഛത്രം = കുട. ചിറകുവിരിച്ചു് പച്ചക്കുട പിടിക്കു എന്നുപദേശം. കൗതുകകരമായിരിക്കും. ദേവപ്രീതിയും ഉണ്ടാകും. തന്നാലാവും തുണ = തനിക്കാകാവുന്ന സഹായം. "അണ്ണാൻകുഞ്ഞിനും തന്നാലായതു്" എന്നുണ്ടല്ലോ. അതുതന്നെ ദേവനും തെളിവിനു് (പ്രസാദത്തിനു്) കാരണമാകും. അർത്ഥാന്തരന്യാസം അലങ്കാരം. നല്ല മലയാളപദങ്ങളുടെ ഘടന പ്രത്യേകം ദർശിക്കേണ്ടതാകുന്നു. അനുപ്രാസവും ദർശനീയം.

തത്സേവാർത്ഥം തരുണസഹിതാസ്താമ്രപാദാരവിന്ദാ-
സ്താമ്യൻമദ്ധ്യാ സ്തനഭരനതാസ്താരഹാരാവലീകാഃ
താരേശാസ്യാസ്തരളനയനാസ്തജ്ജിതാംഭോദകേശ്യ-
സ്തത്രസ്ഥാ സ്യുഃസ്തബകിതകരാസ്താലവൃന്തൈസ്തരുണ്യഃ.

ആരാധിപ്പാനരുണപദമാ-
രൻപരൊത്താരമാന്നോ-
രാരായെങ്ങോരരയൊടടിപെ-
ട്ടാരവാർക്കൊങ്കവാഴ്പാൽ
ആരാജശ്രീമുഖവുമലസാ-
ക്ഷ്യഭ്രകേശങ്ങളും പൂ-
ണ്ടാരാൽക്കാണാം തൊഴുമമ്പലമാ-
രാലവട്ടങ്ങളോട്ടം. 43

ഭഗവാനെ ആരാധിക്കുവാൻ വരുന്ന സ്ത്രീപുരുഷന്മാരെ വൎണ്ണിക്കുകയാണ്. ഭൎത്താക്കന്മാരുണ്ടെന്നേയുള്ളു. ആരാധന = വന്ദന. തൊഴുന്നവർ = കൂപ്പുന്നവർ. വന്ദിക്കുക, പ്രാൎത്ഥിക്കുക എന്നെല്ലാമൎത്ഥം. അരുണപദമാർ = ചുവന്ന പാദമുള്ളവർ. എല്ലാപ്പദങ്ങളിലും സൗന്ദൎയ്യം ദ്യോതിക്കുന്നു. അൻപർ = കണവർ. വിവാഹം കഴിച്ച തരുണീതരുണന്മാർ ഒന്നിച്ചു ദൎശനത്തിനു വരുന്നുവെന്നു ധരിക്കണം. ഇപ്പോഴും അതു കാണാം. ആരം=ഹാരം (മുത്തുമാല) തൽഭവം. തമിഴിൽ ധാരാളം പ്രയോഗം. ആരായുക=അന്വേഷിക്കുക. അര = മദ്ധ്യപ്രദേശം. മദ്ധ്യപ്രദേശം വളരെ ഒതുങ്ങിയതാണ്. അന്വേഷിച്ചാൽ മാത്രമേ കാണാൻ കഴിയുകയുള്ളു എന്നൎത്ഥം. താമ്യൻമദ്ധ്യാഃ എന്നു മൂലം. ആരവാർക്കൊങ്ക=ഹാരംകൊണ്ടു ശോഭിച്ച കൊങ്ക (മുത്തണിമുല എന്നു മലയാളം). ആര എന്നതിനു പൂൎണ്ണവളർച്ച എത്തിയതു് എന്നും അൎത്ഥമുണ്ടു്. വാഴ്പു് = വൎദ്ധനവു്. അടിപെട്ടു് = സ്തനഭാരംകൊണ്ടു് അല്പം നമിച്ചവരെന്നു താല്പൎയ്യം. മുന്നോട്ടല്പം വളഞ്ഞവർ. ഇതും സൗന്ദര്യംതന്നെ. സ്തനഭരനതാഃ എന്നു മൂലം. പരമാൎത്ഥത്തിൽ വളവില്ല. ആരാജശ്രീമുഖം= ചന്ദ്രശ്രീമുഖം. (രാജാവു് ചന്ദ്രൻ) അലസാക്ഷ്യഭ്രകേശങ്ങൾ = അലസമായ അക്ഷികളും അഭ്രം പോലെയുള്ള കേശങ്ങളും. അലസം = ചഞ്ചലമെന്നിവിടെ അൎത്ഥം. തരളനയനാഃ എന്നു മൂലം. അലസതയാണ് ഇളക്കത്തിനു കാരണം. അഭ്രം=മേഘം. പൂണ്ടു് ഇവ ചേൎന്നെന്നു സാരം. ആരാൽ = അടുത്തു്. മൂലത്തിലെ ആദിപ്രാസത്തിനു പുഷ്ടി കൂടിയുള്ള വിവൎത്തനം. മൂലത്തിൽ തച്ഛബ്ദത്തിലാണു തുടങ്ങുന്നതു്. അതിനു് ആകാരംതന്നെ സ്വീകരിച്ച വിവൎത്തകൻെറ ഔചിത്യത്തിനു് എന്തു വിലകൊടുത്താലും മതിയാകുന്നതല്ല. ഉടനീളം പ്രകാശിക്കുന്നതാണ് ഈ സൗന്ദൎയ്യവും ഔചിത്യവും.

THE KOTTAYAM PUBLIC LIBRARY KOTTAYAM

തല്പാഭ്യാശേ സ്ഥിതവതി ദിവസ്ഥണ്ഡകാന്ത്യാ പതന്ത്യാ
ലിപ്താനാപ്താന്നരസി തരസാ ലുപ്തധൈര്യാനുരോധാഃ
അന്യാസംഗവ്യതികരമിളൽക്കങ്കുമാശങ്കയാ താ-
ന്നാഹന്യസ്താഃ ശുകവര! ദൃശാമഞ്ചലൈശ്ചഞ്ചലാക്ഷ്യഃ.

നീയാകാശത്തണയെ വിതറും
ചുണ്ടണിത്തൊണ്ടിവർണ്ണം
പ്രേയാന്മാറിൽപ്പതിയെ വിരളം
മങ്കമാർ ശങ്കയേന്തി
മായാകേളിക്കിടയിലിടയും
കുങ്കമച്ചാർത്തതെന്നോ-
ർത്തായാളേയെൻ ശുകവര! മിഴി-
ത്തെല്ലിനാൽ തല്ലിടീക്കും. 44

കാമിനീവിലാസവർണ്ണന. അണയുക = അടുക്കുക എന്നർത്ഥം. വിതറുക=ചിതറുക. ചുണ്ടണിത്തൊണ്ടിവർണ്ണം = ചുണ്ടണിയുന്ന തൊണ്ടിപ്പഴത്തിൻെറ നിറം. നല്ല പ്രയോഗം. പ്രേയാൻ=പ്രിയൻ. ശങ്ക = സംശയം. ഏന്തുക = വഹിക്കുക. ശങ്കാധീനകളായിട്ട്. വിരളം മങ്കമാർ. ലുപ്തധൈര്യാനുരോധാഃ എന്നു മൂലം. മായാകേളി=രഹസ്യക്രീഡ. ഇടയുക = തടവുക. ശുകവരൻ = മിടുക്കനായ കിളി. ശ്രേഷ്ഠൻ എന്നും. നിന്റെ സാമർത്ഥ്യമാണല്ലേ അതു് എന്നു ധ്വനി. മിഴിത്തെല്ല് = കടാക്ഷം. തല്ലിടീക്കുക = കളിയിൽ പിഴവരുമ്പോൾ സമാധാനം പറയിക്കുന്ന— അപരാധം ഏററുപറയിക്കുന്ന—പ്രതീതി. മലയാളത്തിൽ ധാരാളം പ്രചാരമുള്ള വാക്കു്. ആഹന്യുഃ എന്നു മൂലം. മനോഹരമായ കടക്കണ്ണു കൊണ്ടു് അടിക്കും എന്നു മൂലാർത്ഥം. അവിടെ അടിമാത്രമേയുള്ളു. ആ സ്ത്രീകളുടെ ശക്തി വ്യംഗ്യം. ഇവിടെ അപരാധം ഏററുപറയിക്കാനും കൂടെ അതിനു ശക്തിയുണ്ടെന്നു കാണാം. ശുകം മുകളിൽ വരുമ്പോൾ അതിൻെറ ചുണ്ടിൻെറ ചുവപ്പുനിറം സമീപത്തു നിൽക്കുന്ന ഭർത്താവിൻെറ മാറിൽപ്പതിക്കുന്നു. അതു കണ്ടു് അന്യാസംഗം എന്നു സംശയിക്കുന്ന ഭാര്യമാർ രൂക്ഷമായ കടക്കണ്ണെറിയുന്നു. അതു പിഴയ്ക്കാത്ത കണവന്മാരെ ദുഃഖിപ്പിക്കുന്നു. സമാധാനം പറയേണ്ടതു് അവരുടെ കർത്തവ്യമാണു്. അവർ വിഷമിക്കുന്നു. കാരണം അതിൽ ഒരു വാസ്തവവുമില്ല. എന്തു ചെയ്യാം. മിടുക്കന്മാർ എന്തെല്ലാം ചെയ്യുന്നു. തൽഗുണം അലങ്കാരം പറയാം. സ്ത്രീകളുടെ പ്രണയകലഹം വ്യഞ്ജിക്കുന്നു. ഭാവന വിശേഷം.

ശക്യം ദ്രഷ്ടും തദനു ശയിതഃ ശേഷപര്യങ്കികായാം
പ്രാലേയാദ്രേരിവ തടഭുവി പ്രാവൃഷേണ്യോംബുവാഹഃ
ഗത്വാ പൂർവ്വം പതഗ! ഭവതാ തിഷ്ഠതാ മണ്ഡപാന്ത-
സ്തംഭേ ശുംഭന്മരതകമണിച്ഛദ്മനാ പത്മനാഭഃ.

മോടിക്കാളും മരതകമിഷാൽ
മണ്ഡപത്തൂണിൽ മുന്നേ
കൂടിക്കൊണ്ടാൽ കിളിമണി! ഭവാ-
നക്ഷിലക്ഷീഭവിക്കും
മൂടിത്തൂമഞ്ഞണിമലമുകൾ-
ത്തട്ടിൽ വന്നൊട്ടിനിൽപ്പോ-
രാടിക്കാർപോലരവമണിമ-
ഞ്ചത്തിലാപ്പത്മനാഭൻ. 45

പത്മനാഭസ്വാമിദർശനം. മരതകം = ഒരുതരം പച്ചരത്നം. മരതകപ്പച്ച എന്നു പറയും. മരകതം എന്നുമാകാം. മിഷം = വ്യാജം. കിളിമണി = കിളികളിൽ ശ്രേഷ്ഠൻ. ഭവാന്ന് അക്ഷിലക്ഷീഭവിക്കും = താങ്കളുടെ കണ്ണുകൾക്ക് കാണാറാകും. തൂമഞ്ഞ് = കളങ്കമില്ലാത്ത മഞ്ഞ്. ഒട്ടുക = ചേർന്നുപിടിക്കുക. ആടിക്കാർ = ആടി(കർക്കടക)മാസത്തിലെ മഴക്കാറ്. അരവമണിമഞ്ചം = അരവമണിയാകുന്ന മഞ്ചം. അരവമാകുന്ന മണിമഞ്ചം എന്നും. അരവം = സർപ്പം. മണി = രത്നം. അനന്തൻ സർപ്പശ്രേഷ്ഠനാണല്ലോ. പത്മനാഭൻ അക്ഷിലക്ഷീഭവിക്കും എന്നന്വയം. നീ മണ്ഡപത്തിന്റെ ഒരു തൂണിൽ നേരത്തേ എത്തിക്കൊള്ളണം. അഭിമുഖമായെന്നു സാരം. നിന്നെ കിളിയെന്ന് ആരും അറിയുകയില്ല. ആ തൂണിൽ ഒരു പച്ചരത്നം പതിച്ചിരിക്കുകയാണെന്നു വിചാരിക്കും. കൈതവാപഹ്നുതി. ഹിമാലയപർവ്വതത്തിന്റെ മുകളിൽ മഞ്ഞു കൂടിക്കിടക്കുന്നതിന്റെ ഉപരിഭാഗത്ത് കർക്കടകമാസത്തിലെ മഴക്കാറ് പററിപ്പിടിച്ചിരിക്കുന്നതുപോലെ തൂവെള്ളയായ അനന്തന്റെ മുകളിൽ കാർമേഘസദൃശനായ ശ്രീപത്മനാഭസ്വാമി ശയിക്കുന്നതു കാണാം. നല്ല ഭാവന. ഉപമാലങ്കാരം.

നത്തക്യോഗ്ര്യാഃ സുരചലദൃശോ നാഗഭോഗോ$^{f}$തിമൃദ്വീ
ശയ്യാ ഭൂയഃ പരിമളഭരാ ഭൂഷണം വൈജയന്തീ
വീണാചുഞ്ചുർമ്മുനിരപി വിഭോ! ഗായകഃ സ്വാദനീയാ
ലക്ഷ്മീദന്തച്ഛദനവസുധാ ഭാഗ്യസീമൻ! നമസ്തേ.

ആടാനന്യൂനകളമരിമാർ
നേർത്ത നാഗം കിടക്കാൻ
വാടാമാല്യം വളർമണമെഴും
വൈജയന്തീ വിഭൂഷാ
പാടാൻ വീണാപടു മുനിവരൻ
പൂമകൾച്ചോരിവായ്ത്തേൻ
ചൂടാറാതുണ്ടയി! നുകരുവാൻ
ഭാഗ്യസീമൻ! തൊഴുന്നേൻ. 46

ഭഗവദ്വന്ദനം: ആടാൻ=നൃത്തത്തിനു്. അന്യൂനകൾ=ശ്രേഷ്ഠകൾ. യാതൊരു കുറവുമില്ലാത്തവർ. സ്ത്രീരത്നങ്ങളെന്നു സാരം. അമരിമാർ=ദേവസ്ത്രീകൾ. നേർത്ത=നേർമ്മയുള്ള (മൃദുവായ) നാഗം. സർപ്പം. ഇവിടെ അനന്തൻ. വാടാമാല്യം=ഒരിക്കലും വാടാത്ത മാല. വളർമണം=വർദ്ധിച്ചുകൊണ്ടിരിക്കുന്ന സുഗന്ധം. വൈജയന്തീ=ഭഗവാന്റെ വിശിഷ്ടമായ വനമാലയുടെ പേരു്. വിഭൂഷ=ആഭരണം. വീണാപടു=വീണ വായിക്കുന്നതിൽ സമർത്ഥൻ. ചൂടാറാതെ=ചൂടു മാറിയിട്ടില്ലാത്തതു്. എന്നുവച്ചാൽ നവനവമായതെന്നു സാരം. നുകരുക=ആസ്വദിക്കുക (കുടിക്കുക). ഭാഗ്യസീമൻ=ഭാഗ്യത്തിന്റെ അതിരുവരെ എത്തിയവൻ. ഭാഗ്യം തികഞ്ഞവനെന്നു താല്പര്യം. ഭഗവൽപ്രസാദമാണു് ഭാഗ്യത്തിനു ഹേതു. അതുകൊണ്ടു ഭാഗ്യവാന്മാർ ഭഗവൽഭക്തന്മാർ. അവരെക്കണ്ടാൽ നമസ്കരിക്കണം. ഭാഗ്യസീമാവായ ഭഗവാനെ ദർശിക്കുവാനിടയായാലോ? അതുകൊണ്ടാണു് ഉടനേ തൊഴുന്നേൻ എന്നു പറഞ്ഞിരിക്കുന്നതു്. ശ്രേഷ്ഠകളായ ദേവസ്ത്രീകളുടെ നൃത്തം കണ്ണിനും മൃദുവായ അനന്തശയ്യ ത്വക്കിനും മണം തികഞ്ഞ വൈജയന്തീമാല മൂക്കിനും നാരദമുനിയുടെ വീണവായന ചെവിക്കും പുതിയ പൂമകൾച്ചോരിവായ്ത്തേൻ രസനയ്ക്കും ആനന്ദം തരുന്നു. എന്തൊരു പഞ്ചേന്ദ്രിയവിഷയനിർവൃതി! അവിടുന്നു ഭാഗ്യസീമാവുതന്നെ. സർവ്വവും തികഞ്ഞു. വിവർത്തനം വളരെ വളരെ കേമം. അസ്സൽ നമ്പൂരിഫലിതം.

ഇത്ഥം നത്വാ നരകമഥനം ദേവമത്രൈവ രാത്രാ-
വദ്ധ്വശ്രാന്തിം പരിഹര ബഹിശ്ചൂതഷണ്ഡാഗ്രശായീ
ക്ലാന്താം കാന്താം പ്രതി ഗുരുശുചം മാം ച ഭൂൽ സാഹസികൃം
മാ തേ മാർഗ്ഗപ്ളുതിഷു, വിദുഷാം സാധനേ സാദ്ധ്യയത്നഃ.

കണ്ടാരാലിങ്ങനെ തൊഴുതു നീ
ദേവനെ, താവളം കൈ-
ക്കൊണ്ടാലും പോയിരവിലരികേ
രാവിലാ മാവിലെങ്ങാൻ
തിണ്ടാടല്ലേ വഴിയിലധികം
കേഴമെൻ കാന്ത ഞാനീ-
രണ്ടാളേയും കരുതിയറിവോ-
രാവതേ താവു യത്നം. 47

പക്ഷികൾ വിശ്രമം. നീ ദേവനെ ആരാൽക്കണ്ടു തൊഴുതു് രാവിൽ അവിടെയരികേ മാവിലെങ്ങാൻപോയ്ത്താവളം കൈക്കൊണ്ടാലും എന്നന്വയം. രാത്രിയാണു് ദൂരെപ്പോകരുതു്. ക്ഷേത്രത്തിനു വെളിയിൽ അടുത്തുള്ള മാവിൻെറ ഏതെങ്കിലും ശാഖയിൽ എന്നു സാരം. കേഴമെൻ കാന്ത, ഈ ഞാൻ, ഈ രണ്ടാളേയും കരുതി വഴിയിലധികം തിണ്ടാടല്ലെ. എന്നാണു് അന്വയം. ദയിതയുടെ കാര്യം ഒന്നാമതു്. രണ്ടാമതു തൻെറ. രണ്ടുപേരും ദുഃഖമുള്ളവർ. സഖിയും സഖാവും. യോഗ്യന്മാർ അവൾക്കുവേണ്ടിത്തിണ്ടാടും. പക്ഷേ, അതധികമായാൽ കാര്യഹാനിയും ശരീരാസ്വാസ്ഥ്യവും ഭവിക്കും. അതരുതെന്നു താല്പര്യം. ബുദ്ധിമാന്മാർ ആവതേ യത്നം താവൂ. ചെയ്യാവുന്നേടത്തോളം പ്രയത്നമേ കൈക്കൊള്ളുകയുള്ളൂ. നീ ബുദ്ധിമാനായതുകൊണ്ടു് വിശ്രമിച്ചു് യാത്രതുടരുകയാണു് കർത്തവ്യമെന്നു താല്പര്യം. അർത്ഥാന്തരന്യാസം അലങ്കാരം.

രത്യായാസഗ്ലപിതവപുഷാം യോഷിതാം ഘർമ്മലേശൈഃ
സിക്തോ നക്തം പഥികമിഥുനപ്രേക്ഷിതൈഃ പീതശേഷഃ
വാതസ്തോകോച്ഛ്വസിതകമലോൽഗന്ധിരുൽ–
ബോധയേൽ ത്വാ–
മാവിസ്പഷ്ടൈരളിഭിരുഷസി വ്യക്തമംഗല്യഗീതിഃ

മാരക്രീഡാമഥിതമടവാർ
വേപ്പ്മേററീപ്പ്മാന്നും
ദൂരത്താളും പ്രിയർമിഴികളാ–
ലുണ്ടതിൻ ചണ്ടി രാവിൽ
സ്മേരശ്രീമൽസരസിജമണം
പൂശിയും നിന്നെയേററം
നേരത്തേ മാരുതനളികളാൽ
വാഴ്ത്തുവോൻ വന്നുണത്തും. 48

മാരുതനായ വൈതാളികൻ നേരത്തേവന്നുണത്തും എന്നു പറയുന്നു. മാരക്രീഡാമഥിതമടവാർ=മാരക്രീഡയിൽ മഥിതരായ മടവാർ. മാരക്രീഡ=കാമകേളി. മഥിതർ=മട്ടിക്കപ്പെട്ടവർ. പീഡാകരമെങ്കിലും സുഖകരം. മടവാർ=സ്ത്രീകൾ. ഈപ്പം=നനവു്. ചണ്ടി=ശേഷിച്ചതു്. സ്മേരശ്രീമൽസരസിജമണം=വികസിച്ചതും ശ്രീമത്തും ആയ സരസിജ(താമര)ങ്ങളിൽനിന്നുള്ള മണം, സുഗന്ധം. ഒരു സ്ത്രീയുടെ വിവശത മറെറാരുത്തിക്കു് പുഞ്ചിരിയുണ്ടാക്കുമെന്നു വ്യംഗ്യം. താമര അല്പം വികസിച്ചതു് പുഞ്ചിരിയിട്ടതാണെന്നു വിവക്ഷ. അളി=വണ്ടു്. വികസിച്ച താമരകളിൽ വണ്ടുകൾ മൂളിക്കൊണ്ടു് പറന്നെത്തുന്നതു് വന്ദിഗാനമെന്നു സങ്കല്പം. വിശേഷണങ്ങൾ വായുവിൻെറ ശീതളതയേയും മാന്ദ്യത്തേയും സുഗന്ധത്തേയും വെളിപ്പെടുത്തുന്നു. ദൂരത്താളും പ്രിയർ "പഥിക"ശബ്ദത്തിൻെറ വിവത്തനം. "പഥികാനാം വിരഹിണാം" എന്നു മാനവേദ വ്യാഖ്യാനം.

പത്യാദിഷ്ടശ്ചിരവിരഹിതാം പത്മിനീം ദ്രഷ്ടുമിഷ്ടാം
മധ്യേ മന്ദീഭവതി ന പുരഃ പ്രസ്ഥിതോ രശ്മിപുഞ്ജഃ
ഇത്യാഖ്യാതഃ സ്ഫുടമിവ പടുവ്യാഹൃതൈസ്താമ്രചൂഡൈ-
ര്യാമേ രാത്രേസ്തദനു ചരമേ ഗന്തുമേവാരഭേഥാഃ.

അന്നാഥന്‍ കൈയകലെ നളിനീ-
കാന്തയെത്തേടുവാനായ്
മുന്നാലേ വിട്ടൊരു കതിരിനം
മുട്ടുകില്ലൊട്ടു ചെന്നാല്‍
എന്നായോതുംപടി പടുതയില്‍
കോഴി കൂവുമ്പൊള്‍ നന്നായ്
സന്നാഹം ചെയ്തിരവറുതിയില്‍
പോകുവാനാകെ നീയും. 49

പ്രഭാതവര്‍ണ്ണന. നാഥന്‍=ഭര്‍ത്താവ്. കൈയകലെ=ദൂരെ. നളിനീകാന്ത=നളിനിയാകുന്ന കാന്ത. നളിനി=താമരപ്പൊയ്ക. തേടുക=അന്വേഷിക്കുക. മുന്നാലെ=മുമ്പെ. കതിര്‍=കിരണം. മുട്ടുക=തടസ്സപ്പെടുക. ഒട്ട്=കുറച്ച്. പടുത=സാമര്‍ത്ഥ്യം. സന്നാഹം=ഒരുക്കം. ഇരവറുതി=രാത്രിയുടെ അവസാനം. വെളുപ്പാന്‍കാലം. കോഴികൂവുമ്പോള്‍ നീ പുറപ്പെട്ടുകൊള്ളുക. കോഴിയുടെ നാദത്തിന്റെ അര്‍ത്ഥമെന്ത്? നാഥന്‍ ദൂരെയാണ്. നളിനിയാകുന്ന കാന്തയെത്തേടുവാന്‍ ദൂതനെ അയയ്ക്കുകയാണെന്നു പറയുന്നുവോ എന്നു തോന്നും. സൂര്യന്റെ ദൂതന്‍ കിരണമാണ്. സൂര്യകിരണം സഞ്ചരിക്കുന്നതുപോലെ നീയും വേഗം പോകണമെന്നു ധ്വനി. കിരണത്തിന് ഒട്ടുചെന്നാല്‍ തടസ്സം തട്ടാത്തതുപോലെ നിനക്കും വിഘാതം വരികയില്ലെന്നു ഭാവം. ഉല്‍പ്രേക്ഷാലംകാരം. വിരഹിയായ നായകന്‍ ദൂരെയിരുന്നു വിരഹിണിയായ നായികയ്ക്കു ദൂതുപറഞ്ഞയയ്ക്കുന്ന പ്രതീതി.

ക്രൂരൎറപ്രാപ്താൽ ക്ലിശിതമസകൃൽ ഗച്ഛ ഗച്ഛേതി ജല്പൻ
ദേ്വഷ്യോഹിസ്യാദപി പരവതാം സൈ്വരിണാം കാ കഥേതി
താമ്യന്നേവം ന ഖലു നിഖിലം സൗമ്യജാനേ! ന ജാനേ
ബന്ധുസ്നേഹഃ ശ്ലഥയതി ധൃതിം ബഹ്വപായാനുദശീ.

THE KOTTAYAM PUBLIC
KOTTAYAM.

വല്ലാതെത്തും പരിജനമൊട്ടും
പോകപോകെന്നു വീണ്ടും
ചൊല്ലാൻപോയാലിടയുമതിലും
പിന്നെയോ തന്നിടക്കാർ
എല്ലാമീ ഞാനവശനറിയാ–
തല്ല സദ്വല്ലഭാത്മൻ!
ചെല്ലാ ധൈര്യം പ്രിയമെവിടെയും
കാണ്മതാപത്തുമാത്രം. 50

ഒരു ലോകസ്വഭാവം: വല്ലാതെത്തും = വളരെ വിഷമിച്ചു ക്ലേശം സഹിച്ചു വന്നെത്തുന്ന. പരിജനം = ഭൃത്യജനം. ഇടയും = ദേഷ്യപ്പെട്ടും. അവനും രസിക്കുകയില്ലെന്നൎത്ഥം. തന്നിടക്കാർ = നിന്നെപ്പോലെയുള്ള വർ. സ്വതന്ത്രന്മാരെന്നു സാരം. അവശൻ = വശംകെട്ടവൻ, പരവശൻ. സദ്വല്ലഭാത്മൻ = സദ്വല്ലഭയോടുകൂടിയവൻ. നല്ല ഭാൎയ്യയുടെ ഭൎത്താവാ യവൻ—"സൗമ്യജാനേ" എന്ന മൂലത്തിന്റെ വിവൎത്തനം. പ്രിയം = ബന്ധുപ്രിയം (ബന്ധുസ്നേഹം). പ്രിയം എവിടെയും ആപത്തുമാത്രം കാണുന്നതാണു്. ധൈൎയ്യം ഒരിടത്തും ചെല്ലുകയില്ല. 'സ്നേഹഃ പാപ ശങ്കീ' എന്നുണ്ടല്ലൊ? പൂൎവ്വാൎദ്ധം സാധാരണസ്വഭാവം പറഞ്ഞു. അൎത്ഥാ പത്തി അലങ്കാരം.

പ്രാലേയാശ്രുസ്നപിതവസുധം മ്ലാനതാരാനുസാരം
പാണ്ഡുച്ഛായം മുഖമിവ പയോജാരിബിംബം ദധാനാം
വേലാം ബാലാമിവ, വിരഹിണീം പശ്യതസ്തേ ദയാലോ!
നിദ്രാതന്ദ്ര്യൗ വ്യവസിതിമിമാം ശക്ഷ്യതഃ കിം നിരോദ്ധും.

ചാരംപോലായ് മുഴമതിമുഖം
താരകാഭിഖ്യ പോയ് നീ-
ഹാരക്കണ്ണുനീരൊഴുകി വഴകി-
പ്പാരശേഷം കൃപാലോ!
നേരപ്പെൺപൈതലിനെ വിരഹാ-
വസ്ഥയിൽക്കാൺകെ നീ,ന്നീ-
യാരംഭത്തേ മടിതുയിലുകൾ-
ക്കാകുമോ? മാററി നിത്താൻ. 51

പ്രഭാതം: മുഴമതിമുഖം=പൂണ്ണചന്ദ്രനാകുന്ന മുഖം. പ്രഭാതത്തിന്റെ മുഖമാണല്ലൊ ക്ഷീണചന്ദ്രൻ. മുഴമതിപോലെയുള്ള മുഖമെന്നും. താരകാഭിഖ്യ=താരക(നക്ഷത്ര)ങ്ങളുടെ. അഭിഖ്യ=ശോഭ. പോയി=ഇല്ലാതെയായി—കൃഷ്ണമണിയുടെ പ്രഭയെന്നും. നീഹാരക്കണ്ണുനീർ=നീഹാരമാകുന്ന കണ്ണുനീരു്. നീഹാരം=മഞ്ഞു്. നീഹാരംപോലെയുള്ള കണ്ണുനീരെന്നും. പാരശേഷം=ഭൂമിമുഴവൻ. രണ്ടുപക്ഷത്തിലും. കൃപാലോ=ദയയുള്ളവനെന്നു സംബുദ്ധി. നീ കൃപാലുവായതുകൊണ്ടു് താമസം വരുത്തുകയില്ലെന്നു ധ്വനി. നേരപ്പെൺപൈതൽ=കാലമാകുന്ന പെൺകിടാവു്. 'വേലാം ബാലാം' എന്നു മൂലം. വിരഹം=വേർപാടു്. തുയിൽ=ഉറക്കം. "പാലാഴിയിൽ തുയിൽകൊള്ളുന്ന" എന്നു ഭാരതം. പ്രഭാതമാകുന്ന വിരഹിണിയെക്കാണുമ്പോൾ നീ എന്റെ ബാലയായ ദയിതയെച്ചിന്തിക്കുമെന്നും മടിയും ഉറക്കവും വകവയ്ക്കാതെ ഉടൻ പുറപ്പെടുമെന്നും വ്യംഗ്യം. രൂപകസ്പൃഷ്ടമായ ശ്ലിഷ്ടോപമ അലങ്കാരം.

വൈതത്യേന, സ്ഫുടരവതയാ, കൈടഭാരേഃ പദത്വേ-
നോന്നിദ്രാണോല്പലരുചിതയാ, ചാലമുക്തൈഃ പ്രഭൂതൈഃ
തൈസ്തൈസ്തൈഃ സ്പർദ്ധിന്യപി ജലധിനാ പക്ഷപാതീ ത്വമഭ്രേ
താടസ്ഥ്യം ന ത്യജ നയജുഷാമേഷ പന്ഥാ നിരുദ്ധഃ

ആ വിസ്താരം, നിറയുമൊലിവാ-
യ്പാഴിവണ്ണൻ പദശ്രീ
താവിക്കൊള്ളും കുവലയനിറം
വേണ്ട, മറേറതുകൊണ്ടും
ഭാവിക്കുന്നു കടലൊടിടയും
വാനിൽ നീ പക്ഷപാതം
കൈവിട്ടീടൊല്ലിടനില നയ-
ജ്ഞന്നതാണുട്ടമാർഗ്ഗം. 52

വഴിപറയുന്നു: സമുദ്രതീരംവഴിയാണയയ്ക്കുന്നതു്. വിസ്താരം=വിരിവു്. സമുദ്രത്തിനും ആകാശത്തിനും പരപ്പു തുല്യം. നിറയുമൊലിവായ്പു= സമുദ്രത്തിൽ തിരമാലയുടെ ഇരമ്പൽ. ആകാശം ശബ്ദഗുണപ്രധാനമാണല്ലോ. ആഴിവണ്ണൻ=കടൽവണ്ണൻ. മഹാവിഷ്ണു. പദശ്രീ സ്ഥാനശോഭ എന്നും പാദശോഭ എന്നും. മഹാവിഷ്ണുവിൻെറ സ്ഥാനം കടൽ. വിഷ്ണുപദം എന്നു് ആകാശത്തിനു പേരു്. 'കടൽവണ്ണൻ' എന്ന പേരു് ലക്ഷ്മീദാസൻെറ കുടുംബത്തിൽ പരമ്പരയാ ഒരാൾക്കെങ്കിലും ഇന്നുമുണ്ടെന്നുള്ളതു ശ്രദ്ധേയമാണു്. കുവലയനിറം=നീലോല്പലകാന്തി. നീലനിറം. ശരൽക്കാലത്തു് ആകാശം നീലനിറമായിരിക്കും. സമുദ്രത്തിനും അതുതന്നെ. വേണ്ട=മതി. ഏതുകൊണ്ടും തുല്യം. ഉപമ. പക്ഷപാതി=പറക്കുന്നവൻ. ചേരിചേൎന്നു നിൽക്കുന്നവൻ എന്നും. ഇപ്പോൾ നീ ഏതുകൊണ്ടും കടലിനോടു മത്സരിക്കുന്ന ആകാശത്തിൽ പക്ഷപാതിയായി(പറക്കുന്നവനായി)രിക്കുന്നു. (ചേരിചേൎന്നവൻ എന്നു ഫലിതം). അതുകൊള്ളുകയില്ല. വമ്പന്മാരായ രണ്ടാൾ മത്സരിക്കുമ്പോൾ നിന്നെപ്പോലെ നയശാലിയായ ആൾക്കു് ഇടനില(താടസ്ഥ്യം)യിൽ—രണ്ടിലും പെടാതെ—നിൽക്കുന്നതാണു് സൂത്രമായ വഴി എന്നു നയതന്ത്രം ഉപദേശിക്കുന്നു. ഇവിടെ തിരുവനന്തപുരം മുതൽ കടൽത്തീരം വിടാതെ പോയാൽ ഗുണകയിലെത്താമെന്നുള്ള സൂത്രവഴി വ്യംഗ്യം. തിരുവനന്തപുരം മുതൽ കൊല്ലം, തിരുവല്ലാ, കടുത്തുരുത്തി, തൃപ്പൂണിത്തുറ, കൊടുങ്ങല്ലൂർവഴിയാണു് കടൽത്തീരം അന്നു കിടന്നിരുന്നതെന്നു തോന്നുന്നു. ഭൂപ്രകൃതിശാസ്ത്രജ്ഞന്മാരുടേ ഗവേഷണം ആ വഴിക്കു തിരിയേണ്ടതാണു്. ഉത്തരാൎദ്ധം വിരോധാഭാസം.

ശ്യേനശ്രേണ്യാ തവ സുരസയേവാഞ്ജനേയസ്യ പൂർവ്വം
ഭക്ഷാർത്ഥിന്യാ പഥി പരിപതേദന്തരാ യോഽന്തരായഃ
ഉല്ലങ്ഘ്യഃ പ്രാഗുപശമയ തം യേനകേനാപ്യുപായേ-
നോല്പന്നായാം വിപദി സപദി പ്രാപ്യതേ നൈവ മോക്ഷഃ

കാററിൻപുത്രന്നൊട്ട സുരസപോൽ
വൻപരുന്തിൻ സമൂഹം
തീററിക്കായ് നിൻ ചുഴലെ വഴിമേ-
ലെത്തുമാപത്തുടൻ നീ
മാററിക്കൊൾകണ്ടണവതിനുമു-
മ്പേതുമട്ടെങ്കിലും വ-
ന്നേററിട്ടായാൽക്കെട്ടതിയൊഴിവായ്-
ക്കിട്ടുകില്ലൊട്ടുമേതാൻ. 53

മാർഗ്ഗതടസ്സത്തിൽനിന്നൊഴിയണം. കാററിൻപുത്രൻ=ഹനുമാൻ. സുരസ=നാഗമാതാവ്. ഹനുമാൻ സമുദ്രം ചാടിക്കടക്കുന്നമദ്ധ്യേ ദേവകളുടെ അപേക്ഷപ്രകാരം ശക്തിപരീക്ഷണത്തിനു വന്ന പുരാണകഥ. ചുഴലെ = ചുററിലും. അണയുക=അടുക്കുക. വന്നേററിട്ട=വന്നുഭവിച്ചിട്ട്. കെട്ടതി=നാശം. ഒട്ടും=അല്പവും (തീരെ). സമുദ്രതീരത്ത് പരുന്തുകൾ അധികമുണ്ടെന്നും അവ കിളിയെക്കൊന്നുതിന്നുമെന്നും അതുവരുതെന്നും വിവക്ഷ. നീ ഹനുമാനെപ്പോലെ ബുദ്ധിമാനാണ്. രക്ഷപ്പെട്ടുകൊള്ളും. എങ്കിലും ആപത്തു മുൻകൂട്ടി അറിയിക്കുകയാണ്. സുഗ്രീവനും ഛായാപഹാരിണിയുടെയും മററും കാര്യങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. ആപത്തു വരുന്നതിനുമുമ്പ് രക്ഷനേടിക്കൊള്ളണമെന്നു ധ്വനി. ഉദാത്തമലങ്കാരം.

കൂലേ ഭാന്തീമഥ കുലപുരീം കൂപകാധീശ്വരാണാം
ലക്ഷ്മീസാക്ഷാൽകൃതിസമുചിതേ പശ്യ രത്നാകരസ്യ
ഭൂയോപ്യാത്മപ്രമഥനഭിയാ തേന വിശ്വോപഭോഗ്യേ
ന്യസ്തേവാസ്മിന്നുദരകുഹരാദ്യാ പുരാം രത്നഭൂതാ.

മുന്നിൽ കാണാം കടലരികിലാ-
യോടനാട്ടുഴിപന്മാർ
തന്നിച്ഛാർഹം കുലപുരി സദാ
പത്മജാസത്മമായി
ഇന്നിത്തന്നെക്കടയുമഴലോ-
ത്തുള്ളിൽനിന്നാഴി ലോക-
ക്കൊന്നിച്ചാളാനതിലൊരു പുരീ-
രത്നമർപ്പിച്ചമട്ടിൽ. 54

കൊല്ലം പട്ടണം: ഓടനാട്ടുഴിപന്മാർ=ഓടനാട്ടിന്റെ രാജാക്കന്മാർ. ദേശിങ്ങനാട്ട്, ഓണാട്ട്, ഓടനാട്ട് ഇങ്ങനെ പല പേരുകളും കായങ്കുളത്തിനുണ്ട്. കൂപകം എന്നും കാണുന്നു. കൂപകാധീശ്വരാണാം കുലപുരീം എന്നു മൂലം. ഇച്ഛാർഹം = ഇച്ഛയ്ക്ക് അർഹ(അവകാശ)മായ വിധമുള്ളതു്. കുലപുരി=രാജധാനി. പുരി=പട്ടണം. പത്മജാ = ലക്ഷ്മീദേവി. സത്മം = ഗൃഹം. ഐശ്വര്യദേവതയുടെ ഇരിപ്പിടം. ഇന്നി= ഇനിയും. കടയുക = മഥിക്കുക (കലക്കുക), തയിർ കടയുന്നതുപോലെ. പണ്ട് പാൽക്കടൽ കടഞ്ഞു. അതിലുണ്ടായിരുന്ന ഓരോ ഇനത്തിലുമുള്ള രത്നങ്ങൾ—അശ്വരത്നം, ഗോരത്നം, വൃക്ഷരത്നം മുതലായവ—പലതും എടുത്തു പങ്കിട്ടു. അന്നു് പുരീരത്നം കിട്ടിയില്ല. അതിനുവേണ്ടി ഇനിയും കടഞ്ഞേക്കും. ആ ദുഃഖത്തിനിടവരുത്തേണ്ട. എല്ലാവർക്കുംകൂടി ഒരു പുരീരത്നം കൊടുത്തേക്കാം എന്നുവച്ച് കൊടുത്തതോ എന്നുൽപ്രേക്ഷിക്കുന്നു. അഴൽ = ദുഃഖം. ഒന്നിച്ചാളാൻ=ഒന്നിച്ചനുഭവിക്കുവാൻ. പക്ഷഭേദം കൂടാതെയെന്നർത്ഥം. പുരീരത്നം = പട്ടണരത്നം (പട്ടണങ്ങളിൽ ശ്രേഷ്ഠം). ഇനി രത്നങ്ങൾക്കുവേണ്ടി ആരും തന്നെക്കടയണ്ട എന്നുവച്ച് സമുദ്രം പരക്കെ അനുഭവിക്കുവാൻ കൊടുത്ത പുരീരത്നമായിരിക്കാം കൊല്ലം പട്ടണം എന്നു തോന്നുമെന്നു സാരം. കൊല്ലം സമുദ്രത്തിൽനിന്നുയർന്നു വന്നതാണെന്നു ധ്വനി. "കൊല്ലം കണ്ടാലില്ലം വേണ്ട" എന്ന ചൊല്ലിൽനിന്നു് അതിന്റെ മഹത്വം ദ്യോതിക്കുന്നു. സമുദ്രത്തിനു പക്ഷപാതമില്ലെന്നു വിവക്ഷ. ഉൽപ്രേക്ഷ അലങ്കാരം. ഉദാത്തവും.

ആവ്യണ്ണപാനാ വിവശമനുയാതാളിവൃന്ദേഷ്വളിന്ദേ -
ഷ്വംഗൈരംഗാന്യമിതമദനോന്മത്തനാർദ്ദ്രക്ഷതാനി
കാന്തേഷ്വന്തഃസ്മയിഷ്യ കലയാക്രാന്തരോഷാനുഷംഗാഃ
കല്യാണാഖ്യാഃ ശുക! പികഗിരഃ കാല്യമാലോകനീയാഃ.

മാരക്രീഡാനഖവട്ട നിജാ-
ങ്ഗങ്ങളാൽ മൂടിയും, മെയ്
പാരം വാടി, പ്രിയസഖികളോ-
ടൊത്തൊരോ പൂമുഖത്തും
നേരത്തെത്തെ, പ്രിയർ പരിഹസി-
ക്കുമ്പൊളാനന്ദമേകും-
പേരഞ്ചുംപെൺകൊടികളിടയും
മട്ട കാണേണ്ടതത്രേ. 55

നാഗരികസ്ത്രീകൾ: മാരക്രീഡാനഖവട്ട = മാരകേളിക്കിടയിലുള്ള നഖവട്ട. നഖവട്ട = നഖക്ഷതം. തലേദിവസം ഉണ്ടായ രാത്രികേളിയിൽ സംഭവിച്ച നഖക്ഷതം. നിജാംഗങ്ങൾ = തൻെറ അവയവങ്ങൾ. കവിളിലും മററും ഉണ്ടായതു് കൈകൾകൊണ്ടും, സ്തനങ്ങളിലും മററും ഉണ്ടായതു് കൈത്തണ്ടുകൊണ്ടും എന്നെല്ലാം ധരിക്കണം. മെയ് = ശരീരം. വാട്ടുക = പാരവശ്യംകൊണ്ടു തളരുക. നിറംമാറുക എന്നും. പ്രിയസഖികൾ = ഏററവും പ്രിയപ്പെട്ട തോഴിമാർ. പൂമുഖം = ഗൃഹത്തിൻെറ മുൻഭാഗം. പ്രിയർ = കാമുകരെന്നിവിടെ അർത്ഥം. ആനന്ദമേകും പേരഞ്ചും = കേൾക്കുമ്പോൾത്തന്നെ ആനന്ദം (രത്യാഗ്രഹം) ജനിപ്പിക്കുന്ന പേരുള്ള. മേദിനീവെണ്ണിലാവു്, മദനചന്ദ്രിക, വസന്തസേന ഇത്യാദി. പെൺകൊടികൾ = സുന്ദരീരത്നങ്ങൾ. ഇടയുക = പിണങ്ങുക. നേരത്തേ പൂമുഖത്തു മനോഹരാംഗികൾ വന്നുചേരുന്നു. ആനന്ദാതിരേകമേകുന്ന പേരുടയവർ. തലേദിവസത്തെ രതിക്രീഡയിലുണ്ടായ നഖക്ഷതത്തെ മറയ്ക്കുന്നവർ. കാമുകർ ആ നിലക്കാരെ നോക്കിച്ചിരിയൊതുക്കുന്നു. അപ്പോൾ അവക്കു് ഈർഷ്യാകലഹം ഉണ്ടാകുന്നു. ഇതെല്ലാം കാണേണ്ടതുതന്നെ. നിനക്കും. കണ്ടേ പോകാവൂ എന്നു പ്രാർത്ഥന. ഇങ്ങനെ ഈ സമയത്തു് എൻെറ ഭാര്യയും അവിടെ ഇരിക്കേണ്ടതാണല്ലോ എന്നു് ഓർത്തു് വിരഹമാൽ വർദ്ധിക്കുന്നു എന്നു് വ്യംഗ്യം.

ലോകത്രയ്യാമഖിലതനുഭൃല്ലോചനൈകാവലംബേ
കോളംബേസ്മിൻ കചന ഭവതഃ കോപി മാ ഭൂദവിളംബഃ
അല്പീയസ്യാമപി പരിചിതാവന്യദേശാതിശായി-
ന്യാശ്ചര്യാണാമഹമഹമികാ കസ്യ കർഷേന്ന ചേതഃ.

തെല്ലല്ലീ മൂന്നുലകുമുടയോ-
ക്കൊററ ലാക്കാകുമാത്തെൻ-
കൊല്ലത്തെങ്ങും ശുകവര! ഭവാൻ
കൊള്ളൊലാ തെല്ലമാന്തം
വല്ലപ്പോളാകിലുമുലകിടം
വെന്നതിൽക്കൺപതിഞ്ഞാ-
ലുല്ലംഘിപ്പോരതിശയമെവ-
ന്നുൾക്കളം കക്കുകില്ല. 56

കൊല്ലത്തെ വണ്ണിക്കുന്നു: തെല്ല് = അല്പം. മൂന്നുലകും = മൂന്നു ലോകവും. ലോകത്രയ്യാം എന്നു മൂലം. മൂന്നുലകുമുടയോർ = മൂന്നു ലോകത്തുമുള്ളവർ. നാഥരെന്നും. ഒററ ലാക്ക് = ഒരേ ഉന്നം. എല്ലാ ലോകത്തുമുള്ളവർ ഇവിടെ വരുവാൻ ലാക്കുനോക്കുന്നു എന്നു ധ്വനി. സകല ദിക്കുകാരും വ്യാപാരത്തിനും മററുമായി വന്നുകൊണ്ടിരുന്നുവെന്നു ചരിത്രകാരന്മാർ പറയുന്നു. തെൻകൊല്ലം = തെക്കുള്ള കൊല്ലം. വടക്ക് പന്തലായിനിക്കൊല്ലമുണ്ട്. ഈ കൊല്ലത്തിന്ന് കുരക്കേണികൊല്ലമെന്നും പറഞ്ഞിരുന്നു. അമാന്തംകൊള്ളൊലാ=അമാന്തിക്കരുത്. ഉലകിടം വെന്നതിൽ= ലോകം ജയിച്ചതിൽ. വല്ലപ്പോളാകിലും=എപ്പോളെങ്കിലും. കൺപതിഞ്ഞാൽ എന്നന്വയം. ഉല്ലംഘിക്കുക=അതിരു കവിയുക. നിന്ദ എന്നും. അതിശയം=അത്ഭുതം. അവിടെ അമാന്തിച്ചു പരിചയം വരുത്തരുത്. കാണുവാൻ പലതും ഉണ്ടാകും. അധികം അതിശയം തോന്നിക്കുന്ന വസ്തുവിനെ നോക്കിനിന്നുപോകും. കാലം പോകുന്നതറിയുകയില്ല. അങ്ങനെ വരരുതെന്നു പ്രാർത്ഥന. ഉൾക്കളം കക്കുക=മനസ്സപഹരിക്കുക. ഉൾക്കളം കക്കുകില്ല പിടിച്ചുപറിക്കുകതന്നെ ചെയ്യുമെന്നർത്ഥം. നല്ല പ്രയോഗം. എവന്നുൾക്കളം കക്കുകില്ല. "കസ്യ കർഷേന്ന ചേതഃ" എന്ന മൂലത്തിൻെറ കൈകണ്ട വിവർത്തനം.

അഗ്രേ സിന്ധുദ്വയമഥ പുരീ കാപ്യഭീഷ്ടാമമുഷ്യാം
കേളീലാസ്യസ്മരണഗുരുഭിഃ കേതുലോലൈർദ്ധ്രുകൂലൈഃ
വ്യംഗ്യോത്തംസൈരിവ രസവിദഃ സൽക്കവീനാം
പ്രബന്ധൈഃ
പ്രീതിമ്മന്യേ മനസി ഭവതഃ സ്ഫീതതാമേഷ്യതീതി.

ആറും രണ്ടുണ്ടൊരു പുരിയുമൊ-
ട്ടങ്ങിവക്കാ ധ്വജത്തിൽ
പാറും ലീലാനടനഗുരുവാം
നൽക്കൊടിക്കൂറയാലേ
ഊറും വ്യംഗ്യാൽ സുകവികൃതിയിൽ
സദ്രസജ്ഞക്കുപോൽ വൻ-
പേറും നൂനം പ്രമദമയി നിൻ-
ഹൃത്തിലെന്നോർത്തിടുന്നേൻ. 57

ഇനിയും ഒരു പുരി കാണാം: അതും ഈ രാജാക്കന്മാരുടേതുതന്നെയാണ്. കായംകുളം (ചിറവാസ്വരൂപം) രാജാക്കന്മാർക്ക് ആലൻതുരുത്തി എന്ന സ്ഥലത്തു് അന്നു് രാജധാനി ഉണ്ടായിരുന്നു. അതായിരിക്കാം വിവക്ഷ. പമ്പ മണിമല ആറുകൾക്കിടയിൽ. ആറും രണ്ടുണ്ട്. ഒട്ടങ്ങ്= കുറച്ചു ചെന്നാൽ. ഒരു പുരിയും ഇവക്കുണ്ട്. ഈ രാജാക്കന്മാർക്ക് എന്നർത്ഥം. പാറുക=പറക്കുക. കാററിൽ എന്നു യോജന. അവിടെയുള്ള ധ്വജത്തിൽ പറക്കുന്ന കൊടി ലീലാനടനഗുരുവാണ്. കൊടിയുടെ ആട്ടം ലീലാനടനം പഠിപ്പിക്കുകയാണെന്നു സങ്കല്പം. വ്യംഗ്യം=സൽക്കൃതികളിൽ നേരിട്ടു പറയാതെ സൂചിപ്പിക്കുന്ന ഭാവവിശേഷം. സദ്രസജ്ഞർ= നല്ല രസം അറിയുവാൻ കഴിവുള്ളവർ. സഹൃദയന്മാരെന്നു താൽപര്യം. വ്യംഗ്യപ്രധാനമായ മഹാകവികൃതിയിൽ സഹൃദയന്മാർ രസം അനുഭവിക്കുന്നതുപോലെ ഈ കൊടിയുടെ ആട്ടത്തിൽ, പ്രമദം=സന്തോഷം, നിശ്ചയമായും ഉണ്ടാകുമെന്നു സാരം. അലങ്കാരം ഉൽപ്രേക്ഷ. കവിയുടെ കാവ്യമായ ഈ സന്ദേശത്തിൽ വ്യംഗ്യം പ്രധാനമാണെന്നും അതിൽ രസികന്മാർ സദ്രസം അനുഭവിക്കുമെന്നും ഭാവം സ്ഫുരിക്കുന്നു. അക്കാലത്തു് കായങ്കുളം രാജധാനിയിൽ നടനവിദഗ്ദ്ധകളും അവരെപ്പഠിപ്പിക്കുന്ന ഗുരുക്കന്മാരും ഉണ്ടായിരുന്നെന്നു കരുതണം. മൂഷികവംശം മുതലായ കാവ്യം നോക്കുക.

അഹ്ത്ഥേഭ്യോ യഃ സ്വമിഹ വിഭജന്നാശ്രമാണാം ചതുൎണ്ണാ–
മഗ്ര്യം ധൎമ്മം കഥയതി നൃണാം കൎമ്മണാ കേവലേന
വന്ദ്യസ്തന്ദ്രോരഹസി വിഹരൻ വല്ലഭഗ്രാമവാസീ
കേശിധ്വംസീ നിജപദജുഷാം ക്ലേശഹന്താ നിഷേവ്യഃ.

പററുന്നോക്കായ്പ്പൊരുളുമുഴവൻ
പങ്കുവച്ചാശ്രമങ്ങൾ–
ക്കററുള്ളോരമ്മുറയെവനുമേ
ചെയ്തുതാൻ കാട്ടി നന്നായ്
അററും തീൎപ്പോനഴലു തിരുവ–
ല്ലായിൽ വാഴും മുകുന്ദൻ
മുററും സേവ്യൻ മറയിലരുളും
വല്ലവീവല്ലഭൻ തേ. 58

തിരുവല്ലാദേവൻ സേവിക്കപ്പെടേണ്ടവൻ എന്നു പറയുകയാണു്. പററുന്നോക്കായ്=അവകാശപ്പെട്ടവൎക്കു്, യോഗ്യന്മാൎക്കെന്നൎത്ഥം. അൎഹത്ഭ്യോ എന്നു മൂലം. പൊരുൾ=ധനം. എല്ലാ സ്വത്തുക്കളും. ആശ്രമങ്ങൾ=ബ്രഹ്മചര്യം, ഗാൎഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം ഇവയാകുന്നു. ഉററു്=പൂൎണ്ണമായി (യോജിച്ച). മുറ=ധൎമ്മമുറ ചെയ്തുതാൻ=പ്രവൎത്തിച്ചുതന്നെ. കാട്ടി=കാണിച്ചുകൊടുത്തു്. തിരുവല്ലാദേവൻ ദിവസവും നാലാശ്രമമുറയും മുറയ്ക്കു ചെയ്തുകാണിക്കുന്നുവെന്നു സങ്കല്പം. അററും തീൎപ്പോൻ=മുഴുവൻ ഇല്ലാതാക്കുന്നവൻ. അഴൽ=ദുഃഖം. മുകുന്ദൻ=മുക്തിദായകൻ. മുററും സേവ്യൻ=നന്നായി സേവിക്കപ്പെടേണ്ടവൻ. മറയിൽ=വേദത്തിൽ. ഒളിവിലെന്നും. വേദവേദ്യനെന്നൎത്ഥം. വല്ലവീവല്ലഭൻ=വല്ലവികളുടെ വല്ലഭൻ. വല്ലവീ=ഗോപസ്ത്രീ. വല്ലഭഗ്രാമം തിരുവല്ലയേ സംസ്കൃതീകരിച്ചതാണു്. ഭഗവാന്റെ നിവേദ്യംകൂടെ അവിടെപ്പങ്കുവയ്ക്കുന്നുണ്ടു്. നിത്യഗൃഹസ്ഥാശ്രമമുറ അനുസരിച്ചു കാണിച്ചുകൊടുത്തു് അനുസരിപ്പിക്കുന്നു എന്നു താല്പൎയ്യം.

ലിപ്ത്വാസ്വഭ്രാവലിഷു ഗരുതോർലീലയോദ്ധൂതയോസ്തേ
മാര്ഗ്ഗേ തസ്മിൻ മരതകമണിശ്യാമളൈരംശുജാലൈഃ
പ്രാവൃട് പ്രത്യാപതതി പുനരിത്യാത്തഹര്ഷപ്രകര്ഷാ
നര്ത്തിഷ്യന്തി ത്വരിതവിസരൽബര്ഹഭാരാ മയൂരാഃ.

ഈടിക്കൂട്ടും മരതകനിറം
കൊണ്ടലം കൊണ്ടലെല്ലാം
മൂടിക്കൊണ്ടാച്ചിറകുകളടി-
ച്ചങ്ങു നീ പൊങ്ങിടുമ്പോൾ
ആടിപ്പുത്തൻ പിറവികരുതി-
പ്പീലിജാലം പരത്തീ-
ട്ടാടിക്കൊള്ളും മയിലുകൾ മനം
മെത്തിടും മുത്തിണങ്ങി. 59

ഗതികൊണ്ടുള്ള ഫലം: ഈടിക്കൂട്ടും=ഒന്നിച്ചു ചേർന്നുകൂട്ടും. മരതകനിറം=മരതകരത്നത്തിൻെറ നിറം. പച്ചനിറമെന്നർത്ഥം. കൊണ്ടൽ=മേഘം. അലം മൂടിക്കൊണ്ട്=മതിയാകുംവണ്ണം മൂടിക്കൊണ്ട്. ആടിപ്പുത്തൻപിറവി=ആടിമാസത്തിൻെറ പുതിയ പുറപ്പാട്. മനം മെത്തുക=മനസ്സ് നിറയുക. കവിയുക എന്നും. മുത്ത്=സന്തോഷം. മുത്തിണങ്ങി=സന്തോഷത്തോടുകൂടി. നീ ചിറകുകൾ അടിച്ചു പൊങ്ങുമ്പോൾ അതിൻെറ പച്ചനിറം വ്യാപിക്കും. അപ്പോൾ വെള്ളമേഘത്തിൻെറ പ്രഭ മാറി കാർമേഘത്തിൻെറ രൂപമാകും. അതാ പുത്തൻ ആടിക്കാറു (വര്ഷകാലം) വരുന്നു എന്നു ഭ്രമിച്ച് മയിലുകളെല്ലാം പീലിവിരിച്ച് ആടിത്തുടങ്ങും. അങ്ങനെ അവയ്ക്കും സന്തോഷം നൽകാം. തന്മൂലം നിനക്കും മോദിക്കാം. പരന്മാർ തൻെറ പ്രവൃത്തികണ്ടാഹ്ലാദിക്കുന്നതു സന്തോഷകരമാണല്ലോ. ഭ്രാന്തിമാൻ അലങ്കാരം. ഇനി യാത്ര കാട്ടിൽക്കൂടിയാണെന്നു മനസ്സിലാക്കാം.

കാന്താരൗഘപ്രതിഭയമതിക്രമ്യ കഞ്ചിൽ പ്രദേശം
ബിംബോകശ്രീഭരിതമഹിളാം ബിംബലീമേത്യ ഭൂയഃ
ആവിശ്യാന്തർന്നഗരമതിഥിശ്ച്യുതചൂഡാമണേഃ സ്യാഃ
കുർവ്വംസ്തുംഗാഃ ഖലു ഫലവതീമൃദ്ധിമഭ്യാഗതേഷു.

കാട്ടിൽക്കൂടിബ്ഭയമിയലുമാ-
റൊട്ടിടംപോയ് വിലാസം
കാട്ടിക്കമ്രാധരികൾ മടവാ-
രാന്ന വെമ്പള്ളിലെത്തി
നാട്ടിൽ തീർത്തുള്ളരമനയിലേ-
ക്കായ്ച്ച തേന്മാവിൽ വാഴ
പാട്ടിൽ ചെന്നാൽ പെരിയവർ ഫല-
പ്രാപ്തിയാൽ തൃപ്തിനല്ലും. 60

വെമ്പള്ളിയിൽ ചെല്ലുവാൻ പറയുന്നു. ബിംബലി അന്ന് തെക്കുംകൂറും വടക്കുംകൂറുമായി പിരിഞ്ഞിട്ടില്ലായിരിക്കണം. ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങൾക്ക് ഇന്നത്തെ പ്രാധാന്യമായിട്ടില്ലായിരിക്കാം. തെക്കുംകൂററിൽപ്പെട്ട ഭൂഭാഗം അന്നു കാടായിക്കിടന്നിരുന്നു. ഉണ്ണുനീലിസന്ദേശകാലത്തും ഭൃംഗസന്ദേശകാലത്തുംകൂടി അവിടം കാടായിക്കിടന്നിരുന്നു എന്ന് അവയിലെ വർണ്ണനകളിൽനിന്ന് കാണാം. ആ ഭാഗത്തുകൂടെ സഞ്ചരിക്കുവാൻ പക്ഷികൾക്കും ഭയമാകും. കാരണം കാടർ ധാരാളമുണ്ടവിടെ. അവരിൽനിന്ന് ആപത്തും വരും. ഒട്ടിടം=കുറേദൂരം. വിലാസം=ഹാവഭാവാദി. ബിംബോകശ്രീ എന്നു മൂലം. കമ്രാധരികൾ=കമ്രമായ അധരങ്ങളോടുകൂടിയവർ. കമ്രം=മനോഹരം. മടവാർ=സ്ത്രീകൾ. നാട്ടിൽ തീർത്തുള്ള രമന=ഗ്രാമാന്തർഭാഗത്തുള്ള കൊട്ടാരം. പാട്ടിൽ=സ്വാധീനത്തിൽ, സമീപത്ത്. പെരിയവർ=അത്യുന്നതന്മാർ. ഫലപ്രാപ്തി=ഫലങ്ങളുടെ ലബ്ധി. തൃപ്തി=ഏതു വിധത്തിലും മതി എന്ന ഭാവം. സന്തോഷം എന്നും. പഴയ മലയാളത്തിൽ (ഇന്നും തമിഴിൽ) പെരിയവർ എന്നു പറഞ്ഞാൽ വളരെ യോഗ്യന്മാർ—അത്യുന്നതന്മാർ—എന്നാണർത്ഥം. തുംഗാഃ എന്ന മൂലത്തിനു യോഗ്യമായ വിവർത്തനം. അതിഥിസൽക്കാരം വളരെ കേമമായി. അർത്ഥാന്തരന്യാസം അലങ്കാരം. ഉച്ചത്തെ ആഹാരം ഇവിടെയാണ് വേണ്ടതെന്നു വ്യംഗ്യം.

ഇനി സാഹിത്യകാരന്മാരുടെ ഇടയിൽ അല്പം വേരുറച്ചിട്ടുള്ള ഒരു അഭിപ്രായത്തെ ഒന്നിളക്കുവാനാണ് അടിയിൽ ചില കാര്യങ്ങൾ പറയുന്നത്. ഗവേഷകന്മാരുടെ ശ്രദ്ധയേ ആകർഷിക്കുന്നു. കട്ടത്തുരുത്തി വടക്കുംകൂർ രാജാക്കന്മാരുടെ സ്കന്ധാവാരമായിരുന്നു. അവരുടെ രാജ

ധാനി അവിടെനിന്നും ഉള്ളിലേക്കു് അല്പം മാറി ഒതുങ്ങി വെമ്പള്ളിഎന്ന സ്ഥലത്തായിരുന്നുവെന്നുള്ളതിനു് ലക്ഷ്യങ്ങൾ ഉണ്ടു്. പടത്താവളത്തിൽ നിന്നും ഒതുങ്ങി രാജധാനി സ്ഥാപിക്കുന്നതു് ഇപ്പോഴും നടപ്പുള്ളതാണല്ലൊ. വെമ്പള്ളി എന്ന മലയാളപദത്തിന്റെ സംസ്കൃത രൂപമാണു് ''ബിംബലി'' എന്നതു വാസ്തവമാണല്ലൊ. ആ പ്രദേശം ഇന്നു് ലക്ഷ്മീദാസന്റെ കുടുംബമായ കരിങ്ങമ്പെള്ളിസ്വരൂപത്തിലെ ഒരു ദേശവഴിയാണു്. അതു വടക്കുംകൂർ രാജാക്കന്മാർ ബ്രഹ്മദേയമായി അവർക്കു കൊടുത്തതാണത്രേ. അവിടെ ഇന്നു് ഇടത്തിൽപറമ്പു്, കാവുംപറമ്പു് മുതലായ പറമ്പുകൾ ഉണ്ടു്. വലിയ കുളങ്ങളുടേയും കിണറുകളുടേയും നഷ്ടശിഷ്ടങ്ങൾ കാണുവാനുണ്ടു്. അവ കൂടുതൽ വ്യക്തമായ രീതിയിൽ വയസ്സന്മാർ കണ്ടിട്ടുണ്ടെന്നു പറയുന്നു. ഈ പദ്യത്തിലും ഉണ്ണുനീലീസന്ദേശം—പന്തത്തേനൽതണലിലൊരുനാൾ (ഉത്തരം 95) ഇത്യാദി പദ്യത്തിലും പറയുന്ന തേന്മാവിന്റെ സന്താനപരമ്പരയിൽ ഒന്നു് ഇപ്പോഴും അവിടെയുണ്ടു്. ആ മാമ്പഴത്തിന്റെ സ്വാദു് അവർണ്ണനീയമാണു്. അതുപോലെ സ്വാദുള്ള മാമ്പഴം ഉണ്ടാകുന്ന മാവു് വേറൊരിടത്തും കാണുകയില്ല. ഇന്നു ഗവേഷകന്മാർക്കു് ചെന്നു കാണാം. ഇക്കാരണങ്ങളെക്കൊണ്ടു് ഞാൻ ഊഹിക്കുകയാണു് അന്നു വെമ്പള്ളി രാജധാനിയായിരുന്നു എന്നു്. അവിടെ ഉന്നതന്മാരായ രാജാക്കന്മാരുണ്ടായിരുന്നു. അവരുടെ രുചികരമായ ആതിഥ്യം സ്വീകരിക്കണമെന്നു പറയുകയല്ലയോ ചെയ്തതെന്നു്. അവിടെ ധാരാളം നമ്പൂരിഗൃഹങ്ങൾ ഉണ്ടായിരുന്നു. അടുത്ത പദ്യം ഒന്നു നോക്കാം. ''തതഃ പരം ബിംബലീപാലകാനാം ഘനനിഭൈഃ സിന്ധുരേന്ദ്രൈരാവൃതം സ്കന്ധാവാരം സിന്ധുദ്വീപം അപി വ്രജ''—അവിടെനിന്നു് അപ്പുറമുള്ള സിന്ധുദ്വീപത്തേയും പ്രവേശിച്ചാലും. വിശേഷണങ്ങൾ ഞാൻ വിട്ടിരിക്കുന്നു. ഒരുസമയം ഉണ്ണുനീലീസന്ദേശകാലത്തു രാജധാനിയും അങ്ങോട്ടു മാറിയിരിക്കുമോ? അടുത്ത പദ്യത്തിന്റെ ടിപ്പണിയിൽ ഞാൻ ഇതിനെ ഒന്നുകൂടി വിശദമാക്കാം.

സ്കന്ധാവാരം പരമപി തതോ ബിംബലീപാലകാനാം
സിന്ധുദ്വീപം വ്രജ ഘനനിഭൈരാവൃതം സിന്ധുരേന്ദ്രൈഃ
സന്ധ്യാലക്ഷ്മീം മൃദുലഹസിതജ്യോത്സ്നയാ യത്ര ശശ്വൽ
ബന്ധൂകാഭൈരധരമണിഭിശ്ചാപി ബധ്നന്തി നാര്യഃ

കാറിന്നൊക്കും കരിവരർ ചുഴ-
ന്നപ്പുറത്താ വടക്കം-
കൂറിൻ മന്നോർപടകുടി കട-
ന്തേരിയാം പൂരിലെത്തൂ.
പേറിച്ചെഞ്ചുണ്ടൊളിയിൽ മുറുവൽ-
ത്തൂനിലാവേകിടുന്നൂ
മാറിപ്പോകാതവിടെ മടവാ-
രന്തിതൻ ചന്തമെന്നും. 61

കടുത്തുരുത്തി: കാറിന്നൊക്കും കരിവരർ=മഴക്കാറിനൊപ്പം വലിപ്പവും നിറവുമുള്ള ആനത്തലവന്മാർ. ചുഴന്നു്=ചുററി. പടകുടി=പടത്താവളം (സേനാനിവേശം). കടന്തേരി = കടുത്തുരുത്തി. പേറി = വഹിച്ചു്. മുറുവൽ = പല്ലു്. (മന്ദഹാസപ്രഭ). മടവാർ = സ്ത്രീകൾ. അന്തിതൻ ചന്തം = സന്ധ്യാശോഭ. എന്നും=എപ്പോഴും. ശശ്വൽ എന്നു മൂലം. എപ്പോഴും കടുത്തുരുത്തിയിൽ സന്ധ്യാശോഭ ഉണ്ടായിരിക്കുമെന്നാണു് ധരിക്കേണ്ടതു്. സന്ധ്യയായില്ലെന്നു നിശ്ചയം. രണ്ടാംദിവസം സന്ധ്യയ്ക്കു തൃക്കണാമതിലകത്തെത്തണം. രാത്രിച്ഛായയിൽ ആനക്കറുപ്പും സന്ധ്യയുടെ രക്തച്ഛവിയിൽ ചുണ്ടിന്റെ ചുവപ്പും ചന്ദ്രകിരണശോഭയിൽ പല്ലിന്റെ കാന്തിയും വ്യാപിച്ചു് എപ്പോഴും സന്ധ്യാരൂപം കാണാമെന്ന ഭാവന. "പക്ഷിണീ" എന്നു പറഞ്ഞതുകൊണ്ടു് ഒരു രാത്രിയും രണ്ടു പകലുംകൊണ്ടു് മതിലകത്തു ചെല്ലണമെന്നു മുമ്പേതന്നെ പറഞ്ഞിട്ടുണ്ടു്. തന്നെയല്ല, തലേദിവസത്തെപ്പോലെ വിശ്രമിക്കുവാൻ പറയുന്നുമില്ല. സന്ദേശകാരന്മാക്കു് ഈ വിഷയത്തിൽ യാതൊരു തെററും വരുന്നതല്ല. അതുകൊണ്ടു് ഒരിക്കലും സന്ധ്യയായിട്ടില്ലെന്നു കരുതണം. മഹാകവിയുടെ ഭാവന പ്രത്യേകം പ്രശംസനീയമാണു്.

വെമ്പല്ലിയിൽനിന്നു് കൂടിയാൽ അഞ്ചോ ആറോ നാഴികയേ ഉള്ളു കടുത്തുരുത്തിക്കു്. ഉച്ചത്തെ ഭക്ഷണം കഴിഞ്ഞു പുറപ്പെട്ടാൽ പക്ഷിക്കു് അവിടെ വരുവാൻ സന്ധ്യയാകേണ്ടതും ഇല്ല. തലേദിവസം പകൽ രാമേശ്വരം—തിരുവനന്തപുരം ഇരുനൂറിൽപരം മൈലാണു് അതിക്രമിച്ചതും. അന്നു് ആ അകലം പാടങ്ങളോ വെറും ഭൂമിയോ ആയിരിക്കാം. ആ ഭാഗം കടന്നു് (കടന്നു്) ഏറിയാൽ (കയറിയാൽ) കടന്തേരിയിൽ ചെന്നുചേരാം. അതുതന്നെ കടുത്തുരുത്തി. ഒരു സമയം വിശ്രാ

ലമായ ജലപ്രദേശം ഉണ്ടായിരുന്നിരിക്കാം. അവിടെ പണ്ടത്തെക്കാലത്തു കടന്നു കടന്നു പോകുവാൻ വലിയ വലിയ കുററികൾ നാട്ടിയിരുന്നിരിക്കാം. അവയിൽക്കൂടി ക്കടന്നുകയറേണ്ടതായും വരാം. ആ പദം സാധാരണക്കാർ കടന്തേരി എന്നു പറഞ്ഞുവന്നതാകുമൊ? ഇനിയതല്ലാ, പാടങ്ങളാണെങ്കിൽ അവ ഏരിപോലെതന്നെ. അല്പം വിസ്തൃതമായിരിക്കാം. അതു കടന്നെന്നും വരുവാൻ പാടില്ലായ്കയില്ല. അവിടെ കടൽ തുരുത്തു വരുവാൻ യാതൊരു മാൎഗ്ഗവും കാണുന്നില്ല. "സിന്ധുദ്വീപം" കടൽത്തുരുത്തിക്കു പററിയ സംസ്കൃതപദംതന്നെ. അതിൽ സംശയമില്ല. ഇനിയും ഗവേഷണം വേണ്ടതായിത്തന്നെ ഇരിക്കുന്നു.

തീരഗ്രാവസ്ഖലിതസലിലാം സിന്ധുമുല്ലംഘ്യ ഫുല്ലാം
ഗ്രാമാൻ ഗന്താസ്യനുപമഗുണഗ്രാമഭാജാം ദ്വിജാനാം.
മുക്താഹാരേ ഹരിമണിരിവ ഭ്രാജതേ പന്നഗാനാം
മുഖ്യേ തത്ര ത്രിഭുവനലതാമൂലകന്ദോ മുകുന്ദഃ

തീരക്കല്ലിൽ തടവിയൊഴുകും
നീരലക്കും ത്രിവേണീ-
പാരം പൂണ്ടപ്രതിമഗുണപൂ-
ൎണ്ണാരണഗ്രാമമാല
ഹാരത്തിൽ പോൽ ഹരിമണി,യധീ-
ശാരവത്തിൽ തിളങ്ങും
പാരത്രക്കും മുരടവിടെയാ-
ന്നാ രമേശൻ രമിപ്പൂ. 62

വേന്നനാട്ടഗ്രാമം വൎണ്ണിക്കുന്നു: തീരക്കല്ലിൽ = രണ്ടുകരക്കും ധാരാളം കാണുന്ന പാറക്കല്ലുകളിൽ. മൂവാററുപുഴയാറിൻെറ ഇരുകരകളിലും അധികമായി പാറകൾ ഇപ്പോഴും കാണുന്നു. അവയിൽ അടിച്ചോലിക്കുന്നതുകൊണ്ടു് വെള്ളം കനംകുറഞ്ഞതായിരിക്കും. ഗുണക്കൂട്ടതല്യമുണ്ടു്. നീർ=വെള്ളം. ത്രിവേണി=മൂവാററുപുഴയാറു്. ഫുല്ല എന്നു മൂലം. ചെല്ലൂർനാഥോദയത്തിലും മററും മൂവാററുപുഴയാറിനെ ഫുല്ല എന്നു പറഞ്ഞുകാണുന്നു. പാരം=മറുകര. അപ്രതിമഗുണം=എതിരില്ലാത്ത ഗുണം. പൂൎണ്ണാരണം=പൂൎണ്ണത്രയീ, തൃപ്പൂണിത്തുറ. ആരണം=വേദം. ആരണൻ= വേദജ്ഞൻ. തൃപ്പൂണിത്തുറയിൽച്ചെല്ലുവാൻ പറയുകയാണു്. ഹരിമണി=പച്ചരത്നക്കല്ലു്. ഹാരം=മുത്തുമാല. അധീശാരവം=അധീശനാകുന്ന അരവം, സൎപ്പാധിപൻ, അനന്തൻ. മുരടു്=വേരു് (നാരായ

വേരു്). ബ്രഹ്മാണ്ഡവൃക്ഷത്തിൻെറ ആദികാരണം. രമേശൻ=ലക്ഷ്മീധരൻ, മഹാവിഷ്ണു. ആരമിപ്പൂ=ആനന്ദിക്കുന്നു. വേന്നനാട്ടുഗ്രാമം 64 ഗ്രാമത്തിൽ പെട്ടതല്ല. പന്നിയൂർ വരാഹമൂർത്തിയെ ചുട്ടുപൊട്ടിച്ചതുകൊണ്ടു് അതിൽ പെടാത്തവർ ഒഴിഞ്ഞുപോന്നു താമസിച്ച പുതിയ ഗ്രാമമാണു്. തൃപ്പൂണിത്തുറ, പാഴൂർ, രാമമംഗലമുൾപ്പെട്ട സ്ഥലങ്ങൾ. തൃപ്പൂണിത്തുറദ്ദേവനും ചോററാനിക്കര ഭഗവതിയും അവരുടെ പരദേവതകളാകുന്നു. അന്നു് തൃപ്പൂണിത്തുറെ രാജധാനിയുണ്ടായിരുന്നില്ല. ചരിത്രമനുസരിച്ചും അങ്ങനെതന്നെ. ഉപമാലങ്കാരം. ഇവിടെ അപ്രതിമഗുണപൂർണ്ണാരണഗ്രാമം എന്ന പദം രണ്ടുതരത്തിൽ വിഗ്രഹിക്കണം. അപ്രതിമമായ ഗുണം നിറഞ്ഞ ആരണഗ്രാമം (പൂർണ്ണാരണം) എന്നും അപ്രതിമന്മാരും ഗുണപൂർണ്ണന്മാരുമായ ആരണന്മാരുടെ ഗ്രാമമെന്നും. അഷ്ടപ്രാസംകൂടിയുണ്ടെന്നു കണ്ടുകൊള്ളണം. വിവർത്തനം വളരെ വളരെ നന്നായി.

പ്രജ്ഞോൽക്കർഷപ്രകടനകൃതേ പ്രാശ്നികേ പ്രാജ്ഞലോകേ
കല്ലോലാഭൈർമ്മതിജലനിധേരുദ്ധിതൈസ്തർക്കജാലൈഃ
സ്പർദ്ധാബന്ധാദവഹിതധിയഃ സ്പഷ്ടമത്രാർത്ഥരത്നം
ശ്രൗതേ ലീനം സദസി രഹസി ശ്രാവകാ ശ്രാവയേയുഃ

ഊടിത്രയ്യെന്നളവറിയുവോർ
പൂർവ്വപക്ഷങ്ങൾ ചെയ്താ-
ലീടിൽ ചിത്തക്കടലിലലപോൽ
വാദജാലം പരത്തി
കൂടിത്തിക്കാൻ കരുതിയരുളും
പാഠകന്മാർ വെളിക്കാ
മൂടിത്തന്നെ മറയിലമരും
സാരരത്നം സദസ്സിൽ. 63

വിദ്യാർത്ഥികളുടെ ബുദ്ധിപ്രഭാവം. ഊട്ട്=സൂക്ഷ്മജ്ഞാനം. ഈട്ട്=ഉറപ്പു് (കനം). പൂർവ്വപക്ഷം=ചോദ്യം. പരീക്ഷയ്ക്കുള്ളതു്. അതുകൊണ്ടാണു് ഉത്തര(പക്ഷ)ം മറുപടിയായതു്. തർക്കശാസ്ത്രപ്രകാരം ഒരു വാദമുഖം ഉന്നയിക്കുക എന്നർത്ഥം. ചിത്തക്കടൽ=മനസ്സമുദ്രം. (കടലുപോലെയുള്ള വിസ്താരവും ഗാംഭീര്യവുംകൊണ്ടു് അപ്രധൃഷ്യമെന്നർത്ഥം.) അല=തിരമാല. (തിരപോലെ തള്ളിത്തള്ളിവരുന്ന വാദസമൂഹം പരത്തി—കടലിൽ രത്നം വാരാൻ വല [ജാലം] പരത്തി എന്നും.) കൂടിത്തിക്ക=തങ്ങളിൽലുള്ള മത്സരം. പരസ്പരം ജയിക്കുവാനുള്ള മത്സരം. പാഠ

കന്മാർ=വിദ്യാത്ഥികൾ. മറ=വേദം. മറഞ്ഞിരിക്കുന്നതെന്നും. വേദത്തിൽ മറഞ്ഞിരിക്കുന്നതെന്നു ഭാവം. വേദാന്തപ്രശ്നങ്ങളും മററും അതിൻെറ സൂക്ഷ്മതത്വമറിയാവുന്നവർ പൂവ്വപക്ഷം ചെയ്താൽ തനിക്കു ജയിക്കണം എന്നുള്ള അത്യാഗ്രഹം നിമിത്തം ബുദ്ധിവികാസമുള്ള പാഠകന്മാർ ഉത്തരമായി മനക്കടലിൽനിന്നു് സാരരത്നങ്ങൾ പിടിച്ചെടുത്തു വെളിയിലരുളുമെന്നു വിവക്ഷ. പണ്ടുതന്നെ തൃപ്പൂണിത്തുറെ നമ്പൂതിരിമാർ ഇങ്ങനെ ശാസ്ത്രവാദം നടത്തിയിരുന്നു എന്നു കരുതണം.

ദത്തപ്രേമാ ശിഖിനി ദളയൻ ദാനവാൻ ബാണമുക്ത്യാ
സുബ്രഹ്മണ്യഃ പഥി സുമനസാം യൂഥനേതാ നിഷേവ്യഃ
അക്ഷോഭ്യത്വം ദധതി കൃതിനാമത്ഭുതാത്ഥാന്യമീഷാം
ഛരിദ്രാസ്കന്ദിഛരിദ്രുരതരസാ യസ്യ ശക്ത്യാ പദാനി.

ഏററിബ്ബാണാഹതി,യരുളുവോൻ
ദാനവാനത്ഥമാരാൽ
പോററിക്കൊണ്ടാശ്ശിഖിയെ ബുധർതൻ
പോററിയാം പോററി സേവ്യൻ
മാററിത്തക്കാർ മറയർ ചമയാൻ
പോന്ന തച്ഛക്തിയൊന്നാൽ
മാററിത്തീക്കില്ലരിയകൃതികൾ-
ക്കത്ഥവത്താം പദങ്ങൾ. 64

ഇരട്ടയമ്പലത്തിലെ (വയറ്റില എന്ന സ്ഥലത്തു്. വയൽത്തല എന്നു സ്ഥലനാമത്തിനത്ഥം). സുബ്രഹ്മണ്യസ്വാമിയെ വന്ദിക്കുവാൻ പറയുന്നു—അവിടെ സുബ്രഹ്മണ്യൻ എന്നു പേരോടുകൂടി ആഹിതാഗ്നിയായ ഒരു ദ്വിജൻകൂടിയുണ്ടായിരുന്നു. അദ്ദേഹത്തെക്കൂടി ലക്ഷീകരിച്ചു് ശ്ലേഷയിലാണു് പദ്യം നിമ്മിച്ചിരിക്കുന്നതു്. അനുക്രമമായി എഴുതുന്നു—ബാണാഹതി ഏററി ദാനവാനത്ഥം അരുളുവോൻ എന്നു സ്വാമിക്കും. അത്ഥത്തെ ദാനവാനായിട്ടു് ബാണാഹതി ഏററി അരുളുവോൻ (പറയുന്നവൻ—വാദിക്കുന്നവൻ) എന്നു നമ്പൂതിരിക്കും ചേക്കണം. സുബ്രഹ്മണ്യൻനമ്പൂതിരി ഭാട്ടമീമാംസയെ (ഭാട്ടമതസ്ഥാപകനായ ഭട്ടബാണൻെറ) എതിക്കുന്നവനായിരുന്നു. ദാനവാൻ=ദാനശീലൻ. പോററുക = വളത്തുക, കാത്തുസൂക്ഷിക്കുക എന്നും. ശിഖി=മയിൽ. അഗ്നി എന്നും. നമ്പൂതിരി അഗ്നി സൂക്ഷിക്കുന്നു. ബുധർതൻ പോററി=ദേവന്മാരുടെ രക്ഷിതാവു്. സേനാനി. വിദ്വാന്മാരെ രക്ഷിക്കുന്നവനെന്നും. പോറ്റി=

ദേവൻ. ബ്രാഹ്മണനെന്നും. സുബ്രഹ്മണ്യസ്വാമി ദേവന്മാരെ രക്ഷിക്കുന്നു. തന്നാമധേയനായ നമ്പൂരി വിദ്വാന്മാരെ രക്ഷിക്കുന്നു. രണ്ടുപേരും സേവ്യന്മാരെന്നർത്ഥം. മാററിത്തക്കാർ=ഇവിടെ അസുരന്മാരും, ദോഷൈകദൃക്കുകളും. മറയർ=കൊള്ളരുതാത്തവർ, വിദ്വിട്ടുകാന്മാർ. ശക്തി=വേല്, പാണ്ഡിത്യഗർവ്വ് എന്നും. മാറ്റിത്തീക്കുക=രൂപഭേദം വരുത്തുക. കൃതികൾ=ദേവന്മാർ, പണ്ഡിതന്മാർ. കാവ്യങ്ങളെന്നും. അർത്ഥവത്താം പദങ്ങൾ=ഐശ്വര്യപൂർണ്ണമായ സ്ഥാനങ്ങൾ. അർത്ഥമുള്ള വാക്കുകൾ. അർത്ഥവത്തുകളായ കാവ്യങ്ങളിൽ ദോഷൈകദൃക്കുകൾക്കുപോലും മാററിവയ്ക്കത്തക്ക പദങ്ങൾ കാണുകയില്ലെന്നു സാരം. ആ ദ്വിജൻ ഒരു ഗ്രന്ഥകാരൻകൂടി ആയിരുന്നിരിക്കാം. ശ്ലേഷ.

തച്ച ക്ഷേത്രം പഥി പശുപതേയ്യത്ര ച ദ്വാദശ ദ്വാ-
വഷ്ടാവേകാദശ ച നിവസന്ത്യസ്തകമ്പാ നിലിമ്പാഃ
സാ ചാദൂരെ പ്രവഹതി സരിൽസോദരീ താമ്രപർണ്ണ്യാ-
ശ്ചൂർണ്ണീ മാഹോദയപുരവധൂരോജചൂർണ്ണീകൃതോർമ്മിഃ

പേരാന്നോരമ്പലമിനി വഴി-
ക്കീശനാളുന്നതായു-
ണ്ടീരാറോടെട്ടിരുവർ പതിനൊ-
ന്നമ്പരോർത്തമ്പുമേടം
ആരാലഞ്ചക്കളപുരവധൂ-
കൊങ്കമേലൂർമ്മി തട്ടി-
പ്പേരാർ താമ്രാസഹജ തകരും
ചൂർണ്ണിയാറായൊലിപ്പൂ. 65

ഒരു ക്ഷേത്രവർണ്ണന: പേരാന്ന=കീർത്തികേട്ട. ഈശൻ=ശ്രീപരമേശ്വരൻ (പ്രധാന പ്രതിഷ്ഠ). ഈരാറ്=പന്ത്രണ്ട്. ദ്വാദശാദിത്യന്മാർ. ഇരുവർ=അശ്വിനീദേവകൾ. എട്ട്=അഷ്ടവസുക്കൾ. പതിനൊന്ന്=ഏകാദശരുദ്രന്മാർ. ആകെ മുപ്പത്തിമൂന്ന്. ഇതു മുപ്പത്തുമുക്കോടി ദേവന്മാരുടെ സൂചനയാകുന്നു. ഉമ്പർ=ദേവന്മാർ. അമ്പുക=അരുളുക. ഏടം=ഇടം, സ്ഥലം. പേരാർ=പെരിയാർ. താമ്രാസഹജ=താമ്രപർണ്ണിയുടെ സഹോദരി. രണ്ടും സഹ്യപർവ്വതത്തിൽനിന്ന് ഒഴുകുന്നു. അഞ്ചക്കളപുരവധു=തിരുവഞ്ചക്കളം പട്ടണത്തിലെ സുന്ദരികൾ. അഞ്ചക്കളം=മഹോദയപുരം. ആലുവായിൽവച്ച് രണ്ടായിപ്പിരിയുന്ന പെരിയാറിന്റെ വടക്കേ കൈവഴി തിരുവഞ്ചക്കളത്തുകൂടി ഒഴുകുന്നു.

പ്രൗഢയൗവനകളായ തരുണികൾ അതിൽ കുളിക്കുമ്പോൾ അവരുടെ കൊങ്കകളിൽ തട്ടി അല ചിതറിപ്പോകുന്നു. സ്തനങ്ങളുടെ ദാർഢ്യം. തന്മൂലമുള്ള സൗഭാഗ്യം. ഇതെല്ലാം കണ്ടുകൊള്ളണം. തകരുക = പൊടിഞ്ഞുപോകുക. ചൂർണ്ണി = പെരിയാറിന്റെ സംസ്കൃതനാമം. ഇങ്ങനെ തകരുന്നതുകൊണ്ടു് ചൂർണ്ണീ എന്ന പേരു് അൎത്ഥവത്തായി എന്നു ഫലിതം.

ഒരു പക്ഷഭേദം ഇവിടെയും അവതരിപ്പിക്കുകയാണു്. അനവധി ദേവന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്നതു തൃക്കാക്കരെയായതുകൊണ്ടു് അതാണു് ഈ ക്ഷേത്രമെന്നു ചിലർ പറയുന്നു. അവിടെ പ്രധാനം വാമനമൂർത്തിയാണു്. വഴി വിട്ടുപോവുകയും വേണം. ഇനി ഒരഭിപ്രായം ആലുവായിലെ ശിവനെന്നാണു്. അതും അല്പം വളവാണു്. അവിടെ ഇങ്ങനെ പ്രതിഷ്ഠയുണ്ടെന്നു് ഐതിഹ്യംകൂടിയില്ല. പിന്നെ ഈ സ്ഥലം ഏതു്? പറവൂർനിന്നു് ഏകദേശം മൂന്നു നാഴികയോളം കിഴക്കായി "തിരുമുപ്പത്തു്" എന്നൊരു സ്ഥലവും ശിവക്ഷേത്രവുമുണ്ടു്. വരാപ്പുഴയ്ക്കു വടക്കു്. ആ സ്ഥലമാണു് ഇതെന്നു വിചാരിക്കണം. ഉപചാരസൂചകമായ 'തിരു' കളഞ്ഞാൽ 'മുപ്പത്തു്' എന്നാണു സ്ഥലനാമം. ഇതു മുപ്പത്തുമുക്കോടിയുടെ ചുരുക്കപ്പേരാണു്. ഇപ്പോൾ അത്രവളരെ പ്രതിഷ്ഠകൾ കാണുന്നില്ലെങ്കിലും മുപ്പത്തുമുക്കോടി ദേവന്മാരുടെയും സാന്നിദ്ധ്യം അവിടെയുണ്ടെന്നാണു് ഐതിഹ്യം. സ്ഥലനാമവും അതിനു യോജിക്കുന്നു. മാത്രമല്ല, കൊടുങ്ങല്ലൂർനിന്നു് തെക്കോട്ടുള്ള പെരുവഴിയും അക്കാലത്തു് ചേന്നമംഗലം, പറവൂർ, വരാപ്പുഴ, ചേരാനല്ലൂർ, ഇടപ്പള്ളി വഴിക്കായിരുന്നു എന്നു ചക്രവാകസന്ദേശം, മയൂരസന്ദേശം (സംസ്കൃതം) മുതലായ പഴയ കൃതികളിൽനിന്നു് വ്യക്തമാകുന്നുമുണ്ടു്. ചിന്താതിലകവ്യാഖ്യാനകാരൻ സൂചിപ്പിക്കുന്ന 'ദേവഖലം'—തേവർകള—വും ഇതുതന്നെ അല്ലേ? കൂടാതെ,

ഉല്പത്തിയുംധനവുമുററവരും വധൂനാ—
മല്പസ്മിതങ്ങളുമിരിക്ക ജളക്കിദാനീം
ത്വൽഭക്തിയെൻറി മമ മററൊരു വസ്തു വേണ്ടാ
'മുപ്പത്തുമൂവർകള'മമ്പിന തമ്പുരാനേ!

(പലവക ഒററ ശ്ലോകങ്ങൾ. A 17, പ. 63)

വൈരം വേറാമതനനൊടടുത്തന്തരാ തോററുതാനേ
നേരേ പാതിത്തിരുവുടൽ കൊടുത്തദ്രിരാജാത്മജായാഃ
കൂറില്ലായ്മാൻ മറുപകുതിയിൽ പിന്നെ മുപ്പത്തിമൂൻറാം
കൂറിട്ടമ്പും ത്രിപുരഹരനെത്തത്ര നീ കണ്ടുപോക.

(ചക്രവാകസന്ദേശം പദ്യം 90)

ഇവയും കാണേണ്ടതാണു്. പിന്നീട്ടും പിന്നീട്ടും ഉള്ള അന്വേഷണത്തിലും പണ്ടു് ഈ സ്ഥലത്തു് ധാരാളം നമ്പൂരിമാരുടേയും മററും ഗൃഹങ്ങൾ ഉണ്ടായിരുന്നുവെന്നും അറിയുന്നു. ഇന്നും ആ ക്ഷേത്രം ആഴവാഞ്ചേരി തമ്പ്രാക്കളുടെ വകയാകുന്നു. കൂടുതൽ ഗവേഷണത്തിനു പണ്ഡിതന്മാൎക്കു വിട്ടുംകൊണ്ടു നിർത്തുന്നു.

കംബൂനംബൂദരകുഹരതഃ കൎഷിതാൻ വാഗുരാഭിഃ
ക്ഷിപ്ത്വാ ക്ഷിപ്ത്വാ പുളിനതളിമേ ക്ഷിപ്രമസ്യാസ്തടിന്യാഃ
ദാശൈരാശാകലിതമതിഭിർദ്രക്ഷ്യസി പ്രേര്യമാണാ
നൈകാ നൗകാ നവജലധരവ്യൂഹകൃഷ്ണൈൎന്നദീഷ്ണൈഃ.

നീററിൽ താഴം നിലയിൽ വലയി-
ട്ടാശു ശംഖങ്ങൾ കോരി-
ക്കേററിക്കൂട്ടം കൊതിയൊടു മണൽ-
ത്തിട്ടിലേക്കിട്ടു വീണ്ടും
ആററിൽച്ചേൎന്നോർ കരിമുകിലിനോ-
ടൊക്കുവോർ മുക്കുവന്മാർ
കേററിപ്പോകും വളരെ വളരെ-
ക്കെട്ടുവള്ളങ്ങൾ കാണാം. 66

പെരിയാറ്റിലെ മുക്കുവന്മാർ. നീറ്റിൽ=വെള്ളത്തിൽ. ആശു=വേഗം. ശംഖം=ശങ്ക്. കൂട്ടം കൊതി=വൎദ്ധിച്ച കൊതി. ആശാകലിതമതിഭിഃ എന്നു മൂലം. ആറ്റിൽച്ചേൎന്നോർ=പുറംകടലിൽ പോകുന്നവരല്ല. അഴിയിലുമാററിലും കഴിച്ചുകൂട്ടുന്നവർ. മീൻപിടുത്തമല്ല മുത്തും ശംഖും വാരുകയാണ് അവരുടെ മുഖ്യ തൊഴിലെന്നൎത്ഥം. നദീഷ്ണൈഃ എന്നു മൂലം. കരിമുകിൽ=കാർമേഘം. ശരീരത്തിന്റെ നിറവും വലിപ്പവും കാണിക്കുന്നു. കേററിപ്പോകുക=മുകളിലേക്കു വള്ളംവിട്ടുപോകുക. (താത്തിപ്പോകുക മറിച്ചും.) ശംഖങ്ങൾ കയററിപ്പോകുക എന്നല്ല ഇവിടെ ധരിക്കേണ്ടതു്. കാരണം പറയാം. ഇവിടേയും ഒരഭിപ്രായഭേദം പ്രകടിപ്പിക്കുകയാണ്. സഹൃദയരുടെ ദൃഷ്ടി പതിയണമെന്നഭ്യൎത്ഥിക്കുന്നു. കഴിഞ്ഞ പദ്യത്തിൽ താമ്രാസഹജ എന്നു പെരിയാറിനെ വിശേഷിപ്പിച്ചതിൻെറ പ്രയോജനമാണ് ഇവിടെ മഹാകവി സൂചിപ്പിക്കുന്നതു്. താമ്രാ സമുദ്രത്തിൽ പതിക്കുന്ന സ്ഥലത്തുനിന്നാണ് മുത്തെടുക്കുന്നതു്. അതുപോലെ ഇവിടേയും ഒരുതരം മുത്തു വിളയുന്നു എന്നാണ് കവിയുടെ ആശയം. അവ ശംഖുകളിൽ കാണുന്നവയാണ്. ആശാകലിതമതിഭിഃ എന്ന മൂലത്തിനു "കൂട്ടം കൊതിയൊടു" എന്ന വിവൎത്തനവും ഭംഗിയായി. അനവധി ശംഖു വാരിയാൽ ചിലതിൽ രത്നവും കാണുമെന്നുള്ള ആശയാണ് മുക്കുവന്മാൎക്കുള്ളതു്. അൎത്ഥശാസ്ത്രത്തിൽ പത്തുതരം മുത്തുകൾ പറയുന്ന കൂട്ടത്തിൽ ചൗൎണ്ണേയമെന്നൊരിനം പറയുന്നുണ്ടു്. അവിടെ—"ചൗൎണ്ണേയം, കേരളേഷു മുരചിനാമകപത്തനസമീപേ ചൂൎണ്ണീനാമ നദീ. തസ്യാമുൽപന്നം—കേരളത്തിൽ മുരചിപട്ടണത്തിനടുത്തു് ചൂൎണ്ണീ എന്നൊരു നദിയുണ്ടു്. അതിൽ ഉണ്ടാവുന്ന മുത്തു് ചൗൎണ്ണേയം" എന്നു വ്യാഖ്യാനിച്ചിരി

കുന്നു. കൂടാതെ മുത്തുകളുടെ മുഖ്യമായ മൂന്നു് ഉൽപാദകങ്ങൾ പറയുന്നു: "ശംഖഃ, ശുക്തിഃ; പ്രകീർണ്ണകം ച യോനയഃ. ശംഖഃ ശുക്തിശ്ച ജലജൗ. പ്രകീർണ്ണകം കരികുംഭാദി" എന്നു് വ്യാഖ്യാനവും—മുത്തുകൾ ശംഖ് ചിപ്പി മുതലായതിൽനിന്നുണ്ടാവുന്നു. അതിൽ ശംഖും ചിപ്പിയും വെള്ളത്തിലുള്ളവ എന്നു സാരം പറയുന്നു. ഇതിൽനിന്നു് ചൂർണ്ണീനദി സമുദ്രത്തിൽ ചേരുന്നിടത്തു്—സഹോദരി താമ്രയേപ്പോലെ—മുത്തുണ്ടാകുമെന്നും അതു ശംഖിൽനിന്നാണെന്നും വ്യക്തമാകുന്നു. അതുകൊണ്ടാണു് കൂട്ടം കൊതിയൊടു ശംഖങ്ങൾ കോരുന്നതെന്നു സാരം. പതനസ്ഥലത്തുനിന്നു് ഈ ശംഖുകൾ വാരി ആറുവഴി കേററി ഊന്നുന്നു എന്നത്ഥം ധരിക്കേണ്ടതാണു്. മുകളിൽ ആററുതീരത്തെവിടെയെങ്കിലും സങ്കേതമുണ്ടായിരിക്കണം. അവിടെ എത്തിക്കുവാനാണങ്ങനെ പോകുന്നതു്. ആദ്യം വെള്ളത്തിൽനിന്നു് വാരിവാരി മണൽത്തിട്ടയിലിട്ടും, അതുകഴിഞ്ഞു് അവയെല്ലാം വള്ളത്തിൽ എടുത്തിട്ടുകൊണ്ടു് കേറ്റി ഊന്നിപ്പോകും എന്നു മനസ്സിലാക്കുന്നതു കൊള്ളാം.

സ്രംസദ്വീചീസിചയപുളിനശ്രോണിശിഞ്ജാനഹംസീ-
കാഞ്ചി,ഭ്രാമ്യച്ഛഫരനയനം, കീർണ്ണശൈവാലകേശം
ആസീദന്തീമതിരസഭരാദാനതാവർത്തനാഭിം
ദൃഷ്ട്വാ ക്ലാന്തഃ കഥമിവ ഭവാംസ്താമസംഭാവ്യ യാതാ.

അന്നല്ലോളത്തുകിലരമണൽ-
ക്കെട്ടിലൂന്നുങ്ങുകൊഞ്ചു-
ന്നന്നക്കാഞ്ചീ, ശഫരമിഴി പാഴ്-
പ്പായലാം ചായ,ലെല്ലാം
പിന്നെ,പ്പൊക്കിൾച്ചുഴിയൊടു രസം
വായ്ച്ചു മന്ദിച്ചു നല്ലാർ
സന്നൻ നിൻമുൻപണയിൽ വിടുമോ?
വല്ലതും ചൊല്ലിടാതെ. 67

ആറു് നിന്റെ അടുക്കലേക്കു വരുന്നു—ക്ഷീണം തീർത്തു പോവുക എന്നാശയം. നദി കണ്ടപ്പോൾ പ്രകൃതിയിൽ രസിക്കുന്ന കവിക്കു കുതുകം അധികമുണ്ടായി. തനിക്കനുകൂലയായ രംഗലക്ഷ്മി അടുത്തുവരികയാണോ എന്നുകൂടി നായകനു തോന്നിയിരിക്കാം. ഓളത്തുകിൽ=തിരമാലയാകുന്ന വസ്ത്രം. ഓളംപോലെയുള്ള വസ്ത്രം, പച്ചപ്പട്ടു്. മണലരക്കെട്ടു്=മണൽ ആകുന്ന അരക്കെട്ടു്. മണലുപോലെ പരന്ന നിതംബം. ഏതാനുംഭാഗം

ഉയന്നതു്. അന്നകാഞ്ചീ=അന്നങ്ങളാകുന്ന അരഞ്ഞാൾ, അന്നങ്ങളെപ്പോലെ ശബ്ദിക്കുന്ന അരഞ്ഞാൾ. ശഫരമിഴി=മത്സ്യങ്ങളാകുന്ന മിഴി, മത്സ്യങ്ങൾപോലെയുള്ള മിഴി. പായലാം ചായൽ=പായലാകുന്ന തലമുടി, പായൽ പോലെയുള്ള തലമുടി. പൊക്കിൾച്ചുഴി=പൊക്കിളാകുന്ന ചുഴി, പൊക്കിൾ ചുഴിപോലെയുള്ളതും. രസം=വെള്ളം, സന്തോഷം. ശൃംഗാരാദി. മന്ദിക്കുക=പതുങ്ങുക. ആറിൻെറ പക്ഷത്തിൽ വേഗതക്കുറവു്. വെള്ളം പെരുകിയാൽ ഒഴുക്കിന്റെ ശക്തി കുറയുമല്ലൊ? നല്ലാർ=നല്ല ആറു്(നദി). സുന്ദരിഎന്നും. സന്നൻ=തളൎന്നവൻ (സാദത്തോടുകൂടിയവൻ). രസികൻ എന്നു നാടോടിഭാഷയിലും. നല്ലാർ മൂലപദത്തെ അതിക്രമിച്ചതും സരസവുമായ വിവൎത്തനം. സന്നൻ, നല്ലാർ മുതലായ പദങ്ങൾ രസവൎദ്ധനവിനു് ഉതകുന്നതാണു്. അനുരാഗത്തോടുകൂടി തനിയേവന്നു ചേരുന്ന സ്ത്രീയെ ഉപേക്ഷിക്കരുതെന്നു ധൎമ്മശാസ്ത്രം. നീയോ സന്നൻ. അവളോ സുന്ദരി. തനിയേ സാനുരാഗം വന്നവൾ. വല്ലതും ചൊല്ലിടാതെ വിട്ടമോ? ഒന്നാന്തരം നമ്പൂരിഫലിതം. പ്രകൃതാപ്രകൃതശ്ലേഷ. ഒന്നാംതരം ധ്വനി. നല്ല മലയാളപദങ്ങളുടെ സുന്ദരമായ ഘടന. "ക്ലാന്തഃ ഭവാൻ കഥമിവതാമസംഭാവ്യ യാതാ" എന്നു മൂലം. ക്ഷീണിച്ച നീ അവിടെ കുറച്ചു താമസിച്ചു് ക്ഷീണം തീൎത്തു് (വെള്ളം കുടിച്ചും മററും) പോകണമെന്നാണു ധ്വനി. നല്ലാർ നിൻ മുൻപണയിൽ സന്നനായ നീ വല്ലതും ചൊല്ലിടാതെ വിട്ടമോ എന്നു വിവൎത്തനം. അതെല്ലാം ധ്വനിപ്പിച്ചിരിക്കുന്നു, രസമനുഭവിക്കാതെ വിടുകയില്ലെന്നു ഭാവം. പറയാതെതന്നെ. അനുവാദംകൂടിക്കിട്ടിയാലോ? മധുരമധുരമായ വിവൎത്തനം. സാവയവരൂപകം.

ഉത്തീർണ്ണസ്താമുദധിദയിതാമുത്തരേണ ക്രമേഥാ
രാജൽപത്തിദ്വിപഹയരഥാനീകിനീം രാജധാനീം
രാജ്ഞാമാജ്ഞാനിയമിതനൃണാമാനനൈർഭ്രൂരിധാമ്നാം
രാജാ രാജേത്യവനിവലയേ ഗീയതേ യന്നികേതഃ

പാരം പററിപ്പുഴയുടെ വട-
ക്കോട്ടുപോയ് പൂകിടേണം
തേര്, കാലാൾ, കരി, കുതിരയും
തിങ്ങുമാ രാജധാനി.
ധീരം പാരിൽ പ്രജകളെ നയി-
ക്കുന്ന മന്നോർ,മുഖാബ്ജാൽ
പാരം വാഴ്ത്തും തദധിപതിയേ-
രാജരാജാഖ്യയാലേ. 68

പുഴയുടെ പാരം പററി വടക്കോട്ടു പോയ് തേരക്കാലാൾ കരി കുതിരയും തിങ്ങുമാ രാജധാനി പൂകിടേണമെന്നന്വയം. അക്കരക്കടന്ന് വടക്കോട്ടു പോയി ചതുരംഗസേന തിങ്ങുന്ന മഹോദയരാജധാനിയിൽ (തിരുവഞ്ചക്കുളത്തു) പ്രവേശിക്കുക എന്നുപദേശം. പൂകുക=പ്രവേശിക്കുക. കരി=ആന. തിങ്ങുക=നിറയുക. ധീരം=പ്രജകളെ ധീരം നയിക്കുന്ന എന്നന്വയിക്കണം. തദധിപതി=ആ പട്ടണത്തിന്റെ അധിപതി. അവിടെ വാഴുന്ന പെരുമാൾ. മന്നോർ=രാജാക്കന്മാർ. മുഖാബ്ജം=മുഖമെന്നുമാത്രമർത്ഥം. വാഴ്ത്തുക=സ്തുതിക്കുക. രാജാ രാജാ എന്ന പേരിൽ എന്നു ധരിക്കണം. പെരുമാളെക്കാണുമ്പോൾ സാമന്തന്മാർ രാജരാജൻ എന്നു പ്രകീർത്തിക്കുമെന്നുകൂടി വിവർത്തനത്തിനർത്ഥം കാണുക.

വാചാ യേഷാം ഭവതി നൃപതിന്നായകോ രാജ്യലക്ഷ്മ്യാഃ
ഗ്രാമാൻ ഷഷ്ടിം ചതുര ഇഹ യേ ഗ്രാഹ്യചേഷ്ടാ നയന്തി
ശസ്ത്രേ ശാസ്ത്രേപി ച ഭൃഗുനിഭൈർഗ്ഗുശദ്വുത്തദാസതേ യാ
വിപ്രേന്ദ്രൈസ്തദ്വിപുലമാവര്യാവലീഷു സ്ഥലീഷു.

ഭൂമംഗല്യം നൃപരിലരിയി-
ട്ടോതിയർപ്പിച്ചിട്ടന്നോർ
സാമത്ഥ്യം കൊണ്ടലമറുപതും
നാലുമൂരും നയിപ്പോർ
കേമൻ രാമൻ ഭൃഗുവൊടറിവാ-
ലായുധത്താലുമൊക്കും
ഗ്രാമണ്യാഢ്യദ്വിജർ തളികളിൽ-
ച്ചൂഴവും വാഴമേടം. 69

അരിയിട്ടവാഴ്ച: ഭൂമംഗല്യം = ഭൂമിയുടെ മംഗല്യം. മംഗല്യം = താലി. അതുണ്ടായിരിക്കണമെങ്കിൽ ഭർത്താവു ജീവിച്ചിരിക്കണം. അതു കൊണ്ടു് മംഗല്യത്തിനു് ഭർത്തൃത്വമെന്നു് ഔപാധികമായിട്ടു് അർത്ഥമുണ്ടായി. ഇവിടേ ഭരണാധികാരമെന്നു സാരം. നൃപന്മാർ = രാജാക്കന്മാർ. രാജാവായി ജനിച്ചാലും അവർ രാജ്യം ഭരിക്കുന്നില്ല. അതിനു ബ്രാഹ്മണർ അരിയിട്ടവാഴ്ച നടത്തണം, അപ്പോഴെ അതിനു യോഗ്യന്മാരാകുന്നുള്ളു. അർപ്പിക്കുക=കൊടുക്കുക. അറുപതും നാലുമൂരും സാമത്ഥ്യം കൊണ്ടു നയിപ്പോർ ഭരിക്കുകയല്ല, ഭരിപ്പിക്കുകയാണെന്നു സാരം. പ്രസിദ്ധനായ ചാണക്യൻ(വിഷ്ണുഗുപ്തൻ)തന്നെ അവരിൽപ്പെട്ട ഒരു നമ്പൂരിയായിരുന്നു. രാമൻ ഭൃഗുവൊടു് = ഭാർഗ്ഗവരാമ(പരശുരാമ)നോടു് അറിവുകൊണ്ടും അഭ്യാസംകൊണ്ടും തുല്യർ. ഗ്രാമണ്യാഢ്യദ്വിജർ = ഗ്രാമഭരണക്കാരും ആഢ്യന്മാരുമായ നമ്പൂതിരിമാർ. തളികൾ=ഇല്ലങ്ങൾ. ബ്രാഹ്മണരുടേയും ദേവന്മാരുടേയും രാജാക്കന്മാരുടേയും വാസസ്ഥലത്തെ തളികൾ എന്നു പറഞ്ഞിരുന്നു. "മതിതെളിഞ്ഞ മറയോർ മരുവി, വെണ്മതിതൊടും—മതിൽ വളഞ്ഞിതമെഴും തളികൾ ചൂഴിൻെറടം (ഉണ്ണിയാടീചരിതം) നോക്കുക. ചൂഴവും=ചുററും.

അച്ഛാമച്ഛച്ഛദനിബിഡിതാമർത്ഥമാധ്വ്യാ മഹത്യാ
ഗുർവ്വീം പദ്യസ്രജമഭിനവൈർഗ്ഗുംഫിതാം വാക്യപുഷ്പൈഃ
ഈശാനായ പ്രദിശ "ജയരാതേശ്വരം" മന്ദിരം പ്രാ-
പ്യാമോദീ സ്യാന്നിയതമനയാ സർവ്വഥൈവേഷ ദേവഃ

ശുവർണ്ണം ശുന്നിനിയ പൊരുൾ തേ-
നീടിലാന്നും നറും വാക്-
പൂ വച്ചുണ്ടാക്കിയ മണമെഴും
പദ്യമാലാവിശേഷം
ദേവൻ ശർവ്വന്നരുള്ള "ജയരാ-
തേശ്വര"ക്ഷേത്രമാന്ന-
ങ്ങാവന്ദ്യൻ തീർത്തതില്പമധികം
തന്നെയാമോദിയാകും. 70

ജയരാതേശ്വരദർശനം: ശുവർണ്ണം=പരിശുദ്ധമായ നിറം. അക്ഷരമെന്നും. പോരുൾ തേൻ=അർത്ഥമാകുന്ന തേൻ. നേന്തൂറുന്നതെന്നും. ഈട്=കനം. നറും വാക്പൂ=മനോഹരവാക്കുകളാകുന്ന പൂവ്. നല്ല പൂക്കൾപോലെയുള്ള വാക്ക്. പദ്യമാല=പദ്യങ്ങളാകുന്ന മാല. മാല പോലെ ഉത്തമമായ പദ്യങ്ങൾ. ശ്രീപരമേശ്വരൻ. വന്ദ്യൻ=വന്ദിക്കപ്പെടേണ്ടവൻ. ആമോദീ=സന്തോഷമുള്ളവൻ. സൗരഭ്യമുള്ളവനെന്നും. സ്തോത്രം ചൊല്ലി ദേവനെ സ്തുതിക്കണം. ജയരാതം=മഹോദയക്ഷേത്രം. അവിടത്തെ ദേവൻ ജയരാതേശ്വരൻ. മനോഹരാക്ഷരങ്ങളും തേൻപോലെ മധുരാർത്ഥവും ഉള്ള വാക്കുകളും മണമുള്ള ധ്വനിയും ചേർന്ന പദ്യമാലകൾ ചാർത്തി സ്തുതിക്കണം. പുഷ്പമാലയോ? വിചിത്രങ്ങളായ പുഷ്പങ്ങളാൽ ഗ്രഥിതമായിരിക്കണം. ലക്ഷ്മീദാസൻെറ കാവ്യത്തിനീ ഗുണങ്ങളെല്ലാമുണ്ട്. ശ്ലിഷ്ടസാവയവരൂപകം. മനോഹരമലയാളപദസങ്കലിതവിവർത്തനം.

മദ്ധ്യേരണ്യം മമ ദൃശി ഭവേസ്ത്വൽക്കരാഗ്രേ യുഗാന്തേ
പ്രാച്യാ പ്രാണാഹുതിരപി ന യൽ പൂര്യതേƒജാണ്ഡ-
ഖണ്ഡൈഃ
മാതർമാതും പ്രഭവതി കഥം മാദൃശസ്ത്വാദൃശീം ത്വാ-
മിത്ഥം ദ്വന്ദ്വം പ്രണമ ചരണാംഭോജയോശ്ചണ്ഡികായാഃ.

"കാട്ടിൽ കാട്ടിത്തരു കണിയെനി-
ക്കംബ! വിശ്വങ്ങളാകെ-
ക്കൂട്ടിൽ തൂക്കിക്കുലകരുതിയിൽ
പാരണയ്ക്കെത്തിടാത്തോൾ
പാട്ടിന്നാമൂർത്തിയെയറിയുവാ-
നീജ്ജനം സജ്ജനാമോ?"
കൂട്ടിക്കൂപ്പീ സ്തവവുമുരുവി-
ട്ടാക്കുരുംബാകഴൽതാർ. 71

കൊടുങ്ങല്ലൂർ ഭഗവതിയെ വന്ദിക്കുക. തിരുവഞ്ചിക്കുളവും കൊടുങ്ങല്ലൂരും അടുത്തടുത്താണു്. അതുകൊണ്ടാണു് ചെന്നു വന്ദിക്കുക എന്നു പറയാത്തതു്. ഒരു ദേശമെന്നു ധാരണ. അംബ!=അമ്മേ! രക്ഷിതാവേ. എനിക്കു കാട്ടിൽ കാട്ടിത്തരുക എന്നന്വയം. കൊടുങ്ങല്ലൂർക്ഷേത്രത്തിനു കിഴക്കുവശം ശ്രീമൂലസ്ഥാനം എന്നു് ഒരു പറമ്പുണ്ടു്. അതിനു കുരുംബവനം എന്നാണു പേരു്. കാവു് എന്നു പറഞ്ഞാൽത്തന്നെ കാടു് എന്നാണു് അർത്ഥം. അവിടെ എനിക്കു കണികാട്ടിത്തരണം. അല്ലാതെ വെറും കാട്ടിൽ എന്നല്ല സാരം. ഉലകരുതിയിൽ = പ്രളയത്തിൽ. പ്രളയകാലത്തു് വിശ്വങ്ങളെല്ലാം കൂട്ടിൽ (കൂട്ടിയാലും) തൂക്കിക്കൂ് പാരണയ്ക്കു് മതിയാവാത്തവൾ. "പ്രാണാഹുതിരപി" എന്നു മൂലം. ഇജ്ജനം പാട്ടിനു് (വഴിയാംവണ്ണം) ആ മൂർത്തിയെ അറിയുവാൻ സജ്ജനാമോ? (പ്രാപ്തനാമോ) എന്നന്വയം. അതിനു് ഈ ഞാൻ ശക്തനാമോ? പോരെങ്കിൽ പക്ഷിയുമാണല്ലോ. ഭക്തിയുടെ പാരമ്യത്തിലുണ്ടാവുന്ന ജ്ഞാനംകൊണ്ടു വേണം ഈശ്വരനെ അറിയുവാൻ. ആ കുരുംബാകഴൽതാരു് ഈ സ്തവവുമുരുവിട്ടു് കൂട്ടിക്കൂപ്പു് എന്നന്വയം. ഈ സ്തവം=മൂന്നു പാദങ്ങളെക്കൊണ്ടുള്ള സ്തവം. ലക്ഷ്മീദാസനു് ദേവിയെക്കുറിച്ചുള്ള ഭക്തി ധ്വനി.

പാൎശ്വേ പാൎശ്വേ മദഭരപട്ടധ്യാനലോലംബലോലൈഃ
പത്രച്ഛായാതിമിരമളിനാഭ്യന്തരൈൎവ്വല്ലിഗേഹൈഃ
മാൎഗ്ഗാരാമാസ്തവ ഗുണപുരാസത്തിമാസൂത്രയിഷ്യ-
ന്ത്യന്തൎഗ്ഗന്ധാന്തരപരിഗതസ്മേരവക്ത്രാധ്യനീനാഃ.

പള്ളത്തങ്ങിങ്ങധികമദമായ്
വണ്ടു മൂളുന്ന വള്ളി-
പ്പള്ളക്കെട്ടാലിരുളുമിലതൻ
മാലയാൽ ചോലയാന്നും
ഉള്ളും മുററും പരിമളമിളൽ-
പ്പുഞ്ചിരിക്കാർ വഴിക്കാ-
രുള്ളപ്പോളാമതിലകമിതെ-
ന്നാ നടക്കാവു കാട്ടും. 72

മതിലകത്തെത്തുന്നതിനുള്ള നടക്കാവു്. ഇനി ദൂരം അധികമില്ല. വഴിയോ ചോദിക്കുകയും വേണ്ട. അങ്ങോട്ടു ധാരാളം ആളുകൾ പോകുന്ന ഒരു നടക്കാവുണ്ടു്. ആ മാൎഗ്ഗത്തിലൂടെ പോയാൽ മതിയാകും. പള്ളത്തു് = പാൎശ്വഭാഗങ്ങളിൽ. അധികമദം = അധികമായ മദം. മദം=ഉന്മാദം. വള്ളിപ്പള്ളക്കെട്ടു്=നടക്കാവിന്റെ മുകളിൽ പടൎന്നുകിടക്കുന്ന വള്ളിപ്പടൎപ്പു്. സൂൎയ്യരശ്മി കടക്കാത്തവിധം തിങ്ങിയ ഇലകളാൽ ഇരുണ്ട ചോല (തണൽ) ഉള്ളതും. മാല = സമൂഹം. സുഖമായി സഞ്ചരിക്കാം. പൂന്തേൻ നുകരുവാനാണു് വണ്ടുകൾ ആൎത്തുകൂടുന്നതു്. കാവിന്റെ ഉള്ളിൽ സുഗന്ധം വ്യാപിക്കുന്നു. പ്രകൃതിസിദ്ധവും കൃത്രിമവും. അഷ്ടഗന്ധം, സാമ്പ്രാണി മുതലായതുകൊണ്ടു് കൃത്രിമം. പുഞ്ചിരിക്കാർ= മന്ദഹസിക്കുന്നവർ. വഴിക്കാർ=സന്ധ്യയാകാറായി കുളിച്ചൊരുങ്ങി ദേവദൎശനത്തിനു പോകുന്ന സ്ത്രീപുരുഷന്മാർ എന്നു ധരിക്കണം. "സ്മേരവക്ത്രാധ്യനീനാഃ" എന്നു മൂലം. നിനക്കു പോകേണ്ട 'മതിലകം' ഇതാണെന്നു് ആ നടക്കാവു കാണിച്ചുതരും. ശബ്ദാൎത്ഥാലങ്കാരമസൃണമായ മൂലത്തിനു പററിയ വിവൎത്തനം. വിശേഷിച്ചു നല്ല മലയാളവും. പരിപുഷ്ടവും രോമാഞ്ചപ്രദവുംതന്നെ.

അഭ്യുൽഗമ്യ സ്വയമഭിദധൽ സ്വാഗതം ഭൃംഗശബ്ദൈഃ
കഞ്ചിൽകാലം ഫലഭരനതാഗ്രേഷു നീഡദ്രുമേഷു
സർവ്വാതിഥ്യേ സരസി നിവസംസ്തൃപാം സ വിശ്രാമയിഷ്യ-
ത്യദ്ധ്വശ്രാന്തം സലിലകണികാവാഹകോ ഗന്ധവാഹഃ

നേരായെത്തിക്കുശലമരുളി-
ബ്ഭൃംഗനാദാൽ, ഫലത്തിൻ
ഭാരാൽത്താഴം തരുനിരയിലേ
ക്കൂട്ടിൽ മുൻകൂട്ടിയാക്കി
ആരാൽ 'സർവ്വാതിഥി' മലിചിറ-
യ്ക്കുള്ളിൽനിന്നദ്ധ്വസാദം
തീരാൻ നീരും മണവുമിയലും
കാററുവന്നേററുകൊള്ളും. 73

മലിചിറയെ വർണ്ണിക്കുകയാണ്: നേരായെത്തി=നേരേ വന്നു. ആതിഥ്യമര്യാദ. എതിരേൽക്കുകതന്നെ. കാററാണ് നേരേ വന്നു സ്വാഗതമരുളുന്നതു്. ഭൃംഗനാദം=വണ്ടിൻെറ ശബ്ദം. അതുകൊണ്ടു് കുശലം പറയുന്നു. ഫലം (പളം)=കായ്. ഭാരം=കനം. തരുനിര=മരക്കൂട്ടം. മരനിരയാകുന്ന കൂട്ടിലാണിരുത്തുന്നതു്. പക്ഷികൾ യോജിച്ച സ്ഥലം. ആരാൽ=സമീപത്തു്. 'സർവ്വാതിഥി'=ആരും അതിഥിയായിട്ടുള്ളതു്. ആബ്രഹ്മചണ്ഡാലം പക്ഷഭേദമില്ലാതെ സ്വീകരിക്കുന്നതു്. മലിചിറ= കവിഞ്ഞൊഴുകുന്ന ചിറ. അദ്ധ്വസാദം=വഴിനടന്ന ക്ഷീണം. നീര്= വെള്ളം (ജലകണം). മണം=പുഷ്പഗന്ധം. ഗന്ധവാഹനാണല്ലോ കാററു്. ഏററുകൊള്ളും=എതിരേററുകൊള്ളും. കാററടിച്ചുകൊള്ളുമെന്നും. ഒന്നാന്തരം സ്വീകരണം. ആതിഥേയൻ കാററു്. സ്വീകരണപ്പന്തൽ ചോലമരം. വണ്ടിൻനിനദം സ്വാഗതവാക്ക്. ജലകണത്താലർഘ്യം. ഗന്ധപുഷ്പത്താലർച്ചന. ഇതിൽപ്പരം എന്തു വേണം? ആഗതൻെറ ക്ഷീണമെല്ലാം മാറി. ഒന്നാന്തരം സമാസോക്തി. മൂലവും വിവർത്തനവും ഞാനോ നീയോ കേമൻ എന്നു മത്സരിക്കുകയാണ്. ശബ്ദാലങ്കാരമസ്സണം—'സർവ്വാതിഥി' സർവ്വേ ഏവ അതിഥയോ യസ്മിൻ തൽ സർവ്വാതിഥി—എന്നു വിഗ്രഹം. എല്ലാവരും അതിഥിയായിട്ടുള്ളതെന്നർത്ഥം. രണ്ടായിരം കോലിൽ കൂടുതൽ ചുററളവുള്ള കുളം, ആക്കും തൊടാവുന്നതാണെന്നാണത്രേ പഴയ ആചാരം. അങ്ങനെയുള്ളതിനു 'സർവ്വാണി കുളം' എന്നു പറയും. സർവ്വാണി പരക്കെയുള്ളതെന്നു മലയാളം. സംസ്കൃതത്തിൽ സർവ്വാണിക്കീയർത്ഥമില്ല. മലയാളസർവ്വാണിയുടെ ശരിയായ തജ്ജമയാണ് സംസ്കൃതസർവ്വാതിത്ഥ്യം. ചിറയുടെ പേരല്ല.

ആയാതൃസ്തം വിരഹിഷു നിജം താപമാസജ്യ ഭാനാ-
വൂഢോല്ലാസം പ്രവിശ ഗുണകാമൂഹശാലീ വിശാലാം
അഗ്രാമ്യാലങ്കരണഹസിതാലാപലീലാവിശേഷൈ-
ർമ്മാനോദ്രേകം മനസി ഗുണിതം കുർവ്വതീമംഗയോനേഃ.

വല്ലാതാം ചൂടിനനിണപിരി-
ഞ്ഞോരിൽ വിട്ടസ്തമിച്ചാ-
ല്ലുല്ലാസംപൂണ്ടണക ഗുണകാ-
പത്തനം തത്വവാൻ നീ
സല്ലാപം, പുഞ്ചിരി,കളി,യണി-
ക്കോപ്പിവററിൻ നവത്വം
മല്ലാസ്ത്രന്നാവതു ഗുണമക-
ത്തുററമങ്ങേററുമത്രേ. 74

ഗുണകാപ്രവേശം: ഇനൻ വല്ലാതാം ചൂട്ട് ഇണപിരിഞ്ഞോരിൽ വിട്ട് എന്നന്വയം. ഇനൻ=സൂര്യൻ. ഇണപിരിഞ്ഞോർ=ഭാര്യമാർ വേർപെട്ടവർ. ഉല്ലാസം=സന്തോഷം. ഗുണകാ=തൃക്കണാമതിലകം. ഗുണിപ്പിക്കുന്നതു് എന്നു ശബ്ദാർത്ഥം. തത്വവാൻ=ശരിയായിട്ടുള്ളതറിയുന്നവൻ. ഊഹശാലീ എന്നു മൂലം. സല്ലാപം=സരസസംഭാഷണം. കളി=ലീല എന്നു മൂലം. അണി=ആഭരണം. നവത്വം=പുതുമ. മല്ലാസ്ത്രൻ=കാമദേവൻ. ആവതു ഗുണം=ആവുന്നത്ര ഗുണം. ഗുണിതം എന്നു മൂലം. ഇരട്ടിപ്പെന്നർത്ഥം. അകത്തു്=മനസ്സിൽ. ഊററം=അഹംഭാവം. അങ്ങ്=ആ ഗുണികയിൽ. അവിടത്തെ ആഡംബരം കാമദേവൻെറ മനസ്സിൽ അഹംഭാവം ഇരട്ടിപ്പിക്കും എന്നാണ് ഗുണകാ എന്ന പേരിൻെറ അർത്ഥമെന്നു ഫലിതം. സൂര്യൻ അസ്തമിക്കുമ്പോൾ തന്നിലുള്ള ചൂട്ട് വിരഹികളിൽ ആ ദേവൻ വീതിച്ചുകൊടുക്കുന്നു. അപ്പോഴാണവർ ഇണയെ അന്വേഷിക്കുന്നതു്. ആ സമയത്തു്—സന്ധ്യയായാൽ—നീയവിടെയെത്തണം. അവിടെ നാഗരികസ്ത്രീകളാണുള്ളതു്. അവർ അലങ്കാരങ്ങളെക്കൊണ്ടും ഹാവഭാവാദികളെക്കൊണ്ടും സല്ലാപങ്ങൾകൊണ്ടും കാമദേവൻെറ ഉള്ളിൽ അഹംഭാവം ഇരട്ടിപ്പിക്കും. അങ്ങനെയാണാ നഗരി. നഗരം സ്ത്രീലിംഗമാക്കിയിരിക്കുന്നതു ശ്രദ്ധിക്കണം. ഉത്സാഹം വളർത്തുന്ന ദിക്കിൽ എത്തുവാൻ കൗതുകമുണ്ടാവും. മതിലകം വളരെ വിസ്താരമുള്ളതാണെന്നു ധ്വനി. തത്വവാനായതുകൊണ്ട് നിനക്കറിയാമെന്നാശയം. ഭ്രമിക്കുകയില്ലെന്നു നിശ്ചയം. ഉത്തരാർദ്ധത്തിൻെറ നാന്ദീപദ്യം പോലെ ഇതു് ഉൽകൃഷ്ടമായിരിക്കുന്നു.

പൂർവ്വാർദ്ധം

KOTTAYAM PUBLIC LI

# ഉത്തരഭാഗം

മദ്ധ്യേ ജാംബൂനദധരമഹേളാവൃതാം വർഷപൂഗൈർ
വീക്ഷ്യോപാന്താം വിപുലപരിഖാസിന്ധുനാ വേഷ്ടിതാന്താം
താമാലോക്യാധികധൃതികരീം ഭോത്സ്യസേ രത്നഗർഭാ-
മങ്കേ ഭാന്തീം പരമിവ സുതാമൗരസീമുർവ്വരായാഃ

പൊന്നിൻകുന്നായ് നടുവണി മഹേ-
ളാവൃതം വർഷമേറെ-
ച്ചെന്നിട്ടുണ്ടാമതിരൊട്ടു കിട-
ങ്ങാഴിയാൽച്ചൂഴവോന്നായ്
തന്നിൽ തിങ്ങും മണികളൊടത-
ങ്ങാക്കുമാശ്ചര്യമേകും
മന്നിന്നോമന്മടിയിലെ മകൾ-
ക്കൊത്തു കണ്ടെത്തിടും നീ. 1

സന്ദേശങ്ങളിൽ പൂർവ്വം ഉത്തരം എന്നു രണ്ടു ഭാഗം ഉണ്ടു്. ആദ്യത്തേതിൽ നായകന്റെ സ്ഥിതി, പത്നീവിരഹദുഃഖം, ദൂതന്റെ ആഗമം, പോകേണ്ട വഴി, ഇവയെല്ലാം വർണ്ണിക്കുന്നു. അടുത്തതിൽ നായിക വസിക്കുന്ന പട്ടണം, ഗൃഹം, അവളുടെ അവസ്ഥ, സന്ദേശമരുളൽ മുതലായവയെ വിവരിക്കുകയാണു്. അതനുസരിച്ചു് ആദ്യം 15 പദ്യംകൊണ്ടു് ഗുണകയെ വർണ്ണിക്കുന്നു. ഗുണകാപുരിക്കു് ഭൂമിദേവിയുടെ സർവ്വലക്ഷണവും തികഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഭൂമിദേവി മടിയിലെടുത്തുവച്ചു് ലാളിക്കുന്ന ഓമനമകളാണോ ആ പുരി എന്നുൽപ്രേക്ഷിക്കുന്നു. വിശേഷണങ്ങൾ അമ്മയ്ക്കും മകൾക്കും യോജിക്കത്തക്കവണ്ണം ചേർത്തിരിക്കുന്നു. പൊന്നിൻകുന്നായ് നടുവണി—പൊന്നിൻകുന്നു് = മഹാമേരു. നടുവണി= മദ്ധ്യഭാഗത്തുള്ള അലംകാരം. ഭൂമിയുടെ നടുക്കു കർണ്ണികപോലെ മേരുവും ചുററും ഇളാവൃതം തുടങ്ങിയ ഒമ്പതു ഖണ്ഡങ്ങളുമാണെന്നാണല്ലോ പുരാണഭൂമിശാസ്ത്രം. ഗുണകയ്ക്കു് അകത്തു പൊന്നു് കുന്നായിട്ടു കിടക്കുന്നു. ഐശ്വര്യസമൃദ്ധി. അല്ലെങ്കിൽ അടുത്തപദ്യത്തിൽ പറയുംപ്രകാരം ഗുണകയുടെ ചുററുമുള്ള കോട്ട (നടുവണി–അരഞ്ഞാൾ) മഹാമേരു വളച്ചിട്ടിരി

ക്കുന്നതെന്നും. മഹേളാവൃതം = മഹത്തായിരിക്കുന്ന ഇളാവൃതത്തോടു (ഭൂഖണ്ഡം) കൂടിയതു ഭൂമി. മഹേളകളാൽ (സ്ത്രീകൾ) നിറഞ്ഞതു് ഗുണക. വർഷമേറെ ചെന്നിട്ടുണ്ടാമതിരൊടു (കൂടിയതു്). വഷം = ഭൂഖണ്ഡം. ഭാരതവർഷം മുതലായതുപോലെ. സംവത്സരമെന്നും. അനേകം ഭൂഖണ്ഡങ്ങൾ ചുററുമുള്ളതു് ഭൂമി. വളരെസംവത്സരം ചുററിനടന്നാൽ പ്രാപിക്കാവുന്ന അതിത്തിയോടുകൂടിയതു് ഗുന്നക. അത്ര വല്യതെന്നത്ഥം. കിടങ്ങാഴിയാൽ ചൂഴവോന്നു് = കിടങ്ങുപോലെ ആഴി(കടൽ)യാൽ ചുററിയതു ഭൂമി. ആഴിപോലെയുള്ള കിടങ്ങിനാൽ ചുററിയതു് ഗുണക. തന്നിൽ തിങ്ങും മണികളോടുകൂടിയതു്. മണി = രത്നം. ഭൂമി രത്നഗർയാണല്ലൊ. രത്നങ്ങൾ നിറഞ്ഞതു് ഗുണകാ. സമൃദ്ധി. ആക്കും ആശ്ചര്യ(അത്ഭുത)ത്തെക്കൊടുക്കുന്നതു രണ്ടും. ഇങ്ങനെ മന്നിന്നും മകൾക്കും അത്ഥവ്യത്യാസത്തോടുകൂടിയ വിശേഷണങ്ങളെക്കൊണ്ടു സാദൃശ്യം. അങ്ങനെയുള്ള ഭൂമിയുടെ പൊരുത്തമുള്ള ഓമനമകളെ മടിയിൽവച്ചു ലാളിക്കുന്ന വിധത്തിൽ നീ ആ ഗുണകയെക്കണ്ടെത്തുമെന്നുൽപ്രേക്ഷിക്കുന്നു. ശ്ലേഷയാൽ ഉൽപ്രേക്ഷ സാധിച്ചിരിക്കുന്നു.

ദോർദ്ദണ്ഡാഭ്യാം നിബിഡിതഭുജംഗേന്ദ്രരത്നാംഗദാഭ്യാം
വേഗാകൃഷ്ട്യാ ഘടിതശിഖരം മേരുകോദണ്ഡചക്രം
ന്യസ്തം ഭൂയസ്ത്രിപുരജയിനാ യത്ര നേത്രാഗ്നിതപ്തം
രുദ്ധോജ്ജൃംഭം സ്ഫുരതി പരിതോ രുക്മസാലച്ഛലേന.

ചാർത്തും നാഗാധിപവളയെഴും
കൈകളാലാന്നു കൂട്ടി-
ച്ചേർത്തും തമ്മിൽക്കുലചില മഹാ-
മേരുതൻ തുമ്പുരണ്ടും
പേർത്തും കാച്ചിപ്പുരഹരനുല-
ക്കണ്ണുടപ്പിൽക്കടുപ്പം
തീർത്തും ചൂഴെക്കനകമതിലിൻ
പിട്ടിലിന്നിട്ടിരിപ്പൂ. 2

ചാർത്തുക = അണിയുക. നാഗാധിപവള = നാഗാധിപനാകുന്ന വള. നാഗാധിപൻ = വാസുകി. കുലചില=കുലവില്ല്. തുമ്പ് = അറ്റം. (ധനുഷ്ക്കോടി). പേർത്തും = വീണ്ടും വീണ്ടും. പുരഹരൻ=ത്രിപുരന്മാരെ ക്കൊന്നവൻ. ശ്രീപരമേശ്വരൻ. ഉലക്കണ്ണുടപ്പ് = ഉലപോലെ ജ്വലി ക്കുന്നകണ്ണാകുന്ന അടുപ്പ്. മൂന്നാം തൃക്കണ്ണാകുന്ന ഉലയടുപ്പിൽ. കടുപ്പം തീർത്ത്=പതം മാററി (ടെമ്പർ കുറയ്ക്കുക). ലോഹങ്ങൾക്ക് സ്വതേ പതം (കടുപ്പം) ഉണ്ട്. കാച്ചിയാൽ പതം പോകും. കാച്ചിത്തോയിച്ചാൽ (മുക്കിയാൽ) പതം കൂടും. അതാണ് സ്വഭാവം. ഇവിടെ മേരുവില്ലു വള ച്ചു വളയമാക്കിയാൽ തിരിയെ നിവന്നുപോകാതെ കാച്ചി പതം കുറച്ചു എന്നു സാരം. ചൂഴെ=ചുററും. പിട്ട് = വ്യാജം. ശ്രീപരമേശ്വരൻ അരു ളുന്ന ഗ്ഗുണകാപുരത്തിനു് സ്വർണ്ണമതിലുണ്ട്. വിസ്താരംകൊണ്ടും പൊക്കം കൊണ്ടും മേരുതുല്യം. അതുകൊണ്ട് സ്വാമി ത്രിപുരദഹനകാലത്തെ ത ന്റെ മേരുവില്ല് കുത്തിക്കുലച്ച് അററം രണ്ടും ചേർത്തു വളയമാക്കി കാച്ചി വിളക്കി പതംകുറച്ച് അതങ്ങനെ അവിടെ ഇട്ടു. ഇപ്പോൾ അതു സ്വർണ്ണ മതിലെന്ന വ്യാജേന വിളങ്ങുന്നുവോ എന്നുൽപ്രേക്ഷ. കൈതവാപ ഹ്നുതി ഉദാത്തം ഈ അലങ്കാരങ്ങൾ.

സ്വൈരക്രീഡാവിധിഷു സുദൃശാം ശ്രൂയമാണേഷു യത്ര
സ്വീയഭ്രാന്ത്യാവഹകളനവൈർന്നൂപുരൈർഗ്ഗോപുരേഷു
ഉഡ്ഡീയോച്ചൈസ്ത്വരിതഗമനശ്രാന്തയസ്ത്വദ്ധ്വമാർഗ്ഗേ
വ്യാവർത്തന്തേ നഭസി കുസുമാക്രീഡചക്രാംഗപോതാഃ.

നേരംപോക്കായ് നളിനമിഴിമാർ
ഗോപുരത്തിൽക്കളിക്കും
നേരം കൂററിൻ നിനവരുളുമാ-
ക്കാൽച്ചിലമ്പൊച്ചകേൾക്കെ
സ്വൈരക്രീഡാവനിയിലവിടെ-
പ്പൈതലന്നങ്ങൾ വാനിൽ
ദൂരം പാറിപ്പരവശതയാൽ-
പ്പാതിയിൽപ്പിൻതിരിപ്പൂ. 3

നേരംപോക്ക് = കളി. സമയം പോകുന്നതിനുവേണ്ടിയുള്ളതെന്നും. നളിനമിഴി = താമരക്കണ്ണി. ഗോപുരം=ഉണ്ണകയിലെ ഗോപുരം. കാൽചിലമ്പ് = കാൽത്തള. സ്വൈരക്രീഡാവനി = ഇഷ്ടംപോലെ വിഹരിക്കുവാനുള്ള ഉദ്യാനം. ക്രീഡ=കളി. പൈതലന്നങ്ങൾ = പൈതലാകുന്ന അന്നങ്ങൾ. അരയന്നപ്പൈതങ്ങൾ എന്നർത്ഥം. പരവശത=പാരവശ്യം. ക്ഷീണം. അവിടെയുള്ള ഉദ്യാനവാപിയിൽ അരയന്നങ്ങളും കുഞ്ഞുങ്ങളും ധാരാളമുണ്ട്. ഗോപുരത്തിൻെറ ഉപരിഭാഗത്തു വിഹരിക്കുന്ന സ്ത്രീകളുടെ കാൽച്ചിലമ്പൊലികേട്ടു കൂട്ടുകാരാണെന്നു ഭ്രമിച്ചു കൂടെ എത്തുവാൻ അന്നക്കിടാങ്ങൾ മേൽപ്പോട്ടു പറക്കുന്നുവെന്നും അവിടെച്ചെല്ലാതെ പാരവശ്യംകൊണ്ടു താഴെത്തന്നെ പതിക്കുന്നുവെന്നും സാരം. ഗോപുരത്തിൻെറ ഉയരം, അവിടെയുള്ള സ്ത്രീകളുടെ വിഹാരം, ക്രീഡോദ്യാനവാപിയിലെ അരയന്നങ്ങൾ, ഇവയെല്ലാം ധരിക്കേണ്ടതാകുന്നു. അന്നങ്ങളാണെങ്കിൽ അവിടെ എത്തും. അതു വരരുതെന്നു ഭാവന. ഭ്രാന്തി അലങ്കാരം.

യസ്യാം സൗധാ രതിരുചികൃതശ്ചിത്തയോനേര്യശോഭി-
ർന്നൈവ ശ്വേതാഃ പരമഹിപതേഃ ശ്ലിഷ്ടരത്നാശ്ശിരോഭിഃ
ദുഗ്ധാംഭോധേരഭിനവസുധാശീതളാ വീചിഭംഗൈ-
സ്തുംഗാഃ ശൃംഗൈരപി ഹിമഗിരേസ്തുല്യകല്യാഃ പ്രഥന്തേ.

മുന്തും സൗധം രതിഹിതമന-
ങ്ഗപ്പുകൾക്കും മണിശ്രീ
ചിന്തും ശേഷൻ മുടികളൊട്ടമാ
വെണ്മയൊന്നല്ല പിന്നെ
പൊന്തും പാലാഴിയിലലനിര-
യ്ക്കും സുധാനവ്യശൈത്യാൽ
തുന്തുംഗത്വാൽപ്പനിമലമുടി-
ച്ചാർത്തിനും ചേർത്തു ചൊല്ലാം. 4

മുന്തും = വർദ്ധിക്കും. രതിഹിതം=രതിക്കു് (കാമപത്നിക്കു്) ഹിതമായിട്ടുള്ളതു്. കാമകേളിക്കു് കൊള്ളാവുന്നതു്. അനംഗപ്പുകൾ = കാമദേവൻെറ കീർത്തി (കാമകീർത്തി). മണി=രത്നം. ചിന്തും = ചിതറും (പരക്കും). പൊന്തും=പൊങ്ങും. സുധ = അമൃതു്. കുമ്മായം എന്നും. തുംഗത്വം= ഉയർച്ച. പനിമല = ഹിമവാൻ. പനി=മഞ്ഞു് എന്നർത്ഥം. മുടിക്കു് ഇവിടെ കൊട്ടമുടി എന്നർത്ഥം. അവിടത്തെ മാളികകൾക്കു് വെണ്മ വേണ്ടുവോളമുണ്ടു്. അതുകൊണ്ടുമാത്രമല്ല (നൈവ ശ്വേതാ എന്നു മൂലം) കാമകീർത്തിയോടും, അനന്തൻെറ ഫണങ്ങളോടും, പാലാഴിത്തിരകളോടും, ഹിമവാൻെറ മുടികളോടും തുല്യമെന്നു പറഞ്ഞതു്, പിന്നയോ (പരമപി എന്നു മൂലം) മുറയ്ക്കു് രതിപ്രീതിദവും, രത്നപ്രഭയുള്ളതും സുധാശീതളത്വംകൊണ്ടും പൊക്കംകൊണ്ടും കൂടിയാണു് അവയോരോന്നിനും തുല്യമെന്നു പറയുന്നതു് എന്നു പ്രത്യേകം പ്രത്യേകം എടുത്തന്വയിച്ചു പറയണം. അപ്പോഴാണു് അതിൻെറ ചമൽക്കാരം അറിയുന്നതു്. ഉയരം, ഉദ്ദീപകത്വം, ഐശ്വര്യം, ശീതളത്വം മുതലായവ വ്യംഗ്യം. ശ്ലേഷമൂലകമായ ഉപമാലങ്കാരം.

ആലോക്യാരാദധിരജനി യത്രാത്മനഃ സൗധസത്മ-
ന്യാസീനാനാം മുഹുരതിശയീന്യംഗനാനാം മുഖാനി
പൂർവ്വാമാശാമുപരിഗമനപ്രേപ്സയാ സംഗൃഹീതാം
ഹിത്വാ സദ്യഃ പതനവിധയേ പശ്ചിമാമേതി ചന്ദ്രഃ.

മുന്നം ചാരത്തിരവിലവിടെ-
ച്ചന്ദ്രശാലാങ്കണത്തിൽ-
ക്കന്നൽക്കണ്ണാർക്കമലവദനം
കണ്ടുകണ്ടേറെമെച്ചം
ചെന്നങ്ങേറാൻ കരുതി,യുദയം
ചെയ്തതാമാശ കൈവി-
ട്ടിന്നച്ചന്ദ്രൻ, കുതിമറിയുവാൻ
വാരുണീസേവയാർന്നാൻ. 5

ചാരത്ത്=സമീപത്ത്. ഇരവ്=രാത്രി. ചന്ദ്രശാലാങ്കണം=മട്ടുപ്പാവിൻെറ തുറന്ന സ്ഥലം. കന്നൽക്കണ്ണാർ=സുന്ദരികൾ. കമലവദനം=താമരപ്പൂപോലെയുള്ള മുഖം. ഉദയംചെയ്തതാം ആശ=ഉദിച്ച ദിക്ക് (കിഴക്കേദിക്ക്). ഉണ്ടായ ആഗ്രഹമെന്നും. വാരുണീസേവ=വരുണദിക്കിനെ (പടിഞ്ഞാറെ ദിക്കിനെ) സേവിക്കൽ. വാരുണീ=മദ്യം. വാരുണീസേവ=മദ്യപാനം. തലതിരിഞ്ഞുവീഴാൻവേണ്ടി കള്ളുകുടിക്കുന്ന എന്നുകൂടി മൂലത്തിലില്ലാത്ത ഒരു ഭാവനയും ഉണ്ട്. കുതിമറിയുക=കുതിച്ചുമറിയുക. പതനവിധയേ എന്നു മൂലം. മറിഞ്ഞുവീഴാൻ എന്നു പറയുന്നതുകൊണ്ട് കള്ളുകുടിക്കും ഔചിത്യമില്ലായ്കയില്ല. മൂലകാരൻ എന്തോ അതു സൂചിപ്പിച്ചിട്ടില്ല. ചന്ദ്രശാലാങ്കണത്തിൽ നിൽക്കുന്ന സുന്ദരിമാരുടെ വദനങ്ങളാകുന്ന താമരപ്പൂക്കളെക്കണ്ട് അവയോടേററു പൊരുതുവാൻ ചെന്ന ചന്ദ്രൻ തോററു ദുഃഖംപാടി ആത്മഹത്യചെയ്യുവാൻ മദ്യപാനിയായിട്ടു വട്ടംകൂട്ടുകയാണോ ചെയ്യുന്നതെന്നു തോന്നുമെന്നുൽപ്രേക്ഷ. ശ്ലേഷം, അതിശയോക്തി ഇവയുടെ സങ്കരം എന്നുകൂടി പറയണം. അഹംകാരികൾക്കു പററുന്ന അധഃപതനം വ്യംഗ്യം.

യസ്യാം മൂർച്ഛന്മുരജനിനദാ നൃത്തശാലാഃ സമീരേ-
ണോദ്ധൂതാഗ്രൈർദ്ധ്വജപടഭുജൈരുത്തമാനാം നടീനാം
നൃത്യന്തീനാമുപരി ഗുരുഭിസ്സൈഃ സ്തനാരോഹഭാരൈ-
ർന്നീതാഃ കമ്പം നിപതനഭിയാന്യോന്യമാലംബയന്തി.

ഈട്ടററീട്ടും മുരജമിടറും
നൃത്തസൗധങ്ങൾതന്മേൽ-
ച്ചൂട്ടും കാററിൽപ്പതറിയ കൊടി-
ക്കൂറയാലേറെ നന്നായ്
ആട്ടം നല്ലാരുടെയരമുല-
ക്കട്ടിയാലിട്ടിളക്കീ-
ട്ടാട്ടംനേരത്തടിപറിയുമെ-
ന്നോർത്തു കൈകോർത്തു നില്പൂ. 6

ഈട്ടററ=കരുത്തുള്ള (കൊഴപ്പേറ്ററ്റുകൂടിയ). മുരജം=മൃദംഗം. ഇടറുക=പതറുന്നശബ്ദം മുഴക്കുക. നൃത്തസൗധം=കൂത്തമ്പലമേടകൾ. മേൽ=മുകളിൽ. ചൂട്ടുക=തലയിൽ ചാർത്തുക. പതറുക=പാറുക. നല്ലാർ=സുന്ദരികൾ. ആട്ടംനല്ലാർ=നർത്തകികൾ. അരമുലക്കട്ടി=അര(ജഘനം)യുടേയും മുലയുടേയും ഭാരം. ആട്ടുക=ഉലയുക. അടിപറിയുക=കടപുഴങ്ങുക. മാളികകളിൽ കൊടിക്കൂറ ധാരാളം പാറിപ്പറക്കുന്നു. അവതമ്മിൽപ്പിണഞ്ഞുകിടക്കുകയാകുന്നു. കെട്ടിക്കിടക്കുക എന്നു സാരം. സുന്ദരീരത്നങ്ങൾ നൃത്തമാടുന്നു. അവരുടെ സ്തനങ്ങളും നിതംബങ്ങളും ഇട്ടിളക്കീട്ട് ഭാരക്കൂടുതൽകൊണ്ട് മാളികകൾ ഉലയുമ്പോൾ അവ അടിപറിഞ്ഞു് മറിയുമോ എന്ന ശങ്കകൊണ്ട് കൊടിക്കൂറകളാകുന്ന കൈകൾ തമ്മിൽക്കോർത്തുപിടിച്ചു നിൽക്കുകയാണോ എന്നു തോന്നുമെന്നുൽപ്രേക്ഷ. രൂപകത്തിന്റെ സംകരം. നൃത്തശാലാ എന്നു മൂലം. അതു സ്ത്രീലിംഗമാണു്. സൂക്ഷിച്ചാൽ ചില വ്യംഗ്യങ്ങൾക്കൂടെ കാണാം. നല്ല മലയാളപദമേളനം. ഒന്നാംതരം ഭാവന. മകുടമായി നമ്പൂരിഫലിതവും.

യൽപര്യന്തേ പരമമണവോ രേണവഃ പുഷ്പവാട്യാം
പൗഷ്പാഃ പക്ഷശ്വസനചലിതാഃ പക്ഷിണാം ചാപമൗർവ്യാഃ
പ്ലുഷ്ടേ നേത്രാർച്ചിഷി പുരജിതാ പൗർവ്വികേ പുഷ്പകേതോ–
രന്യം ദേഹം ഘടയിതുമതഃ ശ്ലാഘനീയം ഘടന്തേ.

അന്നാടെങ്ങും മലർവനിയിലേ
പൂമ്പൊടിച്ചാർത്തു പൂവി–
ല്ലിന്നാളും ഞാണളിചിറകടി–
ക്കാററുകൊണ്ടേററുമുട്ടി
മുന്നാളീശൻ കനൽമിഴിയിലാ
മാരമെയ് നീററിയെന്നാൽ
നന്നായ് വേറൊന്നതില്പരിയായ്
തീർത്തിടാനോർത്തിടുന്നു. 7

മലർവനി = പൂന്തോട്ടം. പൂവില്ലൻ = കാമദേവൻ. ഞാണളിചിറകടിക്കാററു് = ഞാണാകുന്ന വണ്ടിൻെറ ചിറകടിയിൽനിന്നുണ്ടാകുന്ന കാററു്. കാമദേവൻെറ വില്ലിൻെറ ഞാണ് വണ്ടിൻനിരയാണെന്നു പ്രസിദ്ധം. ഈശൻ=ശ്രീപരമേശ്വരൻ. മാരൻ=കാമദേവൻ. മെയ്യ്= ശരീരം. നീററുക=ഭസ്മമാക്കുക. ഉപരിയായ് = കൂടുതൽ നന്നായിട്ട്. മുമ്പ് കാമദേവനെ ശ്രീപരമേശ്വരൻ ചാമ്പലാക്കി. ഈ പൂന്തോട്ടങ്ങളിലെ വണ്ടുകളുടെ ചിറകടിച്ചുള്ള കാററുതട്ടി ഇളകുന്ന പൂമ്പൊടിക്കൂട്ടം ഇനി അതിലും മെച്ചമായ ഒരു കാമ(ശരീരം)നെ ഉണ്ടാക്കുവാൻ തുടങ്ങുകയാണോ എന്നു തോന്നുമെന്നുൽപ്രേക്ഷ. പരമാണുക്കളുടെ സങ്കലനമാണു് മൂർത്തിമൽഭാവമെന്നു താർക്കികമതം. കാമോദ്ദീപകത്വം വ്യംഗ്യം.

വീഥീം വീഥീമനു വിചരതാം യത്ര ദുർല്ലക്ഷപാരം
കാന്തിസ്സാരം കമപി സുഭഗം കാമിനാമീക്ഷമാണഃ
ലജ്ജാവാംശ്ചേന്നയനദഹനേ ശംഭുനാ ലംഭിതാം സ്വാം
മന്യേ ദേഹാഹുതിമുപകൃതിം മന്യതേ പഞ്ചബാണഃ.

കാണുമ്പോളങ്ങരിയതെരുവോ-
രോന്നിലും സഞ്ചരിപ്പോ-
രാണുങ്ങൾക്കുള്ളഴകവധിവി-
ട്ടുണ്ടു തിങ്ങും വിധങ്ങൾ
സ്ഥാണുതൃക്കണ്ണെരിയിലുടൽവെ-
ന്തററതും ചെററു നാണം
കാണുന്നെങ്കിൽക്കരുതുമധികം
കാര്യമായ്ക്കാമദേവൻ. 8

അരിയ = ശ്രേഷ്ഠമായ. തെരുവ് = അങ്ങാടി. രാജവീഥി. നീളംകൂടിയതും ഉത്തമവുമായ തെരുവീഥികളെന്നു സാരം. അവധിവിട്ട് = അതിരില്ലാതെ. വിധം = രീതി. സ്ഥാണു = ശ്രീപരമേശ്വരൻ. എരിയിൽ = തീയിൽ. ചെററു് = അല്പം. ഗുണകയിലെ ഓരോ നെടുംപാതയിലും സുന്ദരപുരുഷന്മാർ എപ്പോഴും സഞ്ചരിക്കും. അവരോ കാമദേവനേക്കാൾ സൗന്ദര്യമുള്ളവർ. മാരനെ ശ്രീപരമേശ്വരൻ തൃക്കണ്ണിൽ ചാമ്പലാക്കിയതു് അയാൾക്കുപകാരമായി എന്നു ധ്വനി. അല്ലെങ്കിൽ അവരെ കണ്ടു നാണിച്ച് ആത്മഹത്യചെയ്യുമായിരുന്നു. അതു വേണ്ടിവന്നില്ല. "ചെററു നാണം കാണുന്നെങ്കിൽ" എന്ന പ്രയോഗം വളരെ ഉചിതമായി. പുരുഷന്മാർ ഏതു പ്രവൃത്തിയിലും എപ്പോഴും ലജ്ജാതീതന്മാരായിരിക്കണമെന്നു വ്യംഗ്യം. അതാണു പൗരുഷം. സംഭാവനാസ്പർശിയായ ഉൽപ്രേക്ഷ. മസൃണമലയാളപദഘടന പ്രത്യേകം സുന്ദരം.

അപ്യാത്രൂഢസ്ഥിരതരഗുണാന്യപ്യനാഘ്രാതദോഷാ-
ണ്യപ്യാലോലന്മൃദുകരപദാന്യപ്യനഘാധരാണി
ആസജ്യന്തേ ന ഖലു കഠിനാന്യാത്മഗാത്രേഷു യസ്യാം
ലോലൈഃ പൗരൈരപി തു ലളിതാന്യേവ രത്നാനി രാമാഃ.

എല്ലാനാളും ഗുണമൊട്ടമമൂ-
ല്യാധരശ്രീയൊട്ടം കേ-
ടില്ലാതെയും മൃദുകരപദം
ചേൎന്നു മിന്നുന്നതായും
നല്ലാർക്കല്ലേ രുചിരമവിടെ-
പ്പൂണ്ടിട്ടു പൗരരെല്ലാ-
മല്ലാതേററം കഠിനമണിതൻ
മൂൎത്തിമേൽ ചാൎത്തിടാപോൽ. 9

പുരുഷന്മാർ ഗുണകാപുരിയിൽ രത്നങ്ങളേയല്ല നാരീരത്നങ്ങളേയാണു് മാറിലണിയുന്നതെന്നു പറയുകയാണു്. രത്നങ്ങൾക്കും ശ്ലേഷകൊണ്ടു വിശേഷണം. ഗുണം = മേന്മ. ചരടെന്നും. അമൂല്യാധരശ്രീ=വലിയ വിലപ്പിടിപ്പു് (മൂല്യാധരം=വിലക്കുറവുള്ളതു്. അമൂല്യാധരം = വിലക്കുറ്റതല്ലുള്ളതു്). അമൂല്യ(വിലതീരാത്ത)മായ അധര(ചുണ്ടു്)ത്തിൻെറ ശോഭയോട്ടുക്കൂടിയ സ്ത്രീരത്നം. കേടില്ലാതെ=പൊട്ടൽ മുതലായ ദൂഷ്യമില്ലാത്ത രത്നം. അംഗഭംഗാദി ന്യൂനതയില്ലാത്ത സ്ത്രീകൾ. മൃദുകരപദം = മൃദുവായ (ഖരമല്ലാത്ത) കര(ശോഭ)ത്തിൻെറ ഇരിപ്പിടം രത്നം. മൃദുവായ കയ്യും കാലടികളുമുള്ളവർ നല്ലാൎക്കല്ലു്. രുചിരം=മനോഹരം. രണ്ടിടത്തും. നല്ലാൎക്കല്ലു്=സ്ത്രീരത്നം. പൂണ്ടിട്ടു = അണിയു. ആശ്ലേഷിക്കു എന്നും. മൂൎത്തി= ശരീരം. പൗരർ = പരിഷ്കാരികൾ. അവിടത്തെ രത്നസമൃദ്ധി ധ്വനി. പുരുഷന്മാൎക്കതിൽ ഭ്രമമില്ല. അതിലും മെച്ചമുള്ളതാണു് നല്ലാൎക്കല്ലു്. അല്ലാതെ കഠിനമണി ചാൎത്തുകയില്ല. നല്ലാൎക്കല്ലേ അണിയു. അണിയേ അപേക്ഷിച്ചു് ഇതു കല്ലാണെങ്കിലും (രത്നം) അതുമതി എന്നു സാരം. കല്ലിനു വെറും കല്ലെന്നുകൂടി അൎത്ഥമുണ്ടല്ലോ. വിപരീതരതിക്രമം ധ്വനി. അതിനു കേരളത്തിൽ പ്രസിദ്ധിയുണ്ടു്. വ്യതിരേകം.

കേശേ നീപം ദൃശി സരസിജം കേസരം നാഭിചക്രേ
കുന്ദച്ഛായം മൃദുനി ഹസിതേ സൗകുമാര്യേ ശിരീഷം
ഗണ്ഡേ ലോധ്രദ്യുതിമപി സമം യത്ര സന്ദർശ്യന്തീ
കാമോദ്യാനേ വിലസതി സദാ കാമിനീഷ്വാർത്തവശ്രീഃ.

ഫുല്ലം തണ്ടാർമിഴി, ബകുളമാം
പൊക്കിൾ, കേശം കടമ്പും
മുല്ലപ്പൂപ്പുഞ്ചിരി, മൃദുലമെയ്
വാക, പാച്ചോററി ഗണ്ഡം
മല്ലത്താരാർമിഴികളിൽ മുട-
ങ്ങാതെയങ്ങീവിധം പൂ-
വില്ലക്കേളീവനിയിൽ മുഴവൻ
പാർത്തിടാമാർത്തവശ്രീ. 10

ഫുല്ലം=വികസിച്ചതു്. തണ്ടാർമിഴി=തണ്ടാരാകുന്ന മിഴി, തണ്ടാർ പോലെയുള്ള മിഴി. തണ്ടാർ=താമരപ്പൂവു്. തൺ+താർ = തണ്ടാർ. (കേരളപാണിനീയമനുസരിച്ചുള്ള സന്ധി.) കുളിർമലർ എന്നു് അവയവാർത്ഥം. ബകുളം=പുത്തിലഞ്ഞി. ബകുളമാകുന്ന പൊക്കിൾ. ബകുളം പോലെയുള്ളതെന്നും. കേശം=തലമുടി. കടമ്പു് = നീലവർണ്ണപ്രസിദ്ധിയുള്ള മരം. ശ്രീകൃഷ്ണൻെറ നിറമുള്ള പച്ചിലമരം ഇതായിരിക്കണം. ഇനിപ്പറയുന്ന ഉപമാനോപമേയങ്ങൾ മുറയ്ക്കു് ഉദ്യാനത്തിനും സ്ത്രീക്കും രൂപകവും ഉപമയുമായി ചേർത്തുകൊണ്ടാൽ മതി. മുല്ലപ്പൂവു് പുഞ്ചിരി. ശരീരം നെന്മേനിവാക. പാച്ചോററി കവിൾത്തടത്തിനു്. മല്ലത്താരാർമിഴികളിൽ=സുന്ദരീരത്നങ്ങളിൽ. പൂവില്ലക്കേളീവനികളിൽ = കാമദേവൻെറ ക്രീഡോദ്യാനങ്ങളിൽ. സ്ത്രീകൾ കാമക്രീഡാവനികളാണെന്നു ഭാവന. സാധാരണ ഉദ്യാനങ്ങളിൽ ഓരോ ഋതുവിലും അതാതൃതുവിൻെറ വികാരമേ കാണാൻ കഴിയൂ. കാമദേവൻെറ സ്ത്രീമയമായ ഉദ്യാനത്തിൽ ആറു് ഋതുക്കളുടെയും അവസ്ഥ ഒരുമിച്ചു കാണാമെന്നു സാരം. വാസ്തവത്തിൽ ആ അവസ്ഥ ഗോപാലലീലയോടുകൂടിയ വൃന്ദാവനത്തിൽ മാത്രമേയുള്ളു. ഇവിടെ അതു് എന്നും കാണാം. പുഷ്പങ്ങൾ അണിഞ്ഞ സുന്ദരിമാരെക്കൂടി പദ്യംവഴി ദർശിക്കാം. ഋതുകാലം സ്ത്രീകൾക്കു് ഉന്മാദജനകമെന്നു ധ്വനി. "കേശേ നീപം ദൃശി സരസിജം" ഇങ്ങനെയാണു് മൂലം പോകുന്നതു്. വിവർത്തനത്തിൽ അതു നല്ല മലയാളപദങ്ങളെക്കൊണ്ടു് അലങ്കാരമസൃണമായി ചിത്രീകരിച്ചിരിക്കുന്നു. വിവർത്തനം മൂലത്തെ ജയിക്കുന്നു എന്നു പറയണം. സാവയവരൂപകം.

ഭീമൈർമ്മേഘധ്വനിഭിരബലാഃ സ്ത്രീതവഷ്ടാനിശാനാം
വ്യുഷ്ടൗ ദൃഷ്ട്വാ വിഹസിനി വിടേ വ്രീഡിതാഃ കുങ്കുമാർദ്രം
ഗൂഹന്തേ സ്വം പൃഥുകുചപദം കുംഭസിന്ദൂരയുക്ത്യാ
മാതംഗാനാം മദപരിണതൗ യത്ര മാർഗ്ഗദ്രുമേഷു.

ആടിക്കാർ മൂത്തിരവിലിടിയാൽ
മങ്കമാർ കൊങ്ക ചെഞ്ചാ-
റാടിപ്പുല്കും പട്ടുപുലരിയിൽ-
ച്ചാല്യവൃക്ഷങ്ങൾതോറും
തേടിക്കാണും വിടർ പരിഹസി-
ക്കുമ്പോൾ നാണിച്ചതെല്ലാം
മൂടിക്കൊള്ളും മദകരി കടം
തേച്ചതാം പൂച്ചുമൂലം. 11

ആടിക്കാർ = കർക്കടകത്തിലെ മഴക്കാറ്. വലിയ കരിങ്കാർ എന്നു സാരം. ചെഞ്ചാർ ആടി = കുങ്കുമച്ചാറു പൂശിയിട്ട്. വട്ട = പാട്ട്. (കിണം). പുലരി=പ്രഭാതം. ചാല്യവൃക്ഷം = നടക്കാവുമരം. തേട്ടുക=അന്വേഷിക്കുക (തിരക്കുക). വിടർ = വിടന്മാർ. മൂട്ടുക = മറയ്ക്കുക. മദകരി = മദയാന. കടം = കവിൾത്തടം. പൂച്ച്=വ്യാജം. ഭർത്താവിനെത്തേടിപ്പോകുന്നവർ, അഭിസാരികമാർ. പുരുഷനെ അന്വേഷിച്ചുചെന്ന് അഭിസരിക്കുന്നവരെന്നർത്ഥം. അഭിസാരികമാർ തത്തൽസ്ഥലങ്ങളിൽ ഉണ്ടെങ്കിലുമില്ലെങ്കിലും വർണ്ണിക്കുക കവികളുടെ സ്വഭാവമാണ്. മഴക്കാലം കാമോദ്ദീപകം. രാത്രിയിൽ കണവരെത്തേടിപ്പോകുന്നവർ ഇടി കേട്ടും മററും ഭയപ്പെട്ട് ചാല്യമരങ്ങളിൽ കെട്ടിപ്പിടിക്കും. കണവന്മാർ—അല്ലെങ്കിൽ വിടർ—രാവിലെ തിരിച്ചുവരുമ്പോൾ ആ കുങ്കുമച്ചാറു പുരണ്ട പാട്ടുകണ്ട് പരിഹസിക്കുമ്പോൾ സ്ത്രീകൾ നാണിച്ച് അതു് മദയാന ചൊറിച്ചിൽ മാററാൻ കവിൾത്തടം ഉരച്ച പാടാണെന്നു വ്യാജം പറഞ്ഞു് മറച്ചുകൊള്ളുമെന്നു സാരം. അതുനിമിത്തം രക്തം പുരണ്ടതെന്നു വിവക്ഷ. അപഹ്നുതി അലങ്കാരം.

അദ്യ ശ്വോ വേത്യധിഗതപദാ യൗവനേ മാരതന്ത്രം
ശ്രോതും പ്രാതഃ കിമപി സവിളംബാഗമാ വേശകന്യാഃ
സാന്തഃകോപം ''സമരജയിനാം കിം ഖലൂരേത്യതി'' യത്ര
വ്യാഖ്യാശൗണ്ഡൈർഗൃഹശുകവിടൈർഹ്രീവിമൂഢാഃ
ക്രിയന്തേ.

മാരക്രീഡാമുറയുരുവിടാ-
നന്നു പിറേറന്നു തൃപ്പൂ-
ത്താരംഭിക്കും ഗണികകൾ കുറേ
വൈകി വന്നെത്തുവോരേ
സാരഗ്രാഹം ''കളരി വിരുത-
ക്കെന്തിനെ''ന്നീറവാസ്സും
ജാരന്മാരാം ഗൃഹശുകർ വിളി-
ച്ചോതി നാണംകെടുത്തും. 12

മാരക്രീഡാമുറ=കാമകേളിയുടെ തന്ത്രം. കാമതന്ത്രമെന്നും. തൃപ്പൂത്തു്=യൗവനാരംഭം (ആർത്തവകാലം). ഗണിക=വേശ്യ. കുറേ വൈകി=അല്പം താമസിച്ചു്. സാരഗ്രാഹം=കാര്യം അറിഞ്ഞുകൊണ്ടു്. കളരി=പള്ളിക്കൂടം. വിരുതർ=ബിരുദധാരികൾ. പോരിൽ ജയിച്ചവരെന്നർത്ഥം. ജാരന്മാരാ ഗൃഹശുകർ=വിടന്മാരായ വളർത്തുകിളികൾ. ഈറ=കോപം. വാസ്സുക=വർദ്ധിക്കുക. ഓതുക=പറയുക. ''അദ്യ ശ്വോ വാ'' അന്നു പിറേറന്നു് എന്നു വിവർത്തനം. കൈകണ്ട തർജ്ജമ. വേശ്യമാർക്കു യൗവനം ഇന്നോ നാളെയോ തുടങ്ങുമെന്നർത്ഥം. വേശ്യാഗുരുകുലത്തിൽ രാവിലെ പഠിക്കുവാൻ വരുന്ന കന്യകകൾ അല്പം താമസിച്ചു വന്നെത്തുന്നു. അവർ തലേദിവസം രാത്രി മാരക്രീഡ (പഴയ പാഠത്തിന്റെ പ്രായോഗികമുറ) കഴിഞ്ഞു് ഉറങ്ങി എഴുന്നേൽക്കുവാൻ താമസിച്ചു. അതുകൊണ്ടു് പാഠശാലയിൽ വരാൻ അമാന്തംപററി. അതു മുഴുവൻ അറിഞ്ഞിരിക്കുന്ന വളർത്തുകിളികൾ (വ്യാഖ്യാശൗണ്ഡഃ എന്നു മൂലം.) അവരെ കോപത്തോടുകൂടി ''വിരുതക്കു് കളരി എന്തിനാ?'' എന്നാക്ഷേപിക്കുന്നു. അതു കേട്ടു് കന്യകകൾ ലജ്ജിക്കുന്നു. നല്ല ഫലിതം. ജാരപ്രയോഗം വളരെ ഉചിതമായി. ഈർഷ്യയും ഏററം മെച്ചം. വിവർത്തനം ഒന്നാന്തരം. നാണംകെടുത്തും മലയാളശൈലി. ലോകോക്തി അലങ്കാരം.

ദക്ഷൈദ്ധ്ര്യതപ്രഭൃതിഷു കലാസ്വാത്തനേപഥ്യഗാത്രൈ-
ർദ്ദേശ്യേ ലോകേ്യപി ച വിഹരണേ ദത്തശിക്ഷാവിശേഷൈഃ
തത്താദൃഗ്ഭിഃ സഹ യുവതിഭിഃ സാദരം തത്ര പൗരൈഃ
ക്രീഡാനീതഃ ക്ഷണ ഇവ മുഹൂർജ്ജായതേ നൈവ കാലഃ.

പൗരന്മാർ നൽച്ചതുരർ ചതുരം-
ഗാദിവിദ്യസ്സുണിഞ്ഞു-
ള്ളോര,ന്നാടൻ പുറവക പലേ
ലീലയിൽ ശീലമാന്നോർ
നേരംപോക്കാന്നതിനു ശരിയാം
നാരിമാരൊത്തു പേത്തും
നേരംപോകുന്നതു നിനയുമാ-
റില്ലതിൽ തെല്ലുപോലും. 13

പൗരന്മാർ=നാഗരികർ. ചതുരർ=സമർത്ഥർ. നാടൻ=നാട്ടിലുള്ളതു്. പുറവക=മറുനാട്ടിലുള്ളതു്. ലീല=കളി. ശീലം=പരിചയം. ഇവിടെ സാമർത്ഥ്യമെന്നും. നാനാ കലകളിൽ വിദഗ്ദ്ധരായ തരുണീതരുണന്മാർ അവരവക്കു യോജിച്ച തരത്തിലുള്ള കളികളിൽ ഏർപ്പെട്ടിരിക്കുന്നു. കലകളെല്ലാം അവക്കു വശമാണു്. അപ്രകാരമുള്ള കളികളിൽ ഉത്സുകരായിരിക്കുന്നതുകൊണ്ടു് നേരംപോകുന്നതു് അറിയുന്നില്ലെന്നു സാരം. ഗുണകയിലെ കലാവിദഗ്ദ്ധതാണു് ഇവിടെ പ്രതിപാദ്യം. സുപ്രസിദ്ധമായ ചതുരംഗകല കേരളത്തിൽ മുഖ്യം.

മാദ്യൽഭൃംഗക്വണിതഭണിതിർമ്മാരുതോ വാസരാന്തേ
മന്ദം ഭിന്ദൻ കുമുദമുപദാം സൗരഭീമാദദാനഃ
മാനഗ്രന്ഥേർവ്വിഘടനപടുർവേശ്മനോ വേശ്മ യസ്യാം
വേശസ്ത്രീണാം വിശതി സുരതപ്രേരണാപീഠമർദ്ദഃ

നേരം വൈകീട്ടളിരവകളാ-
ലാപമാർന്നാമ്പലിന്നൊ-
ട്ടാരംഭംചേർത്തലരുവതിനാ-
ർപ്പൂമണം കാഴ്ച്ചയേന്തി
വാരസ്ത്രീകൾക്കലർശരകലാ-
നട്ടുവൻ മുട്ടമങ്ങാ-
ഗാരംതോറും പ്രണയകലഹം
മാററുമാക്കാററു മന്ദം. 14

അളിരവകളാലാപം=അളികളുടെ രവമാകുന്ന കളാലാപം. അളി= വണ്ട്. രവം = ശബ്ദം. വിടന്മാർ മൂളിപ്പാട്ടോടുകൂടിവന്നു എന്നു ധ്വനി. അളിശബ്ദംകൊണ്ട് ദുർവ്വൃത്തി തെളിയുന്നു. ആമ്പലിന്ന് അലരുവതിന്ന് ഒട്ട് ആരംഭംചേർത്ത് എന്നന്വയം. അലരുക = വിടിരുക. ആമ്പൽ അല്പം വിടർത്തി അതിന്റെ പൂമണം കാഴ്ച്ചയായി എടുത്തുംകൊണ്ട്. ശുദ്ധമണം=പരിശുദ്ധമായ മണം. വാരസ്ത്രീകൾ = വേശ്യകൾ. അലർശരകലാനട്ടുവൻ= അലർശരകലയുടെ ആശാൻ. കാമകല അഭ്യസിപ്പിക്കുന്നവൻ. ആഗാരം = വീട്. പ്രണയകലഹം = പരസ്ത്രീഗമനം നിമിത്തം ഭർത്താവിനോടുള്ള കോപം. സമയമായി, ഭർത്താവിനോടു പ്രണയകലഹം നടിച്ചിരിക്കേണ്ട കാലമല്ല. കാമകേളീരസം അനുഭവിക്കേണ്ട കാലമാണ്. എന്ന് മന്ദമാരുതൻ വേശ്യകളോട് ഉപദേശിക്കുന്ന പ്രതീതി. പൂംപൊടിയോടും അളിരവത്തോടുംകൂടിയുള്ള ഇളംകാററിന്റെ വരവ് കാമോദ്ദീപകം. മാനം പോകുമെന്നു ധ്വനി. കളഭംപൂശി പൂവുംചൂടി മൂളിപ്പാട്ടോടുകൂടി വിടന്മാർ കതകിനു മുട്ടുന്ന പ്രതീതികൂടി കാണാവുന്നതാണ്. വ്യംഗ്യപ്രധാനമായ ഒന്നാന്തരം കവിത. മധുരമധുരമായ വിവർത്തനം. അനുപ്രാസധോരണി. എന്നുവേണ്ട എല്ലാം തികഞ്ഞു:

കാമ്യാകല്പഃ കനകഭവനേ യത്ര ചോൽക്രാന്തസീമ്നാം
ഭംഗം കുൎവ്വൻ ജഗതി ഗുണകാനാഥ ഇത്യൂഢകീൎത്തിഃ
അസ്തേ ഗൗരീകലഹമനുശങ്കൈ്യവ വേശാംഗനാനാം
വീഥീഭിക്ഷാചരണവിമുഖശ്ചന്ദ്രലേഖാവതംസഃ.

പോരിൽക്കൊന്നക്രമികളെയട-
ക്കീട്ട പൊന്നമ്പലത്തിൽ-
പ്പാരിൽപ്പേർപൊങ്ങിന മതിലക-
ത്താപ്പനാകല്പരമ്യൻ
ഗൗരിപ്പോരിൻനിനവുടയപോൽ
തേവടിത്തിണ്ണ തെണ്ടും
താരിപ്പില്ലാതണിമതികലാ-
മൗലിയങ്ങാവസിപ്പൂ. 15

ഗുണകസ്സ് മതിലകമെന്നും പറയാറുണ്ട്. പൊന്നമ്പലം=പൊന്നുകൊണ്ടുണ്ടാക്കിയിരിക്കുന്ന അമ്പലം. മതിലകത്തപ്പൻ=മതിലകത്തു പെരുമാൾ. ആകല്പരമ്യൻ = ഭൂഷണങ്ങളെക്കൊണ്ടു ശോഭായമാനൻ. കല്പകാലംവരെ രമ്യനെന്നും. നിനവ്=വിചാരം. താരിപ്പ്=സ്വഭാവം (പതിവ്). അണിമതികലാമൗലി=ചന്ദ്രക്കലാധരൻ. അതിസുന്ദരേശ്വരൻ ആഭരണങ്ങളണിഞ്ഞു് മതിമനോഹരനായിട്ട് വിട്ടുമാറാതെ അമ്പലത്തിനുള്ളിൽ കുടികൊള്ളുന്നു. ഭിക്ഷാടനം അദ്ദേഹത്തിൻെറ ശീലമാണ്. അതുകൂടെ വേണ്ടെന്നുവച്ചു. ഭിക്ഷാടനത്തിനാണെങ്കിലും വെറുതെ ഇറങ്ങിത്തിരിച്ചു ഭാൎയ്യാകലഹത്തിനു മാൎഗ്ഗമുണ്ടാക്കേണ്ട എന്നു കരുതി എന്നു ഭാവം. സസുഖം രമിക്കുന്നു എന്നു ധ്വനി. കുടുംബകലഹം വേണ്ടല്ലോ. നാരീമോഹനചതുരനായ ഒരു സുന്ദരക്കുഴമ്പൻെറ പ്രതീതി. മററുള്ള വ്യംഗ്യങ്ങളെല്ലാം സഹൃദയന്മാർ കണ്ടുകൊള്ളണം.

യസ്യാം നീലൈരുപലശകലൈഃ കല്പിതാരോഹമാർഗ്ഗം
യുക്തം ദ്വാഭ്യാം കനകപടലൈരുജ്ജ്വലാഭ്യാം തലാഭ്യാം
രാജന്നീവ്രം, രജതസുധയാ ലക്ഷ്യതേ യത്ര ദൂരാൽ
ബാഹ്യദ്വാരം നരപതിപഥേ മന്ദിരം മൽപ്രിയായാഃ.

നീലക്കല്ലാൽ നടുവിൽ നടയും
രണ്ടിടത്തും തളം പൊ-
ന്നോലക്കെട്ടായ് ചുമരു കസവാം
വെങ്കളിച്ചാർത്തണിഞ്ഞും
ഈ ലക്ഷ്യങ്ങൾക്കുചിതമകലെ-
ക്കാണുമങ്ങാ നിരത്തിൽ-
ച്ചേലഞ്ചും ഗോപുരമുടനതെൻ-
വല്ലഭയ്ക്കില്ലമത്രേ. 16

ഇനി 11 പദ്യങ്ങൾകൊണ്ടു് നായികയുടെ ഗൃഹം വർണ്ണിക്കുന്നു. നീലക്കല്ലു് = നീലരത്നക്കല്ലു്, ഗൃഹത്തിലേക്കു കയറുവാനുള്ള നട നടുക്കു്. രണ്ടു വശത്തും തളം ഉള്ളതും. പൊന്നോല മേഞ്ഞതും. സ്വർണ്ണത്തകിടു് മേഞ്ഞതെന്നർത്ഥം. ചുമരു കസവാം വെങ്കളിച്ചാർത്തണിഞ്ഞതു്. ഗിൽറ്റുചേർത്ത കുമ്മായം പൂശിയതെന്നു സാരം. ലക്ഷ്യം = അടയാളം. നിരത്തു് = രാജവീഥി (റോഡു്). ചേൽ = ഭംഗി. വല്ലഭ = ഭാര്യ. ഇല്ലം = ഗൃഹം. നമ്പൂരിഗൃഹങ്ങൾക്കാണിപ്പോൾ സാധാരണ പറയുന്നതു്. വീടിനും പറയും. “ഇല്ലത്തിന്നുന്നതിം തേ” ഉണ്ണുനീലീസന്ദേശം. ഗൃഹത്തിലേക്കു കയറുവാൻ നീലക്കൽ നട. കരിങ്കല്ലുനടയെന്നു വാസ്തവം. രണ്ടു ഭാഗത്തും തളം. നല്ല അലുമിനീയപൗഡർ ചേർത്ത് കുമ്മായം തേച്ച ഭിത്തി. നിരത്തിൻെറ സമീപത്തു് ഒരു ഗോപുര(പടിപ്പുര)വുമുണ്ടു്. ദയിതാഗൃഹം അറിയുവാൻ ഒരു വിഷമവുമില്ലെന്നു താൽപര്യം. തിരിച്ചറിയുവാൻ നല്ല മാർഗ്ഗമുണ്ടു്.

സത്മശ്രേണീമണിഗണരുചാം സങ്കരോത്ഥൈരസംഖ്യൈ-
രൈന്ദ്രൈശ്ചാപൈരവിരതനതൈരാസ്തൃതം ദിങ്മുഖേഷു
യത്തൽ പൗരൈഷ്വരിവ പശുപതേഃ സന്നിധൗ രക്ഷതഃ സ്വം
വാസസ്ഥാനം ഭുവി ഭുജബലേനൈവ പുഷ്പായുധസ്യ.

ധാമംതോറും നവമണിനിറം
നിത്യമായ് നിർഗ്ഗമിക്കെ
ക്ഷാമംവിട്ടച്ചുഴലവുമെഴും
മാരിവിൽച്ചേരികണ്ടാൽ
കാമൻ ഭീമന്നരികിൽ നിജമാം
താവളം കാവലാം കൈ-
സ്സാമർത്ഥ്യത്താലലകിലലർവിൽ-
ക്കോട്ടയാലെന്നു തോന്നും. 17

ധാമം = ഗൃഹം. നവമണി = നവരത്നങ്ങൾ. ഒമ്പതുവിധം നിറത്തിലുള്ള രത്നങ്ങളാണ് നവരത്നങ്ങളെന്നു പ്രസിദ്ധം. ഈ പല നിറങ്ങളും കൂടി പ്രകാശിക്കുമ്പോൾ മഴവില്ലിൻെറ ഛായ തോന്നും. നിറം = പ്രഭ. നിത്യം = എല്ലായ്പ്പോഴുമെന്നു സാരം. നിർഗ്ഗമിക്കുക = പുറപ്പെടുക. ക്ഷാമം വിട്ട് = സുലഭമായി. ചുഴലവും = ചുററും. മാരിവിൽ = മഴവില്ല്. ചേരി = കൂട്ടം. ഭീമൻ = ശിവൻ. "ഭവോ ഭീമഃ" എന്നമരം. നിജമാം താവളം = തൻെറ താവളം. കൈസ്സാമർത്ഥ്യം = കരവിരുത്. അലർവിൽകോട്ട = അലർവില്ലുകൊണ്ടുള്ള കോട്ട. ആ രത്നഗൃഹത്തിൽനിന്ന് അവയുടെ പ്രഭ വീശുന്നു. ഏകകാലത്ത് പലതരം ശോഭചേർന്നു മഴവില്ലൊളി പരത്തുന്നു. കാമൻ ഭീമനായ തൻെറ രിപുവിൻെറ സമീപത്തും ഒരു കോട്ട കെട്ടിയിരിക്കുകയാണെന്നു തോന്നുമെന്നുൽപ്രേക്ഷ. ഭീമപദപ്രയോഗത്തിൻെറ സ്വാരസ്യം പറഞ്ഞറിയിക്കത്തക്കതല്ല. ഗൃഹങ്ങളെല്ലാം രത്നഖചിതങ്ങളാണെന്നും മാരാരിയുടെ അടുത്താണെങ്കിലും വീടുകളിൽ കാമദേവൻ വിജയക്കൊടി നാട്ടി വിഹരിക്കുന്നു എന്നും ധ്വനി. അതു് ഉന്മാദജനകം. കാമനേക്കരിച്ചു ചാമ്പലാക്കിയവനും ഭീമനും ആണെങ്കിലും കാമനു തരിമ്പും ഭയമില്ലെന്നു വ്യഞ്ജിപ്പിക്കുന്നു. സഹായ സഹകരണം മെച്ചം.

ഊൎദ്ധ്വച്ഛായം കളമനിവഹൈഃ ഹൈയ്യത്ര പുണ്ഡ്രേക്ഷുകാണ്ഡൈ
രംഭാജാലൈഃ ക്രമുകനികരൈൎന്നാളികേരോൽകരൈശ്ച
ഛന്നോപാന്തൈരുരുദളതയാ ചാരുകേദാരഖണ്ഡേ-
ഷൂച്ചത്വേനാപ്യഥ പൃഥുതയാ പൂൎവ്വപൂൎവ്വോപമേയൈഃ.

മൂടിക്കാണാം കഴമകൾ, കരി-
  മ്പിന്നിനം, വാഴവൎഗ്ഗം
കൂടിച്ചേരും കമുകുക,ളിടം-
  തിങ്ങിടും തെങ്ങിവററാൽ
വാടിക്കുള്ളങ്ങിരുളുമിലയാൽ
  മേൽക്കുമേലോതിയോരേ-
പ്പാടിൽ ചേൎക്കാമുപമയവതൻ
  മെയ്ക്കൊഴപ്പുള്ളുഴപ്പാൽ. 18

അവിടത്തെ സസ്യസമൃദ്ധി ധ്വനിപ്പിക്കുകയാണ്: കഴമകൾ=കളമകൾ (നെല്ലെന്നു സാരം). ഇടം തിങ്ങുക=ഒന്നുചേൎന്നു നിൽക്കുക. കമുകും തെങ്ങും ഇടതിങ്ങുക എന്നു പറഞ്ഞാൽ വേണ്ട അകലത്തിൽ മതിമോഹനമായി നിൽക്കുക എന്നാണ് ഇവിടെ ധരിക്കേണ്ടതു്. വരിവരിയായി ഒത്ത അകലെ എന്നൎത്ഥം. വാടി=തോട്ടം. വീടിരിക്കുന്ന പറമ്പ്. ഇലകളുടെ ഇരുളിച്ച(വെളുപ്പ് സസ്യത്തിന്റെ പോഷണക്കുറവാണ്) കൊണ്ടും തോട്ടത്തിൻെറ അകം ഇരുണ്ടിരിക്കും. ഓരോന്നിന്റെയും മെയ്ക്കൊഴപ്പു മേൽക്കുമേൽ പറഞ്ഞ കണക്കിൽ കൂടിയിരിക്കും. എന്നു പറഞ്ഞാൽ നെല്ലു കരിമ്പുപോലെയും കരിമ്പു വാഴപോലെയും വാഴ കമുകുപോലെയും കമുകു തെങ്ങുപോലെയും തെങ്ങു പനപോലെയുമിരിക്കുമെന്നു താൽപര്യം. പനയുടെ കാര്യം പറഞ്ഞിട്ടില്ലെങ്കിലും തെങ്ങോ എന്നു സംശയിക്കുമ്പോൾ അതു പനപോലെ എന്നു ധ്വനിക്കുകതന്നെ ചെയ്യും. ഗൃഹം കണ്ടുപിടിക്കുവാൻ വിഷമമില്ലെന്നു ഫലിതം. തന്നെയല്ല നായകൻ കൃഷിക്കാര്യത്തിലും നിപുണനാണെന്നുകൂടി വരുന്നുണ്ട്.

കൂപച്ചൈകഃ സ്ഫടികവലയസ്ഥൗല്യനിർവ്വ്യൂഢബന്ധഃ
ശ്ലിഷ്ടഃ കൂലേ ഭുജഗലതികാവേഷ്ടിതൈഃ പൂഗപൂഗൈഃ
യേഷാം ഗുച്ഛവ്യജനപവനാ വിശ്രമം ലാസികാനാം
ലാസ്യേ തന്വന്ത്യപി രതിപതേസ്താണ്ഡവേ ന ക്ഷമന്തേ.

നേരായ്ക്കാണാമൊരു കിണർ പളു-
ങ്കിട്ടു ചുററും പടുത്തും
തീരാൽ തിങ്ങും കമുകുകളൊട്ടും
വെററിലപ്പററിൽ മൂടി
തീരാമപ്പൂക്കുലവിശറിതൻ
കാററിനാൽ നാട്യഖേദം
തോരാതേററും നടികളുടെയാ-
ച്ചിത്തഭ്രനൃത്തവേഗം. 19

പളുങ്കിട്ടു ചുററും പടുത്തും തീരാൽ വെററിലപ്പററിൽ മൂടിത്തിങ്ങും കമുകുകളോട്ടുംകൂടി ഒരു കിണർ നേരായ്ക്കാണാമെന്നന്വയം. പളുങ്ക്= സ്ഫടികം. പൂക്കുലവിശറി = പൂക്കുലയാകുന്ന വിശറി. പൂക്കുലകളിൽ തട്ടി കാററുവരുമെന്നു ഭാവം. അതേററാൽ നടനത്തിലുണ്ടാകുന്ന ഖേദം തീരും. ചിത്തഭ്രനൃത്തം = കാമനൃത്തം. (സ്ത്രീകളാകകൊണ്ടു് പുരുഷായിതം). പക്ഷേ, കാമനൃത്തത്തിനുള്ള ആസക്തി വർദ്ധിപ്പിക്കുമെന്നു ഭാവം. ഒരു ഖേദം തീരുമ്പോൾ വേറൊരു ഖേദം മൂർച്ഛിക്കും. നടനം കഴിഞ്ഞു നായിക അവിടെവന്നു് ആ ഖേദം മാററുമെന്നും പക്ഷേ, അപ്പോൾ അവൾക്കു് കാമക്രീഡാരസാസ്വാദനത്തിനുള്ള ആഗ്രഹം അധികമാകുമെന്നും വ്യംഗ്യം. ദുഃഖം മാറിയാൽ സുഖമാണെന്നു തോന്നാം. അതു മറ്റൊരു ഖേദത്തിനു വഴിതെളിക്കുമെന്ന തത്വംകൂടി വിവക്ഷ. തോരാതെ ഏററുക = ഇടവിടാതെ വർദ്ധിപ്പിക്കുക. വേഗം = ആസക്തി. ഇന്ദ്രിയസുഖങ്ങൾക്കെല്ലാം അങ്ങനെ ഒരു ഭാവം ഉള്ളതുകൂടെ തെളിയുന്നു.

സൈ്വരോല്ലക്ഷ്യസ്വതലസികതാ സ്വച്ഛഭാവേന വാരാം
വാപീ ശീതദ്യുതിമണിശിലാബദ്ധപര്യന്തഭിത്തിഃ
സ്നാനക്രീഡാവിധിഷു നിതരാം ഘർമ്മകാലേപി യസ്യാം
പൂർണ്ണം പൂർണ്ണം ഭവതി സലിലം പൂർണ്ണചന്ദ്രാനനായാഃ.

ആരാലുണ്ടങ്ങടിമണൽതെളി-
ഞ്ഞച്ഛമാം നീരിയന്നും
നീരാഴിക്കെട്ടരികു ചുഴലെ-
ച്ചന്ദ്രകാന്തം പടുത്തും
താരാനാഥപ്രതിമമുഖിയാ-
ളേതു വേനൽക്കുപോലും
നീരാടുമ്പോൾ നിറയുമതിൽ നീർ
നീളെ നീന്തിക്കളിക്കാൻ. 20

കിണറിനടുത്തുള്ള കുളത്തെ വർണ്ണിക്കുന്നു: ആരാൽ=സമീപത്തു്. അച്ഛം=നിർമ്മലം. അടിയിലുള്ള മണൽ തെളിഞ്ഞുകാണത്തക്കതു്. നീരാഴിക്കെട്ടു്=കുളം. അതിൻെറ ഉള്ളിൽ നാലുവശത്തും ചന്ദ്രകാന്തക്കല്ലാണു പടുത്തിരിക്കുന്നതു്. അവകൊണ്ടു കെട്ടിയതെന്നർത്ഥം. ഏതു വേനൽക്കാലത്തും. എത്ര കഠിനമായ വേനൽക്കാലത്തും. താരാനാഥൻ=ചന്ദ്രൻ. താരാനാഥപ്രതിമമുഖിയാൾ=ചന്ദ്രമുഖി. നീരാടുക=കുളിക്കുക. വലിയ വേനലിൽ അവൾ ആ കുളത്തിൽ കുളിക്കുമ്പോൾ നീളെ നീന്തിക്കളിക്കത്തക്കവണ്ണം വെള്ളം നിറയുമെന്നു ഭാവം. ചന്ദ്രമുഖിയാണല്ലോ. ചന്ദ്രൻ ഉദിക്കുമ്പോൾ ചന്ദ്രകാന്തക്കല്ലു് അലിഞ്ഞു വെള്ളമാകും. അതുപോലെ ചന്ദ്രമുഖി അടുക്കുമ്പോഴും എന്നു ഭാവം. അതിശയോക്തി, ഭാവന, സംഭാവന ഇവയുടെ സങ്കരം അലംകാരം പറയണം.

ആരാദസ്യാസ്തടഭുവി തരുച്ഛായയബദ്ധാന്ധകാരം
ദൂരന്ദ്യേരൈരുപരി കുസുമൈരുന്മിഷത്താരകൗഘം
ക്രീഡോദ്യാനം ഹിമനിഭമധുക്ലിന്നമായാതി യസ്മി-
ന്നസ്തം ശ്യാമാസ്വഖ ഇവ ചകോരേക്ഷണാമാനഭാനുഃ.

തീരത്തായിട്ടതിനു കരയിൽ-
ച്ചോലപൂണ്ടൊട്ടിരുണ്ടു-
ണ്ടേരംതോറും വിരിയുമലർകൊ-
ണ്ടേറെ നക്ഷത്രമാന്നും
സൈ്വരക്രീഡാവനി മധുഹിമ-
സ്യന്ദിയങ്ങസ്തമിക്കും
നേരം വൈകുന്നതുപടി ചകോ-
രാക്ഷിതൻ മാനസൂര്യൻ. 21

കുളത്തിൻകരയിലുള്ള ഉദ്യാനം: ചോലപൂണ്ട്=തണലോടുകൂടി. ഏരം=ശിഖരം (കമ്പ്). അലർ=പുഷ്പം. ക്രീഡാവനി=ക്രീഡയ്ക്കുള്ള ഉദ്യാനം. മധുഹിമസ്യന്ദി=മധുവാകുന്ന മഞ്ഞു പെയ്യുന്നതു്. ചകോരാക്ഷി=സുന്ദരി. മാനസൂര്യൻ=മാനമാകുന്ന സൂര്യൻ. മാനം=അന്യസ്ത്രീസംഗം ശങ്കിച്ചു നായികയ്ക്കു നായകനോടുണ്ടാവുന്ന കോപം. കുളത്തിന്റെ കരയിൽ ഒരു പൂന്തോട്ടമുണ്ടു്. അവിടെച്ചെല്ലുമ്പോൾ സാധാരണഗതിയിൽത്തന്നെ സന്ധ്യപ്രതീതി ഉണ്ടാകും. ചോലകൊണ്ടു് ഇരുള്, പുഷ്പങ്ങളാകുന്ന നക്ഷത്രങ്ങൾ, മുഖമാകുന്ന ചന്ദ്രൻ, മധുവാകുന്ന തേനൊഴുക്കു്, മാനമാകുന്ന സൂര്യന്റെ അസ്തമയം, അക്ഷിയാകുന്ന ചകോരങ്ങൾ. ഉദ്യാനം കാമോദ്ദീപകമെന്നു ധ്വനി. അലങ്കാരം ഉപമയും ദീപകവും.

ആശാകൂലങ്കഷപരിമളോൽഗാരിണാമംഘ്രിപാണാ-
മാരാദസ്മിൻ പരിമൃദു ചരൻ വായുരാരാമപാലഃ
ശീർണ്ണം പർണ്ണം പ്രണുദതി ബഹിഃ ശീകരൈരമ്മാകരന്ദൈഃ
സിഞ്ചത്യന്തസ്തിരയതി ച ഗാം വൃന്തമുക്തൈഃ പ്രസൂനൈഃ.

പാരാകെപ്പൂമണമരുളിടും
പാദപംതോറുമെത്തീ-
ട്ടാരാമത്തിന്നധിപനലസൻ
കാററുചെന്നേററുരുമ്മി
ദൂരാൽത്തള്ളിക്കരിയില, പൊടി-
ത്തേൻ തളിച്ചററുവീഴും
താരാൽ മൂടും തറമുഴവനാ-
പ്പാവനപ്പൂവനത്തിൽ. 22

ഒരുദ്യാനമാകുമ്പോൾ ഒരു നോട്ടക്കാരൻ ആവശ്യമാണല്ലോ. ഇവിടെ മന്ദമാരുതനാണ് ആ കൃത്യം നിർവ്വഹിക്കുന്നതു്. അടിച്ചു വൃത്തിയാക്കി തളിച്ചു് പൂക്കൾ വിരിച്ചു് മനോഹരമാക്കുന്നു. പാദപം=വൃക്ഷം. ആരാമം=പൂന്തോട്ടം. ആരാമത്തിന്നധിപൻ = ഉദ്യാനപാലകൻ. അലസൻ=മന്ദൻ. കാററു് മന്ദനാണ്. ഇളംതെന്നൽ. ഉരുമ്മുക=ഏററുരുമ്മുക, (ഏററുമുട്ടുക). കാററടിച്ചു് ഇലകൾ പറക്കുന്നു എന്നർത്ഥം. പൊടിത്തേൻ=പൊടിയുന്ന തേൻ. പൊടിപോലെ വീഴുന്നതെന്നു സാരം. താർ=പുഷ്പം. പാവനം=പരിശുദ്ധം. പൂവനം=പൂന്തോട്ടം. അടിച്ചുവാരിത്തളിച്ചു് പൂക്കൾ വിതറി അലങ്കരിക്കുന്ന പ്രതീതി. നാട്ടുനടപ്പാചാരം. രൂപകം അലങ്കാരം.

തത്രാലോക്യസ്തിലകവിടപീ സന്നതാഗ്രൈർവ്വിനമ്രഃ
ശാഖാചക്രൈഃ സ ഖലു ഭുവനേ ശാഖിനാം ധന്യജന്മാ
ആദാസ്യന്ത്യാഃ സുരഭികുസുമാന്യാദരാദായതാക്ഷ്യാ
യത്നാപേതഃ സപദി ലഭതേ യഃ കടാക്ഷേക്ഷിതാനി.

മുമ്പിൽക്കാണാമവിടെ മയിലെ-
ള്ളൊന്നു, ചൂഴെത്തഴച്ചും
കൊമ്പിൽക്കുമ്പി,ട്ടൊരു സുകൃതിതാൻ
ശാഖിവർഗ്ഗത്തിലായാൾ
അൻപിൽച്ചെന്നങ്ങലർനിരയട-
ത്തുമ്പൊളാരോമലിൻ കൺ-
തുമ്പിൽ തട്ടും മിഴിതടവിട്ടും
തെല്ലതിന്നല്ലലെന്യേ. 23

മയിലെള്ളിൻെറ ഭാഗ്യം. ചൂഴെത്തഴച്ചും = ചുററും തഴച്ചുനിൽക്കുന്നതു്. കുമ്പിട്ട്=കുനിഞ്ഞു് (ചാഞ്ഞതു്). ഫലഭാരം കൊണ്ടെന്നു വ്യംഗ്യം. ആ ആൾ ശാഖിവർഗ്ഗത്തിൽ ഒരു സുകൃതിതാൻ എന്നന്വയം. ആൾ എന്നു പറഞ്ഞതു നായികയുടെ കടാക്ഷവീക്ഷണം അനുഭവിക്കുന്നതുകൊണ്ടു് പുരുഷത്വമാരോപിച്ചിരിക്കയാണു്. സുകൃതി=പുണ്യവാൻ. പുണ്യവാൻ ഭാഗ്യമനുഭവിക്കും. "ഭോഗേന പുണ്യം കദനേന പാപം" എന്നുണ്ടു്. അൻപു്=ദയ. അലർനിര=പൂക്കൂട്ടം. ആരോമൽ=സുന്ദരി. കൺതുമ്പു്=കടക്കണ്ണു്. അല്ലൽ = ദുഃഖം. അതിനെ അടുത്തു് ഒരു മയിലെള്ളുണ്ടു്. എൻെറ ഭാര്യ തനിയെ പൂപറിക്കുവാൻ അതിൻെറ സമീപത്തു ചെല്ലും. ഫലഭാരംകൊണ്ടു് ചാഞ്ഞുനിൽക്കുന്ന അതിൽനിന്നു് പൂപറിക്കുവാൻ പ്രയാസമില്ല. പൂപറിച്ചുകഴിഞ്ഞാൽ അവൾ അതിനെ കടാക്ഷിക്കും. സ്ത്രീകളുടെ കടാക്ഷം മയിലെള്ളു പൂക്കുവാൻ ദോഹദ(വളം)മാണെന്നു കവിസങ്കേതം. പിറേറദിവസവും പൂവു് ധാരാളം കിട്ടണമല്ലോ. അതിനുവേണ്ടി കടാക്ഷിച്ചിട്ടു പോകുമെന്നു സാരം. ശ്രമംകൂടാതെ സുന്ദരികൾ നോക്കുന്നതും തൊടുന്നതും ഭാഗ്യമെന്നു ധ്വനി. കാവ്യലിംഗമലങ്കാരം.

തൽപര്യന്തേ കുരവകതരുഃ സാധു ബദ്ധാലവാലഃ
സാരംഗാക്ഷ്യാ സ്വയമുപഹൃതൈഃ സിച്യമാനഃ പയോഭിഃ
സ്പൃഷ്ട്വാ സ്പൃഷ്ട്വാ കിസലയകരാഗ്രേണ വൃക്ഷാധിരൂഢ-
സ്യാശ്ലേഷസ്യ ക്വചന സമയേ ശിക്ഷകോ മൽപ്രിയായാഃ.

ഒട്ടിന്നിച്ചേന്നൊരു കുരവകം
നീൎത്തടം നല്ലവണ്ണും
കെട്ടിക്കാണാം കമലമിഴിയാൾ
താൻ നനസ്സുന്നതായി
തട്ടിത്തട്ടിത്തളിർകരതലം-
കൊണ്ടു, വൃക്ഷാധിരൂഢം
കെട്ടിപ്പുല്ലാനവളെയുപദേ-
ശിക്കുവോൻ മിക്കവാറും. 24

അതിനടുത്തായി ഒരു വെൺനെച്ചിയുണ്ട്. കുരവകം=വെൾനെച്ചി. നീൎത്തടം=വെള്ളം നിൎത്തുന്നതിനുള്ള തടം. കമലമിഴിയാൾ=താമരക്കണ്ണി. തളിർകരതലം=തളിരാകുന്ന കരതലം. തളിർപോലെ മൃദുവെന്നും. വൃക്ഷാധിരൂഢം=ഇതു് ഒരുതരം ആലിംഗനവിശേഷമാണ്. കുരവകം സ്ത്രീകളുടെ ആലിംഗനംകൊണ്ടു പൂക്കുമെന്നു സങ്കേതം. മുൻപദ്യത്തിലും ഇവിടെയും സൂചിപ്പിക്കുന്ന ആ സങ്കേതം ശബ്ദരത്നാകരത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

"സ്ത്രീണാം ഗീത്യാ പ്രിയാളോ വികസതി തിലകോ
വീക്ഷണാൽ സിന്ദുവാര-
ശ്ചാസാം ഹാസാന്നമേരുഃ കുരവകതരുരാ-
ലിംഗനാദംഘ്രിസംഗാൽ
കങ്കേളിശ്ചൂതശാഖീകരപരിമളനാൽ
ചമ്പകഃ ശീധുരാഗാൽ
സല്ലാപാൽക്കണ്ണികാരോ വദനമധുരസാ-
സേകതഃ കേസരോപി."

ഈ കുരവകം—ഇവൻ—അവളുടെ ഒരു ഗുരുവാണ്. വൃക്ഷാധിരൂഢാലിംഗനോപദേഷ്ടാവു്. ആ ആലിംഗനരീതിയുടെ പ്രായോഗികവശം പഠിപ്പിക്കുമെന്നു സാരം. അതുകൊണ്ടു് അവൻ എനിക്കും ആനന്ദമുണ്ടാക്കുമെന്നു ധ്വനി. "തട്ടിത്തട്ടിത്തളിർകരതലംകൊണ്ടു്" എന്നും മററുമുള്ള പ്രയോഗത്തിന്റെ രസം അവാച്യംതന്നെ.

തസ്യോപാന്തേ മരതകതലഃ കോപി മാകന്ദശാഖീ
ശീതച്ഛായൈശ്ശിഖരനികരൈഃ പല്ലവസ്പൃഷ്ടഭൂമിഃ
മന്യേ സമ്പ്രത്യഹമിവ തയാ വിപ്രയുക്തസ്തപസ്വീ
ദ്രഷ്ടവ്യസ്തേ സ ഖലു ദയിതാസ്നേഹസർവ്വസ്വസാക്ഷീ.

ചാരത്തുണ്ടാ മരതകതറ-
ക്കെട്ടമാണ്ടൊട്ടമാവൊ-
ന്നേരം തിങ്ങിക്കളിർതണൽനിലം
പററി മുററും തളിർപ്പാൽ
പ്പാരം വേർപെട്ടവളൊടവനും
പാവമേൻ ഭാവമാന്നി-
ന്നേരം കാണാം മുഴുവനവനാ-
ണോമലിൻ പ്രേമസാക്ഷി. 25

ഒരൊട്ടമാവ്: ചാരത്തുണ്ടാം=കുരവകത്തിൻെറ സമീപത്തുണ്ടാം. ചാരത്തുണ്ടാം മരതകതറക്കെട്ടമാണ്ടൊട്ടമാവൊന്നെന്നന്വയം. അങ്ങനെ യാകുമ്പോൾ ഒട്ടമാവിനു ചുററും മരതകത്തറയാണെന്നു കരുതണം. മരതകതലഃ കോപി മാകന്ദശാഖീ എന്നു മൂലം. അതിൻെറ തളിർപ്പ് നിലം പററി നിൽക്കുന്നു. ആ പാവവും അവളോടു വേർപെട്ടാണിരിക്കുന്നതു്. എന്നെപ്പോലെ എന്നു ധ്വനി. ഞാൻ കൂടാതെ പ്രണയിനി അവിടെ പോവുകയില്ലെന്നു ഭാവം. പ്രേമസാക്ഷി=പ്രേമത്തിനുള്ള സാക്ഷി. ഓമലിനു് എന്നോടു് എങ്ങനെയെല്ലാമുള്ള പ്രേമമാണു് വാഴുന്നതെന്നു് അയാൾ നേരിട്ടു കണ്ടിട്ടുണ്ടെന്നു താല്പര്യം. "തപസ്വീ" എന്നു മൂലം. അവൾ എന്നോടുകൂടി അടുത്തുവരുവാൻ തപസ്സുചെയ്യുന്നു എന്നൊരു ധ്വനി കാണാം. എന്നാൽ തപസ്വീ=ശോച്യഃ എന്നു വ്യാഖ്യാനത്തിൽ അർത്ഥം കൊടുത്തിരിക്കുന്നു. അനുകമ്പാർഹൻ എന്നർത്ഥം. അതനുസരിച്ചുള്ള വിവർത്തനമാണു് "പാവം" എന്നു്. അല്ലാതെ അനുപ്രാസത്തിനുവേണ്ടിയല്ലെന്നു ധരിക്കണം. ഇപ്പോളത്തെ അവൻെറ നില അനുകമ്പനീയമാണല്ലോ? സുന്ദരിമാരുടെ പാണിസ്പർശം മാവു പൂക്കുന്നതിനു വളമാകുന്നു. വിരഹാവസ്ഥ ധ്വനി.

പ്രാസാദശ്ച പ്രകൃതിശിശിരഃ പശ്ചിമേ ഭാതി ഭാഗേ
ചാരുപ്ലോചച്ചലകിസലയൈഃ പാർശ്വസർജ്ജദ്രുമസ്യ
ശങ്കേ തസ്മിൻ മൃദുവിരചിതാം കൗസുമീമദ്യ ശയ്യാം
തസ്യാസ്താപപ്രശമനവിധാനോന്മുഖീഭിഃ സഖീഭിഃ.

മട്ടുപ്പാവായ്ത്തനി കുളിർ മഹാ-
മേടയും മേൽവശത്താ-
യിട്ടുണ്ടാരാൽ മണിമരുതിളം
ചെന്തളിർപ്പന്തലാന്നും
തട്ടും താപം തടയുവതിനി-
ന്നോമലാൽക്കാളിവർഗ്ഗം
മട്ടൾക്കൊള്ളും മലർവിരിയതിൽ
തീർക്കുമെന്നോർക്കുവൻ ഞാൻ. 26

പൂമെത്ത: മട്ടുപ്പാവായ് = മേടയുപരിഭാഗം തുറസ്സായിട്ടുള്ളത് (വെണ്മാടം). കുളിർമഹാമേട=തണുപ്പുള്ള മഹാമേട. (വേനൽക്കാലവസതി). മണിമരുത്=ഒരുതരം ചുവന്ന പൂവുള്ള മരുതുവൃക്ഷം. ചെന്തളിർപ്പന്തൽ=ചെന്തളിരുകളാകുന്ന പന്തൽ. "ചാരുപ്ലോചച്ചലകിസലയൈഃ" എന്നു മൂലം. മേൽവശം, (മേക്കുവശം), പടിഞ്ഞാറ്. ഒട്ടുമാവിൻെറ പടിഞ്ഞാറു മേട എന്നർത്ഥം. ഉപരിഭാഗമെന്നല്ല. താപം=ദുഃഖം (മാരമാൽ). മട്ടൾക്കൊള്ളും=തേൻ നിറഞ്ഞതു് (പുതിയ പൂക്കൾ). മലർവിരി=പൂമെത്ത. മട്ടുപ്പാവിലല്ല മേടയ്ക്കകത്താണു വിരി.

തസ്യാം പ്രായഃ സകലജഗതാം ചക്ഷുഷോർഭാഗധേയം
തന്ത്രാവാപാവിഷയഫലദം പഞ്ചബാണസ്യ വശ്യം
നാരീശില്പാഭ്യസനജനിതം നൈപുണം വിശ്വയോനേർ-
വിശ്ലേഷാശീവിഷവിഷരുജാമൗഷധം വല്ലഭാ മേ.

മാരക്രീഡാവിധിയടവുകൾ-
    ക്കെത്തിടാത്തോരു വശ്യം
പാരത്രയ്യ്ക്കും മിഴിയമൃതജ,-
    ന്നംഗനാശില്പരത്നം
ക്രൂരം വേർപാട്ടുരഗഗരളം
    വേരറക്കും മരുന്നി,-
ന്നേരത്തെന്നോമന നിയതമു-
    ണ്ടാവുമാപ്പൂവിരിപ്പിൽ. 27

നായികാ ദർശനം: മാരക്രീഡാവിധി=മാരക്രീഡയുടെ വിധി. അടവ്=തന്ത്രം. കാമക്രീഡ ഇന്ന ഇന്ന പ്രകാരമാണ് വേണ്ടതെന്നു വിവരിക്കുന്ന ശാസ്ത്രം. കാമശാസ്ത്രം. ആ വിധികളെ അതിക്രമിക്കുന്ന വശ്യമാണു നായിക. ആ ശാസ്ത്രങ്ങൾക്കു കണ്ടെത്താൻ കഴിയാത്ത വശ്യശക്തി ഈ സ്ത്രീക്കുണ്ടെന്നു ഭാവം. പാരത്രയ്യ്ക്കും മിഴിയമൃത്=ലോകത്തിലുള്ള സകല മിഴികൾക്കു (ആരുടെയും കണ്ണിന്)അമൃതസേചനം. സ്ത്രീപുരുഷവ്യത്യാസമില്ല. അജൻ=ബ്രഹ്മാവ്. അംഗനാശില്പരത്നം, സ്ത്രീസൃഷ്ടികൗശലമകുടം. അംഗനകളെ പ്രദർശിപ്പിച്ചാൽ ഇവളായിരിക്കും അത്യുത്തമ (ഒന്നാം സമ്മാനാർഹ) Miss World എന്നു സാരം. വേർപാട്ടുരഗഗരളം=വിരഹമാകുന്ന പാമ്പിൻെറ വിഷം വേരറുക്കുക=ചുവട്ടമുറിക്കുക. തീർത്തില്ലാതാക്കുക എന്നു ഭാവം. വിഷത്തിനു മറുമരുന്നു് അമൃതാണല്ലോ. നിയതം=എപ്പോഴും. ഉല്ലേഖത്തിൻേറയും രൂപകത്തിൻേറയും സംസൃഷ്ടി അലംകാരം.

സൈവാത്മാനം സ്വയമപരയാ സുഭ്രുവാം തത്ര മധ്യേ
വ്യക്തം ബ്രൂയാത് വ്രതതിനിവഹേ കല്പവല്ലീവ കാന്ത്യാ
അപ്യേവം താം വിരഹവിധുരോ ഹന്ത! വാചാ വിദൂരേ
സ്പ്രഷ്ടും വാഞ്ഛാമി മനസി കലയാമ്യദ്യ കല്യാണഗാത്രീം.

തന്നാൽത്തന്നേ പറയുമവൾ തൻ
കാന്തിയാൽ സ്ത്രീകളിൽ താ-
നിന്നാരെന്നായ് കൊടികൾ നടുവിൽ
കല്പവല്ലിക്കു തുല്യം
എന്നാലും ഹാ! വിരഹവിവശൻ
ഗീരിനാൽ ദൂരെ നിന്നി-
ട്ടിന്നാശിപ്പൂ തൊടുവതിനു ഞാ-
നാ മനോജ്ഞാംഗിയാളെ. 28

കാന്തി = ശോഭ. കൊടികൾ = വള്ളികൾ. കല്പവല്ലി = കല്പവള്ളി. കല്പകം = ദേവവൃക്ഷം. അവിടുത്തെ വള്ളി കല്പവല്ലി. പാലാഴിയിൽനിന്നുണ്ടായ സർവ്വാഭീഷ്ടപ്രദ. വിരഹവിവശൻ = വേർപാടുകൊണ്ടു് പരവശൻ. ഗീര് = വാക്കു്. ആശിപ്പൂ = ആഗ്രഹിക്കുന്നു. മനോജ്ഞാംഗി = മനോഹരാംഗി. അവിടെ ചെന്നാൽ അവളുടെ അടുക്കൽ ശുശ്രൂഷയ്ക്കായും മററും ധാരാളം സ്ത്രീകൾ ഉണ്ടായിരിക്കും. എന്നാലും തിരിച്ചറിയുവാൻ പ്രയാസമില്ല. ഏതെല്ലാം വള്ളികളുടെ ഇടയിൽ നിന്നാലും കല്പവല്ലിയേക്കണ്ടാൽ തിരിച്ചറിയാമല്ലോ. കാന്തികൊണ്ടു് അവൾതന്നെ താൻ ഇന്നാരാണെന്നു തിരിച്ചുകാട്ടും. ഞാൻ വർണ്ണിക്കേണ്ട കാര്യമൊന്നുമില്ല. എന്നാലും അവളെ തൊടാൻ നിവൃത്തിയില്ലാതെ അകലെ ഇരിക്കുന്ന ഞാൻ വാക്കുകൊണ്ടെങ്കിലും ഒന്നു തൊടുവാനാഗ്രഹിക്കുന്നു. അല്ലം വർണ്ണിക്കുവാൻ പോകുന്നു എന്നു താല്പര്യം. വാക്കുകൊണ്ടെങ്കിലും തൊടുവാൻ ആഗ്രഹിക്കുന്നു. എന്നാൽ വാക്കു കിട്ടുന്നില്ല എന്നും ആവാം. അല്ലം നായികാവർണ്ണനയാണു് ഇനിച്ചെയ്യുന്നതു്. ഉപമാലങ്കാരം.

പ്രേക്ഷ്യാ തത്ര സ്ഫടികരദനാ പത്മരാഗാധരോഷ്ഠീ
കമ്രശ്യാമോപലകചഭരാ സ്നിഗ്ദ്ധമാണിക്യകാന്തിഃ
മുക്താജാലോല്ലസിതഹസിതാ വേധസോ മുഖ്യവൃത്യാ
നോൽകൃഷ്ടതാന്ന പരമപരൈരെവാംഗനാരത്നസൃഷ്ടിഃ

മിന്നും പല്ലായ് സ്ഫടിക,മധരം
പുഷ്യരാഗം, മുടിക്കെ-
ട്ടിന്നുണ്ടിന്ദ്രോപല,മൊളിയിൽ മാ-
ണിക്യമത്തയ്യലാളിൽ
ചിന്നും മുത്താം ചിരിയു,മതുപോൽ-
ക്കണ്ടിടാം മേന്മക്കൂടാ-
തൊന്നുണ്ടന്യാദൃശ,മജനെഴും
പെണ്മണിസ്സൃഷ്ടിതന്നെ. 29

സൃഷ്ടികൗശലം: മിന്നുക=തിളങ്ങുക. പല്ലായ് സ്ഫടികം=പല്ലാകുന്ന സ്ഫടികം. സ്ഫടികംപോലെയുള്ള പല്ല്. അധരം പുഷ്യരാഗം=അധരമാകുന്ന പുഷ്യരാഗം. പുഷ്യരാഗരത്നംപോലെയുള്ള ചുണ്ട്. മുടിക്കെട്ടിന്നുണ്ടിന്ദ്രോപലം=മുടിക്കെട്ടിൻെറ സ്ഥാനത്ത് (അതായ) ഇന്ദ്രോപലം. ഇന്ദ്രോപലംപോലെയുള്ള മുടിക്കെട്ട്. ഒളിയിൽ മാണിക്യം=ഒളിയാകുന്ന മാണിക്യം. മാണിക്യംപോലെയുള്ള ഒളി (പ്രകാശം). മാണിക്യപ്രഭയെന്നു സാരം. മുത്താം ചിരി=മുത്താകുന്ന ചിരി. മുത്തുപോലെയുള്ള ചിരി. മേന്മ=ശ്രേഷ്ഠത. അന്യാദൃശം=മറെറാന്നിലും കാണാത്തതു്. അജൻ=ബ്രഹ്മാവ്. പെൺമണിസൃഷ്ടി=സ്ത്രീരത്നസൃഷ്ടി. സ്ത്രീകളിൽവച്ച് ഉത്തമമായ സൃഷ്ടി. സാധാരണ ധമ്മാനുസരണമായി—ശ്രേഷ്ഠവസ്തുക്കളെ രത്നമെന്നു പറയാറുണ്ട്. എന്നാൽ ഇതു് അതല്ല. രത്നംകൊണ്ടുതന്നെ—മുൻപറഞ്ഞവ—സൃഷ്ടിച്ച പെണ്ണാണെന്നു ധ്വനി. രൂപകം അത്യന്താതിശയോക്തി അലങ്കാരങ്ങൾ. ഓരോ രത്നങ്ങളുടെ പേരാണു വാച്യം. പെണ്മണിസൃഷ്ടിതന്നെ എന്ന ദിക്കിലുള്ള നമ്പൂരിഫലിതം ഒന്നു പ്രത്യേകംതന്നെ. വിവത്തനം മധുരമധുരം.

വർണ്ണഃ സ്വർണ്ണാംബുരുഹരജസാമപ്യവർണ്ണം വിധത്തേ
ബന്ധുഃ സന്ധ്യാജലധരരുചാം ബന്ധുജീവാധരോഷ്ഠ്യാഃ
ദൃഷ്ടേ ദൃഷ്ടിഭ്രമരനികരാ യത്ര മാദ്യന്തി യൂനാ-
മാമോദന്തേ ഹൃദയകുമുദാന്യാത്തരാഗോദയാനി.

തണ്ടാർപ്പൊൽപ്പൂംപൊടി തവിട്ടുപോ-
ലാക്കിടും ചെമ്പരുത്തി-
ച്ചുണ്ടാളും പെൺകൊടിയുടെ നിറം
സാന്ധ്യരാഗോപമാനം
കണ്ടാലങ്ങാത്തരുണമിഴിവ-
ണ്ടിണ്ട തിണ്ടാട്ടു,മൊപ്പം
കൊണ്ടാട്ടും ഹൃൽക്കുമുദനിരയും
രാഗസംയോഗവാപ്ത്യാൽ. 30

തണ്ടാർ = താമര. പൊൽപ്പൂംപൊടി = പൊന്നിൻനിറമുള്ള പൂമ്പൊടി. തവിട്ടുപോലാക്കുക = സാരമില്ലാതാക്കുക. നിറമില്ലാത്തതാക. അതിനെ ജയിക്കുക എന്നു സാരം. ചെമ്പരുത്തിച്ചുണ്ട് = ചെമ്പരുത്തി പോലെയുള്ള ചുണ്ട് (ബന്ധൂകാധരം). സാന്ധ്യരാഗോപമാനം = സന്ധ്യാകാലത്തുള്ള ചുവപ്പിനു തുല്യം. തരുണമിഴിവണ്ടിണ്ട = തരുണന്മാരുടെ മിഴിയാകുന്ന വണ്ടിൻകൂട്ടം. കൊണ്ടാടുക = പുകഴ്ത്തുക. ഹൃൽക്കുമുദം=മനസ്സാകുന്ന ആമ്പൽപ്പൂവ്. രാഗസംയോഗം = രാഗച്ചേർച്ച (അനുരാഗബന്ധം). വാപ്ത്യ് = വർദ്ധനവ്. അവൾ അംഗശോഭകൊണ്ട് സന്ധ്യ പോലെയാണ്. സന്ധ്യയ്ക്ക് വണ്ടുകൾ ഇളകിപ്പറക്കും. ചുവപ്പുണ്ടാകും. ആമ്പൽ വിടരും. സൗരഭ്യം ഉയരും. ലക്ഷണങ്ങളെല്ലാം ഇവിടേയും ഉണ്ട്. തരുണമിഴിയാകുന്ന വണ്ടിൻകൂട്ടം. അനുരാഗം. മനസ്സാകുന്ന ആമ്പൽ. ആമോദം = സുഗന്ധം; സന്തോഷം. ഉപമയും രൂപകവും അലങ്കാരം.

വക്ത്രേ പത്മം ദൃശി കുവലയം കൈരവം മന്ദഹാസേ
ഹസ്തേ രക്തോൽപലമപി വപുഃ പ്രേക്ഷ്യ സംഗൃഹ്യ സഖ്യഃ
അപ്ഫുല്ലേതി സ്ഫുടമഭിദധത്യത്ഭുതാംഗീമഥാന്യേ
സംഗീതാർത്ഥപ്രണയനവിദഃ പ്രേക്ഷകാ രംഗലക്ഷ്മീം.

നീരിൽത്താരാനനമസിതപ-
ത്മേക്ഷണം നൈതൽ ഹാസം
ചോരിത്തണ്ടാർക്കരവുമുരുവിൽ-
ക്കാൺകെ "യപ്പുള്ള" യെന്നായ്
പേരിട്ടു തോഴികൾ ഫലിതമായ്-
പ്പേശലാംഗിക്കൊരാട്ട-
ക്കാരിക്കോപ്പുറ്ററിയുമവരോ
"രംഗഭൂലക്ഷ്മി"യെന്നും. 31

നാമധേയം: നീരിൽത്താരാനനം = നീരിൽത്താരാകുന്ന മുഖം. നീരിൽത്താർപോലെയുള്ള മുഖം. നീരിൽത്താർ = താമരപ്പൂ. അസിതപത്മേക്ഷണം = അസിതപത്മമാകുന്ന ഈക്ഷണം. അസിതപത്മംപോലെയുള്ള ഈക്ഷണം. അസിതപത്മം=കരിങ്കുവളപ്പൂ. ഈക്ഷണം = കണ്ണ്. നൈതൽ ഹാസം=നൈതലാകുന്ന ഹാസം. അതുപോലെയുള്ള ഹാസം. നൈതൽ = ആമ്പൽപ്പൂ. ചോരിത്തണ്ടാർക്കരം = ചെന്താമരപ്പൂവാകുന്ന കരം. അതുപോലെ ഉള്ള കൈ. ഉരു = ശരീരം (ഉടൽ) അവളിൽ എന്നു സാരാംശം. അപ്പുള്ള=അപ്പിൻെറ (വെള്ളത്തിൻെറ) പുള്ള (പുത്രി). പേശലാംഗി=മനോഹരാംഗി. ഉറ്ററിയുന്നവർ=നന്നായിട്ടറിയുന്നവർ. രംഗഭൂലക്ഷ്മി=രംഗഭൂവിലെ (അരങ്ങത്തെ) ലക്ഷ്മി. നായികയുടെ അസൽ പേര് ലക്ഷ്മി എന്നും, ഓമനപ്പേര് അപ്പുള്ള എന്നും, പണ്ഡിതന്മാർ കൊടുത്ത ബിരുദനാമം "രംഗലക്ഷ്മി" എന്നും ആയിരുന്നു. അതിൽ അപ്പുള്ള എന്ന പേര് സാർത്ഥകമാണെന്നു കവി സമർത്ഥിക്കുന്നു. പക്ഷേ, ആട്ടക്കാരികളുടെ വൈദഗ്ദ്ധ്യം അറിയുന്നവർ അറിഞ്ഞുകൊടുത്ത "രംഗലക്ഷ്മി" എന്ന പേരാണ് പ്രസിദ്ധം. അതു് ഇന്നും നിലനില്ക്കുന്നു. എന്നും നിലനില്ക്കുകയും ചെയ്യും. ആ ലക്ഷ്മിയുടെ പ്രിയതമൻ കരിങ്ങപ്പള്ളിൽ ഭവത്രാതൻ നമ്പൂതിരിക്ക് ആ മഹതിയിലുണ്ടായിരുന്ന പ്രേമപാരവശ്യംകണ്ടു് സുഹൃത്തുക്കൾ അദ്ദേഹത്തിനിട്ട ശകാരപ്പേരാണ് "ലക്ഷ്മീദാസ"നെന്നതു്. സന്ദേശമെഴുതി കാളിദാസനെ അനുകരിച്ചു് അദ്ദേഹം അതു് അന്വർത്ഥമാക്കി. ആപ്പേരും എന്നും വിജയിക്കുകതന്നെ ചെയ്യും.

അന്തർവ്രീളാം ജനയതിതരാമന്യപുഷ്ടാംഗനാനാം
ലീലാരാമഃ സ്വരമധുലിഹാം മാധുരീജന്മഭൂമിഃ
പീയൂഷസ്യ പ്രതിനിധിവിധിഷ്ടംകൃതിർമ്മാരമൌർവ്വ്യാ
വാണീ വീണാരവസഹചരീ വാണിനീനാം ശിഖായാഃ.

ഉണ്ടാക്കും പെൺകുയിലിനകമേ
ലജ്ജ, സപ്തസ്വരാളീ-
വണ്ടാർത്തീടും കളിവനി, നറും
മാധുരീമാതൃഭൂവായ്
രണ്ടാമത്തോളമൃതിനു, കളി-
ത്തോഴി വീണയ്ക്കു, മാര-
നുണ്ടാം ഞാണിന്നൊലിയവൾ നടീ-
റാണിതൻ വാണി നൂനം. 32

രംഗലക്ഷ്മിയുടെ വാങ്മാധുര്യം. നടീറാണി അവൾതൻ വാണി നൂനം എന്നന്വയം. നടികളുടെ റാണിയായ അവളുടെ വാണി താഴെ പ്പറയുന്നവപോലെയാണെന്നുൽപ്രേക്ഷിക്കുന്നു. നൂനം എന്ന വാക്ക് ഉൽപ്രേക്ഷാവാചകമാകുന്നു. പെൺകുയിലിൻെറ അകമേ ലജ്ജയുണ്ടാക്കും. അതിനെ ജയിക്കും. ആൺകുയിലിൻ്റെ ശബ്ദത്തെക്കാൾ മാധുര്യം പെൺകുയിലിൻ്റെ നാദത്തിനുണ്ടെന്നു ധ്വനി. "അന്യപുഷ്ടാംഗനാനാം" എന്നു മൂലം. സപ്തസ്വരാളീവണ്ട് = സപ്തസ്വരങ്ങളാകുന്ന വണ്ടിണ്ട. കളിവനി = കേളീവനം. "സ്വരമധുലിഹാം ലീലാരാമഃ" എന്നു മൂലം. നറും മാധുരിക്ക് മാതൃഭൂമി. അമൃതിനു രണ്ടാമത്തവൾ. "പ്രതിനിധി" എന്നു മൂലം. ഒന്നാമത്തെത്ത് അമൃതാണെങ്കിൽ രണ്ടാമത്തെത്ത് ഇവളുടെ വാക്കാണെന്നു സാരം. തത്തുല്യം. വീണാനാദത്തിനു കളിത്തോഴി. "വീണാരവസഹചരീ" എന്നു മൂലം. മാരൻെറ ഞാണൊലി = ടംകൃതി എന്ന പദത്തിനു മധുരമായ വിവർത്തനം ഒലി. മൂലത്തേക്കാൾ മെച്ചം. ടംകൃതിക്കു മാധുര്യം പോര. സ്വരമാധുര്യം വർണ്ണിക്കുന്നതു പരുഷസ്വരത്തിലായാലോ. ഓരോ പദത്തിൻേറയും വിവർത്തനം വിദഗ്ദ്ധനായ വിവർത്തകൻ എത്രമാത്രം സരസമായി നിർവ്വഹിച്ചിരിക്കുന്നു എന്നു കാണുക. ഇവളുടെ വാണി കേട്ടാൽ കാമൻെറ ഞാണൊലി "ടംകൃതി" പോലെ ഇരിക്കുമെന്നായിരിക്കാം മൂലകാരൻെറ വിവക്ഷ. അതിശയോക്തി രൂപകം ഈ അലങ്കാരങ്ങൾ പറയണം.

ദൃപ്യദ്ദൃപ്ത്ദ്വിപഗിരിതടം ദർപ്പണം രാഗലക്ഷ്മ്യാഃ
സാക്ഷാദക്ഷ്ണോന്നവമധു രതിപ്രാഭൃതം ചിത്തയോനേഃ
വ്രീളാശിക്ഷാവിധിഷു സുസഖീം വിഭ്രമോല്ലാസസിന്ധും
ബന്ധും കാന്തേഃ സ്പൃശതി ച വയോ മധ്യമം ഭീരുമധ്യാ.

ഈടിൽത്തള്ളൽക്കരിഗിരിവനം
രാഗലക്ഷ്മീനിലക്ക-
ണ്ണാടിത്തട്ടം, മിഴി മധു, രതി-
ക്കാഴ്ച കാമന്നപാത്താൽ,
മോടിക്കൂട്ടായ്, ലളിതകടലായ്-
ത്തോഴി നാണപ്പയററിൽ
തേടിപ്പൂകുന്നിതു തനി നട്ട-
പ്രായമെന്നായതാക്ഷീ. 33

ഈടിൽത്തള്ളൽക്കരിഗിരിവനം = ശക്തിയായ അഹങ്കാരമാകുന്ന ആനയ്ക്കു് മലയിലുള്ള വനമായിട്ടുള്ളതു്. 'ദൃപ്യദ്ദൃപ്ത്ദ്വിപഗിരിതടം' എന്നു മൂലം. നല്ല മലയാളസമാസം. രാഗലക്ഷ്മീനിലക്കണ്ണാടിത്തട്ടം = അനുരാഗമാകുന്ന ലക്ഷ്മിക്കു് നിലക്കണ്ണാടിത്തട്ടമായതു്. മിഴിമധു=കണ്ണുകൾക്കു തേനായതു്. കാമന്നു രതിക്കാഴ്ച=കാമദേവന്നു് രതിയുടെ കാഴ്ച. കാമന്നു് രതിക്രീഡയ്ക്കുള്ള കാഴ്ചയെന്നും. മോടിക്കൂട്ടു് = സൗന്ദര്യത്തിനു് ബന്ധു. ലളിതകടൽ = വിലാസത്തിനു കടൽ. യൗവനവിലാസം. നാണപ്പയററു് = ലജ്ജ പഠിപ്പിക്കൽ. ലജ്ജാവിധങ്ങൾ നായികമാരെ പഠിപ്പിക്കുന്നതു തോഴിമാരാണെന്നു കാണുന്നു. നട്ടപ്രായം = മദ്ധ്യവയസ്സു് (യൗവനം). തനി നട്ടപ്രായം = സാക്ഷാൽ യൗവനം. ആയതാക്ഷി=നീണ്ട കണ്ണുള്ളവൾ(സുന്ദരി). നായികയുടെ യൗവനത്തേയാണു് ഈ പദ്യത്തിൽ വർണ്ണിക്കുന്നതു്. യൗവനം തുടങ്ങിയതേയുള്ളുവെന്നു കാണാം. മൂലവും വിവർത്തനവും ശരിക്കു തട്ടിച്ചു നോക്കിവേണം വിവർത്തനത്തിന്റെ മേന്മയറിയുവാൻ. സരസമായ മലയാളപദങ്ങളെക്കൊണ്ടു് മധുരമായി ആശയം മനസ്സിലാക്കുന്നതിനു വിവർത്തകനുള്ള ശേഷിയും സഹൃദയത്വവും ശ്രദ്ധിക്കേണ്ടതാകുന്നു. രൂപകം, ഉല്ലേഖം.

ലജ്ജാധാത്ര്യാ ക്ഷണമരഹിതാപ്യംഗജം ദൃഷ്ടികന്യാ
ധത്തേ ഗർഭേ കചഭരരുചോ ദ്ദത്തിനം കൽപയന്തീ
അംഗേ ബാലാതപരുചി, കുചേ പീനതാ, പീഠപൂർത്ത്യ
നാലം മദ്ധ്യഃ തദപി കൃശതാമേതി ശങ്കാഭരേണ.

പേറും ഗർഭേ തനുജനെ മിഴി-
ക്കന്യ ചിററമ്മ നാണം
മാറുന്നില്ലെങ്കിലുമിരുളട-
ച്ചുണ്ടു കാർക്കുന്തലാലേ
മാറുൾത്തിങ്ങീലുരസിജമര-
ച്ചെങ്കിലും ശങ്കവായ്പാ-
ലേറും ശോഷിപ്പിളവെയിലൊളി-
ത്തയ്യലാൾ മെയ്യിലിപ്പോൾ. 34

പേറും = വഹിക്കും. ഗർഭേ = ഗർഭത്തിൽ. തനുജൻ = പുത്രൻ. അംഗജൻ എന്ന അർത്ഥത്തിൽ കാമനെന്നും. മിഴിക്കന്യ=കണ്ണാകുന്ന പെൺകിടാവു്. ചിററമ്മയാകുന്ന നാണം. കണ്ണാകുന്ന പെൺകിടാവു്, ചിററമ്മയാകുന്ന നാണം മാറാതെ അടുത്തുകൂടിയിട്ടുണ്ടെങ്കിലും കാമനാകുന്ന പുത്രനെ ഗർഭത്തിൽ ധരിച്ചു എന്നർത്ഥം. ദൃഷ്ടിയിൽ ലജ്ജയും കാമവികാരവും തെളിയുന്നുവെന്നു വസ്തുത. അമ്മ മാറാതെ അടുത്തുതന്നെ കൂടിയിട്ടും മകൾ ഇരുട്ടുണ്ടാക്കി (ജാരസംസർഗ്ഗം ചെയ്തു്), ഒരു പുത്രനെ ഗർഭത്തിൽ ധരിക്കുന്നു എന്നു ഫലിതവും. കാർക്കുന്തൽ = കറുത്ത തലമുടി. ഇളവെയിലിൻെറ ശോഭയുള്ള ശരീരത്തിൽ കാർക്കുന്തൽ ഇരുളടച്ചുവെന്നു സാരം. "കചഭരരുചോ ദ്ദത്തിനം കല്പയന്തീ" എന്നു മൂലം. ഉരസിജം= സ്തനം. മാറുൾത്തിങ്ങീല=മാറത്തു് ഉള്ളു് മുററിക്കഴിഞ്ഞിട്ടില്ല. യൗവനാരംഭം എന്നു ധ്വനി. എങ്കിലും ശങ്കവായ്പാൽ അരക്കു് ശോഷിപ്പു് ഏറും എന്നഭിപ്രായം. ഇപ്പോൾത്തന്നെ മദ്ധ്യം ശോഷിച്ചതാണു്. ഇനിയും ഈ സ്തനങ്ങൾ വർദ്ധിച്ചാൽ ഇവയെ എങ്ങനെ താങ്ങും? എന്നുള്ള ശങ്കയാണു് മദ്ധ്യത്തിനു്. ക്രമേണ ചുരുങ്ങുന്നു. ഇളവെയിലൊളിത്തയ്യലാൾ=ഇളവെയിലിൻെറ ശോഭയാണു് അവളുടെ ശരീരത്തിനുള്ളതു്. തനിത്തങ്കനിറം. രൂപകം, ഹേതുൽപ്രേക്ഷ ഈ അലങ്കാരങ്ങൾ.

സാ കാന്തിഃ സാ ഗിരി മധുരതാ ശീതളത്വം തദംഗേ
സാ സൗരഭ്യോൽഗതിരപി സുധാസോദരഃ സോധരോഷ്ഠഃ
ഏകാസ്വാദേ ഭൃശമതിശയാദന്യലാഭേന യസ്മി-
ന്നേകീഭാവം വ്രജതി വിഷയഃ സൎവ്വ ഏവേന്ദ്രിയാണാം,

നന്നായാ വാങ്മധുരിമ,യതേ
മോടി,യാ മെയ്ക്കുളിർപ്പും
പിന്നാ മെത്തും പരിമള,മതേ
ചോരിവായ്‌വേരിവാസ്സും
ഒന്നാളുമ്പോളതിശയഭരാ-
ലൊക്കെയുണ്ടോമലിൽ തീ-
ത്തെന്നായഞ്ചിന്ദ്രിയവിഷയവും
മൊത്തമായെത്തിടുന്നു. 35

നായിക പഞ്ചേന്ദ്രിയപാനപാത്രമാണെന്നു പറയുകയാണ്. വാങ്മധുരിമ = വാക്കിൻെറ മാധുര്യം (ശ്രവണം). അതേ മോടി (ദൃക്) മെയ്ക്കുളിർപ്പ് (ത്വക്) മെത്തും പരിമളം=വൎദ്ധിച്ച സുഗന്ധം (നാസിക) ചോരിവായ്‌വേരിവാസ്സ്=അധരമധുവിൻെറ തികവ് (രസന). അതിശയഭരം=അതിശയാധിക്യം. അഞ്ചിന്ദ്രിയവിഷയവും=അഞ്ചിന്ദ്രിയങ്ങളുടേയും അനുഭവവും. ഒന്നാളുമ്പോൾ=ഒന്നിച്ചുകൂടുമ്പോൾ. അല്ലെങ്കിൽ ഒന്ന് അനുഭവപ്പെടുമ്പോൾ എന്നും ആകാം. ആളുക=കൈകാൎയ്യം ചെയ്യുക (ചേരുക). ആലംബനഗതമായ ഉദ്ദീപനമാണ് 26-ാം പദ്യം മുതൽ ഇതുവരെയുള്ള വൎണ്ണനയുടെ സ്വഭാവം. ഇവയെല്ലാം ഒരുമിച്ച് അനുഭവിക്കത്തക്കവിധം ഉള്ളതുകൊണ്ട് പഞ്ചേന്ദ്രിയാനുഭവങ്ങളും അവളിൽ ഒരുമിച്ചെത്തുന്നു എന്നു താല്പൎയ്യം.

ഏവം മന്യേ വിരഹദിവസൈരേഭിരേണേക്ഷണാ സാ
ക്ഷാമക്ഷാമാ ചിരമനശനധ്യാനശോകാനുബന്ധൈഃ
ന്യൂനന്യൂനേ മമ സുചരിതേ നൂനമന്യാദൃശീ സ്യാ-
ദ്വനസ്തംബേരമവിലുളിതാ സല്ലകീമഞ്ജരീവ.

തീൎത്താ മാനേൽമിഴിയിവനെ വി-
ട്ടീത്രനാളുള്ളിലോരോ-
ന്നോൎത്താഹാരക്കുറവുമഴലും-
കൊണ്ടശേഷം ചടച്ചും
ചീൎത്താളും മൽസുകൃതവിരഹാ-
ലിന്നു മട്ടൊക്കെ മാറാം
പാൎത്താൽ കാട്ടാനകൾ പിഴുതതാം
പൂന്തളിർപ്പീന്തൽപോലെ. 36

KOTTAYAM PUBLIC LIBR

ആ മാനേൽമിഴി ഇവനെ തീൎത്തുവിട്ടു് എന്നന്വയം. മാനേലും മിഴി=മാൻകണ്ണി. അശേഷം ചടച്ചു്=വളരെ മെലിഞ്ഞു്. ഇനി ചടസ്സാനൊന്നുമില്ലെന്നു സാരം. ചീൎത്താളും=വൎദ്ധിച്ചിരിക്കുന്ന. സുകൃതം=പുണ്യം. വിരഹം=വേർപാടു്, ഇല്ലായ്മ. സുകൃതവിരഹം=പുണ്യക്കുറവു്. "ന്യൂനന്യൂനേ മമ സുചരിതേ" എന്നു മൂലം. എന്റെ സുകൃതക്കുറവുകൊണ്ടു് ഞാൻ മുമ്പു പറഞ്ഞ രീതിയിൽ അവൾ ഇന്നു് മട്ടൊക്കെ മാറിയിരിക്കാം എന്നു ഭാവം. ഇപ്പോൾ കാട്ടാനകൾ പിഴുതിട്ടിരിക്കുന്ന പൂന്തളിർപ്പോട്ടുകൂടിയ ഈന്തലുമരംപോലെ കാണാമെന്നു താല്പൎയ്യം. പൂന്തളിർപ്പീന്തൽ=പൂവിരിഞ്ഞ ഈന്തൽമരം. ഈന്തലിനെ നായികയ്ക്കു് ഉപമാനമാക്കിയതിൽ ലിംഗപ്പൊരുത്തമില്ലെന്നു ചിലർ പറയും. മലയാളത്തിൽ പദങ്ങൾക്കല്ലേ ലിംഗകല്പനയുള്ളതു്. മഞ്ജരിയോ ലതയോ മലയാളത്തിൽ സ്ത്രീലിംഗമല്ല. ഒരു ഭാഷയിലുമല്ല. സംസ്കൃതത്തിൽ കാണുന്ന ആ ധൎമ്മം മററു ഭാഷകളിൽ യഥായോഗ്യം പകൎന്നുകൊള്ളുമെന്നു സമാധാനിക്കാം. അതികഠിനമായ വഹ്നിമരംപോലും ശമീലതയാക്കും സംസ്കൃതക്കാർ. ആ കൃത്രിമം ഇവിടെ അൎത്ഥത്തിൽ സങ്കല്പിച്ചാൽ മതിയല്ലോ. "ഈന്തലിൻ കൂന്തൽപോലെ" എന്നൊരു വിവൎത്തനമായിരുന്നു ആദ്യമായി ചെയ്തതു്. അതിനു സ്വാരസ്യക്കുറവില്ല. ഈന്തലിന്റെ മഞ്ജരിതന്നെയാണു് അതിന്റെ കൂന്തൽ. ഈന്തു കണ്ടിട്ടുള്ളവർ മറിച്ചു ധരിക്കുവാനിടയില്ല. ഈന്തിനെച്ചവിട്ടിത്തള്ളാൻ ആനയ്ക്കും ശക്തിയില്ല. അതുകൊണ്ടാണു് അതിന്റെ മഞ്ജരി ചീന്തിക്കളയുന്നതു്. ഈന്തുള്ള സ്ഥലങ്ങളിൽ ആനയെ അതിലേ തളയ്ക്കുകയുമുള്ളു. ഉപമ.

ഏകം ബാഹ്വോന്നമിതമുപധായൈകപാശ്വോപവിഷ്ടാ
ശിഷ്ടേനാപി സ്തനകലശയോർമ്മൂലമാവേഷ്ടയന്തീ
ആസക്തോരുദ്വയമവനമജ്ജാനു വിശ്ലിഷ്ടജംഘം
വ്യത്യസ്താംഘ്രി സ്വശരശയനേ ശായിതാ മന്മഥേന.

പാട്ടിൽത്താൻ തൻ ശരശയനമായ്—
കൈമ്മെടക്കിത്തലയ്ക്കൽ
ചോട്ടിൽച്ചേർത്തും, മുലചുഴലവും
മററുകൈ തററണച്ചും
മാട്ടിത്തമ്മിൽ തുടകൾ, മടിവായ്
മുട്ട,കത്തി കണംകാൽ
പൂട്ടിക്കാൽത്താരവളെ മലര—
മ്പൻ കിടത്തീട്ടമിപ്പോൾ. 37

കാമൻ അവളെ ശരശയനത്തിലാക്കിയിരിക്കുന്നു. അയാളുടെ ശരശയനം പൂമെത്തയാണു്. പൂമെത്തയിലാണെങ്കിലും ശരശയനത്തിലെന്നപോലെ ദുഃഖിക്കുന്നു എന്നു ഭാവം. ഇപ്പോൾ മലരമ്പൻ അവളെ തൻ ശരശയനമായ് കിടത്തീട്ടം എന്നാണു ധരിക്കേണ്ടതു്. കിടപ്പെങ്ങനെ? ഒരു കൈ മടക്കി തലയണപോലെ തലയുടെ ചുവട്ടിൽ വച്ചിരിക്കുന്നു. മറേറക്കരം മുലകളുടെ ചുററിലും. അതും മടക്കി എന്നു ഭാവം. തററണച്ചും = നല്ലപോലെ ചേർത്തുവച്ചും. താറുട്ടക്കുക മുതലായ പ്രയോഗം കാണുക. തുടകൾ തമ്മിൽ മാട്ടി (ചേർത്തു്) മുട്ടുമടക്കി. അകത്തി കണംകാൽ=കണംകഴൽ തമ്മിൽ വിടുർത്തി. പൂട്ടിക്കാൽത്താർ = പാദങ്ങൾ പിണച്ചും. ഇപ്രകാരമാണു ശയനം. അവശനില എന്നു ഭാവം. പാട്ടിൽ = ഒരുവശം ചരിഞ്ഞു്. മൂലവും തജ്ജമയും തട്ടിച്ചു നോക്കേണ്ടതാണു്. സ്വഭാവോക്തി.

കാന്താ താന്താ കുസുമമൃദുലൈരംഗകൈരാത്തിമഗ്ര്യാ-
മാബിഭ്രാണാ വിരതമധുരാലാപമൗർവ്വീവിരാവാ
ദൂരാൽദൂരം മയി വിരഹിതേ ദൃഷ്ടിബാണൈകലക്ഷ്യേ
വിശ്രാന്തേവ ത്രികനതിലതാ വിശ്ലഥാ മീനകേതോഃ.

താരഞ്ചും മെയ് തളരെ വളരെ-
സ്സങ്കടം മങ്കയാന്നി-
ന്നേരം, തൻ ഞാണൊലി മധുരസ-
ല്ലാപമെല്ലാമടങ്ങി
പാരം വേർപെട്ടലർമിഴികണ-
യ്ക്കേകലാക്കായിവൻ ഹാ!
മാരൻതൻ വിൽക്കൊടിയിളവിനാ-
യിട്ടതിൻ മട്ടുതോന്നും. 38

താരഞ്ചുക = പൂക്കൾ പരിഭ്രമിക്കുക. പുഷ്പത്തെ ജയിക്കുന്നതെന്നു ഭാവം. മെയ് = ശരീരം. സങ്കടം = ദുഃഖംകൊണ്ടുണ്ടാവുന്ന ഭാവം. ഞാണൊലിമധുരസല്ലാപം = ഞാണൊലിപോലെ മധുരമായ സല്ലാപം. ഒലി = ശബ്ദം. ഞാണൊലി=ഞാണിൻെറ ശബ്ദം. മധുരസല്ലാപം = മധുരമൊഴി. അലർമിഴികണ = അലർ (പൂവ്) പോലെയുള്ള ദൃഷ്ടികളാകുന്ന അമ്പ്. ഏകലാക്ക്=ഒററ ഉന്നം (ലക്ഷ്യം). അവളുടെ മിഴികണയ്ക്ക് ഒററ ഉന്നം ഞാൻ മാത്രമേയുള്ളൂ. ഞാൻ വളരെ ദൂരെയായി. കണ്ണാട്ടമില്ലെന്നു ധ്വനി. ഒററ ലക്ഷ്യം മാത്രമുള്ള വില്ല്. കാമൻെറ മററു വില്ലുകൾ അനേക ലക്ഷ്യങ്ങളാണ്. മാരൻ = കാമൻ. ഹാ! വ്യക്ഷേപകം. കഷ്ടം! വിചാരിക്കുമ്പോൾ നട്ടങ്ങുന്നു എന്നു ഭാവം. മാരൻ മരിപ്പിക്കുന്നവൻ എന്നു ശബ്ദാൎത്ഥം. വിൽക്കൊടി=കാർമ്മുകലത. കൊടിപോലെ മൃദുവായ വില്ല്. ഇളവിനു് = വിശ്രമത്തിന്. അലങ്കാരം സാവയവരൂപകം. നായിക വില്ലും, വാക്കു ഞാണൊലിയും, ദൃഷ്ടി ശരവും, നായകൻ ലക്ഷ്യവും എന്നു ധരിക്കണം. പ്രവൎത്തനശേഷിയില്ലാത്ത ഭാവം വ്യംഗ്യം.

നീതസ്സ്തസ്യാഃ സ കചനിചയോ നോ മയാ വേണിബന്ധം
ധത്തേ മദ്ധ്യേ തദപി സുഭഗാമസ്യ സീമന്തരേഖാം
ആത്മച്ഛായാതിമിരമളകശ്രേണിപിഞ്ഛാതപത്രേ
ത്രാതും നമ്രേ ഽധരനവരവേശ്ചോരുദണ്ഡായമാനാം.

ഒന്നായ് ചേർന്നോരവളുടെ കുഴൽ-
ക്കററ ഞാൻ ചീകിവച്ചീ-
ലെന്നാലും വാച്ചിതു നടുവിലാ
നല്ല സീമന്തകച്ചാൽ
തന്നാൽപ്പോററും നിഴലധരമാം
ബാലസൂര്യ ഗ്രസിക്കൊ-
ല്ലെന്നായ്പ്പീലിക്കുറുനിരകുട-
ക്കാല്യ ചായ്ച്ചോരു മട്ടിൽ. 39

നായികയുടെ സീമന്തകത്തെ വർണ്ണിക്കുന്നു. ദേവാംശങ്ങളിൽ പാദാദിയായിട്ടും മനുഷ്യാംശങ്ങളിൽ കേശാദിയായിട്ടുമാണ് അംഗവർണ്ണന സാധാരണ പതിവ്. അതനുസരിച്ച് ഇവിടെ കേശാദിപാദം ചുരുക്കത്തിൽ വർണ്ണിക്കുന്നു. ഇപ്പോഴും സീമന്തരേഖ തെളിയാതെ നിഴൽപോലെ കാണുമെന്നു വിചാരിക്കണം. വിരഹം അധികം ദിവസമായില്ലല്ലോ. സീമന്തകത്തിൻെറ ഛായപോലും കാണുന്നില്ലെന്നു പറഞ്ഞാൽ അമംഗളമായി. അതു വരരുതെന്നു ഭാവം. കുഴൽക്കററ=തലമുടിക്കൂട്ടം. കററ മലയാളത്തിൽ ധാരാളം പ്രയോഗമുണ്ട്: ഞാൻ ചീകിക്കെട്ടിയില്ലെങ്കിലും ഒരുമാതിരി കെട്ടിവച്ചിരിക്കും എന്നല്ല. വിരഹിണികൾ തലമുടി കെട്ടാറില്ല. അതുകൊണ്ടാണ് കററ എന്നു പറഞ്ഞതു്. സീമന്തകച്ചാൽ=സീമന്തരേഖ. വഴിച്ചാലുപോലെ. പോററുക=രക്ഷിക്കുക. നിഴൽ=ഛായ. അധരമാം ബാലസൂര്യൻ=അധര(ചുണ്ട്)മാകുന്ന ബാലസൂര്യൻ. ചുവപ്പുകാണുവാൻ ബാലസൂര്യനാക്കിയതാണ്. ഗ്രസിക്കുക=വിഴുങ്ങുക. പീലിക്കുറുനിരകുട=പീലിപോലെയുള്ള കുറുനിരകളാകുന്ന കുട. പീലിക്കുട എന്നർത്ഥം. കാല്യ്=കുടക്കാല്യ്. അധരമാകുന്ന സൂര്യൻ ഗ്രസിക്കരുതെന്നു കരുതി പീലിക്കുട ചായ്ച്ചു പിടിച്ചതിൻെറ കാലാണോ സീമന്തമെന്നു തോന്നുമെന്നു സാരം. തലമുടി ഇരുട്ട്, അധരം ബാലസൂര്യൻ, അളകം കുട, സീമന്തം അതിൻെറ കാലും എന്നു ധരിക്കണം. പണ്ടത്തെ കാലത്തു രാജ്ഞിമാർക്കു പിറകിൽനിന്നു കുട പിടിക്കാറുള്ള ഭാവം കാണണം. സാവയവരൂപകവും ഉൽപ്രേക്ഷയും അലങ്കാരം.

നാലം ദൃഷ്ട്യാ സുഖയതി സഖീദ്ത്തശീതോപചാരാഃ
പ്രേക്ഷ്യാപ്യാർദ്രം പ്രളയവിഗമേ പ്രേക്ഷണേ യൽക്കലായാം
തച്ചാതുര്യം കിമപി ന പുരേവാപ്ത്യയാ ഫാലരാഗേ
യേനോന്മുക്താ ഭവതി വിമുഖാ ഭ്രൂനടീ താണ്ഡവേഷു.

തന്നാലസ്യത്തെളിവിലലിവായ്
നോക്കിലും തൃപ്തിയേകീ-
ലിന്നാ നോട്ടം കുളിർനടപടി-
യ്ക്കേർപ്പെട്ടും തോഴിമാരിൽ
മുന്നാളുള്ളീക്ഷണവിരുതുപോയ്
നെററിയാം കൂത്തരങ്ങിൽ-
ച്ചെന്നാടാതാപ്പുരികനടി വി-
മ്മിഷ്ടമായ് വിട്ടതിന്നാൽ. 40

ആലസ്യം = മോഹപാരവശ്യം. നായികയ്ക്കു് ഇടയ്ക്കിടയ്ക്കു് ആലസ്യമുണ്ടാകുന്നു എന്നു ഭാവം. തെളിവു് = മോഹാലസ്യം മാറുമ്പോൾ എന്നർത്ഥം. അലിവു് = ദയ. തൃപ്തിയേകുക = മതിപ്പുവരുത്തുക. സന്തോഷത്തോടുകൂടി. കുളിർനടപടി = ശീതോപചാരം. വിരഹിണികൾക്കു വീശുക, പനിനീർ തളിക്കുക, ചന്ദനം പൂശുക മുതലായ ശീതോപചാരം ചെയ്യുക തോഴിമാരുടെ പ്രവൃത്തികളാണു്. അവൾ ആലസ്യത്തെളിവിൽ ദയയോടുകൂടി അവരെ നോക്കും. പക്ഷേ, ആ നോട്ടം മുമ്പേയുള്ള ഈ ക്ഷണത്തിനു ശരിയാകുന്നില്ല. സാധാരണ എന്നു ഭാവം. അതിനു നായികയുടെ നോട്ടത്തിൻെറ വിരുതില്ല. നെററിയാകുന്ന കൂത്തരങ്ങിൽ പുരികനടി ചെന്നു് ആടാത്തതുകൊണ്ടെന്നു ഭാവം. അതിനു വിമ്മിഷ്ടമായതിനാൽ ആ രീതി വിട്ടു എന്നു സാരം. ആ പുരികനടി ചെന്നാടാതെ വിമ്മിഷ്ടമായി വിട്ടതിനാൽ ആ വീക്ഷണവിരുതുപോയി എന്നുമാവാം. വിമ്മിഷ്ടം = ദേശ്യഭാഷ. പ്രവൃത്തിവൈമുഖ്യം എന്നർത്ഥം. ഭാവവൈവര്‍ണ്ണ്യമെന്ന സാത്വികഭാവം. പുരികനടി രൂപകം.

അച്ഛിന്നാഗ്രൈരളകപടലീശൈവലൈരാവൃതത്വാൽ
ഗണ്ഡാദർശൗ മലിനിതരുചൗ മന്ദഹാസഹ്രദസ്യ
മാത്രോന്മഗ്നാവിവ മണിതടൗ മദ്വിയോഗോഷ്മതപ്തൗ
ശുഷ്യച്ഛോണാധരകിസലയം ശുഷ്യതോസ്യാഃ ക്രമേണ.

മൂടിപ്പായൽക്കുറുനിര നറു-
ക്കാഞ്ഞു ഗണ്ഡങ്ങളാമ-
ജ്ജോടിക്കണ്ണാടികളബലതൻ
പുഞ്ചിരിപ്പാൽക്കയത്തിൽ
ഈടിൽപ്പൊന്തും കുളിർമണിതറ-
യ്ക്കൊത്തു വേർപാട്ടു വേനൽ-
പ്പാടിൽച്ചൊവ്വാമ്മലർ തളിരൊട്ടും
കൂടി ഹാ! വാടിനിൽക്കും. 41

പായൽക്കുറുനിര = പായലാകുന്ന കുറുനിര. പുഞ്ചിരിപ്പാൽക്കയം= പുഞ്ചിരിയാകുന്ന പാൽക്കയം. അതുകൊണ്ടാണ് പായൽക്കുറുനിരയായതു്. നറുക്കുക = വെട്ടുക. നായകൻ അടുത്തുള്ളപ്പോൾ അവ വെട്ടി വൃത്തിയാക്കി വയ്ക്കും. ഗണ്ഡങ്ങൾ = കവിൾത്തടങ്ങൾ. അവയെ മൂടി എന്നു ഭാവം. ജോടി=രണ്ടു്. ഒന്നുപോലെയുള്ളവ. ഈടിൽപ്പൊന്തുക = ഉറപ്പോടുകൂടി പൊന്തുക. നല്ലവണ്ണം പൊന്തുക എന്നു ഭാവം. കുളിർമണിതറ = ചന്ദ്രകാന്തക്കല്ലുകൊണ്ടുള്ള തറ. വെൺകൽത്തറ. പുഞ്ചിരിക്കയത്തിൽനിന്നു് പൊങ്ങുന്നവയാണു് ആ മണിത്തറകൾ. വേർപാട്ടു വേനൽ = വിരഹമാകുന്ന വേനൽ. ചൂടുകൊണ്ടു് സാദൃശ്യം. ചൊവ്വായ് മലർ = ചുവന്ന അധരോഷ്ഠം അതാകുന്ന തളിരു്. വിരഹമാകുന്ന വേനലുകൊണ്ടു് പുഞ്ചിരിക്കയം വററി ഗണ്ഡങ്ങളാകുന്ന പാറക്കെട്ടു പൊന്തിയിട്ടു് അധരങ്ങളാകുന്ന തളിരോടൊപ്പം വരണ്ടിരിക്കുമെന്നു രൂപകോൽപ്രേക്ഷ. ഹാ! = കഷ്ടം! സ്ഥാനത്തായി, മൂലത്തിലില്ലാത്തതാണു് വ്യാക്ഷേപകം. നായകൻെറ ഹൃദയം ഭേദിക്കുന്നു എന്നു ധ്വനി. രൂപകം, ഉൽപ്രേക്ഷ.

സാ നിശ്വാസൈരനിഭൃതതരൈർമ്മദ്ധ്യഭാജാം വലീനാ-
മാലോലാനാമുപരി കുചയോർദ്വന്ദ്വമാന്ദോളയന്തീ
ബിഭ്രത്യംഗേ വിസസിതരുചിം വീചിഭംഗോൽഗതീനാം
പാതൈശ്ചക്രാഹ്വയമിഥുനയോർഭാതി ഭാഗീരഥീവ.

ഇന്നാ നല്ലാർ നളിനവലയ-
ശ്രീയിയന്നേറെമെത്തി-
ട്ടന്നാ വീർപ്പാലിളകിയ വലീ-
പാളിതൻ മോളിലേറ്റം
നിന്നാടീട്ടും മുലയിണയുമായ്
ലോലകല്ലോലവായ്പാൽ
നന്നായ് കോകദ്വയമിളകിടും
സ്വർണ്ണദീ വർണ്ണമേന്തും. 42

നളിനവലയശ്രീ=താമരവളയത്തിന്റെ ശോഭ. വിളറിയതു്. നല്ലാർ=സ്ത്രീ. ഏറെമെത്തുക=വളരെ വർദ്ധിക്കുക. വീർപ്പ്=നെടുവീർപ്പ് (ദീർഘശ്വാസം). വലി=ത്രിവലി. മോളിൽ=മുകളിൽ. ഇണ=രണ്ടു്. ലോലകല്ലോലം=ഇളകുന്ന തിരമാല. വായ്പ്=വർദ്ധനവ്. കോകദ്വയം=ചക്രവാകദ്വന്ദ്വം. സ്വർണ്ണദി=ഗംഗാനദി. വർണ്ണം=നിറം. ഏന്തുക=വഹിക്കുക. നായിക മലർന്നു് ശയിക്കുന്നു. ത്രിവലികൾ തിരമാലകൾ. ദീർഘശ്വാസം കൊണ്ടുള്ള അനക്കം. വിരഹംകൊണ്ടുള്ള വിളറൽ നിറം. ഉപമാനം തനി വെള്ളനിറമായ ഗംഗ. ദീർഘശ്വാസംകൊണ്ടു വലികളും സ്തനങ്ങളും ഇളകുന്നതു കണ്ടാൽ ഗംഗയിലെ തിരമാലയിൽ ഇളകിയാടുന്ന ചക്രവാകച്ഛായ തോന്നുമെന്നു സാരം. സാവയവോപമ.

ആബിഭ്രാണാ ജഘനമലഘു ത്യക്തകാഞ്ചീകലാപം
ധൂമ്രക്ഷൗമം ഗജവരശിരസ്സന്നിഭം യന്മനോഭൂഃ
അദ്യോത്താനോദരകരതലാസ്ഫാലനേനോപരുന്ധൻ
മദ്വിശ്ലേഷാൽ സുരതസമരോദ്വേജിതോ ജോഷമാസ്തേ.

മീനാങ്കൻതൻപടയണി വെറു-
പ്പാന്നുടൻ കൈമലത്തീ-
ട്ടീനാൾ തട്ടിത്തടവരുളിടും
ഹസ്തിതൻ മസ്തകംപോൽ
പീനാകാരം, മലിനവസനം
പൊന്നരഞ്ഞാളുമെന്യേ
മൗനാസക്തം ജഘനമവളെൻ
വിപ്രയോഗാൽ വഹിപ്പൂ. 43

മീനാങ്കൻ = കാമദേവൻ. പടയണി നല്ല പ്രയോഗം. തട്ടിത്തടവുക = (മലയാളശൈലി.) സ്നേഹസൂചകമായി തലോടുക. ഹസ്തി = ആന. ഹസ്തിതൻ മസ്തകം = ആനത്തല. പീനാകാരം=തടിച്ച ആകൃതി. മലിനവസനം=മുഷിഞ്ഞ വസ്ത്രത്തോടുകൂടെ. എന്യേ=കൂടാതെ. മൗനാസക്തം=മിണ്ടാതിരിക്കാൻ താല്പര്യത്തോടുകൂടി. ചേർച്ച. ജഘനം = സ്ത്രീകളുടെ അരക്കെട്ടിൻെറ മുൻവശം. പിൻവശം നിതംബവുമാണ്. ജഘനത്തിന്ന് പുരുഷന്മാരാൽ അടിക്കപ്പെടുന്നതെന്നു ശബ്ദാർത്ഥം. വിപ്രയോഗം = വിരഹം. ജഘനം എങ്ങനെ വഹിക്കുന്നു? ആനത്തലപോലെയാണ് ജഘനത്തിൻെറ സ്ഥിതി എന്ന ഉപമാനം നന്നായി. വളരെ തടിച്ചതാണ്; പൊന്നരഞ്ഞാളില്ല. മലിനവസ്ത്രമാണു ധരിച്ചിരിക്കുന്നതു്. ആനയുടെ മസ്തകത്തിൽ കൈമലത്തിത്തട്ടിത്തടവുന്നതുപോലെ എന്നതു വിരഹകാലത്തെപ്പതിവാണ്. സരസശൃംഗാരിയായ നമ്പൂരിക്കവിയാണ് പറയുന്നതു്. തെററു വരുകയില്ല. ഉപമാലങ്കാരം. വിവർത്തനം വളരെ വളരെ മെച്ചം.

ഊരൂ ചാസ്യാശ്ചിരമിഹ മയാ മുക്തസംവാഹനതാൽ
ക്ലാന്താവന്തഃക്രമുകകുഹളീപാണ്ഡിമാനം ഭജേതേ
രാജേതേ യൗ രജതരുചിരൗ രാജധാന്യാഃ സ്മരസ്യ
സ്ഥൂണാദണ്ഡാവിവ നഖപദശ്രേണിമാലാവിയുക്തൗ.

പൊന്നോമൽശ്രീതുടകൾ കമുകിൻ-
പൂക്കലത്തുവെളുപ്പാ-
ന്നിന്നോജസ്സററിട്ടമിതുവരെ-
പ്പോയ്ത്തലോടാഞ്ഞയാൽ ഞാൻ
മന്നോർമന്നൻ മനസിജമഹാ-
മേടതൻ രാജതത്തൂ-
ണെന്നോക്കുംപോൽ, നഖവട്ടമലർ-
ച്ചാർത്തു ഹാ! തീർത്തുവിട്ടും. 44

പൊന്നോമൽശ്രീതുടകൾ=പൊൻനിറമുള്ള ഓമലിന്റെ ശോഭായമാനമായ തുടകൾ. വിരഹംകൊണ്ടു വിളറിപ്പോയി എന്നു ഭാവം. ഓജസ്സ്=ശക്തി, കാന്തി എന്നെല്ലാമർത്ഥം. തലോട്ടുക =സുഖമുണ്ടാക്കത്തക്കവണ്ണം ഉഴിയുക. ഇതുവരെപ്പോയ് തലോടാഞ്ഞയാൽ പൊന്നോമൽശ്രീതുടകൾ കമുകിൻപൂക്കിലത്തുവെളുപ്പാന്ന് ഇന്നു് ഓജസ്സററിട്ടും എന്നന്വയം. മന്നോർമന്നൻ=ചക്രവർത്തി. മനസിജൻ=കാമൻ. മന്നോർമന്നൻ മനസിജൻ എന്നു സമാസമാണ്. വ്യസ്തപദമല്ല. മഹാമേട=കൊട്ടാരം, (രാജധാനി). മനസിജഗൃഹമെന്നർത്ഥം. രാജതത്തൂണ്=വെള്ളിത്തൂണ്. നഖവട്ട=നഖക്ഷതം. അതാകുന്ന മലർചാർത്ത്=പുഷ്പാലങ്കാരം. ഹാ! സങ്കടദ്യോതകവ്യാക്ഷേപകം. ഭാവം സ്പഷ്ടം. വിവരിക്കുന്നില്ല. വിവർത്തനം കെങ്കേമം.

സിക്തൈഃ സിക്തൈസ്തുഹിനസലിലൈഃ
പാണിഭിസ്തീവ്രതാപാൽ
സംവാഹ്യേതേ ചരണനളിനേ സാസ്രമാളീജനേന
യൽക്കാന്ത്യൗഘൈർഘടിത ഇവ മേ കാമിരാജ്യാഭിഷേകം
കർത്തും മൂർദ്ധ്ന്യനുനയനതേ പാടലഃ പട്ടബന്ധഃ

തീർത്തും ചൂടാൽ സഖികൾ പനിനീർ
വീഴ്ത്തിവീഴ്ത്തി കഴൽത്താർ
ചോർത്തും കണ്ണീരൊട്ടുമുഴികയാം
കൈകളാൽ, സാന്ത്വനത്തിൽ
പേർത്തും താഴ്ത്തും മുടിയിലിവനാ-
ക്കാമിസാമ്രാജ്യപട്ടം
ചാർത്തും മട്ടായ് വടിവിലതുതൻ
പാടലശ്രീ പരത്തും. 45

സഖികൾ=തോഴിമാർ. ചോർത്തുക=ധാരയായി വീഴ്ത്തുക. ഉഴിക=തലോടുക. സാന്ത്വനം=അനുനയം. കോപശമനപ്രാർത്ഥന. പേർത്തും=വീണ്ടും വീണ്ടും. മുടി=ശിരസ്സ്. കാമിസാമ്രാജ്യപട്ടം=കാമികളുടെ സാമ്രാജ്യത്തിലെ ചക്രവർത്തിപട്ടം. വടിവ്=ഭംഗി. പാടലശ്രീ=പാടലകാന്തി. തളിരിന്റെ കാന്തി. ഭാര്യ മാനംനടിച്ചും മറ്റും കോപിച്ചിരിക്കുമ്പോൾ അവളെ പ്രസാദിപ്പിക്കുവാൻവേണ്ടി ഭർത്താവു നമസ്കരിക്കുമെന്നും ആ നമിക്കുന്ന തലയിൽ അവൾ ചവിട്ടുമെന്നും കവിസങ്കേതം. അങ്ങനെ ഞാൻ ചെയ്യുമ്പോൾ അവൾ ചവിട്ടുന്ന ചെഞ്ചേവടിയുടെ ശോഭ എന്റെ തലയിൽ കാമിസാമ്രാജ്യപട്ടം കെട്ടിയതുപോലെ ശോഭിക്കുമെന്നു ഭാവന. ആ കാലിണകളാണ് ഇപ്പോൾ തോഴിമാർ പനിനീർ വീഴ്ത്തിയും കണ്ണീർ പൊഴിച്ചും തലോടുന്നത് എന്നാശയം. പാദങ്ങളുടെ പാടലശ്രീ ഉത്തമസ്ത്രീലക്ഷണം. ഉൽപ്രേക്ഷ അലങ്കാരം.

ഇത്ഥം തസ്യാശ്ചകിതഹരിണീശാബദൃഷ്ടേരദൂരേ
കഷ്ടം! തൈസ്തൈഃ കിമിഹ കഥിതൈഃ ക്ലിഷ്ടസർവ്വാംഗയഷ്ടേഃ
സജ്ജേ തസ്മിൻ നിഭൃതമവതീര്യാത്മവാക്യാവകാശം
വാഞ്ഛന്നദ്ധ്വശ്രമമപി നുദന്നാസ്സ്വ തൂഷ്ണീം മുഹൂർത്തം.

മുന്നിട്ടേവം വിരളമിളമാൻ-
കണ്ണിതൻ കാര്യമെണ്ണി-
ച്ചൊന്നിട്ടെന്തുണ്ടടിമുടിയവൾ-
ക്കാടൽ വായ്ച്ചീടുമിപ്പോൾ.
ചെന്നിട്ടന്നീർമരുതിലിളകൊൾ-
കല്പമെൻ കാര്യമോതാ-
നുന്നിക്കാത്തും വഴിയഴലട-
ങ്ങാനുമായ് മൗനമായി. 46

മുന്നിട്ടേവം=മുൻകൂട്ടിത്തന്നെ ഇങ്ങനെ. ചൊന്നിട്ട് എന്ന ക്രിയയോട്ട് അന്വയം. വിരളും=പരിഭ്രമിക്കും. അടിമുടി=പാദം മുതൽ ശിരസ്സുവരെ. ശൈലി. ആടൽ=ദുഃഖം. വിറയൽ എന്നർത്ഥം. വായ്ക്കുക=വർദ്ധിക്കുക. ഇളകൊൾക=വിശ്രമിക്കുക, (ഇരിക്കുക). ഉന്നി=ലാക്കു നോക്കി. അഴൽ=ദുഃഖം. അടങ്ങുക=ഇല്ലാതാവുക. മൗനം=മിണ്ടാതിരിക്കുന്ന അവസ്ഥ. ഇങ്ങനെ അവളുടെ അവസ്ഥ എണ്ണിയെണ്ണിപ്പറഞ്ഞിട്ട് എന്താണു ഫലം. അവൾക്കിപ്പോൾ ആകമാനം വലിയ വിഷമമായിരിക്കും. അതുകൊണ്ട് സന്ദേശം പറയുന്നതിന് ഉന്നം നോക്കുവാൻ ഉപദേശിക്കുന്നു. അടുത്തൊരു നീർമരുതുണ്ട്. അതിൽ ചെന്നിരുന്നാൽ അവളെയും അവൾക്കു നിന്നെയും കാണാം. ശബ്ദം ഉണ്ടാക്കാതെ അല്പനേരം അവിടെ ഇരുന്നാലും. നിന്റെ ക്ഷീണവും മാറട്ടെ. അവൾ മയങ്ങുകയോ സ്വപ്നം കാണുകയോ ആയിരിക്കാം. ആ സുഖത്തിനു കോട്ടം വരുത്തണ്ട. സ്വപ്നം എന്നെന്നതന്നെ. പെട്ടെന്നെഴുന്നേൽക്കും. എന്നെല്ലാം ഭാവം. സഹോക്തി അലങ്കാരം.

ആസീനേന കുചന വിടപേ സാ ത്വയാലോകനീയാ
നീലാംഭോദൈരിവ ശശികലാ നിഹ്നുതാംഗീ രജോഭിഃ
ചഞ്ചൽപക്ഷ്മ വ്യജനപവനൈഃ ചാമരഗ്രാഹിണീനാം
ചക്ഷുർമ്മദുപീക്ഷണസമുചിതേ വർത്മനി പ്രേരയന്തീ.

നില്ല്വാക്കൊമ്പത്തൊരിടമവളേ
മേടയിൽക്കണ്ടിടാം മെ-
യ്യെല്ലാം മൂടിപ്പൊടിയിൽ മുകിലാ-
ലമ്പിളിത്തെല്ലുപോലെ
നല്ലാർ വീശും വിശറിയുടെ കാ-
റ്റേററു കൺപീലിയാകെ-
ത്തെല്ലാട്ടം കണ്ണിറിവനുടെ വഴി-
ക്കുററയച്ചീട്ടുമാറായ്. 47

അക്കൊമ്പത്തു് ഒരിടം നില്ല് എന്നന്വയം. കണ്ടിടാം=കാണാം. കാണേണ്ടവളാണവൾ. ആ അവസ്ഥയിലും എന്നു ഭാവം. ആലോകനീയാ എന്നു മൂലം. മെയ്യിൽ പൊടി എല്ലാം മൂടിക്കണ്ടിടാമെന്നന്വയം. കുളി മുതലായതു് ഇല്ലെന്നു സാരം. പതിവ്രതാലക്ഷണം. മുകിൽ=മേഘം. അമ്പിളിത്തെല്ലു്=ചന്ദ്രക്കല. നല്ലാർ=സുന്ദരി. ഇവനുടെ വഴിക്കു്=ഞാൻ എത്തുന്ന വഴിക്കു് എന്നൎത്ഥം. ചക്ഷുസ്സംഗം വിവക്ഷ. ആ നീർമരുതിൽ സ്ഥിതിചെയ്താൽ പൊടിയിൽ മൂടി അവളെ മുകിലിൽ മറഞ്ഞ അമ്പിളിത്തെല്ലുപോലെ കാണാമെന്നുപമ. തോഴിമാർ വീശുന്ന വിശറിയുടെ കാററുതട്ടി കൺപീലികൾ ഇളകുന്നു. അത്രമാത്രം സാവധാനം. ശുദ്ധമലയാള(പച്ചമലയാളം)പദങ്ങൾ മാത്രം ഉപയോഗിച്ചിട്ടുള്ള മനോഹരപദ്യം.

സ്വപ്നേ ഭർത്തുഃ പ്രസഭമനയാ സ്വൈരമാശ്ലേഷസൗഖ്യം
ലബ്ധ്വം പീനസ്തനകലശയോർല്ലക്ഷ്യതേ രോമഭേദഃ
ആളീനാമിത്യഭിനയകൃതാമഗ്രതഃ സ്വാഗ്രഹണ്യൈഃ
ക്ലാന്താ കാന്താ കഥമപി ദൃശോന്നിദ്രയാ മുദ്രിതാ വാ.

വന്നാവേശാൽക്കണവനിവളെ-
പ്പുല്കിയേകീ കിനാവാൽ
നന്നായിമ്പം, മുലകളിലിതാ
കോൾമയിക്കോളെഴുന്നൂ
എന്നാത്തോഴീജനമഭിനയി-
ക്കുമ്പൊളേററം തളർന്നോ-
രെന്നാരോമൽപ്രിയ മിഴിയട-
ച്ചൊട്ടുറങ്ങിക്കിടപ്പാം. 48

ആവേശം=പ്രവേശം. അത്യാഗ്രഹം എന്നും. ബാധാവേശം മുതലായ പദങ്ങൾ കാണുക. ഇഷ്ടമല്ലാതെ പ്രവേശിക്കുക എന്നുമാവാം. കണവൻ=ഭർത്താവ്. പുല്കുക=ആലിംഗനം ചെയ്യുക. ഇമ്പം=ആനന്ദം. കോൾമയിർക്കോൾ = രോമാഞ്ചസമൃദ്ധി. അഭിനയിക്കുക = ആംഗ്യം കാണിക്കുക. പറഞ്ഞാൽ അവളുണരും, മനസ്സിലാവുകയും ചെയ്യുമല്ലോ? അവരും അഭിനയകുശലകളെന്നു ഭാവം. ഉറങ്ങാൻ കിടക്കുക. ശൈലി. ഉറക്കമായില്ല, സ്വപ്നമാണെന്നും വിചാരിക്കാം. എൻെറ സമാഗമത്തിൻെറ വിചാരമോ സ്വപ്നമോ ആയിരിക്കാം. മുലകളിൽ രോമാഞ്ചം കാണുന്നു. എന്ന് തങ്ങളിൽ ചൂണ്ടിക്കാണിക്കുന്നു. അഭിനയം ശബ്ദമുണ്ടാക്കാതെ പരസ്പരം അറിയിക്കുവാനാണ്. സ്വപ്നത്തിലെങ്കിലും സുഖിക്കട്ടെ എന്നു ഭാവം. നല്ല മലയാളപദങ്ങളുടെ ഘടന. അന്വയക്ലേശമില്ല. ശയ്യാമാധുര്യം എല്ലാ പദ്യങ്ങൾക്കും ഉള്ളതുകൊണ്ട് പ്രത്യേകം എടുത്തു പറയേണ്ടതില്ല. ലക്ഷ്മീദാസൻെറ കവിതയുടെ സാരസ്യം അറിഞ്ഞുള്ള വിവർത്തനം.

"ദൂരാൽ ദൂരം ഗതമപി ജനം യാ നിമേഷേണ ലോകേ
ലോകാദസ്മാൽ ഘടയതി മിഥോ ഹന്ത! ലോകാന്തരാദ്വാ
സാസ്മാൻ ദേവി! ക്ഷണമനുഗൃഹാണേ''തി സമ്മീലിതാക്ഷീ
നിദ്രാം തല്പേ നിഭൃതമഥവാ ഭാവയന്തീ ശയാനാ.

"മന്നിൽപ്പോരാ മറുവുലകിലും
മാറിവാഴ്‌വോരെയും ചേ-
ത്തൊന്നിപ്പിക്കുന്നവളൊരുഞൊടി-
ക്കത്ഭുതം ദേവി! നിദ്രേ!
എന്നിൽ തെല്ലൊന്നലിയണമുടൻ-
തന്നെ''യെന്നുള്ളിൽ നേർന്നി-
ട്ടുന്നിദ്രം പോയ് വിരിയിൽ വെറുതേ-
താൻ കിടപ്പായിരിക്കാം. 49

മറുവുലകിലും=മററു ലോകങ്ങളിലും. ബ്രഹ്മാണ്ഡത്തിൽത്തന്നെ പലലോകങ്ങൾ. അങ്ങനെ എത്രയോ ബ്രഹ്മാണ്ഡങ്ങൾ? (യോഗവാസിഷ്ഠം നോക്കുക). അവിടങ്ങളിലും എന്നു താല്പര്യം. വാഴ്വോർ=വസിക്കുന്നവർ. അത്ഭുതം=ആശ്ചര്യം. "ഹന്ത! ലോകാന്തരേ" എന്നെല്ലാം മൂലം. നിദ്രയേ ദേവിയാക്കി. ദേവന്മാൎക്കു മാത്രമേ ഇതു ചെയ്യുവാൻ സാധിക്കുകയുള്ളൂ. അവർ ദിവ്യത്വമുള്ളവരാണല്ലോ? ദേവി സ്ത്രീലിംഗം. അലിയണം=ദയവുകാണിക്കണം. നീ കാണുമ്പോൾ പോയിക്കിടപ്പായിരിക്കാം എന്നന്വയം. ഉറക്കം തുടങ്ങിയാൽ സ്വപ്നം കാണും. ജാഗ്രൽ, സ്വപ്നം, സുഷുപ്തി എന്നു നിയമം. മററു ലോകങ്ങളിലുള്ളവരേയും സംഘടിപ്പിക്കുവാൻ നിദ്രയ്ക്കു കഴിയും. ഈ ലോകത്തുള്ളവരേപ്പററയാനുമില്ലല്ലോ? നേർച്ച ശൈലി. അവൾ ഭൎത്തൃസമാഗമത്തിനു് നിദ്രാദേവിയുടെ കൃപ അപേക്ഷിക്കുകയാണു്.

ക്ഷിപ്ത്വാ വ്രീളാം ക്ഷണമപി വിനാ ത്വന്മുഖാലോകസൗഖ്യം
ജീവാമ്യേഷാ ദയിത! പുനരപ്യേതദാശംസമാനാ
കൃത്വാ ധൈര്യം ഹൃദി സുവിപുലം മാന്യഥാ മന്യഥാസ്ത്വാം
മാ സ്മേത്യസ്മാസ്വനുനയപരാ സാ കിമാകാശ ഏവ.

“ആവില്ലെന്നാലൊരുഞൊടി ഭവ-
ദ്ദർശനം വിട്ടിരിക്കാൻ
ജീവിപ്പൂ ഞാൻ ദയിത! കൊതിയാ-
ന്നാസ്സുഖം വീണ്ടുമാളാൻ
താവിധൈര്യം കരളിൽ, നയമായ്
ലജ്ജവിട്ടിജ്ജനത്തേ-
ബ്ഭാവിച്ചീടൊല്ലെതിരി”ലിവനോ-
ടീവിധം ദ്യോവിലോതും.

ആവില്ല = കഴിവില്ല. ഭവദ്ദർശനം=അങ്ങയുടെ ദർശനം. കാഴ്ച. ജീവിപ്പൂ=ജീവിക്കുന്നു. ദയിത! എന്ന സംബുദ്ധി അത്യന്തം ഉചിതം. ആളുക= പ്രാപിക്കുക. കരളിൽ ധൈര്യം താവി എന്നന്വയം. ധൈര്യം സ്വീകരിച്ച്. നയമായിട്ടാണ് ലജ്ജ വിട്ടത്. വിട്ടിട്ടില്ല എന്നു ഭാവം. ദ്യോവ്=ആകാശം. നീ കാണുമ്പോൾ അവൾ കിടക്കുന്നത് ഇങ്ങനെ ആകാശത്തിൽ നോക്കി (കേൾക്കേണ്ട ഞാൻ അടുത്തില്ലാത്തതുകൊണ്ട്) പറഞ്ഞുകൊണ്ടായിരിക്കാമെന്നു ഭാവം. വിരഹംകൊണ്ടു ഞാൻ മരിക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്തത് ജീവിച്ചിരുന്നാൽ അങ്ങയെ കാണാമെന്നുള്ള കൊതികൊണ്ടാണെന്നു സാരം. “മരണാൽ ജീവനം ശ്രേയഃ” എന്നു മഹാഭാരതം. താൻ ഒരു തന്ത്രമായി ലജ്ജവിട്ടു പറയുന്നു എന്നേയുള്ളൂ. നിശ്ചയമായും വിട്ടില്ല, വിടുകയുമില്ല എന്നു ഭാവം.

"ഏതാവന്തം സമയമിഹ മാ"മേവമിത്യദ്ധവാക്യേ
രോഷാതങ്കവ്യതികരവതീ രോദിതും വാ പ്രവൃത്താ
ഉദ്യൽബാഷ്പാ പ്രചലദധരാ സ്തോകനമ്രോത്തരോഷ്ഠീ
പശ്യന്തീ മാം ചരണപതിതം ഭാവനാചക്ഷുഷാഗ്രേ.

"ഇന്നാളത്രയ്ക്കിവളെയിവിടെ"-
പ്പാതിയായോതിയേവം
തന്നാടൽക്കോളരിശമിവ ചേ-
ന്നൊട്ടു കേഴാൻ മുതിർന്നോ
വന്നാക്കണ്ണീർ ചൊടികളിളകി-
ച്ചെററുമേൽച്ചുണ്ടമർത്തി-
ട്ടെന്നാൽ പാദം പണിവതവളുൾ-
ക്കണ്ണുകൊണ്ടെണ്ണുമാറോ. 51

ഇന്നാളത്രയ്ക്ക് = ഇത്രയുംകാലം മുഴുവൻ. ഓതുക=പറയുക. ഏവം= ഇപ്രകാരം. ആടൽ = ദുഃഖം. കോൾ = ആധിക്യം. അരിശം = കോപം. കേഴുക = കരയുക. മുതിരുക = തുനിയുക. എന്നാൽ പാദംപണിവതവൾ = അവൾ ഞാൻ നമസ്കരിച്ചതു്. ഉൾക്കണ്ണ് = മനസ്സാകുന്ന കണ്ണ്. ഇവിടെ സങ്കല്പത്തിൽ സ്ഥിതിചെയ്യുന്നതായിപ്പറയുന്നു. എണ്ണുക = നോക്കിമനസ്സിലാക്കുക (ഗണിക്കുക). ഈ ശരൽക്കാലത്തു് എന്നെ തന്നെ ഇവിടെ ആക്കിയിട്ടെവിടെപ്പോയി? എന്നു പറഞ്ഞില്ല. പകുതിയേ പറഞ്ഞുള്ളു. പിരിഞ്ഞതിലുള്ള ദുഃഖം. അന്യാസംഗശങ്കയിൽ കോപം. എന്ന രണ്ടവസ്ഥയിൽ കരയുക എന്ന സ്ഥിതിയിൽ. കണ്ണീർവരുക, ചൊടികൾ വിറയ്ക്കുക, മേൽച്ചുണ്ടമർത്തുക ഇവ ഭാവഭേദം. അതുകണ്ടു ഞാൻ നമസ്കരിച്ചു. അപ്പോൾ വീണ്ടും ഭാവഭേദം വന്നു. ഇതെല്ലാം സങ്കല്പമാണു്. ഇങ്ങനെയുള്ള ഏതെങ്കിലും ഭാവഭേദത്തിൽ കിടക്കുന്നതു നീ കാണുമെന്നു മുൻപദ്യത്തിലെ ക്രിയ. സ്വഭാവോക്തി അലങ്കാരം.

കിഞ്ചിൽകാലം മനസിജരുജം ധാരയന്തീ ച ഭൂയ-
സ്തൽഭൈഷജ്യം തവ വപുരനാസാദയന്ത്യേവമാസീൽ
ഇത്യാഖ്യേയം പ്രിയസഖി! മമാത്രാഗതേ പ്രാണനാഥേ
ശാന്തം! ശാന്തം! ദുരിതമിതി വാ ശാരികാം പ്രാർത്ഥയന്തീ.

"പൂവമ്പൻമാൽ കുറെയവൾ പൊറു-
ത്തിട്ടതിൻ കൈമരുന്നാം
ഭാവൽക്കം മെയ്യവളിലണയാ-
ഞ്ഞീ നിലയ്ക്കായി പിന്നെ"
ഏവം നീയെൻപ്രിയനണയവേ
ചൊല്ലണം തോഴി!യയ്യോ!
പാവം! പാവം! കിളിമകളൊടീ
രീതിയങ്ങോതുമാറാം. 52

വിരഹാവസ്ഥയുടെ ഉച്ചകോടിയെ വർണ്ണിക്കുന്നു. പൂവമ്പൻ=കാമദേവൻ. മാൽ=ദുഃഖം. കൈമരുന്നു്=തയാറാക്കി വച്ചിരിക്കുന്ന മരുന്നു്. മരുന്നിൻെറ കുറിപ്പടിയല്ല. മരുന്നുതന്നെ. കൈകണ്ടമരുന്നെന്നുമാവാം. ഭാവൽക്കം=അങ്ങയുടെ. മെയ്=ശരീരം. അണയുക=ലഭിക്കുക. പുല്കുക എന്നും. പ്രിയൻ=ഭർത്താവു്. കിളിമകൾ=പെൺകിളി (തത്തമ്മ). അവൾ ഓമനിച്ചുവളർത്തുന്ന കിളിയെന്നർത്ഥം. വിരഹിണികൾക്കു് കിളികളോടു പ്രിയം കൂടും. കാമമാൽ കുറച്ചുദിവസം പൊറുക്കും. അതിൻെറ കൈമരുന്നായ പ്രാണനാഥൻ വരികയുമില്ല. അതിനുള്ള കൈമരുന്നു് പ്രിയാശ്ലേഷമാണു്. അതു നടപ്പില്ലെന്നു കാണുമ്പോൾ അദ്ദേഹം വരുന്നസമയം ഞാൻ മരിച്ചുവെന്നു് (അങ്ങയെത്തന്നെ ചിന്തിച്ചു്) പറഞ്ഞേക്കണം എന്നു കിളിയോടു പറയുന്ന രീതിയിൽ കാണുമെന്നാണു് ധരിക്കേണ്ടതു്. മരിച്ചു എന്ന അശുഭവാക്ക് ഉച്ചരിക്കരുതെന്നു കരുതിയാണു് "ഈ നിലയ്ക്കായി കഷ്ടം!" എന്നു പറഞ്ഞിരിക്കുന്നതു്. അയ്യോ! പാവം! പാവം!" "ശാന്തം ശാന്തം ദുരിതം" എന്നതിൻെറ പരിഭാഷ. സംസ്കൃതത്തിലെ ശൈലിക്കു യോജിച്ച മലയാളശൈലി. വിവർത്തനത്തിൻെറ മധുരരീതിയാണു കാണുന്നതു്.

ദമ്പത്യോർന്ന ക്വചന വികലം ചരത്മനാ പ്രേമ ലോകേ
യേനാന്യോന്യം പ്രവസത ഇമൗ പ്രാണിതഃ പ്രോഷിതൗ വാ
ഇത്യാലംബേ മഹതി, വിവിധൈഃ കിം സമാശ്വാസനൈർമ്മേ
സഖ്യസ്താസാമിതി ബഹുധിയാം ബധ്നതീ വാ വചാംസി.

മന്നിൽ സാക്ഷാൽ പ്രണയമിണകൾ-
ക്കെങ്ങുമില്ലാകയാൽത്താൻ
ഭിന്നിച്ചാലുന്നിവരിരുവരും
വിട്ടു ജീവിപ്പതാന്നം
എന്നിങ്ങേറെത്തെളിയെ മറുക-
യ്യൊക്കെ നിർത്താമിതെല്ലാ-
മുന്നിച്ചോല്ലും സഖികളെയുടൻ
താൻ വിലക്കും നിലയ്ക്കാം. 53

ഇണകൾക്കു് സാക്ഷാൽ പ്രണയം മന്നിൽ എങ്ങും ഇല്ല എന്നന്വയം. ഭിന്നിച്ച്=വേർപെട്ട്. സാക്ഷാൽ പ്രണയം ഉണ്ടെങ്കിൽ വേർപെട്ടാൽ മരിക്കണമെന്നു ധ്വനി. അല്ലാതെ കാണുന്നുവല്ലോ? മറുകൈയ്യൊക്കെ നിറുത്താം. ജീവിക്കാനുള്ള മറുകൈയായിട്ടാണു വീശുക, തലോടുക, ചന്ദനം പൂശുക, പനീർതളിക്കുക മുതലായവയെല്ലാം ചെയ്യുന്നതെന്നു ഭാവം. അവ നിറുത്തുക എന്നു സഖികൾ പറയുന്നതിനെ വിലക്കുന്ന മട്ടായിട്ടോ കാണാമെന്നു മനസ്സിലാക്കണം. ഉന്നിച്ചോല്ലുക=ഇതെല്ലാം ഖ്വാക്കാക്കിപ്പറയുക.

ആശാസ്തേ വാ മദഭിഗമനം കിന്നു തസ്മിന്നുദാസ്തേ
ധത്തേ താപപ്രശമനവിധീൻ കിന്നു താനേവ രുന്ധേ
ഏവംപ്രായാഃ പ്രണയിനിജനേ ഗാഢമുൽകണ്ഠിതാനാം
കൈശ്ശണ്യന്തേ ക്ഷണനവനവാഃ കാമിനീനാമവസ്ഥാഃ.

നേരാമെന്നാഗമന,മതിനി-
ല്ലാസ്ഥയെന്നാം, കൊട്ടും മാൽ
തീരാനേകും വിധികൾ പുണരാ-
മൊന്നുകിൽ, തീൎത്തുതള്ളാം
ആരാണാരായ്‌വതു കണവനോ-
ടേറിട്ടും ക്കുറിലീമ-
ട്ടോരാതോരോ ഞൊടിയിൽ മറിയും
കാമിനീചേഷ്ടിതങ്ങൾ. 54

ആഗമനം=വരവ്. ആസ്ഥാ=താല്പൎയ്യം. പുണരാം = സ്വീകരിക്കാം. ആലിംഗനംചെയ്യാം. തീൎത്തുതള്ളാം = തീൎത്തു വേണ്ടെന്നുവയ്ക്കാം. ആരായുക = അന്വേഷിക്കുക. കണവൻ = ഭൎത്താവ്. ഓരാതെ = വിചാരിക്കാതെ. കാമിനീചേഷ്ടിതം = കാമിനിയുടെ പ്രവൃത്തി. പ്രിയതമൻ വേഗം വരണേ എന്നു പ്രാൎത്ഥിച്ചേക്കും. അല്ലെങ്കിൽ അതിൽ ഒരാസക്തിയും കാണിച്ചില്ലെന്നും വരാം. വിരഹക്ലേശം തീരാൻ ചെയ്യുന്ന ഉപചാരങ്ങൾ സ്വീകരിച്ചേക്കാം. പക്ഷേ, അവയൊന്നും തീരെ വേണ്ടെന്നും പറഞ്ഞേക്കാം. ആക്കറിയാൻ കഴിയും വിചാരിക്കാത്ത നിമിഷംതോറും മാറിക്കൊണ്ടിരിക്കുന്ന കാമിനിമാരുടെ ചേഷ്ടകൾ എന്നു സാരം. ഇതെല്ലാം ഓരോ വികാരത്തെ ദ്യോതിപ്പിക്കുകയാണ്. “ഓരോ ഞൊടിയിൽ മറിയും” ക്ഷണനവനവാഃ എന്നു മൂലം. ശരിയായ പരിഭാഷ. മാറി മാറി വരുന്നതു പുത്തനായിരിക്കും. അൎത്ഥാന്തരന്യാസം.

ആളീഷ്വസ്രസ്നപിതനയനാസ്വാതുരേ ബന്ധുവർഗ്ഗേ
ശാന്തേഷ്വാശാജലധിചടുലോല്ലോലകോലാഹലേഷു
അന്തശ്ശല്യേഷ്വസുഷു ച പൃഥുഷ്വഃ സമാശ്വാസയിഷ്യ-
ത്യൂരുഃ സ്പന്ദോച്ഛ്വസിതസിചയസ്താം സ വാമോപ്യവാമഃ.

ചോരും കണ്ണീരൊടുസഖികളും
ചൊവ്വുകെട്ടുററവേരും
നേരും നെഞ്ഞാം കടലലനിര-
ക്കോളലപ്പും നിലയ്ക്കേ,
ഊരും മുള്ളായുടലി,ലുരുവാ-
മൂരുവാമം, തുടിപ്പുൾ-
ച്ചേരും ചേലം വഴി ചിതമവൾ-
ക്കേകുമപ്പോളവാമം. 55

ശുഭനിമിത്തം: ഉറ്റവർ=ബന്ധുക്കൾ. ചൊവ്വുകെട്ട്=നീക്കുപോക്കില്ലാതെ. പരവശതയോടുകൂടി എന്നു ഭാവം. ‘‘ആതുരേ’’ എന്നു മൂലം. കടലലനിരക്കോളലപ്പ്=കടലിലെ തിരമാലയുടെ ബഹളമായ ഉലച്ചൽ. ‘‘ജലധിചടുലോല്ലോലകോലാഹലം’’ എന്നു മൂലം. ഒന്നാന്തരം വിവർത്തനം. അതുപോലെയാണ് മനസ്സിലെ വിചാരമെന്നു ഭാവം. ഊര്=ജീവൻ. ഉടൽ=ശരീരം. ഊരും മുള്ള്=ഊരിയെടുക്കാനുള്ള മുള്ള് എന്നും. ഉരു=തടിച്ച. ഊരു=തുട. ഊരുവാമം=ഇടത്തെത്തുട. തുടിപ്പ്=ഇളക്കം, ചലനം. ചേലം=വസ്ത്രം. ചിതം=നന്മ, ഉചിതം. അവാമം=ശുഭം (അശുഭമല്ലാത്തതു്). സകലക്കും ദുഃഖം അസഹ്യമായിത്തോന്നിയപ്പോൾ (മരണമെന്നു നിശ്ചയം വന്നപ്പോൾ) അവളുടെ തടിച്ച ഇടത്തെത്തുട വസ്ത്രം ചലിക്കത്തക്കവിധം ഇളകി എന്നും അതു ശുഭമെന്നും ഭാവം. സ്ത്രീകൾക്കു് ഇടത്തുഭാഗവും പുരുഷന്മാർക്കു് വലത്തുഭാഗവും ഇളകുന്നതു് ശുഭസൂചകമെന്നു നിമിത്തശാസ്ത്രം. ക്ഷീണിച്ചിട്ടും ഇടത്തെത്തുട തടിച്ച എന്നു പറഞ്ഞതിൽ തെറ്റൊന്നുമില്ല. വലത്തെത്തുടയേക്കാൾ തടിച്ചിരിക്കുന്ന എന്നേ അർത്ഥമാക്കേണ്ടതുള്ളൂ. സ്ത്രീകളുടെ വലത്തെ അവയവങ്ങളേക്കാൾ ഇടത്തെ അവയവങ്ങൾ തടിച്ചിരിക്കുമെന്നു സാമുദ്രികാശാസ്ത്രം. വിവർത്തനം സകലവിധയോഗ്യതകളും തികഞ്ഞതു തന്നെ. ഓരോ പദത്തിലും അസാമാന്യദൃഷ്ടി പതിഞ്ഞിട്ടുണ്ടു്. സഹൃദയർ അതു മനസ്സിലാക്കേണ്ടതാണ്.

ഏതേനാന്യൈരപി സ്വശകുനൈരേയുഷീം ജീവിതാശാം
വക്താ യാവൽ പരഭൃതഗിരോ വക്ത്രചന്ദ്രപ്രസാദഃ
താവദ്വക്ത്ഥും ത്വമപി വചനൈസ്താമുപേത്യാനുകൂലൈ-
രേണീശാബപ്രതിമനയനാമേവമേവാരഭേഥാഃ.

എന്നും മററും ശുഭശകുനമാ-
ണ്ടേററു ജീവേച്ഛ, വീണ്ടും
മിന്നുംനേരം മധുരമൊഴിതൻ
മുഗ്ദ്ധചന്ദ്രാനനശ്രീ
ചെന്നുററീട്ടം മൊഴിയിതരികേ
നിന്നു, മാൻകുഞ്ഞിനേയും
വെന്നുള്ളോമന്മിഴിയവളൊടാ-
യോതുവാൻ നീ തുടങ്ങൂ 56

സംസാരിക്കുവാൻ നല്ല സമയം ഉപദേശിക്കുന്നു. എന്നും മററും ശുഭശകുനം=ഇടത്തേത്തുട കണ്ണ് ഇതുകൾ ഇളകുക മുതലായ നല്ല ശകുനം. ഒന്നുവരുമ്പോൾ മററതും വന്നുകൊള്ളും. "എന്നുംമററും" മലയാള ശൈലി. ജീവേച്ഛ=ജീവിക്കുവാനുള്ള ആഗ്രഹം. ഭർത്താവു് ഉണ്ടെന്നു മനസ്സിലായ ധ്വനി. മധുരമൊഴിതൻ മുഗ്ദ്ധചന്ദ്രാനനശ്രീ വീണ്ടും മിന്നുന്നേരം എന്നന്വയം. സന്തോഷസമയത്തേ കാര്യം പറയുവാൻ തുടങ്ങാവൂ എന്നു ശാസ്ത്രം. മുഗ്ദ്ധചന്ദ്രാനനശ്രീ=മനോഹരമായ ചന്ദ്രനേപ്പോലെയുള്ള മുഖത്തിന്റെ കാന്തി. ശുഭശകുനംനിമിത്തം മട്ടൊക്കെ മാറിയെന്നും മുഖം തെളിഞ്ഞു എന്നും ധ്വനി. ഉററീട്ടംമൊഴി=ശ്രേഷ്ഠമായ വാക്കു്. വെന്നു്=ജയിച്ചു്. "ഏണീശാബപ്രതിമനയനാം" എന്നതിൻെറ വിവർത്തനം "മാൻകുഞ്ഞിനേയുംവെന്നുള്ളോമന്മിഴി" എന്നാണു്. അതിൻെറ ജീവൻ പ്രത്യേകം ആസ്വദിക്കേണ്ടതാണു്. അരികേനിന്നു്=അടുത്തുനിന്നു്. രഹസ്യമായി എന്നും ഭയശങ്കകൾ വിട്ടു് എന്നും താല്പര്യം. നായികയുടെ വിശ്വാസ്യത തെളിയിക്കുന്നു.

ആപ്തം പത്യുഃ കമപി ശുകമത്രാപ്തമായുഷ്മതോ മാം
ദൂരസ്ഥസ്യ ദ്വിരദഗമനേ! ദൂതഭാവാദവേഹി
മുക്തവ്യാജം പരജനമുഖാകർണ്ണിതാ നാമ വാണീ
വാച്ച്യേത്യേവം ഭുവനവിദിതം യസ്യ വംശവ്രതം മേ.

ഉല്ലാഘംപൂണ്ടകലെമരുവും
നിൻ പ്രിയന്നുററവൻ ഞാൻ
ദല്ലാളായ്‌വന്നൊരു കിളിയറി-
ഞ്ഞീടു ദന്തീന്ദ്രയാനേ!
എല്ലാപേരും പറവതു പിഴ-
ക്കാതെ കേട്ടേററു വീണ്ടും
ചൊല്ലാമസ്മൽക്കുലനിയമമാ-
ണായതാരും പുകഴ്ത്തും. 57

ദൂതൻെറ യോഗ്യത: ഉല്ലാഘം=രോഗം മാറിയുണ്ടായ സുഖം. ആരോഗ്യം. ആയുഷ്മതോ എന്നു മൂലം. വിരഹദുഃഖത്താൽ പരവശനായ അദ്ദേഹം എന്നെക്കണ്ടു് സന്ദേശംതന്നു സുഖിച്ചിരിക്കുന്നു എന്നു ഭാവം. മംഗളവാചിശബ്ദം ആദ്യം പ്രസ്താവിക്കുന്നതു ശുഭസൂചകം. ഭർത്താവിനു ക്ഷേമമെന്നു ധ്വനി. ഉററവൻ=വേണ്ടപ്പെട്ടവൻ, ബന്ധു, ചങ്ങാതി. ദല്ലാളു്=ദൂതൻ. മലയാളത്തിൽ പ്രചുരപ്രചാരമായ ഒരറബിവാക്കാണു്. ഇടനിലക്കാരൻ എന്നുതന്നെ അർത്ഥം. പ്രയോഗം ദ്വിതീയാക്ഷരപ്രാസത്തിനെന്നു ധരിക്കരുതു്. യോഗ്യരായ നിങ്ങളെ യോജിപ്പിച്ചുണ്ടാകുന്ന പുണ്യം അറിയാതെവന്നു തലയിൽ കയറുന്നവൻ എന്നു ഭാവം. ദന്തീന്ദ്രൻ=ആനത്തലവൻ (ഗജയാനപ്പടിയാനമാർ). പിഴക്കാതെ=തെററാതെ. സാധാരണ ആളുകൾ പറയുന്നതു് ആശയം തെററുകയില്ലെന്നേയുള്ളു. ഞങ്ങളോ വള്ളിപുള്ളിവിസർഗ്ഗംവിടാതെ ആ വാക്കുകൾതന്നെ ഉച്ചരിക്കുമെന്നു ഭാവം. ഞാൻ പറയുന്നതു് ഭർത്താവിൻെറ വാക്കുകൾ തന്നെ എന്നു ധ്വനി. അസ്മൽക്കുലനിയമം=ഞങ്ങളുടെ വംശനിയമം. നിയമത്തിനു ധർമ്മമെന്നു ധരിക്കേണ്ടതാകുന്നു. ഞങ്ങൾ വംശധർമ്മം തെററിക്കുകയില്ലെന്നു ഭാവം. വംശധർമ്മം കാര്യമായി ഗണിച്ചു് അതനുസരിച്ചനുഷ്ഠിക്കണമെന്നു ധ്വനി.

പ്രസ്തുത്യേതി പ്രമുഖമധുരം സാത്ഭുതം സപ്രമോദം
സാനുക്രോശം സരണരണികം സസ്പൃഹം ചേക്ഷ്യമാണഃ
ആദൃത്യാസ്യാശ്ചരിതമവധായാദിതശ്ചോദിതസ്ത്വം
ഭ്രാതഃ! സഖ്യാഃ കഥയ തരളഭ്രൂതരംഗൈരപാംഗൈഃ.

മുമ്പിൽച്ചൊന്നീമധുരമൊഴിയെൻ
തോഴ! നീ തോഴിയോടാ-
യൻപിമ്പംമാൽകൊതിയതിശയം-
തൊട്ടതാന്നോമൽ നിന്നെ
കമ്പിക്കും തൻപുരികമൊട്ടു കൺ-
തുമ്പുകൊണ്ടുററുനോക്കെ-
ക്കുമ്പിട്ടീയെൻമൊഴി കരുതലാ-
ന്നാദിതൊട്ടോതിയാലും. 58

മധുരമൊഴി=മധുരമായ സന്ദേശവാക്യം. തോഴി=തോഴന്റെ ഭാര്യയായതുകൊണ്ട് തോഴിതന്നെ. അൻപ്=ദയ. ഇമ്പം=ആനന്ദം. മാൽ=ദുഃഖം. കൊതി=അത്യാശ. അതിശയം=അത്ഭുതം. ശരീരശക്തിയില്ലാത്ത കിളി ദൂരെനിന്നു വന്നല്ലോ എന്നു കരുണ. പ്രേയാന്റെ സന്ദേശം കൊണ്ടുവന്നതിൽ ഇമ്പം. മാൽ എന്തുപറയുവാൻപോകുന്നു എന്നുൽക്കണ്ഠ. ഭർത്താവിന്റെ ചരിത്രം അറിയുവാൻ കൊതി. സുകുമാരപ്രകൃതിയായ കിളിയെക്കണ്ടതുകൊണ്ടും മററും അതിശയം. കൺതുമ്പ്=കടാക്ഷം. കമ്പിക്കും തൻപുരികം=അവളുടെ ഇളകുന്ന പുരികം. കുമ്പിട്ട്=വണങ്ങി (സവിനയം). രംഗലക്ഷ്മിയാണല്ലോ? ഒന്നിച്ചു ഭാവഭേദങ്ങൾ പ്രകാശിപ്പിക്കുന്നു. കടക്കണ്ണുകൊണ്ട് ഗൗരവത്തിനു വാട്ടംവരാതെ അനുജ്ഞയും കൊടുത്തു.

ദുജ്ജാതേഹം പവനജ ഇവ പ്രേഷിതഃ പ്രേയസാ തേ
സേതോഃ സീതാഹൃദയദയിതേനേവ പൂവ്വം മഹാദ്രേഃ
സേവ ത്വം ച ത്യജ ശുചമിതഃ സേവിതാസേ പ്രിയാണി
പ്രായഃ സവ്വഃ സ്പൃശതി വിപദഃ സമ്പദശ്ച ക്രമേണ.

മുന്നാൾ സീതാപതി മലയിൽനി–
ന്നഞ്ജനാസൂനുവേപ്പോൽ
നിന്നാഥൻ തന്നഴലിലിവനെ–
സ്സേതുവിൽനിന്നയച്ചാൻ
എന്നാൽ നന്നായ് വരുമിനി വിട്ട
മാലതിൻ മട്ടുനീയും
വന്നാക്കും ചേൎന്നിട്ടുമുടൻനുടൻ
മോദഖേദങ്ങൾ തീൎത്തും. 59

മുന്നാൾ=പണ്ട്. സീതാപതി = ശ്രീരാമൻ. മല=പ്രസ്രവണപവ്വതം എന്നത്ഥം. അഞ്ജനാസൂനു = അഞ്ജനയുടെ പുത്രൻ. അഞ്ജനാ=ഹനുമാൻെറ മാതാവ്. നിൻ നാഥൻ = നിൻെറ പ്രിയൻ. അഴൽ=വിരഹദുഃഖം. സേതു=രാമസേതു. വിട്ട = തീൎത്തുവിട്ടാലും. ശ്രീരാമനു നായകൻേറയും സീതയ്ക്കു നായികയുടേയും ഹനുമാനു ശുകത്തിൻേറയും പ്രസ്രവണത്തിനു സേതുവിൻേറയും സാദൃശ്യം. ആ സീതയേപ്പോലെ ഇനി നീയും ദുഃഖിക്കാതിരിക്കു. സുഖവും ദുഃഖവും മാറിമാറി ആക്കും വന്നുകൊണ്ടിരിക്കും. അതിൽ പരിഭ്രമിക്കവാനൊന്നുമില്ല എന്നു ഭാവം. പൂവ്വാദ്ധം ഉപമ. ഉത്തരാദ്ധം അത്ഥാന്തരന്യാസം.

നാതിക്രാമത്യപി ലഘു മനസ്തന്വി! സംഭോഗസൗഖ്യം
ക്ഷാമാമപ്യൈച്ഛ്യം സ്ഖലതി ന തനുവ്രീപ്രയോഗവ്രതേഭ്യഃ
അസ്യാവസ്ഥാമധികവിഷമാം വേത്തുമന്യോ ന ശക്തഃ
കശ്ചിൽ സ്യാച്ചേദമൃതവിഷയോഃ സൂതിരംഭോധിരേവ.

മാറുന്നീലെൻ മറിയുമകതാർ
തന്വി! ഭോഗേച്ഛ കൈവി-
ട്ടേറും മാൽ വാച്ചിലുമുടൽ മുട-
ക്കില്ല വേർപാട്ടു നോയ്മ്പും
വേറുറ്റോരില്ലറിവതിന്നുമെൻ
താറുമാറാം പൊറുപ്പും
കുറുന്നെങ്കിൽ സുധവിഷമിവ-
റ്റുമ്മ പാലാഴിമാത്രം. 60

മറിയും=ഇളകും. മനസ്സ് എപ്പോഴും ഇളകിക്കൊണ്ടിരിക്കും. തന്വി=കൃശാംഗി. സ്വതേ കൃശമായ അംഗങ്ങൾ കൂടുതൽ കൃശമായിരിക്കുമെന്നു ധ്വനി. ഭോഗേച്ഛ=ഭോഗത്തിലുള്ള ഇച്ഛ. ഇച്ഛ=ആഗ്രഹം. ഭോഗം=സംഭോഗസൗഖ്യം. ആ സുഖം മനസ്സുകൊണ്ട് എപ്പോഴും അനുഭവിക്കുമെന്നു സാരം. അവിടെ മനസ്സ് സ്ഥിരമെന്നു വ്യംഗ്യം. വിരഹദുഃഖം അനുഭവിക്കുന്നു എങ്കിലും ശരീരം വിരഹകാലത്തുള്ള വ്രതം മുടക്കുന്നില്ല എന്നു ധ്വനി. നോയ്മ്പ്=വ്രതം. ഇതറിവാൻ വേറെ ഉററവരില്ല. ഉണ്ടെങ്കിൽ സുഖവും ദുഃഖവും ഒരുപോലെ ജനിപ്പിക്കുന്ന നീ മാത്രമേ ഉള്ളു. അമൃതവിഷങ്ങൾ ഒപ്പം ജനിപ്പിക്കുന്നതു പാലാഴി മാത്രമാണല്ലോ? അതുപോലെ. സുധ ഭോഗേച്ഛ. വിഷം വിരഹദുഃഖം. താറുമാറാം പൊറുപ്പ്=തുമ്പില്ലാത്ത പൊറുപ്പ് (ജീവിതം). ശൈലി. കുറുക=അറിയുക. വിശേഷോക്തി അലങ്കാരം പറയാം.

തസ്യ പ്രേമപ്രസരസുരഭിഃ സുഭ്രു! സന്ദേശവാണീ
ന്യസ്താസ്മാസു ശ്രവണവിഷയം നീയതാം മഞ്ജരീവ
ഭൂയഃ സാന്ദ്രപ്രണയതരളാ ശീതളാ താപയോഗോ-
ച്ഛിത്യൈ മുക്താസ്രഗിവ ഹൃദയേ ധാര്യതാം ചാരുബന്ധാ.

ചിന്നി സ്നേഹപ്പുതുമണമവൻ
സുഭ്രു! സന്ദേശവാക്യം
തന്നിട്ടുണ്ടെൻവശമതു ചെവി-
ക്കൊണ്ടു പൂച്ചെണ്ടുപോലെ
പിന്നിച്ചേലിൽ പ്രിയരുചിരമായ്
ശീതളം, ചൂടൊഴിപ്പാ-
നെന്നിട്ടേന്തീട്ടണിയുകതു നീ
മുത്തിഴക്കോർത്തു ഹൃത്തിൽ. 61

അവൻ സ്നേഹപ്പുതുമണം ചിന്നി എന്നന്വയം. സ്നേഹമാകുന്ന പുതുമണം. സുഭ്രു=സുന്ദരി. സന്ദേശവാക്യം=സന്ദേശമാകുന്ന വാക്യം. പൂച്ചെണ്ട്=മഞ്ജരിയുടെ വിവർത്തനം നന്നായി. മണമുള്ള പൂച്ചെണ്ട് ചെവികളിൽ അണിയുന്നതുപോലെ സ്നേഹമാകുന്ന പുതുമണം (പ്രേമം) പ്രസരിക്കുന്ന സന്ദേശവാക്യം കേൾക്കുക എന്നു താല്പര്യം. ചേൽ=ഭംഗി. പ്രിയരുചിരം=പ്രിയവും രുചിരവുമായിട്ടുള്ളത്. പ്രിയന്ന് രുചിരമെന്നും. ശീതളം=തണുപ്പുള്ളത്. ഏന്തുക=എടുക്കുക, കൈയിലാക്കുക. അണിയുക=ചാർത്തുക. ചൂടൊഴിപ്പാൻ=വിരഹച്ചൂടു മാററുവാൻ. മുത്തിഴ=മുത്തുമാല. ഹൃത്ത്=മനസ്സ്. മാറിടമെന്നും. സന്ദേശം മനസ്സിലും മാല മാറത്തും എന്ന്. മനസ്സിന്റെ ചൂടു മാറുവാൻ പ്രിയമായും മനോഹരമായും പറയുന്ന സന്ദേശവാക്യത്തിലെ അക്ഷരങ്ങളാകുന്ന മുത്തുകൾ കോർത്ത മാല അണിയുക എന്നു ഭാവം. മാറത്തു മുത്തുമാലയണിയുന്നുണ്ടല്ലോ? അതുപോലെ ഹൃത്തിലും ഒരു മുത്തുമാല ചാർത്തുക. അപ്പോൾ വിരഹച്ചൂട് മാറുമെന്നു വ്യംഗ്യം. രൂപകസ്പൃഷ്ടമായ ഉപമ.

വര്യാമാത്മന്യലമ്മുജ്ജതരേ പത്രിവര്യേ ജനോയം
വാണ്യാ വേണാവിവ നിഹിതയാ വല്ലഭേ! ത്വാം ബ്രവീതി
സോഹം തസ്യാം നിശി നിപതിതഃ ക്വാപ്യരണ്യേ ചിരേണ
ഭ്രാന്ത്വാ രാമേശ്വരപരിസരേ രാമസേതൗ വസാമി.

നന്നായ് നേരായ് മുരളിസമനാം
പക്ഷിവര്യൻവഴിക്കി-
ന്നെന്നാഖ്യാനം ശ്രുതിമധുരമായ്
ചൊല്ലുവൻ വല്ലഭേ! കേൾ
അന്നാരാത്രിക്കടവിയൊരിടം
പററി ഹാ! ചുററി, വന്നേൻ
നന്നായ് രാമേശ്വരസവിധമി-
പ്പോളു ഞാൻ സേതുവിങ്കൽ. 62

ഹേ! വല്ലഭേ! ഞാൻ മുരളിസമനാം പക്ഷിവര്യൻ വഴിക്ക് ഇന്നു് എന്നാഖ്യാനം നന്നായ് നേരായ് ശ്രുതിമധുരമായ് ചൊല്ലുവൻ എന്ന ന്വയം. കേൾ=കേട്ടാലും. മുരളിക്കും പക്ഷിക്കും സാമ്യം. മുരളിസമൻ = ഓടക്കുഴലിനു തുല്യൻ. ഓടക്കുഴലുപോലെ മധുരശബ്ദമുള്ളവൻ എന്ന ത്ഥം. ആഖ്യാനം=ചരിത്രം. പക്ഷിവര്യൻ = പക്ഷിശ്രേഷ്ഠൻ. നന്നായ്, നേരായ് ഈ പദങ്ങളും മുരളിക്കും പക്ഷിക്കും ചേക്കേണ്ടവയാകുന്നു. ഭംഗിയുള്ളതും വളവും കൃത്രിമവുമില്ലാത്തതും എന്നത്ഥം. ശ്രുതിമധുരം = ശ്രുതിക്കു് (ചെവിക്കു്) മധുരമായതും പ്രേമം ഒഴുകുന്നതുമാണല്ലോ സന്ദേശം. കിളിയുടെ ശബ്ദം ശ്രുതി(നാദ)മധുരവും. അടവി = കാടു്. ആ രാത്രി = ശരൽക്കാലത്തു് നമ്മൾ ഒരുമിച്ചു് കിടന്നുറങ്ങി വേർപെട്ട രാത്രിക്കു് എന്നു സാരം. രാമേശ്വരസവിധം = രാമേശ്വരത്തിനടുക്കൽ. ഇപ്പോളു = ഈ സമയം. സന്ദേശം അയയ്ക്കുന്ന സമയം. പൂവ്വാദ്ധംവരെ മുഖവുര. പിന്നെ കായ്യം പറയുന്നു.

മംഗല്യാംഗി! സ്മരശരമയീമാശ്വിനീമശ്നുവാനാ-
മേനാമാശാവലയമകൃശാമീക്ഷമാണസ്യ ലക്ഷ്മീം
തത്തച്ചിന്താകബളിതധിയസ്തനപി! മേ ക്ഷീണപുണ്യ-
സ്യാന്തസ്താപം ജനയതിതരാമന്തികാനീക്ഷണം തേ.

കന്നിത്തിങ്കൾപ്രഭ ചുഴലവും
വായ്ച്ചു കാമാസ്ത്രജാലം
ചിന്നിപ്പൊങ്ങും പൊലിമ നിറയെ-
ക്കാൺകെ മംഗല്യമൂർത്തേ!
ഒന്നിച്ചോരോ നിനവൊട്ട മഹാ-
പാപി ഞാൻ നിന്നെയെങ്ങും
മുന്നിൽക്കാണാഞ്ഞതിരുവിട്ടമുൾ-
ച്ചൂടിതാ തേടിടുന്നു. 63

കന്നിത്തിങ്കൾ=കന്നിമാസം. ശരൽക്കാലം. അന്നത്തെ ചന്ദ്രനുമാകാം. പ്രഭ=ശോഭ, ശരൽപ്രഭാവം. വായ്ച്ച്=വദ്ധിച്ച്. കാമാസ്ത്രജാലം=പൂവമ്പിൻകൂട്ടം. താമര മുതലായതു് ഓരോന്നും കാണുമ്പോൾ നായികയുടെ അവയവസ്മരണയുണ്ടാകുന്നു എന്നു ധ്വനി. മംഗല്യമൂത്തി=സുമംഗലീത്വം മൂത്തിമത്തായ അവസ്ഥ. നായികയുടെ സൗമംഗല്യംകൊണ്ടാണു് നായകൻ മരിക്കാത്തതെന്നു വ്യംഗ്യം. മഹാപാപി ഞാൻ=ഭാഗ്യംകെട്ട ഞാൻ. ‘‘ക്ഷീണപുണ്യൻ’’ എന്നതിൻെറ പരിഭാഷ. ഓരോ നിനവ്=മുൻകാലസ്മരണ എന്നാശയം. നായികയെ അടുക്കൽ കാണാത്തതുകൊണ്ടു് ഈ കാഴ്ചയെല്ലാം ഉൾച്ചൂടിനു കാരണമാക്കി. ഭാഗ്യവാനായിരുന്നു എങ്കിൽ ഒന്നിച്ചിരിക്കാമായിരുന്നുവെന്നു ഭാവം. സരസമധുരമായ വിവത്തനം. വാച്യമായ സ്മൃതിയില്ലെങ്കിലും ആ അലങ്കാരം പറയേണ്ടതാണു്.

മാരോന്മാദീ മദകളഗിരാമത്ര ഭൃംഗാംഗനാനാം
ശ്രാവം ശ്രാവം ശ്രവണഹൃദയഗ്രാഹിഗീതാമൃതാനി
വൃത്താഭോഗസ്തബകവഹനവ്യാനതാനാം ലതാനാം
മൂലേ മൂലേ മുകുളിതധൃതിർമൂർച്ഛനാമഭ്യുപൈതി.

മത്തുള്ളോരാം മധുകരികൾ തൻ
മഞ്ജുഗാനങ്ങൾ കാതോ-
ടൊത്തുള്ളം കട്ടുയരുവതിതാ
കേട്ടു കാമാർത്തനായ് ഞാൻ
മെത്തും മാമഞ്ജരികൾനിറയെ-
ച്ചാഞ്ഞ വല്ലീതതിക്കീ-
ഴെത്തുംതോറും കഴിവു കുറവായ്
മൂർച്ഛ കൈക്കൊണ്ടിടുന്നേൻ. 64

മത്തുള്ളോർ=മദമുള്ളോർ. മധു കുടിച്ചതിനാൽ. മധുകരികൾ=പെൺവണ്ടുകൾ. മഞ്ജുഗാനം=മനോഹരമായ പാട്ട്. കാതോടുകൂടെ ഉള്ളും കവരുന്നു. കാമാർത്തൻ=കാമത്താലാർത്തനായവൻ. കാമനാൽ ആർത്തനാക്കിച്ചെയ്യപ്പെട്ടവനെന്നും. മെത്തുക=വർദ്ധിക്കുക. മാമഞ്ജരികൾ=വലിയ പൂക്കുലകൾ. മാമാങ്കാദികൾപോലെ. മഹാമഞ്ജരി എന്നർത്ഥം. വല്ലി=വള്ളി. മൂർച്ഛ=മോഹാലസ്യം. മാമഞ്ജരികൾ നിറയെ ചാഞ്ഞ വല്ലികൾ സ്തനാവനമ്രകളായ സുന്ദരികൾ എന്നു ധ്വനി. ഉന്മാദാവസ്ഥകൊണ്ടാണ് ഈ തോന്നലും അതിനനുസരിച്ച പ്രവൃത്തികളും. മദിച്ച നായികാനായകന്മാരുടെ ഒളിച്ചുകളിയും ഉരുട്ടിപ്പിടുത്തവും വ്യംഗ്യം. സ്ത്രീകളുടെ സംഗീതത്തിൽ അപഹൃതചിത്തവൃത്തിയായ പുരുഷൻ അവൾക്കടിപണിയുന്ന രീതിയും കാണാം. സ്മൃതി അലങ്കാരം.

ആശ്ലിഷ്യന്ത്യാഃ സ്മരദധിഗുണേ പ്രേമകോപപ്രയാണേ
ചഞ്ചന്നേത്രം, ചലദുരസിജം, ചഞ്ചലഭ്രൂലതം തേ
ഉദ്യന്മീനാഃ കമലമുകുളൈരുല്ലസന്ത്യഃ പ്രസന്നാഃ
കല്ലോലിന്യഃ കലുഷകലുഷാ കുർവ്വതേ മാനസം മേ.

ആട്ടംകണ്ണും പുരികവുമിളം-
കൊങ്കയും വായ്ച്ചു, കൈവി-
ട്ടീട്ടംകോപാലിവനെയഴകിൽ-
പ്പുല്കിട്ടും നിന്നെയോർക്കെ
ചാട്ടം മീനും, തിരയുമിളതാം
നാളതാർമൊട്ടുമുൾക്കൊ-
ണ്ടീട്ടും കേടററൊരു പുഴകളെൻ
നെഞ്ചകം പിഞ്ചിടുന്നു. 65

കൈവിട്ടീട്ടം കോപം=തീർത്തു മാറിയ കോപം. ഇവിടെ പ്രണയകോപം വർദ്ധിച്ച നായിക അതു തീരെ വിട്ടപ്പോളെന്നു ഭാവം. അപ്പോഴത്തെ ആലിംഗനത്തിനു കൂടുതൽ സുഖപ്രദാനശക്തിയുണ്ടെന്നു സാരം. കേടററ=പുഴയാകുമ്പോൾ തെളിഞ്ഞതെന്നർത്ഥം. പിഞ്ചുക=നുള്ളിക്കീറുക (പിളക്കുന്നു). സമീപത്തുള്ള നദികൾ കാണുമ്പോൾ ഉള്ള നായകൻെറ ഓർമ്മയാണ് സംഗതി. ചാട്ടം മീനും, ആട്ടം കണ്ണും, തിര ഇളകും പുരികവും, ഇളതാം നാളതാർമൊട്ട് ഇളംകൊങ്കയും ചേർച്ച. ഉപമാനങ്ങൾ നവയൗവനത്തേക്കാണിക്കുന്നു. മധുരമലയാളത്തിൽ മൂലത്തെ അതിശയിക്കുന്ന വിവർത്തനം.

ശീതോത്സംഗാന്മലയശിഖരാദാപതന്തഃ സമന്താ-
ദ്വീണാരാവേ! വിനിഹിതപദാ വേണുരന്ധ്രാന്തരേഷു
ഉന്മീലന്തീമുഷസി നളിനീമാസ്പൃശന്തോംഗമംഗം
ഹീ! ചിത്രം! മേ ഹിമജലഭൃതോ മാരുതാഃ സ്വേദയന്തി.

കൂടം പൂണ്ടുള്ളകുളിർമലയമാം
കുന്നിൽനിന്നും പുറപ്പെ-
ട്ടോടച്ചാർത്തിൻപഴുതുവഴിപോയ്
വീണനേർവാണിയാളെ!
മൂടൽത്തൂമഞ്ഞൊത്തു നളിനിയേ-
ച്ചെന്നുണർത്തീട്ടുഷസ്സിൽ-
ക്കോടക്കാററന്നുരുവിലുരസി-
ച്ചേർപ്പു ഹാ! വേർപ്പു ചിത്രം! 66

കൂടം = കൊടുമുടി. കുളിർമലയമാം കുന്ന്=കുളിരുള്ള മലയപർവ്വതം അല്ലെങ്കിൽ ശീതളമായ ചന്ദനപർവ്വതം. ഓടച്ചാർത്ത്=മുളംകൂട്ടം (ഇല്ലി). മുളകളിൽ പുഴുത്തുളയുണ്ടായിരിക്കും എന്നും കാററു് അതിൽക്കയറുമ്പോൾ നാദം ഉണ്ടാകുമെന്നും പ്രസിദ്ധി. വീണനേർവാണി=വീണാനാദത്തിനു തുല്യമായ വാക്കുള്ളവൾ. നായികയുടെ മഞ്ജുസ്വരത്തെ വ്യഞ്ജിപ്പിക്കുന്നു. മൂടൽത്തൂമഞ്ഞു്=മൂടൽപോലെയിരിക്കുന്ന മനോഹരമായ മഞ്ഞു്. നളിനി=താമരപ്പൊയ്ക. ഉണർത്തുക = ഉറക്കമുണർത്തുക. വികസിപ്പിക്കുക എന്നു ഭാവം. ഉഷസ്സ്=പ്രഭാതം (പുലർകാലം). കോടക്കാററു്=തണുത്ത(വർഷകാലത്തെ)കാററു്. ഉരു=ശരീരം. ഉരസുക=ഉരുമ്മുക. ചിത്രം = വിചിത്രം (അത്ഭുതം). സംഭവിക്കരുതാത്തതു് ഉണ്ടാകുമ്പോൾ പ്രയോഗിക്കുന്ന പദം. ഹാ!=അത്ഭുതം. കഷ്ടം എന്നും. കാററിനു മലയജമെന്നതുകൊണ്ടു് സൗരഭ്യം. മുളകളിൽക്കയറിയിറങ്ങുന്നതുകൊണ്ടു് മാന്ദ്യവും മൂടൽ തൂമഞ്ഞിന്റെ ചേർച്ചകൊണ്ടു് ശൈത്യവും നളിനിയെ ഉണർത്തുന്നതുകൊണ്ടു് കൂടുതൽ സുഗന്ധത്വവും ഉണ്ടു. യഥാർത്ഥത്തിൽ അതു തണുപ്പിക്കുകയും സുഖിപ്പിക്കുകയുമാണു് ചെയ്യേണ്ടതു്. ഇവിടെ വിയർപ്പിക്കുന്നു എന്നു ഭാവം. വിരഹാവസ്ഥ ദ്യോതിപ്പിക്കുന്നു. ഒരു പുരുഷൻ കാമാതുരയായിപ്പള്ളിക്കിടന്നുറങ്ങുന്ന നായികയെ ഉണർത്തുന്ന പ്രതീതി ധ്വനിയും ഉണ്ടു്. വിഷമാലങ്കാരം. സുന്ദരമായ വിവർത്തനം.

മഞ്ജുകപാണസ്ഖലിതമസൃണാഭ്യന്തരൈഃ കണ്ഠകാണ്ഡൈ-
രേകൈകാത്മസ്ഫുടനരചിതാശ്ലേഷമാഘൂർണ്ണിതാക്ഷ്ഃ
വാപീഹംസാ മുഖബിസമിഥോദായിനഃ സ്മാരയന്തി
പ്രാഗസ്മാകം പ്രണയചപലാഃ കാനിചിദ്വാസരാണി.

വിക്കിക്കൊക്കിക്കളഗളമൊട്ടും
പ്രേമചാപല്യമാന്നും
പൊക്കിപ്പുല്ലിത്തനതുചിറകോ-
രോന്നു,മക്കൺ ചുഴന്നും
കൊക്കിൽക്കൊണ്ടാ വിസമരുളിയും
പൊയ്കയന്നങ്ങൾ തമ്മിൽ-
ത്തിക്കിക്കൂടിപ്പഴയ ചിലനാൾ
നമ്മെയോർപ്പിച്ചിടുന്നു. 67

കളഗളം = മനോഹരമായ കണ്ഠം. പ്രേമചാപല്യം = പ്രേമംകൊണ്ടു് എന്തെന്നു തിരിച്ചറിയുവാൻ നിവൃത്തിയില്ലാത്ത ചാപല്യം. കാമിനീകാമുകന്മാർ സംഭോഗാവസ്ഥയിൽ എന്തെല്ലാമാണു് കാണിക്കുന്നതെന്നു് അവർതന്നെ അറിയുന്നില്ലെന്നു ഭാവം. പിന്നെയോർത്താൽ അതെല്ലാം ലജ്ജാകരമെന്നു താല്പര്യം. തനതുചിറകോരോന്നും പൊക്കിപ്പുല്കിയെന്നന്വയം. കൺചുഴന്നു് = ദൃഷ്ടിചുഴററിക്കൊണ്ടു്. "ആഘൂർണ്ണിതാക്ഷ്ഃ" എന്നു മൂലം. വിസം=താമരവളയം. സ്ത്രീ പുരുഷനും പുരുഷൻ സ്ത്രീക്കും പരസ്പരം താംബൂലാദികൾ വായ്കൊണ്ടു നൽകുന്ന പ്രതീതി. പൊയ്കയന്നങ്ങൾ=പൊയ്കയിലുള്ള അരയന്നങ്ങൾ. തിക്കിക്കൂടി, അത്ഥം സ്പഷ്ടം. ഒന്നുചേൎന്നു ധ്വനി. ചിലനാൾ പലപകലും എന്നുകൂടി ധരിക്കണം. ഒരു സംഭോഗപ്രതീതി ധ്വനി. വാസ്തവോക്തിയുടേയും സ്മൃതിയുടേയും സങ്കരം. മസൃണമലയാളപദംകൊണ്ടുള്ള വിവത്തനം. കവിപ്രതിഭയും കാണേണ്ടതാണു്.

നഷ്ടേ ദൃഷ്ടേഃ സപദി സരണേഃ ക്വാപി നാഥേ കലാനാം
സദ്യഃ ക്ലിദ്യൽക്കുമുദനയനം സാന്ദ്രനീഹാരബാഷ്പൈഃ
ആക്രന്ദന്ത്യാമദയമളിലോകാരവൈഃ കൈരവിണ്യാ–
മാശാസേ ത്വൽക്കുശലമനഘം നിത്യമഹ്നാം മുഖേഷു.

ദൂരത്തെങ്ങാണ്ടൊഴിയെ മിഴിവി–
ട്ടക്കലേശൻ, പനിക്ക–
ണ്ണീരഞ്ചിത്തൽക്കുമുദമിഴികൾ–
ക്കപ്പൊളാർദ്രത്വമേകി
പാരം നൈതൽച്ചിറ കരയവേ
ഭൃംഗകോലാഹലത്താൽ
നേരത്തെന്നും നലമൊടയി നിൻ
നന്മ ഞാൻ നേർന്നിടുന്നേൻ. 68

അക്കലേശൻ മിഴിവിട്ട് ദൂരത്തെങ്ങാണ്ടൊഴിയെ എന്നന്വയം. കലേശൻ=ചന്ദ്രൻ. മിഴിവിട്ട്=കൺമറഞ്ഞു്. പനിക്കണ്ണീര്=മഞ്ഞാകുന്ന കണ്ണുനീർ. കുമുദമിഴി=ആമ്പൽപ്പൂവിൻെറ ഇതളുകളാകുന്ന മിഴികൾ. ആർദ്രത്വം=നനവ്. നൈതൽച്ചിറ=ആമ്പൽപ്പൊയ്ക. ഭൃംഗകോലാഹലം=വണ്ടുകളുടെ കോലാഹലം. എന്നും നേരത്തെ എന്നന്വയം. എന്നും പ്രഭാതത്തിൽ. നന്മ=ശ്രേയസ്സ്. ശുഭം. വിരഹാവസ്ഥ വരരുതെന്നു ഭാവം. നേരുക=പ്രാർത്ഥിക്കുക. ചന്ദ്രൻ നായകൻ. ആമ്പൽപ്പൊയ്ക നായിക. ആമ്പൽ കണ്ണ്. ഭൃംഗകോലാഹലം കരച്ചിലിൻെറ ധ്വനി. ആർദ്രത്വം നനച്ചൽ, പ്രഭാതത്തിലുള്ള നായികാനായകന്മാരുടെ വേർപാട് വ്യംഗ്യം. രൂപകത്തിൻെറയും സ്മൃതിയുടെയും സങ്കരം അലങ്കാരം.

പ്രേക്ഷേ ചാഹം പ്രകൃതിരമണീയാംഗി! പൂർണ്ണേന്ദുബിംബ–
ക്രീഡാവാപീമധുകരകളാലാപമന്ദാനിലാദ്യാഃ
തത്വാധ്യാസം ധ്രുവമുപഗതാഃ സന്നിധൗ തേ സമഗ്രാ
യസ്മാം നേമേ കിമപി രമയന്ത്യദ്യ രമ്യാഃ പദാർത്ഥാഃ.

ചൊല്ലാം കില്ലില്ലകൃതരമണീ–
യാംഗി! പൂർണ്ണേന്ദുബിംബം
തെല്ലാം കാററാ,ത്തിട്ടമളി, കളി–
പ്പാൻകുളം തൊട്ടോരോന്നും
നില്ലാതോമൽക്കരികിലതതിൽ
മേന്മയാന്നാർ, തികച്ചി–
ന്നുല്ലാസം മഞ്ജുളമവയിനി–
ക്കേകുകില്ലെന്ന കാര്യം. 69

എനിക്കേകുകില്ലെന്ന കാര്യം ചൊല്ലാം കില്ലില്ല എന്നന്വയം. കില്ലില്ല=സംശയമില്ല. അകൃതരമണീയാംഗി! = പ്രകൃതിരമണീയമായ അംഗങ്ങളോട്ടുകൂടിയവളെ! കൃത്രിമമായി മോടിപിടിപ്പിക്കേണ്ട എന്നു ഭാവം. പൂർണ്ണേന്ദുബിംബം = മുഴമതി. തെല്ലാം കാററ്=ഇളംതെന്നൽ (മന്ദമാരുതൻ). ആത്തിട്ടമളി = മുരളുന്ന വണ്ട്. മൂളിപ്പറക്കുന്ന വണ്ട്. കളിപ്പാൻകുളം="ക്രീഡാവാപി"യുടെ വിവർത്തനം. ഉല്ലാസം=ആനന്ദം. മഞ്ജുളം = മനോഹരം. അയി! പ്രകൃതിസുന്ദരി! നീ അട്ടത്തുണ്ടായിരുന്നപ്പോൾ ഇവയെല്ലാം എനിക്ക് അതാതിൻെറ നിസർഗ്ഗസിദ്ധമായ അത്യാനന്ദം നല്കിയിരുന്നു. ഇപ്പോൾ അങ്ങനെയല്ല. വിപരീതഭാവമാണു തരുന്നതു്. അപ്പോൾ അവ സ്വതേ ആഹ്ലാദകരങ്ങളല്ല എന്നു ധ്വനി. പിന്നെയോ അവ സോപാധികമെന്നു മനസ്സിലാക്കേണ്ടതാകുന്നു. അതാണു ശരിയും. ഇന്ദ്രിയങ്ങൾ മനസ്സുഖമുള്ളകാലത്തുമാത്രമേ വിഷയസുഖം അനുഭവിക്കുകയുള്ളു. സ്വതേ വിഷയങ്ങൾക്കു് ആസ്വാദ്യതയില്ല. അവ സ്വതേ സുഖത്തെ പ്രദാനം ചെയ്യുകയില്ലെന്നു ഭാവം. അപഹ്നുതിച്ഛായയുണ്ടെന്നു പറയണം.

ത്വാമാസീനാമലസഗമനാമാലപന്തീം ഹസന്തീം
ഹർഷോന്മത്താം രഹസി മനസാ വാസ്യ! പശ്യാമി യാം യാം
അക്ഷ്ണാ താം താം മമ ബഹിരിഹാപശ്യതോ ƒസ്മിൻ
വിയോഗേ
വിദ്യന്തേ തദ്ദ്വിഗുണിതരുജോന്യേ സഹസ്രം വിയോഗാഃ.

മുന്നിൽച്ചൊന്നും, ചിരിയൊട്ടു,മിരു-
ന്നും, നടന്നും, മദിച്ചും
വന്നിട്ടേതേതടവിലൊളിവിൽ
സുഭ്രൂ!വെൻചിത്തമാന്നോ;
എന്നിൽക്കൺമുമ്പവ വെളിയിലെ-
ത്താഞ്ഞു വേർപാടിതിൽക്കൈ-
വന്നിട്ടുണ്ടായിരമഴലിര-
ട്ടിച്ച വേർപാട്ടു വേറെ. 70

ചൊന്നും=പറഞ്ഞും (കൊഞ്ചിക്കൊണ്ടെന്നു സാരം). അടവ്=വിദ്യ (തട്ടിപ്പ്). ഒളിവിൽ=ആരുമറിയാതെ. രഹസി എന്നു മൂലം. സുഭ്രൂ=സുന്ദരി. ശോഭനങ്ങളായ പുരികങ്ങളോട്ടുകൂടിയവൾ. എൻചിത്തം=എൻെറ മനസ്സ്. ആന്നു=പ്രാപിച്ചു. കൺമുമ്പ്=കണ്ണുകളുടെ നേരെ (പ്രത്യക്ഷത്തിൽ). മാംസദൃഷ്ടിയിൽ എന്നത്ഥം. മനക്കണ്ണിൽ കാണുന്നുമുണ്ട്. വേർപെടുന്നുമുണ്ട്. ദൃഷ്ടിക്കു വിഷയമാകുന്നില്ലെന്നു സാരം. വേർപാടിതിൽ=ഈ വേർപാടിൽ. ആയിരമഴൽ=ആയിരം ദുഃഖം. നിരവധി എന്നാത്ഥത്തിൽ പ്രയോഗം, സംഖ്യാത്ഥം ധരിക്കരുതു്. എൻെറ മനസ്സിൽ നിൻെറ സല്ലാപവും പുഞ്ചിരിയും ഇരിപ്പും നടപ്പും മദിപ്പും എല്ലാം കാണുന്നുണ്ട്. മാംസദൃഷ്ടിക്കു ഗോചരമല്ല. ഉള്ളിൽ കാണുന്നതു പുറത്തു ദശിക്കുവാൻ നോക്കും. അപ്പോൾ കാണുകയുമില്ല. അങ്ങനെ സംഗമവും വേർപാട്ടും ആയിരമായിരം തവണ വരുന്നുവെന്നു താല്പര്യം. വേറെ ഇരട്ടിച്ച വേർപാട്ടും എന്നു സാരം. ഭാവന സർവ്വോത്തമം. വിവത്തനം ശരിക്കും സരസമായും ഇരിക്കുന്നു.

സ്വപ്നേപി ത്വാം മമ ന സുലഭാ ധ്വസ്തനിദ്രാഗമത്വാ-
ദസ്രോൽപീഡാദധിമണിശിലം ലേഖനീയാ ന ഭൂയഃ
സ്രഷ്ടും താപാദപടു ച മനസ്തത്ര തത്രോല്പതിഷ്ണോർ
മദ്ധ്യേഫാലം ഫഡിതി ഫലയത്യേവ വാമം ഹി ദൈവം.

ഉന്നിദ്രത്വാലരുതണയുവാൻ
ദേവിയെ സ്വപ്നമാന്നും
മുന്നിൽക്കല്ലിഷ്ടകയിലെഴുതാൻ
മേല കണ്ണീരൊഴുക്കാൽ
എന്നില്ലോക്കാൻ മനവുമവശം
സങ്കടാ,ലേതിനും ഞാ-
നൊന്നിച്ഛിച്ചാൽ ഹതവിധിതല-
ക്കാഞ്ഞടിക്കാൻ മടിക്കാ. 71

ഉന്നിദ്രത്വം = ഉറക്കമില്ലായ്മ. അണയുക=അടുക്കുക (ആലിംഗനം ചെയ്യുക). കല്ലിഷ്ടക=കല്ലാകുന്ന ഇഷ്ടക. അല്ലെങ്കിൽ കൽത്തറ. രാമേശ്വരമാണല്ലോ: നല്ല കരിങ്കല്ലു് അവിടെ കാണുമ്പാൻ ഞെരുക്കം. മനം=മനസ്സു്. അവശം=സ്വാധീനമല്ലാത്തതു്. സങ്കടം=ദുഃഖം. ഇച്ഛ=ആഗ്രഹം. ഹതവിധി=ദുർവ്വിധി. മുജ്ജന്മകർമ്മവാസന എന്നാണു ധരിക്കേണ്ടതു്. അല്ലാതെ ദുഷ്ടനെന്നു വിളിക്കുകയാണെന്നു മനസ്സിലാക്കരുതു്. "ദൈവം ദിഷ്ടം ഭാഗധേയം ഭാഗ്യം സ്ത്രീ നിയതിർവ്വിധിഃ" എന്നമരം. തലക്കാഞ്ഞടിക്കുക=തലയിൽ ആഞ്ഞടിക്കുക. തൽഫലം ബുദ്ധിക്കു പതറിച്ച വരികയാണു്. വേണ്ടതൊന്നും തോന്നാതെയിരിക്കുക. മലയാളശൈലി. "മദ്ധ്യേഫാലം ഫലയതി" എന്നു മൂലം. വിവർത്തകന്റെ ഔചിത്യാനുസാരമുള്ള പദപ്രയോഗം വായനക്കാരെ വളരെ വളരെ രസിപ്പിക്കും. ഇങ്ങനെയുള്ള സ്ഥലങ്ങളിലാണു് മനോധർമ്മം പ്രസരിക്കേണ്ടതു്. അതു തർജ്ജമക്കാരനു് പ്രകൃതിസിദ്ധമായിരിക്കുന്നു. ഉറക്കമില്ലായ്മയാൽ സ്വപ്നമോ ഇല്ല. അതുകൊണ്ടു സ്വപ്നസംഗമസുഖം തീർത്തും നിന്നുപോയി. എന്നാൽ ചിത്രത്തിലെഴുതിക്കാണാമെന്നുവച്ചാൽ കണ്ണുനീർ ഒഴുക്കാൽ അതും സാദ്ധ്യമല്ല. വേണ്ട, ചിന്തിക്കാമെന്നുവച്ചാൽ മനസ്സു് അവശം. വിരഹദുഃഖം അല്പനേരത്തേക്കെങ്കിലും മാററുന്നതിനു കൈകണ്ട മരുന്നുകളൊന്നും ഹതവിധിയുടെ നിഷ്ഠുരതകൊണ്ടു ഫലിക്കുന്നില്ലെന്നു ഭാവം.

സന്താപൗഘൈഃ സതതമുദിതൈർധൈര്യകൂലങ്കഷേസ്മി-
ന്നാശാബന്ധൈഃ കിമപി കുശകാശാവലംബോപമാനൈഃ
കണ്ഠദ്വാരേ ശശിമുഖി! ശപേ ത്വൽപദാംഭോരുഹാഭ്യാം
പ്രാണാൻ പ്രാണേശ്വരി! ന വിരഹേ ന ഹ്യഹം ധാരയാമി.

ഇണ്ടൽക്കോൾവായ്ച്ചിടിവു ധൃതിയിൽ
പാരമാളും വിയോഗം-
കൊണ്ടങ്ങാശാപിണികൾ കഴുത-
ക്കാൽ പിടിച്ചോരുമട്ടിൽ
കണ്ടപ്പോഴും മതിമുഖി! നിന-
ക്കുള്ള കാലാണ സത്യം
തൊണ്ടയ്ക്കുള്ളെന്നുയിരു തടയു-
ന്നുണ്ടു ഞാൻ ജീവനാഥേ! 72

ഇണ്ടൽക്കോൾ=ദുഃഖകോലാഹലം. ധൃതി=ധൈര്യം. വിയോഗം=വിരഹം. ആശാപിണികൾ=പിണിക്കു് പീഡയെന്നാണു് ഇവിടത്തെ അർത്ഥം. (പിണി=ബാധ). ആശയാകുന്ന പിണികൾ. ബാധകൾ. പിണിയാൾ എന്നു പറഞ്ഞാൽ ബാധാവേശമുള്ള ആളെന്നാണു് മാന്ത്രിക മതം. കഴുതക്കാൽ പിടിക്കുക (ശൈലി) = ഉറപ്പില്ലാത്ത അവലംബം ആശ്രയിക്കുക എന്നു സാരം. അല്ലാതെ കഴുതയുടെ കാലുപിടിക്കുക എന്നർത്ഥമില്ല. അതു നികൃഷ്ടവുമാണു്. മലയാളശൈലിയനുസരിച്ചുള്ള വിവർത്തനം. "കുശകാശാവലംബ" എന്നു മൂലം. അതും സംസ്കൃതശൈലിയാണു്. അവയവാർത്ഥത്തിനല്ല പ്രസക്തി എന്നു മനസ്സിലാക്കേണ്ടതാണു്. മതിമുഖി=സുന്ദരി. തൊണ്ടയ്ക്കുൾ=തൊണ്ടയുടെ ഉള്ളിൽ. പ്രാണന്റെ സ്ഥാനം തെററി. ഇരിക്കുന്നദിക്കിൽനിന്നു മാറി. പുറത്തുപോകാറായി എന്നു ഭാവം. ആണയിടുക ശൈലി. "ത്വൽപദാംഭോരുഹാഭ്യാം ശപേ" എന്നു മൂലം. കാലുപിടിച്ചു സത്യം ചെയ്യുക എന്നർത്ഥം. ശൈലിക്കു ശൈലി തജ്ജമ. ജീവനാഥ=പ്രാണനാഥ. അവളുടെ അനുവാദമില്ലാതെ പുറത്തുപോകുവാൻ നിവൃത്തിയില്ല. അതുകൊണ്ടാണു് അവിടെത്തന്നെ നിൽക്കുന്നതു്. തനിക്കേററവും പ്രിയമുള്ളതിനെ പിടിച്ചാണു് ആണയിടുന്നതു്. ഇണ്ടൽക്കോൾ, ആശാപിണി മുതലായ പദങ്ങളെക്കൊണ്ടു് രൂപകാലംകാരം.

ശ്രാവ്യൈര്യഗ്ഗീതൈഃ സുകവിഭണിതൈർവേണുവീണാദിഭിർവ്വാ
തദ്വ്യാക്ഷേപം വിതനു മനസസ്തനുപി! തൈസ്തൈർവ്വിനോദൈഃ
നോചേത്താഃ സ്യുർവ്വിരഹദഹനസ്യേന്ധനാനീവ ശുഷ്കാ-
ശ്ചിത്തോൽക്കണ്ഠാ യമനു ശലഭീഭാവമായാന്ത്യധീരാഃ.

ഉല്ലാസാർത്ഥം കവിത, മുരളീ,
വീണ, ഗീതം, തുടന്നു-
ള്ളെല്ലാംകൊണ്ടും സുതനു! മതിമാൽ
മാററുകല്ലാത്തപക്ഷം
വല്ലാതാക്കോൾ വരളിവിറകായ്
വിപ്രയോഗക്കൊട്ടംതീ-
ക്കില്ലാതായിദ്ധൃതി വിരഹിയാ-
ത്തീയിലങ്ങീയലാകും. 73

സമാധാനത്തിനു വഴിപറയുന്നു. ഉല്ലാസാർത്ഥം = ഉത്സാഹത്തിനു വേണ്ടി. കവിത, ഓടക്കുഴൽ, വീണ, പാട്ട്, മുതലായതു ശീലിക്കണം. നായികയ്ക്കു് ആവകകളിലെല്ലാം പരിചയവും വാസനയുമുണ്ടെന്നു ധ്വനി. മലയാളസ്ത്രീകളുടെ അന്നത്തെ വിദ്യാഭ്യാസരീതി ഇവിടെക്കാണാം. സുതനു=സുന്ദരി, കൃശാംഗി. പിന്നേയും ചടച്ചാലോ എന്നു ധ്വനി. മതിമാൽ=മനഃക്ലേശം. ബുദ്ധിമാന്ദ്യമെന്നും. ആക്കോൾ=അത്യധികമായ വിരഹദുഃഖം. അതാകുന്ന വരളിവിറക്. വിപ്രയോഗക്കൊട്ടംതീ=വിരഹമാകുന്ന കൊട്ടംതീ. ധൃതി=ധൈര്യം. വിരഹി ആ കൊട്ടംതീയിൽ ഈയലാകും. നശിക്കുമെന്നു ഭാവം. ചാരമാകുമെന്നർത്ഥം. ആ അവസ്ഥയേ പ്രാപിക്കുമെന്നു ധ്വനി. ധൈര്യം ഒരിക്കലും ഉപേക്ഷിക്കരുതെന്നു താല്പര്യം. രൂപകവും ഉപമയും.

നാംഗേ ഭൂഷാം വഹസി മുകുരം നേക്ഷസേ പ്രീയസേ ന
ക്രീഡാലാപൈരപി ന വചനേ തിഷ്ഠസേ സൽസഖീനാം
ഇത്യേകാഹം ഭവതി വിരഹേ സാഹസിന്യാ ഭവത്യാ
സമ്പ്രത്യേവം കഥമിവ ന മേ ചണ്ഡി! ചേതോ ബിഭേതു.

ചാൎത്തീലമ്മെയ്യണികൾ, കളിയോ-
തീല,കണ്ണാടിയും നീ
പാൎത്തീല്ലുററോർ സഖികളുടെ വാ-
ക്കുള്ളിലേശീല തെല്ലും
തീൎത്തീമട്ടെൻവിരഹമൊരുനാൾ
നീ പൊറുത്തില്ലതെല്ലാ-
മോൎത്തീ ഞാനെങ്ങനെ ഭയമിതിൽ
ചണ്ഡി! കൊള്ളാതിരിക്കും, 74

തൻെറ ഒരുദിവസത്തെ വിരഹംപോലും അസാദ്ധ്യമായിത്തീൎന്നതറിവുള്ള നായകൻ ഈ വിരഹദുഃഖത്തിൽ വളരെ ഭയപ്പെട്ടുന്നു. ഒന്നിച്ചിരുന്ന കാലത്തു് ഒരു ദിവസം പിരിയുവാൻ സംഗതിയായി. അപ്പോൾ നായികകാണിച്ച അസഹ്യതയാണു് ഇവിടെ പ്രസ്തുതം. അണി= ആഭരണം. കളിയോതീല കളിയായിപ്പോലും ഒന്നും പറഞ്ഞില്ല. കണ്ണാടികൂടി നോക്കിയില്ല. ഉററോർ = പ്രിയപ്പെട്ടവർ. ബന്ധുക്കൾ. (ചങ്ങാതികൾ). ഏശീല=ഏശിയില്ല. ഉള്ളിൽ തട്ടിയില്ലെന്നൎത്ഥം. ചണ്ഡി= കോപനശീല. ചണ്ഡിയുടെ തത്ഭവമാണു് മലയാളത്തിലെ "ചണ്ടി." ആ പദം ഉപയോഗിക്കാത്തതു് ഗ്രാമ്യമാകുമെന്നു കരുതിയായിരിക്കാം. മാനംനിമിത്തമുള്ള കോപമെന്നു പ്രത്യേകം ധരിക്കണം. ചണ്ഡി എന്ന പ്രയോഗം ആ നിലയിൽ ധാരാളമാണു്. നാഥൻ പിരിഞ്ഞാലുള്ള പതിവ്രതകളുടെ സ്വഭാവമാണു് ഇവിടെ കാണിച്ചിരിക്കുന്നതു്. നായിക പതിവ്രത എന്നു ധ്വനി. ചണ്ഡി ഏതാപത്തിനേയും സ്വയമേവ കൈവരിക്കും, മരണത്തേപ്പോലും. അതാണു് നായകനു് ഭയത്തിനു കാരണം.

ആശാബീജേ സതി ധൃതിമുപേത്യാബലാ വല്ലഭാനാം
ദുഃഖം ദൂർപ്രവസനവിധൗ ദുസ്സഹം യൽസഹന്തേ
ആധിക്യം തൽ കില സമബലേ, പ്രേമ്ണി തേഭ്യോപി
താസാ-
മാത്മത്യാഗോ യദിഹ സഹസാ കാതരത്വം തദാഹുഃ

രാഗംവാഴ്കെസ്സമമബലമാ-
ക്കൻപരേക്കാൾ വിയോഗോ-
ദ്വേഗം മുററും പെരുകുമതിനാ-
ലാശതൻ ലേശമാന്നാൽ
പ്രാഗത്ഭ്യം പൂണ്ടവരതു പണി-
പ്പെട്ടു താങ്ങുന്നു, ജീവ-
ത്യാഗം വേഗാൽ തുടരുവതതിൽ
ശുദ്ധഭീരുത്വമെന്നാം. 75

രാഗം = അനുരാഗം. പ്രേമഭാവം സ്ത്രീക്കും പുരുഷനും തുല്യം. അബല=സ്വാഭാവികമായി ബലമില്ലാത്തവൾ എന്നു ഭാവം. "കടലാടി" പോലെയല്ലെന്നു യോജന. അപ്പോൾ വിരഹദുഃഖം താങ്ങുവാൻ ശക്തിയില്ലെന്നു സാരം. അൻപർ=ഭർത്താക്കന്മാർ. വിയോഗോദ്വേഗം = വിയോഗം നിമിത്തമുള്ള ഉദ്വേഗം. ഉദ്വേഗം = സംഭ്രമം. (ഭയം.) വിയോഗോദ്വേഗം സ്ത്രീകൾക്കു പെരുകും. അബല അതെങ്ങനെ താങ്ങുമെന്നു ധ്വനി. ആശ=ഇവിടെ പുനസ്സമാഗമത്തിനുള്ള ആഗ്രഹം. ലേശം = അല്പം. പ്രാഗത്ഭ്യം=പ്രഗത്ഭത (സാമർത്ഥ്യം). ജീവത്യാഗം=മരണം. ആത്മഹത്യയെന്നു സാരം. ഭീരുത്വം = ഭീരുവിൻെറ അവസ്ഥ. ഭീരു= ഭയപ്പെടുന്നവൻ. നായിക സമർത്ഥയാണ്. ഞാൻ ജീവിച്ചിരിക്കുന്നു, എനിക്കു സുഖമാണ്, എന്ന വാർത്ത നീ അറിയിക്കുമ്പോൾ പുനഃസമാഗമാശകൊണ്ടു് ജീവത്യാഗത്തിനു തുനിയുകയില്ലെന്നു ധ്വനി. അർത്ഥാന്തരന്യാസം.

സത്യപ്യന്തർമ്മഹതി വിഷമേ നാതിശോചേദിതീമാൻ
വർണ്ണാൻ കേ വാ വചസി പയസീവ ക്ഷണം നോല്ലിഖന്തി.
സ ത്വത്യന്തം വിരളവിരളഃ സത്വവാൻ നിർവ്വികല്പേ
യസ്യൈവാമീ മനസി നിയമേനാശ്മനീവ സ്ഫുരന്തി.

ഉള്ളം മുററും കെട്ടതിയിലഴൽ-
പ്പെട്ടിടൊല്ലേററമേവം
വെള്ളത്തിൽപ്പോൽ മൊഴിയിലരുളാ-
നാക്കു പററില്ലെളുപ്പം
കള്ളംകൂടാക്കരളിലതുതാൻ
കല്ലിലൊപ്പം കുറിക്കാൻ
കൊള്ളത്തക്കോൻ വളരെ വളരെ
കഷ്ടിയായിട്ടിരിക്കും. 76

നായികയെ ഉപദേശിക്കുകയാണ്. ഉള്ളം=മനസ്സ്. മുററുക=തിങ്ങുക. കെട്ടതി=കഷ്ടകാലം. ഉള്ളം മുററും കെട്ടതിയിൽ=മനസ്സിൽ കഷ്ടത നിറഞ്ഞിരിക്കുമ്പോൾ എന്നർത്ഥം. അഴൽപ്പെട്ടുക=ദുഃഖിക്കുക (വിമ്മിഷ്ടപ്പെട്ടുക). ഏവം=ഇപ്രകാരം. വെള്ളത്തിൽപ്പോൽ മൊഴിയിൽ അരുളുക=വെള്ളത്തിൽ കുറിക്കുന്നതുപോലെ വാക്കിൽ പുറപ്പെടുവിക്കുക. രണ്ടും അടുത്തനിമിഷത്തിൽ മാഞ്ഞുപോകുമെന്നാശയം. അരുളുക=കൊടുക്കുക. പറയുക. രണ്ടും യഥാക്രമം ചേരുന്നു. കള്ളംകൂടാക്കരള്=മായമില്ലാത്ത മനസ്സ്. അതു്="ഉള്ളം മുററും കെട്ടതിയിലഴൽപ്പെട്ടിടൊല്ലേററം" എന്ന തത്വം. കല്ലിലൊപ്പം കുറിക്കുക=ശിലാരേഖപോലെ എഴുതുക. "മനസ്സിൽ കഷ്ടതനിറയുമ്പോൾ അധികം ദുഃഖിക്കരുതു്" എന്ന തത്വം ജലരേഖപോലെ വാക്കിൽ പുറപ്പെടുവിക്കാൻ ആക്കും എളുപ്പം പററും. എന്നാൽ അതു ശിലാരേഖപോലെ മായമററ മനസ്സിൽ ഉറപ്പിക്കുന്നവർ വളരെക്കുറയുമെന്നു സാരം. അങ്ങനെ ചെയ്യുന്നവരാണു ധീരന്മാർ. ആപത്തുവരുമ്പോൾ കുഴങ്ങരുതു്. ധൈര്യത്തോടുകൂടി സഹിക്കുകയും അതു് അനുഭവത്തിൽവരുത്തുകയും ചെയ്യണമെന്നു താല്പര്യം. പറയുന്നതുകൊണ്ടു ഫലമില്ല. പ്രവൃത്തിയിൽ കൊണ്ടുവരണമെന്നു ധ്വനി. മലയാളപദങ്ങളുടെ മധുരമായ സമ്മേളനം. കഷ്ടി, ഏവം ഈ പദമൊഴിച്ചാൽ തനിമലയാളമായി,

അന്യോന്യസ്യ ത്രുടതി വിരഹേ പ്രായശഃ കാമുകാനാം
മന്ദം മന്ദം ചിരതരമനാലോകനാൽ പ്രേമബന്ധഃ
ഏവം മൂഢഃ പ്രവദതി ജനസ്തത്ര ഖിന്നേ മയി ത്വം
മാ ഗാഃ ശങ്കാം സുതനു! സുദൃഢാലംബിതാത്മാനുമാനാ.

ഇല്ലാതായ്പ്പോമിരുവരിലുമു-
ള്ളിഷ്ടയോഗക്രമത്തിൽ
തെല്ലായ്,ത്തെല്ലായ് പ്രിയജനമക-
ന്നൊട്ടു കാണാതിരുന്നാൽ
ചൊല്ലാമേവം മഠയരഴലു-
ള്ളെന്നെ നീ സംശയിച്ചീ-
ടൊല്ലാ തീർത്തും തനതനുഭവം
വച്ചുതുഹിച്ചുകൊള്ളൂ. 77

അനുഭവം വിശ്വാസകാരണം. പ്രിയജനമകന്നൊട്ടു കാണാതിരുന്നാൽ ഇരുവരിലുമുള്ളിഷ്ടയോഗം തെല്ലായ് തെല്ലായ് ഇല്ലാതായ്പ്പോം എന്നന്വയം. കാമിനീകാമുകന്മാർ വിയോഗം കൈക്കൊണ്ട് അകലെയിരുന്നാൽ ആ പ്രേമബന്ധം അല്പാല്പം കുറഞ്ഞു കുറഞ്ഞു ക്രമേണ നശിച്ചുപോകുമെന്നു ചിലർ പറയുന്നുണ്ട്. അവർ മഠയന്മാരാണ്. ബുദ്ധിയില്ലാത്തവരെന്നു താല്പര്യം. അഴൽ = ദുഃഖം. ആ വിധത്തിൽ ദുഃഖമുള്ള എന്നെ നീ സംശയിക്കുകയേ ചെയ്യരുതെന്നു സാരം. എന്തുകൊണ്ട്? തനതനുഭവംവച്ച് = നിനക്ക് ആ പ്രേമബന്ധം കുറയുകയില്ല, കൂടുകയാണ ചെയ്യുന്നത് എന്നനുഭവമുണ്ടല്ലോ, അതു വച്ചുകൊണ്ട് എന്റെ പ്രേമവും ഊഹിച്ചുകൊള്ളണം. തന്നെപ്പോലെ സർവ്വപ്രാണിയും എന്നു വിവക്ഷ. അനുമാനം പ്രമാണം. ഒല്ലാ=അരുതു്.

കിഞ്ചോദഗ്രം ശ്വസിതി സഹസാ വിപ്രയോഗോരഗേന്ദ്രേ
യാന്യദ്യാന്തർവിഷമിവ വമന്ത്യാവയോർവ്വാസരാണി
താന്യേവാഗ്രേ ത്വരിതമുദയം യാതി നസ്സംഗമേന്ദൗ
സമ്പത്സ്യന്തേ ദ്വിഗുണമമൃതസ്യന്ദസന്ദോഹനാനി.

പിന്നാവേശാൽ വിരഹവഴല-
പ്പാമ്പു ചീറുന്ന കാല-
ത്തിന്നാം പോക്കും കൊടിയ വിഷമുൾ-
ക്കൊണ്ടതേതൊക്കെയോതാൻ
അന്നാളോരോന്നുടനെയമൃതം
പെയ്തിരട്ടിച്ചു വീണ്ടും
വന്നാളും നാം കരുതുമൊരുമ-
പ്പൂർണ്ണചന്ദ്രോദയത്തിൽ. 78

ആവേശം=ദൃഷിച്ച പ്രവേശം. ഭൂതാവേശാദിപോലെ എന്നു ധ്വനി. വിരഹവഴലപ്പാമ്പ്=വിരഹമാകുന്ന വഴലപ്പാമ്പ്. ഒരുതരം കട്ടത്ത വിഷമുള്ള പാമ്പ് എന്നർത്ഥം. ചീറുക=ചീററുകതന്നെ. പക്ഷേ, കൂടുതൽ കോപം ധ്വനി. ചീറുക സാധാരണ നാടോടിവാക്ക്. കുട്ടികൾ ദേഷ്യപ്പെട്ടു കരയുന്നതു ചീറുക എന്നു പറയും. ചീററത്തിനു ആ ശക്തി മതിയാകുന്നില്ല. വിവർത്തകൻ ഭാവത്തിൽക്കൂടെ മനസ്സിരുത്തുന്നതു കാണേണ്ടതാണ്. കൊടിയ വിഷം=ഭയങ്കരവിഷം, വർദ്ധിച്ച വിഷം. അമൃതംപെയ്ത്=അമൃതു മഴപോലെ ധാരധാരയായി പൊഴിച്ച് എന്നു സാരം. ഒരുമപ്പൂർണ്ണചന്ദ്രോദയം=ഒരുമ(സംഗമം)യാകുന്ന പൂർണ്ണചന്ദ്രൻെറ ഉദയം. വിഷത്തിനു പ്രതിവിധി അമൃതം. വഴലപ്പാമ്പിനു പ്രതിവിധി പൂർണ്ണചന്ദ്രൻ. ഇന്നു് ഈ ദുഃഖകാലത്ത് ദുഃഖമാകുന്ന വിഷം ഉള്ളിലാക്കുന്നതെല്ലാം (ഓരോ ദിവസവും) അമൃതധാരകൊണ്ട് ഇരട്ടിച്ച് പോക്കും എന്നു പ്രകൃതം. അഥവാ ഇന്നു നാം കൊടിയവിഷമുൾക്കൊണ്ട ഏതേതു നാളുകളാണോ പോക്കുന്നതു് (കഴിച്ചുകൂട്ടുന്നതു്) ആ നാളോരോന്നും ഒരുമപ്പൂർണ്ണചന്ദ്രോദയത്തിൽ അമൃതം പെയ്ത് ഇരട്ടിച്ചു വന്ന് ആളും എന്നും അന്വയിക്കാം. അതായിരിക്കും സമീചീനം. നായകസമാഗമത്തിലുള്ള രതിസുഖം വ്യംഗ്യം. രൂപകം അലങ്കാരം.

യാതവ്യാ സാ ഭവതി ഗുണകാ യാവതാ ദ്രാക് പദാഭ്യാ-
മസ്മാൽസേതോരനുപദമമുഷ്യാധ്വനാനായതേന
അല്പോ ഭൂയാൻ കിമയമിതി നോ നിർണ്ണയഃ സംഗമേ നൗ
കാലം നാതഃപരമപി ലവം വിദ്ധി താവന്തമേവ.

“നില്ലാതീയാളുടെ കുറുവഴി-
ക്കഞ്ചു വേഗം നടന്നാൽ
ചെല്ലാനെന്തുണ്ടിടമതിലക”-
ത്തിങ്ങു ഞാൻ സേതു വിട്ടാൽ
അല്ലാതേററക്കുറവറിവതി-
ല്ലത്രയല്ലാതെ നമ്മൾ-
ക്കില്ലാ ചേരാൻ സമയമതു നീ
തീർത്തുമങ്ങോർത്തുകൊള്ളൂ. 79

പുനസ്സമാഗമത്തിനുള്ള തീയതി നിശ്ചയിക്കുന്നില്ല. എത്രസമയം വേണമെന്നു നീതന്നെ നിശ്ചയിച്ചുകൊള്ളുക എന്നാണ് മഹാകവി നിർദ്ദേശിക്കുന്നതു്. കുറുവഴി = കുറുക്കുവഴി. ഞാൻ ഇങ്ങു സേതു വിട്ടാൽ നില്ലാതെ ഈയാളുടെ കുറുവഴിക്ക് അഞ്ചു വേഗംനടന്നാൽ മതിലകത്തു ചെല്ലാൻ എന്തുണ്ടിട എന്നന്വയം. അത്രയുമല്ലാതെ നമ്മൾ തമ്മിൽ ചേരുവാൻ ഏററക്കുറവു് വരികയില്ല എന്നു നല്ലപോലെ ഓർമ്മിച്ചു കൊള്ളൂ എന്നു സാരം. ഇതാ ഇവിടെനിന്നു ഞാൻ പുറപ്പെടുന്നു. വഴിക്കൊരിടത്തും നിൽക്കാതെയും തങ്ങാതെയും നടക്കുന്നതാണു്. ഇവിടെനിന്നു പുറപ്പെട്ട് അവിടെ എത്തുന്നതിനു് എത്രസമയം വേണമോ അത്രയും മാത്രമേ നമുക്കു തമ്മിൽ ചേരുവാൻ വേണ്ടതുള്ളൂ എന്നു നിശ്ചയിച്ചു കൊള്ളുക എന്നു ഭാവം. ആരോഗ്യവാനാണെന്നുംമററും ധ്വനി. പക്ഷിയോടു പറയുകയാണല്ലോ! അതുകൊണ്ടായിരിക്കും ചെല്ലാൻ എന്നുതന്നെ പറഞ്ഞിരിക്കുന്നതു്.

കച്ചിൽ കാന്തേ! ഹൃദി തദധുനാ യത്തദാ ജ്യോത്സ്നികായാം
ക്രീഡന്തീഷു ദ്യുതലകഷണേ കേളിസൗധേ സഖീഷു
സ്വസ്ത്രീമധ്യേ മനുജ ഇതി മാം ഖേചരഃ കോപി കഷ്ചേ-
ദിത്യാത്മാനം ദൃഢമകലയം ഭീരു! തേ ദോർല്ലതാഭ്യാം.

മാനം മുട്ടും നെടിയ കളിമേ-
ടയ്ക്കുമേൽ, വെണ്ണിലാവ-
ത്താ നല്ലാർക്കുളൊട്ടാട്ടകളിയിൽ നീ-
യിപ്പൊളോർക്കുന്നതുണ്ടോ?
വാനസ്ത്രീകൾക്കിടയിൽ "നര"നെ-
ന്നെ വിണ്ണോർ പിടിക്കാ-
തീ നമ്മെ നീ മുറുകെയിരുകൈ
ചേർത്തണച്ചോരുകാര്യം. 80

ഏഴപദ്യംകൊണ്ടഭിജ്ഞാനം അരുളുന്നു. ഇത്രവളരെ എന്തിനാണെന്നാണെങ്കിൽ അതിൻെറ കാരണം ഒടുവിൽ പറയും. ദൂതൻെറ വാക്കിൽ വിശ്വാസംജനിപ്പിക്കുവാനാകുന്നു അഭിജ്ഞാനം. വാല്മീകിമുതൽ തുടന്നു വരികയാണു്. ശുകസന്ദേശത്തിലെ അഭിജ്ഞാനത്തിൻെറ സ്വാരസ്യം അനുഭവിച്ചറിയേണ്ടതാണു്. ഇവിടെ ശുകസന്ദേശകർത്താവിന്റെ മനോധർമ്മവും ഭാവനയും അഹമഹമികയാ മത്സരിച്ചുനിൽക്കുന്നുണ്ടു്. കവിതയുടെ ജീവൻ നന്നായി പ്രകാശിപ്പിക്കുന്നു. വിവർത്തകൻ ആ ജീവൻ കളഞ്ഞിട്ടില്ലെന്നു മാത്രമല്ല പൂർണ്ണമായി പ്രകാശിപ്പിച്ചിട്ടും ഉണ്ടു്. മതിയോ? പോരാ. സരളമധുരമലയാളപദങ്ങളിലൂടെ സ്വന്തം ഭാവനയോടും കവികർമ്മകുശലതയോടും പ്രസ്ഫുടമാക്കിയിരിക്കുന്നു. മാനം മുട്ടും=ആകാശത്തിൽ മുട്ടുന്ന (ഉരസുന്ന). കളിമേട=കളിക്കുന്നതിനുള്ള മേട (ലീലാസൗധം). രതിക്രീഡാഹർമ്മ്യമെന്നും. വെൺനിലാവു്=വെണ്ണിലാവു്. കേരളപാണിനീയമനുസരിച്ചുള്ള സന്ധി. നല്ലാർ=സ്ത്രീകൾ. നമ്മെ=എന്നെ എന്നിവിടെ അർത്ഥം. അണയ്ക്കുക=ആലിംഗനംചെയ്യുക. ഒരിക്കൽ ആകാശംമുട്ടുന്ന മട്ടുപ്പാവിൽ ചന്ദ്രികയുമേററു് ലീലാവിനോദങ്ങളിൽ മുഴുകി നീയും ഞാനും സഖികളും വസിച്ചിരുന്നു. അപ്പോൾ ദേവസ്ത്രീകളുടെ നടുവിൽ ഒരു മനുഷ്യൻ ഇതാ എത്തിയിരിക്കുന്നു എന്നും പറഞ്ഞു് ദേവന്മാർ എന്നെപ്പിടിക്കാതെ നീ മുറുകെ ആലിംഗനംചെയ്തു് നീയിപ്പോളോർക്കുന്നുണ്ടായിരിക്കുമല്ലൊ? ഇതാണു് അഭിജ്ഞാനം (അടയാളവാക്യം). നായകന്റേയും നായികയുടേയും സഖിമാരുടേയും സൗന്ദര്യം, മാളികയുടെ ഉയർച്ച ഇതെല്ലാം ധ്വനി. ആലിംഗനംചെയ്തു എന്നു മാത്രമേ പറയേണ്ടതുള്ളു. സ്ത്രീകളുടെ സ്വമേധയാ ഉള്ള ആലിംഗനത്തിനു സ്വാരസ്യം കൂടും. അതു ഭീതിയോടുകൂടി ആയാലോ? പര്യായോക്തം.

പുംഭിഃ സ്ത്രീണാം മനസിജമഹേ പുഞ്ജിതാനാം നികേതേ
ഭൂയഃ പുഷ്പാപചയകലയാ ജായമാനേ വിവാദേ
ആളീഹസ്തേ വിനിഹിതപണൗ ഭൂഷണൈർന്നൂപുരാദ്യൈ-
രാവാമേവ ത്വരിതമവിശാവാന്തരുദ്യാനവീഥിം.

അന്നാൾ കാമോത്സവകുടിയിൽ നാ-
മാണുപെണ്ണാളടക്കം
ചെന്നാരീപ്പൂവധികവുമറു-
ത്തീട്ടമാമത്സരത്തിൽ
ഒന്നായ് മെയ്ക്കോപ്പുകൾ പണയമായ്-
ത്തോഴിപക്കൽ കൊടുത്തി-
ട്ടിന്നാമല്ലേ? ഞൊടിയിലവിടെ-
പ്പൂകിയോർ പൂവനത്തിൽ. 81

അന്നാൾ = പണ്ടൊരിക്കൽ. കാമോത്സവകുടിയിൽ = കാമോത്സവത്തിനുള്ള കുടി. കുടി = കുരീരം. കാമോത്സവം = കാമദേവൻെറ പ്രീതിക്കുവേണ്ടി നടത്തുന്ന ഉത്സവം. ദക്ഷിണകേരളത്തിലെ ധനുമാസതിരുവാതിരയും ഉത്തരകേരളത്തിലെ മീനത്തിലെ പൂരംകുളിയുമൊക്കെ കാമോത്സവങ്ങളാണെന്നാണു വയ്പ്. അങ്ങനെ പണ്ടേതന്നെ ആഘോഷിക്കുക പതിവുള്ളതാണ്. കാമോത്സവം ചന്ദ്രോത്സവം മുതലായതും അങ്ങനെ തന്നെ. ആണുപെണ്ണാളടക്കം = സ്ത്രീപുരുഷന്മാരുൾപ്പെടെ (മിഥുനസമൂഹം). പെണ്ണാൾ ഇപ്പോൾ നാട്ടുംപുറത്തു മാത്രമേ കേൾക്കാറുള്ളു. മലയാളത്തിൽ നല്ല പ്രയോഗമാണതു്. സ്വീകാര്യവും. മത്സരം = വിജയേച്ഛ. മെയ്ക്കോപ്പുകൾ=ആഭരണങ്ങൾ. പണയം = ജയിക്കുന്ന ആളിനു കൊടുക്കാനായിട്ടുള്ളതു് (മുൻകൂടി കൊടുക്കുന്ന അച്ചാരം). ഇന്നാം=ഇൗ ഞാനും നീയും എന്നു സാരം. പൂകുക = പ്രവേശിക്കുക. പൂവനം = പൂന്തോട്ടം, അധികം പൂ പറിക്കുന്ന ആൾക്കു് കൊടുക്കുവാനായിട്ടു് ആഭരണങ്ങളെല്ലാം തോഴിയുടെ പക്കൽ കൊടുത്തിട്ടു് പൂവനത്തിൽ നാമൊന്നിച്ചു് ഇറങ്ങിയതു് ഓർമ്മയില്ലേ എന്നു നായകവാക്യം. വാസ്തവത്തിൽ ആളികളേയും വിലക്കി ഇവർ പൂവനത്തിലിറങ്ങിയതു് കാമോത്സവത്തിനുതന്നെയെന്നു വ്യംഗ്യം. സ്വച്ഛന്ദവിഹാരം അനുയോജ്യം. അഭിജ്ഞാനം രതിക്രീഡതന്നെ. അതിനൊത്ത സന്ദർഭമുണ്ടാക്കിയതാണു്. അതു സ്മരിക്കുവാൻ എളുപ്പമുണ്ടല്ലോ? പര്യായോക്തമലങ്കാരം.

പശ്യാസൗ മേ ത്വമിവ രുചയേ പക്വബിംബാധരേതി
പ്രക്രാന്തോക്തൗ മയി കലുഷിതം ഭീരു! നേത്രോല്പലം തേ
കീരസ്യേതി സ്ഥിതിമതി പുനഃ സ്മേരമാവിഃസ്മിതേഷു
വ്രീളാസൂയാവ്യതികരഗുരു ക്ഷിപ്തമാളീമുഖേഷു.

"നോക്കീബ്ബിംബാധരിയിവനു നീ-
പോലെ താൻ ഹൃദ്യ" നേരം-
പോക്കീ ഞാനിത്രയുമരുളവേ
ഭീരു! നിൻ കൺ കലങ്ങീ
"ഈക്കീരത്തി"ന്നൊട്ടവിലിതു ചൊ-
ന്നപ്പൊഴേ സത്രപേർഷ്യം
നോക്കീ, തോഴീജനമൃദുഹസ-
ദ്വക്ത്രമുന്മേഷമായ് നീ. 82

ബിംബാധരി=തൊണ്ടിപ്പഴത്തിനൊത്ത അധരമുള്ളവൾ, (രംഗലക്ഷ്മിയുടെ ഗൃഹത്തിൽ വളർത്തുന്നതും ഇവിടെ ഉത്തരാർദ്ധം 52-ാം പദ്യത്തിൽ പറഞ്ഞിരിക്കുന്നതുമായ ശാരികയേയും അവളുടെ ഇണക്കിളിയേയും പരാമർശിച്ചു പറയുന്നതായിരിക്കാം. അല്ലെങ്കിൽ ഒരു വനലക്ഷ്മിയെ ഉദ്ദേശിച്ചാണെന്നും വരാം.) ഹൃദ്യ=ഹൃദയഹാരിണി. ഭീരു = ഭയപ്പെട്ടുന്നവൾ. ഈ കീരം = ഈ കിളി. സത്രപേഷ്യം=ത്രപയോടും ഈർഷ്യയോടുംകൂടി എന്നു നോക്കുന്ന ക്രിയയുടെ വിശേഷണം. ത്രപ = ലജ്ജ. ഈഷ്യ=ഇവിടെ അസൂയ. തോഴീജനമൃദുഹസദ്വക്ത്രം = തോഴീജനങ്ങളുടെ മൃദുവാകുംവണ്ണം ഹസത്തായിരിക്കുന്ന വക്ത്രം. മൃദുഹസത് = പുഞ്ചിരിയോടുകൂടിയതു്. നായകൻ നായികയോടു് വനശ്രീ അല്ലെങ്കിൽ ശാരികയെ പരാമർശിച്ചു് പറയുകയാണു്. സുന്ദരി! നോക്കു്—"ഇബ്ബിംബാധരി ഇവനു നീപോലെ ഹൃദ്യയാണു് ഈക്കീരത്തിനു്" എന്ന വാക്യം പറയുവാൻ തുടങ്ങി ഹൃദ്യ എന്നുവരെ പറഞ്ഞപ്പോൾ ഇയാൾക്കു് എന്നെപ്പോലെ ഹൃദ്യയായിട്ടുണ്ടെന്നു പറയുന്നു എന്നു ധരിച്ചു് സപത്നീമത്സരമുള്ള നായികയുടെ കണ്ണു കലങ്ങി (പ്രണയകലഹം). ഈക്കീരത്തിന്നു് എന്നുകൂടി ആയപ്പോൾ സത്യം മനസ്സിലായി. അതറിഞ്ഞു് സഖികൾ മന്ദഹസിച്ചു. രണ്ടുകൊണ്ടും നായികയ്ക്കു ലജ്ജയുണ്ടായി. നായകനു നായികയോടുള്ള പ്രേമം മനസ്സിലാക്കിയ സഖികളോടാണു് അസൂയ. അങ്ങനെ ആകുന്നു സത്രപേഷ്യയായതു്. രംഗലക്ഷ്മിയുടെ നോട്ടത്തിനുള്ള ശക്തി വാചാമഗോചരമെന്നും. തത്സമയം സഖീമദ്ധ്യത്തിൽ വച്ചും നായകനെ ആലിംഗനം ചെയ്യുക സാധാരണയാണു്. ഇവിടെയും പ്രേമപ്രകർഷം തന്നെ അഭിജ്ഞാനം. പര്യായോക്തം അലങ്കാരം. മലയാളപദങ്ങളുടെ ശബ്ദമാധുര്യവും രചനാസൗകുമാര്യവും ദർശനീയം.

ക്രീഡാശൈലേ കിമപി കലഹം ഭാവയിത്വാ സഖീനാം
മദ്ധ്യാൽഗേഹം പ്രതി വിചലിതാം നീലകണ്ഠഃ സഖാ തേ
അന്തർല്ലീനാം പഥി മൃഗയതോ മേ ലതാമണ്ഡപസ്യ
ദ്വാരേ ഗത്വാ ഝടിതി കിതവസ്ത്വാം വ്യവാധത്ത ബർഹൈഃ.

കേളിക്കുന്നിൽക്കലഹമെല്ലാം
　　കാട്ടി നീ വീട്ടിലേക്കാ-
യാളിക്കൂട്ടററൊഴിയെ വഴിയിൽ-
　　ത്തങ്ങി വല്ലീഗൃഹത്തിൽ
ലാളിക്കും നിൻ മയിൽ നടയിൽ വ-
　　ന്നങ്ങു ഞാൻ നിന്നെ നോക്കും
കോളിൽക്കള്ളൻ ഭവതിയെയുടൻ
　　മൂടിനാൻ പീലിജാലാൽ. 83

കേളിക്കുന്ന്="ക്രീഡാശൈല"ത്തിന്റെ പരിഭാഷ. കാമോന്മാദജനകമെന്നു വിവക്ഷ. കലഹമെല്ലാം കാട്ടി=അല്പം പ്രണയകലഹം കാട്ടി. 'കാട്ടി' വെറുതേ നടിച്ച്. വാസ്തവമല്ല, ഉള്ളിലില്ലെന്നു ധരിക്കണം. ആളിക്കൂട്ട്=തോഴിമാരുടെ കൂട്ട്. വല്ലീഗൃഹം=വള്ളിക്കുടിൽ. നിൻ മയിൽ=നിൻെറ മയില്. (എന്റെ അല്ല, നീ വളർത്തുന്നതു്.) നിന്നോടു കൂറുള്ളവൻ എന്നു സാരം. നട=വള്ളിക്കുടിലിൻെറ നട. നട മാത്രമേ തുറന്നുകിടപ്പൊള്ളൂ. മറ്റെല്ലാഭാഗങ്ങൾക്കും മറവാണു്. നോക്കും കോൾ=നോക്കുന്ന തിരക്കു്, (ബഹളം). ശൈലി. കള്ളൻ=വഞ്ചകൻ. "കിതവൻ" എന്നു മൂലം. പീലിജാലം=പീലിക്കൂട്ടം. കേളിക്കുന്നിൽനിന്നു് പ്രണയകലഹം നടിച്ച് നായിക വീട്ടിലേക്കു പോകുന്ന ഭാവത്തിൽ വള്ളിക്കുടിലിലെത്തി. നായകൻ പുറകേ വരുമെന്നറിയാം. സഖികളെ പ്പിരിയുവാനായിരിക്കും ഈ വിദ്യ. നായിക വള്ളിക്കുടിലിനുള്ളിൽ കയറിയപ്പോൾ നായകൻെറ വരവുണ്ടെന്നറിഞ്ഞ മയിൽ വാതിൽക്കലെത്തി. പീലിക്കൂട്ടം വിടുർത്തി നായികയെ മറച്ചു. കാവൽക്കാരൻ നിരോധനാജ്ഞ കൊടുത്തു എന്നു സാരം. അവനും ഈക്കളി അറിയാം എന്നു കരുതിയാണു് 'കള്ളൻ' എന്നു പറഞ്ഞിരിക്കുന്നതു്. അഭിജ്ഞാനത്തിനു് വളരെ തന്മയത്വമുണ്ടു്. പദഘടന രമണീയം. അടുത്ത പദ്യം കൊണ്ടു് പരിപൂർണ്ണമാകും.

ഭൂയശ്ചാസൗ സ്ഫുരിതലളിതം ഭൂതലേ ന്യസ്തപാദോ
വ്യത്യസ്തേന ക്ഷണമവനതോന്നമ്രയാ കണ്ഠനാള്യാ
ആർദ്രച്ഛായൈരധികരുചിതൈരായതൈർബ്ബർഹഭാരൈർ-
ദ്വാരോപാന്തേ സുചിരമകരോന്നൃത്തമാനിർഗ്ഗമാന്നൗ.

എന്നിട്ടായാളടിയിണപിണ-
ച്ചഞ്ഞു താളത്തിനൊപ്പം
മന്നിൽക്കുത്തിപ്പരിമൃദുഗളം
മേല്പുകീഴാട്ടി വേഗം
ചിന്നിച്ചൂഴെച്ചിതമൊട്ടുരുവാം
പീലിജാലം, പടിക്കൽ-
ച്ചെന്നിട്ടീ നാം പിരിവതുവരെ-
ക്കൂടിയങ്ങാടിനിന്നാൻ. 84

എന്നിട്ടായാൾ അഞ്ഞു താളത്തിനൊപ്പം അടിയിണ പിണച്ചു മന്നിൽ കുത്തി എന്നന്വയം. പരിമൃദുഗളം=വളരെ മൃദുവായ ഗളം. ഗളം = കഴുത്ത്. മയിൽക്കഴുത്തിന്റെ ഭംഗിയും മററും ചിന്ത്യം. ചിന്നി= ചിതറി, (വിരിക്കുക). ചൂഴെ = ചുററും. ചിതം=മനോഹരം. ഉചിതമെന്നും. ഉരു=മഹത്ത്. പീലിജാലം = പീലിക്കൂട്ടം. പിരിവതുവരെ = സ്ഥലം വിട്ടുപോകുന്നതുവരെ. ഗളം മേല്പുകീഴാട്ടുന്നതു് മയിലാട്ടത്തിന്റെ സ്വഭാവമാണു്. പടിക്കൽച്ചെന്നിട്ടാകുന്നു ഈ നടനം. വള്ളിക്കുടിലിനകത്തുള്ള കാമിനീകാമുകന്മാരുടെ കൂടിയാട്ടത്തിൻെറ ഒരു പ്രതീതി ഇവിടെ നല്ലപോലെ കാണുന്നുണ്ടു്. താളത്തിനൊപ്പം എന്നുള്ളതു് അതിനെ പൊലിപ്പിക്കുകയാണു്. കൂടിയാട്ടധ്വനി നങ്ങ്യാരാണല്ലോ. പടിക്കൽ ചെന്നിട്ടെന്നുള്ളതിനു് ഔചിത്യം വളരെവളരെ കൂടും. "ദ്വാരോപാന്തേ" എന്നു മൂലം. ഇവിടേയും രതിക്രീഡതന്നെ അഭിജ്ഞാനം. മൂലകാരൻെറ ഭാവന അതിമനോഹരം. വിവർത്തനം വളരെ മെച്ചം. സ്വഭാവോക്തി അലങ്കാരം.

സവ്വാതിത്ഥ്യേ സരസി സലിലക്രീഡിതേഽഹം ന യാവ-
ന്മംക്ഷ്വോന്മഗ്നഃ സദസി സുദൃശാമപ്യരോമാഞ്ചിതേഷു
ഗണ്ഡേഷ്വാസാം നിഭൃതമഭ്യധാശ്ചോരി! ദൂരം ബിഭീമ-
സ്താവൽക്കാലം ദൃശമശൃണവം ഭൂയ ഏതൽസഖീഭ്യഃ.

മുങ്ങി 'സ്സവ്വാതിഥി' മലിചിററ-
ക്കുള്ളിൽ ഞാൻ ക്രീഡയിങ്കൽ
പൊങ്ങിക്കാണുംവരെയബലമാർ
നിൽക്കെയ്ഗ്ഗണ്ഡഭൂവിൽ
അങ്ങില്ലാഞ്ഞും കുളിർമയിരയേ!
കള്ളി! കൺവച്ചതില്ലേ
വിങ്ങിത്തേങ്ങുന്നിവനതുടനെ
തോഴിമാർ ചൊന്നറിഞ്ഞേൻ. 85

സവ്വാതിഥി=മതിലകത്തെ ചിറയുടെ പേരാണു്. ആ പേരു വരുവാനുള്ള കാരണം പൂവ്വാദ്ധം 73-ാം പദ്യത്തിൻെറ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ടു്. ക്രീഡ = ജലക്രീഡ. അബലമാർ=സ്ത്രീകൾ. ഗണ്ഡം= കവിൾത്തടം. കുളിർമയിർ = രോമാഞ്ചം. കൺവയ്ക്കുക = ഉററുനോക്കുക. ഒരു ശൈലി. മലിചിററയിൽ മററു സ്ത്രീകളുമൊത്തു് നായികാനായകന്മാർ ജലക്രീഡ ചെയ്യുകയായിരുന്നു. ഒരിക്കൽ മുങ്ങി പൊങ്ങുന്നതിനു മുമ്പു് നായിക മററു സ്ത്രീകളുടെ ഗണ്ഡങ്ങളിൽ സൂക്ഷിച്ചുനോക്കിക്കൊണ്ടുനിന്നു. അവരുടെ ഗണ്ഡങ്ങളിൽ രോമാഞ്ചമുണ്ടായോ എന്നായിരുന്നു നോട്ടത്തിൻെറ ആന്തരാത്ഥം. നായകസ്പശംകൊണ്ടോ ചുംബനാദികൾകൊണ്ടോ അല്ലെങ്കിൽ ആ സ്മരണകൊണ്ടോ രോമാഞ്ചമുണ്ടാകാം. അഥവാ നായകൻ മുങ്ങിക്കിടക്കുമ്പോൾ മററുള്ള സ്ത്രീകളുമായി കൂട്ടിമുട്ടുന്നു എന്നു വരാം. അതു തങ്ങളായിരുന്നു എന്നുകിൽ എന്ന തോന്നലുകൊണ്ടും അതു വരാമെന്നു കാണുന്നു. അങ്ങനെ ഒന്നും സംഭവിക്കുകയില്ലെന്നു നായികയ്ക്കറിയാമെങ്കിലും സ്ത്രീകളുടെ ശങ്കയാണു് ഇവിടെ ധ്വനിക്കുന്നതു്. അപ്രകാരം നോക്കി എന്നു സഖികൾ പറഞ്ഞതാണു് ഞാനറിഞ്ഞതു്. ഒരു ക്രീഡാസ്വഭാവവും പ്രേമപ്രകഷവുംതന്നെ അഭിജ്ഞാനം.

ക്ലിന്നം മാധ്വ്യാ കിസലയപുടാല്ലഭ്യതേഽശോകയഷ്ടേർ-
യത്രാതാമ്രം കുസുമമളിനാ സ്വാൽ കദാസൗ വസന്തഃ
ഇത്യൽകണ്ഠാഗിരി മയി, ജനേ തൽഗണേ ത്വം സലജ്ജം
സ്മിത്വാ മുഗ്ദ്ധം മുഖമനമയസ്തനന്വി! താംബൂലഗർഭം.

എന്നാളെത്തും തളിരിനിടയിൽ
തേനൊലിപ്പോരശോകം-
തന്നാതാമ്രം മലരു വരിവ-
ണ്ടാസ്വദിക്കും വസന്തം
എന്നാൽ, ഈ ഞാൻ കുതുകി സഖിമാ-
രെണ്ണവേ, നീ കുനിച്ചാ-
ളന്നാണിക്കും ചിരിയൊട്ട മുറു-
ക്കാൻ കവിൾക്കൊണ്ട വക്ത്രം. 86

അശോകം=അശോകവൃക്ഷം. ആതാമ്രം =നല്ലപോലെ ചുവന്നതു്. മലർ=പൂവു്. ആസ്വദിക്കുക=നുകരുക. വസന്തം=വസന്തകാലം. സഖിമാർ എണ്ണവെ=സഖിമാർ കണക്കുകൂട്ടാൻ തുടങ്ങിയപ്പോൾ. തോഴിമാർ തൽക്കാലത്തെ ഋതു ഏതാണെന്നും ഇനി വസന്തം വരാൻ എത്ര താമസമുണ്ടെന്നും എണ്ണാൻ തുടങ്ങിയപ്പോളെന്നൎത്ഥം. നീ എന്തുചെയ്തു? മുറുക്കാൻ കവിൾക്കൊണ്ട വക്ത്രം നാണിക്കും ചിരിയോട്ടകൂടി കുനിച്ചു. തളിരു് അധരം. പൂവു് താംബൂലം. വണ്ടു് നായകൻ. വസന്തം അനുകൂലകാലം. എന്നു ധരിച്ചു രൂപകാതിശയോക്തി കണ്ടുകൊള്ളണം. സ്ത്രീപുരുഷന്മാർ താംബൂലചർവണത്തെ പരസ്പരം വക്ത്രംകൊണ്ടു തന്നെ കൈമാറാറുണ്ടു്. അതിനു കാലമായോ എന്നാണു ചോദിച്ചതു്. അതിൻെറ തത്വം നായികയ്ക്കു മനസ്സിലായി. അതാണു നാണിച്ചു മുഖം കുനിച്ചതു്. പക്ഷേ, സഖിമാർ മനസ്സിലാക്കിയില്ലെന്നുമാത്രം. ഏഴ പദ്യമാണു് അഭിജ്ഞാനം. അവയെല്ലാം ചെതോഹരംതന്നെ. വിവൎത്തനത്തിലും വളരെ മനസ്സിരുത്തിയിട്ടുണ്ടെന്നു് അനുഭവസ്ഥന്മാർ സശിരഃകമ്പം സമ്മതിക്കും. കവികൎമ്മം പരിപാവനമായി സാധിച്ചിരിക്കുന്നു. വിപ്രലംഭശൃംഗാരമാണു് പ്രതിപാദ്യം. അതിനനുകൂലമായിരിക്കണം വൃത്തവും പദഘടനയും. കാമശാസ്ത്രവും മററും ശരിക്കു ധരിച്ചിട്ടുള്ള അനുഭവരസികന്മാരായ പഴയ കാലത്തെ നമ്പൂരിമാരുടെ ശൃംഗാരകാവ്യം ആ വിഷയത്തിൽ ആസ്വാദ്യതമമാണു്. അടുത്ത പദ്യവ്യാഖ്യാനത്തിൽ അല്പംകൂടെപ്പറയാം.

ഇത്യുക്തേഷു സ്ഫുടതരമഭിജ്ഞാനവസ്തുഷ്വനേകേ-
ഷ്വേകേന ത്വം കുശലിനമഭിജ്ഞായ മാം മാ വിഷീദ
മുഗ്ദ്ധേ! മൂർച്ഛദ്വിരഹരുജയാ കാപി തേ വിസ്മൃതിശ്ചേൽ
സ്യാച്ച കാപി സ്മൃതിരിതി ബഹ്വന്യത്ര ദത്താന്യമൂനി.

എന്നിങ്ങേറെത്തെളിവിനടയാ-
ളങ്ങൾ ചൊന്നുള്ളതിൽ നി-
ന്നൊന്നിക്കൊണ്ടൊന്നിവനു കുശലം
പാർത്തു മാഴ്കാതിരിക്കു.
ഒന്നിൽ തള്ളു വിരഹവിഷമാ-
ലോർമ്മവിട്ടെങ്കിൽ നീ മ-
റ്റൊന്നിൽ കൊള്ളാ നിനവതിനിതാ
മുന്നിൽ ഞാൻ തന്നിതെല്ലാം. 87

ഒന്നിലധികം അടയാളം എന്തിനാണെന്നു പറയുകയാണ്. കുശലം=മംഗളം. മാഴ്കുക=ദുഃഖിക്കുക. വിരഹവിഷമാൽ=വിരഹമാകുന്ന വിഷമം (അസ്വാസ്ഥ്യം). വിരഹവിഷമാകുന്ന മാൽ എന്നുമാകാം. തള്ളിവരുന്ന വിരഹവിഷമം നിമിത്തം ഒരടയാളംമാത്രം പറഞ്ഞാൽ അതു് ഓർത്തില്ലെന്നു വരാം. പലതും പറഞ്ഞാൽ ഒന്നെങ്കിലും ഓർക്കുമെന്നു ഭാവം. നിനവു്=വിചാരം (സ്മൃതി). സ്ത്രീകൾ ഓർമ്മശക്തി കുറഞ്ഞവരാണോ എന്നാണെങ്കിൽ വിരഹവിഷമംകൊണ്ടു മറന്നുപോയേക്കാമെന്നു സമാധാനം. എനിക്കു മംഗളം നീ മരിക്കാതെ ഇരിക്കുകയാണെന്നു ധ്വനി. മാഴ്കിയാൽ അബദ്ധം വന്നല്ലോ എന്നു ശങ്ക. നമ്പൂരിശങ്ക സുപ്രസിദ്ധം. ഇത്രയും മതിയൊ? പോരാ എന്നാണെൻെറ അഭിപ്രായം. കാവ്യം വിപ്രലംഭശൃംഗാരമാണു്. അതിൽ സംഭോഗത്തിനു് പ്രസക്തിതന്നെയില്ല. ശാസ്ത്രജ്ഞനായ, വിശേഷിച്ചും നമ്പൂരിയായ—വ്യംഗ്യരീതിയിലെങ്കിലും അതിൻെറ നാനാവശങ്ങളേയും വൎണ്ണിച്ചാൽ കൊള്ളാമെന്നു് ഒരാഗ്രഹം വരാവുന്നതാണു്. അതിനും കൂടിയാണു് അഭിജ്ഞാനം വൎദ്ധിപ്പിച്ചതെന്നു ഞാൻ കരുതുന്നു. അതു തെറ്റെന്നും ശരി എന്നും വരാം. വായനക്കാരുടെ ചിന്തയ്ക്കായി അതുകൂടെ വെളിപ്പെട്ടുത്തിയതാണു്.

ത്വത്തസ്ത്വാം മാം പ്രവദതി ജനോ യത്ത്വയി പ്രേമബന്ധേ
മത്തോ മാം ത്വാം മയി ച മദിരാപാംഗി! നൈവാത്ര ഭേദഃ
തദ്വിശ്ലേഷവ്യഥിതമനസഃ സാധ്വസാധ്വവ്യപേക്ഷാ
മുക്തൈരുക്തൈർമ്മമ, ധൃതിസുധാസിന്ധുരുജ്ജൃംഭതാം തേ.

നിന്നിൽ സ്നേഹാൽ നിറയേയിവനാ-
ണെന്നിലമ്മട്ട നീയാ-
ണെന്നിന്നോതും പഴികൾ മദിരാ-
പാംഗി! തേററാതെ ലോകർ
ഇന്നിഭിന്നിച്ചതി,ലഴലിലെൻ
നല്ലതില്ലററ വാക്കാൽ
നിന്നിൽത്തോഷാമൃതകടലകം
മെത്തിവന്നെത്തിടട്ടേ. 88

ഹേ! മദിരാപാംഗി! നിന്നിൽ സ്നേഹാൽ നിറയെ ഇവനാണു്. എന്നിലമ്മട്ട നീയാണു്. എന്നു ലോകർ തെററാതെ പഴികൾ ഓതും എന്നന്വയം. മദിരാപാംഗി=മദിരപോലെ മദിപ്പിക്കുന്ന അപാംഗമുള്ളവൾ. മദിര = മദ്യം. അപാംഗം=കടാക്ഷം. ഒററനോട്ടം മദിരപോലെ മദിപ്പിക്കുന്നതാണെന്നു സാരം. രംഗലക്ഷ്മി—അഭിനയചതുര—യാണല്ലോ? വാസ്തവത്തിൽ നീ ശരീരം. ആത്മാവു മുഴവൻ ഞാൻ. അതുപോലെ എൻെറ പുറമേ കാണുന്ന ശരീരം ഞാൻ. ആത്മാവു മുഴവൻ നീയും എന്നൎത്ഥം. ശരീരം രണ്ടു് ആത്മാവൊന്നു് എന്നൎത്ഥം. പഴി=കുററം. ഭിന്നിക്കുക = വേർപെടുക. വിരഹത്തിൽ. അഴൽ = ദുഃഖം. നല്ലതില്ലു്= നല്ലതും ചീത്തയും. ശൈലി. എൻെറ വാക്കിൻെറ നന്മതിന്മ നോക്കണ്ട. കാവ്യരസവുംമററും നോക്കരുതെന്നു താല്പൎയ്യം. വിരഹിയാണല്ലോ? തത്വം മാത്രം ചിന്തിച്ചാൽ മതി. തോഷാമൃതകടൽ = തോഷമാകുന്ന അമൃതകടൽ. അമൃതകടൽ = പാലാഴി. തോഷം = സന്തോഷം. അകം മെത്തുക = ഉള്ളുനിറയുക. മനസ്സുകവിഞ്ഞു്. മദിരാപാംഗി എന്നദിക്കിൽ ഉപമയും തോഷാമൃതകടൽ എന്നിടത്തു് രൂപകവും പറയാം. നമ്മെപ്പററി ഒരു ലോകാപവാദമുണ്ടു്. "ലോകാപവാദാൽ ഭയം" പ്രസിദ്ധമാണു്. എന്താണതു്? അതു വിചിത്രംതന്നെ. നിന്നിൽ എന്നെക്കുറിച്ചു സ്നേഹം വളരെ വളരെയാണു്. അതുപോലെ എന്നിൽ നിന്നെക്കുറിച്ചും. അതു നീ ഞാനും ഞാൻ നീയുമാണെന്നു് അപവാദം. ഏതായാലും ഞാൻ വല്ലതുമൊക്കെപ്പറഞ്ഞാലും നിൻെറ ആനന്ദപ്പാലാഴിയിൽ വേലിയേററംകൊണ്ടു കവിയട്ടെ. അതാണെനിക്കും സന്തോഷം.

ഇത്ഥം ന്യസ്തം ത്വയി മമ വചസ്തത്ര ഗത്വാ ഗൃഹിണ്യൈ
വിശ്രാണ്യൈവം ശ്രവണസുഭഗം ഗച്ഛ ഭൂയോ യഥേച്ഛം
നാഹം യാചേ മദഭിഗമനാദൂർദ്ധ്വമന്യത്ര യാത്രാം
യന്നൈകത്ര സ്ഥിതിരഭിമതാ സ്വൈരസഞ്ചാരിണാം വഃ.

ഈമട്ടെന്നാൽ ശ്രുതിമധുരമായ്
നിന്നിലർപ്പിച്ച വാക്ക-
ങ്ങോമൽക്കേകീട്ടതുവഴിയുടൻ
ചുററിടാം പററിടുംപോൽ
നാമങ്ങെത്തീട്ടുപരിപിരിയാൻ
നേർന്നിടാ ഞാൻ, യഥേഷ്ടം
ഹാ! മണ്ടുന്നോരവിടെ വെറുതേ
തങ്ങുമോ? നിങ്ങളാരാൻ. 89

ഈ മട്ട്=ഈ വിധം. ശ്രുതിമധുരം=ശ്രുതിക്ക് (ചെവിക്ക്) മധുരം. അർപ്പിക്കുക=നൽകുക, (ഏൽപിക്കുക). ഓമൽ=ഇവിടെ ഭാര്യ എന്നർത്ഥം. ഓമന എന്നും. ഏകുക=കൊടുക്കുക. പററിടുംപോൽ=കഴിവുപോലെ. ഉപരി=മേൽ. നേരുക=പ്രാർത്ഥിക്കുക. യഥേഷ്ടം=ഇഷ്ടംപോലെ. പിരിയുക=വേർപെടുക. മണ്ടുന്നവർ=നടക്കുന്നവർ. പാഞ്ഞുനടക്കുന്നവരെന്നിവിടെയർത്ഥം. സന്ദേശവാക്യം കഴിഞ്ഞിട്ട് കിളിയോട്ട പറയുകയാണ്. അവിടെച്ചെന്ന് എൻെറ പ്രിയതമയോട്ട് കണ്ണാനന്ദകരമായ സന്ദേശം അരുളിയിട്ട് നീ നിനക്കിഷ്ടമുള്ള ദിക്കിലേക്കു പൊയ്ക്കൊണ്ടാലും. ആരുടെയും വാക്ക് ശ്രുതിമധുരമായിരിക്കണമെന്നു ധ്വനി. കണ്ണകഠോരമാവരുത്. ശുകത്തിൻെറ വാക്കു പ്രത്യേകം മധുരം. ഞാൻ വരുന്നതുവരെ അവിടെ താമസിക്കേണ്ടതില്ല. ഇത്രയും ചെയ്യുന്നതു വലിയ ഉപകാരം എന്നു ധ്വനി. നിന്നെപ്പോലെയുള്ളവർ (പക്ഷികൾ) ഇഷ്ടംപോലെ ചുററുന്നവരാണല്ലോ. അങ്ങനെ ഉള്ളവർ ഒരു സ്ഥലത്ത് തങ്ങണമെന്നു പറയുന്നതു് അസ്വാതന്ത്ര്യമാണല്ലോ എന്നു വ്യംഗ്യം. ഉപകാരം ചെയ്തവരെ ഒരിക്കലും ഉപദ്രവിക്കരുത്. അതു നന്ദികേടുകൂടിയാണ്. അർത്ഥാന്തരന്യാസം അലങ്കാരം. മെച്ചമായ വിവർത്തനം. ഒന്നാംതരം ശയ്യ. സന്തോഷം തോന്നുന്നപക്ഷം ഞാൻ വരുന്നതുവരെ അവിടെത്തന്നെ പററിയപോലെ ചുററാമെന്നും ധരിക്കേണ്ടതാകുന്നു. അതു നിനക്കും കൂട്ടുകാരുള്ള സുഖമായ സ്ഥലമാണെന്നും ധ്വനി.

ഏവം സഖ്യൗ മയി വിശരണേ സംശ്രിതേ പ്രാണരക്ഷാം
സമ്പാദ്യ ത്വൽപ്രണയകരുണാപൗരുഷാണി പ്രഥന്താം
സ്വപ്നേപ്യേവം പ്രിയജനവിയോഗാർത്തിമപ്രാപ്നുയോസ്ത്വൗ
ഭ്രാതഃ! ഭൂയാദ്ഭവതു ച പുനർദ്ദർശനാനന്ദലക്ഷ്മീഃ.

തിണ്ടാട്ടം ഞാനടിമയിത വ-
ന്നെത്തി, ജീവാവനം കൈ-
ക്കൊണ്ടാലും നിൻ ചുണ, തുണ,യിണ-
ക്കങ്ങൾ വാഴ്ത്തട്ടെ പാരിൽ
ഉണ്ടാകൊല്ലീവിടവിനിയുറ-
ക്കത്തിലും, നമ്മൾതമ്മിൽ-
ക്കൊണ്ടാടേണം സഹജ! തുടരെ-
ക്കാഴ്ചയാൽ വേഴ്ച ലക്ഷ്മീ. 90

യാത്രപറഞ്ഞു് മംഗളം നേരുന്നു. തിണ്ടാട്ടക=അലഞ്ഞുതിരിയുക. അടിമ=അടിപ്പെട്ടവൻ, (ആശ്രിതൻ). ജീവാവനം=പ്രാണരക്ഷ. കൈക്കൊള്ളുക=സ്വീകരിക്കുക. ചുണ=സാമർത്ഥ്യം, (പൗരുഷം). തുണ=സഹായം. ഇണക്കം=സ്നേഹം. വാഴ്ത്തുക=സ്തുതിക്കുക. വിടവു്=വേർപാടു്. കൊണ്ടാടുക=കീർത്തിക്കുക. സഹജൻ=അനുജൻ. മുമ്പുതന്നെ അങ്ങനെയാണു വിളിച്ചിരിക്കുന്നതു്. തുടരെക്കാഴ്ച=തുടർന്തുടർന്നുള്ള കാഴ്ച. വേഴ്ച=സ്നേഹബന്ധം. സൗഖ്യം=സുഖത്തിന്റെ ഭാവം, ആനന്ദം. അടിമയായ എനിക്കു് ഈ സഹായം ചെയ്താൽ ലോകരെല്ലാം നിന്റെ ചുണ, തുണ, ഇണക്കം ഇവ എന്നും വാഴ്ത്തിക്കൊണ്ടിരിക്കും. ഭൂമിയിൽ കീർത്തി നിലനിൽക്കുന്നതുവരെ സ്വർഗ്ഗസുഖം അനുഭവിക്കാമെന്നു മീമാംസകമതം. ഒരിക്കൽ ദേഹം വെടിഞ്ഞാലും നല്ലതുതന്നെയെന്നു ഭാവം. മഹാകവിക്കു് ആത്മവിശ്വാസം ഉണ്ടു്. അദ്ദേഹത്തിന്റെ ശുകസന്ദേശം സൽക്കാവ്യമാണു്. ഇതിന്റെ പ്രചാരം നീണാൾ നിലനിൽക്കുകതന്നെ ചെയ്യും. അതുവഴി തന്റെയും ശുകത്തിന്റെയും കീർത്തിയും കുറയുകയില്ല. എന്നുള്ളതാണു് ആ വിശ്വാസം. "പുനർദ്ദർശനാനന്ദലക്ഷ്മീ" എന്നുള്ളതിന്റെ വിവർത്തനം തുടരെക്കാഴ്ചയാൽ വേഴ്ച സൗഖ്യം. നായികാനായകന്മാർക്കും ദൂതനും ആശീർവ്വാദം. വായനക്കാർക്കും അതുതന്നെ. ശുകസന്ദേശം ഒററ ഒരിരുപ്പിൽ വായിച്ചുതീർക്കത്തക്ക ഒരു കാവ്യമല്ല. ആവർത്തിച്ചാവർത്തിച്ചു വായിച്ചു രസിക്കേണ്ടതാണു്. സഹൃദയന്മാർ അങ്ങനെതന്നെ ചെയ്യുമെന്നുള്ള മഹാകവിയുടെ ആശയംകൂടി ഇവിടെ ധ്വനിപ്പി

ച്ചിട്ടുണ്ടെന്നുകൂടെ ഞാൻ കരുതുന്നു. ഈ കാവ്യത്തിൽ നല്ലപോലെ മനസ്സിരുത്തുകതന്നെ വേണം. ഏതു പണ്ഡിതനേയും ഇരുത്തിച്ചിന്തിപ്പിക്കുന്നതാണു് കാവ്യം. ശബ്ദാർത്ഥാലങ്കാരമസൃണമായ ഒന്നാന്തരം സംസ്കൃതശൈലി മഹാകവിക്കു സ്വാധീനം. കാവ്യാലങ്കാരശാസ്ത്രാദികളിൽ പരിപക്വമായ പരിജ്ഞാനം വിവർത്തകനും. സരസവും സരളവുമായ മലയാളപദങ്ങളുടെ സ്വാധീനവും ശയ്യാമാധുരിയും വിശേഷിച്ചും. അവധാനപൂർവ്വകമായ അവലോകനവും സർവ്വത്ര കാണാവുന്നതാണു്.

ശുകസന്ദേശത്തിൻെറ ചിന്താതിലകം, പദാൎത്ഥദീപിക എന്നീ വ്യാഖ്യാനങ്ങളിലെ പാഠപ്രകാരം പൂൎവ്വാൎദ്ധം 64-ാം പദ്യത്തിനുശേഷം ഇടപ്പള്ളിയേക്കുറിച്ച് ഒരു പ്രക്ഷിപ്തപദ്യം കാണുന്നുണ്ട്. അതും അതിൻെറ തൎജ്ജമയുംകൂടി ഇവിടെ ചേൎക്കുന്നു:

മദ്ധ്യേമാൎഗ്ഗം മഹിതമഹിളാമണ്ഡിതം മന്ദിരം ത്വാം
മന്യേ മോദം നയതി നിയതം മദ്ധ്യപൂൎവ്വോ വിഹാരഃ
യസ്മിൻ നിത്യം വസതി വസുധാവാസവോ ബാഡവേന്ദ്രോ
ലീലാരക്തോല്പലപരിലസൽ കേശപാശോ രമായാഃ.

മുന്നാൽക്കാണാമിടയിൽ മദിരാപാംഗിമാർ മുററുമുണ്ടാ-
മന്നാടാളും മണിമഠമിടപ്പള്ളി മുത്തുള്ളിനേകും
മന്നാളുന്നോൻ മറയവർമഹാൻ മാമലർക്കന്യയേന്തും
ചെന്നാളീകം ചികുരചിതിയിൽ ചേർപ്പവൻ പാൎപ്പതങ്ങാം.

പരിശിഷ്ടം. മുന്നാൽ=മുമ്പായിട്ട്. (മുമ്പിലെന്നൎത്ഥം). മദിരാപാംഗി=സുന്ദരി. മുററും=നിറയെ. അന്നാടാളും=ആ നാട്ടിലുള്ള. മണിമഠം=ഇടപ്പള്ളി രാജകുടുംബത്തിന് "ഇടപ്പള്ളിമഠം" എന്നാണു സാധാരണ പറയുക. നമ്പൂതിരിരാജാവായതുകൊണ്ടായിരിക്കാം. മുത്ത്=സന്തോഷം. ഉള്ളിന്=മനസ്സിന്. ഏകുക=തരുക. മന്നാളുന്നോർ=ഭൂമി ഭരിക്കുന്നവർ. മറയവർ=ബ്രാഹ്മണർ. മഹാൻ=ശ്രേഷ്ഠൻ, ബ്രാഹ്മണോത്തമൻ. മാമലർക്കന്യ=ലക്ഷ്മീദേവി. ഏന്തും=കൈയിൽ വഹിക്കുന്ന. ചികുരം=തലമുടി, കുടുമ. ചിതി=കൂട്ടം. ഇതു പ്രക്ഷിപ്തമാണെന്നു ശയ്യകൊണ്ടുതന്നെ സ്പഷ്ടം. ഇടപ്പള്ളിയിൽ അതിസുന്ദരിമാർ ധാരാളമുണ്ട്. അവിടെ ബ്രാഹ്മണരാണു ഭരിക്കുന്നത്. അവർ ലക്ഷ്മീദേവിയുടെ അനുഗ്രഹം സമ്പാദിച്ചവരാണ്. അവിടെ മൂന്നു ബ്രാഹ്മണർ ലക്ഷ്മീദേവിയെ പ്രത്യക്ഷമാക്കി എന്നും അതിൽ ഗോദൻ എന്ന ഒരാളുടെ തലയിൽ ദേവി തൻെറ കൈയിലുള്ള ചെന്താമരപ്പൂ ചൂടിച്ചു എന്നും ഐതിഹ്യം. ശുകസന്ദേശകാലത്തു് ഇടപ്പള്ളിയിൽ ബ്രാഹ്മണരാണോ ഭരിച്ചിരുന്നതു്. ആക്കാര്യം ഗവേഷകന്മാൎക്ക വിട്ടുകൊടുക്കുകയാണ്.

★

# തിരുത്ത്

| പുറം | വരി | തെററ് | ശരി |
|---|---|---|---|
| 15 | 3 | സ്സൂംഗ | സൗധ |
| 17 | 33 | അഭിപ്രായം | ആ അഭിപ്രായം |
| 19 | 1 | വിശങ്കം | വിശങ്കാ |
| 21 | 2 | സ്ഥിതയതി | സ്ഥിരയതി |
| 24 | 8 | തങ്ങാത്ത | തണ്ടാർത്ത |
| 37 | 1 | പൂതമംഭോധി | പൂർവ്വമംഭോധി |
| 40 | 22 | പാവക്കൂട്ടം | പാപക്കൂട്ടം |
| 51 | 4 | നികരാൽ | നികരാൻ |
| 53 | 25 | ദേവവക്ര | ദേവനു വക്രത |
| 54 | 35 | പറയാൻ | പറയാതെ |
| 60 | 7 | രാരായെങ്ങോ | രാരായേണ്ടോ |
| | 11 | ണാംതൊഴമബലമാ | ണാമബലകളെയങ്ങാ |
| 75 | 25 | അനുസരിച്ചു | അനുഷ്ഠിച്ചു |
| 80 | 10 | ല്ലംഖ്യ | ല്ലംഘ്യ |
| 94 | 21 | ഗ്ഗുണിക | ഗ്ഗുണക |
| 106 | 7 | പട്ട | വട്ട |
| 110 | 3 | അസ്സേ | ആസ്സേ |
| 116 | 19 | സന്ധ്യ | സന്ധ്യാ |
| 118 | 20 | അതിനെ | അതിൻെറ |
| 120 | 10 | പാപമെൻ | പാവമെൻ |
| | 14 | വൊന്നെനപയം | വൊന്നെന്നനപയം |
| 134 | 10 | സൂര്യ്യ | സൂര്യൻ |
| 143 | 12 | ഉറങ്ങി | ഉറങ്ങാൻ |
| 145 | 21 | ജീവനം | ജീവിതം |
| 172 | 6 | യോഗക്രമത്തിൽ | യോഗം ക്രമത്തിൽ |
| 181 | 9 | എന്നാൽ ഈ | എന്നാൻ, ഈ |

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. MA2 PAR-3 Acc. No. 8488

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

MA2
PAR-3

8488

പരമേശ്വരൻ നമ്പൂതിരി

ശുക സന്ദേശം